2050

C.V. SMARAKA GRANDHASALA
Reg. No: 988/50
THENNOORKONAM,
VIZHINJAM

FOR BOOK REVIEW

# മലയാള ഭാഷാപരിണാമം
# സിദ്ധാന്തങ്ങളും വസ്തുതകളും

*(Malayalam)*

**MALAYALA BHASHA PARINAMAM SIDDHANTHANGALUM VASTHUTAKALUM**

*(A Study on the Origin and Development of Malayalam Language)*

By THIRUNALLOOR KARUNAKARAN

*First Published in August 1965*

*Second Impression, January 1972*

**Rights Reserved**

*Publishers:*

**Prabhatham Printing & Publishing Co. (Private) Ltd., Trivandrum.**

**Price Rs. 4**

*Printed at:*

**The Kerala University Co-operative Stores Press, Trivandrum.**

2080

പ്രൊഫസ്സർ
കോന്നിയൂർ മീനാക്ഷി അമ്മയ്ക്കു്

# മലയാള ഭാഷാപരിണാമം
# സിദ്ധാന്തങ്ങളും വസ്തുതകളും

FOR BOOK REVIEW

തിരുനല്ലൂർ കരുണാകരൻ

പ്രഭാത് ബുക് ഹൗസ്
തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം,
കോഴിക്കോട്, കണ്ണൂർ.

## തിരുനല്ലൂർ കരുണാകരന്റെ കൃതികൾ:—

**കവിത**

സൗന്ദര്യത്തിന്റെ പടയാളികൾ

പ്രേമം മധുരമാണ് ധീരവുമാണ്

റാണി

മേഘസന്ദേശം (വിവർത്തനം)

രാത്രി

അന്തിമയങ്ങുമ്പോൾ (ഗാനസമാഹാരം)

താഷ്ക്കെന്റ്

**ഗദ്യം**

മലയാള ഭാഷാപരിണാമം
—സിദ്ധാന്തങ്ങളും വസ്തുതകളും

ഒരു മഹായുദ്ധത്തിന്റെ പര്യവസാനം

ഒന്നാംപതിപ്പിന്റെ

# ആമുഖം

ഇളംകുളം സാറിന്റെ കീഴിൽ പ്രാചീന മലയാള ഭാഷയെക്കുറിച്ചു പഠിക്കാൻ എനിക്കവസരം നൽകിയ ദിവസങ്ങളെ ഞാൻ ആദരപൂർവം അനുസ്മരിക്കുന്നു. ഒരു പന്തീരാണ്ടിനു മുൻപ് പ്രൊഫസ്സർ എന്നിലുളവാക്കിയ ഭാഷാപഠനകൗതുകമാണ് ഈ പുസ്തകമായി പരിണമിച്ചതു്.

എന്നെ തൊല്ക്കാപ്പിയവും നന്നൂലും പഠിപ്പിച്ച പ്രൊഫസ്സർ സി. യേശുദാസനോടുള്ള കൃതജ്ഞതയും ഇവിടെ രേഖപ്പെടുത്തട്ടെ.

പൂർവാഭിപ്രായങ്ങളിൽ ചിലതിനെ നിശിതമായിത്തന്നെ നിരൂപണം ചെയ്യേണ്ടിവന്നിട്ടുണ്ട്. അഭിപ്രായങ്ങളെയല്ലാതെ അവയുടെ വക്താക്കളെ ഈ നിരൂപണം ബാധിക്കുന്നില്ല. എന്നല്ല, ആ ഭാഷാചിന്തകന്മാരോട് അന്നിലയിൽത്തന്നെ എനിക്കു ബഹുമാനം ഉണ്ടുതാനും.

യൂണിവേഴ്സിററി
കോളേജ്, തിരുവനന്തപുരം,
25–7–'65

തിരുനല്ലൂർ കരുണാകരൻ

# ഉള്ളടക്കം


| | | പുറം |
|---|---|---|
| 1. | ദ്രാവിഡഭാഷകൾ | 6 |
| 2. | രണ്ടു സിദ്ധാന്തങ്ങൾ | 21 |
| 3. | ലീലാതിലകവും പഴയ മലയാളവും | 38 |
| 4. | സ്വര സംവരണം | 56 |
| 5. | പുരുഷഭേദനിരാസം | 72 |
| 6. | പഴയ പാട്ടുകളും പഴഞ്ചൊല്ലുകളും | 83 |
| 7. | രാമചരിതവും പഴയ മലയാളവും | 101 |
| 8. | പതിനൊന്നു നൂറ്റാണ്ടുകൾ | 121 |

# ദ്രാവിഡഭാഷകൾ

ദ്രാവിഡ ഭാഷകളെക്കുറിച്ച് ആദ്യമായൊരു സമഗ്ര പഠനം നടത്തിയതു് ബിഷപ്പ് കാൽഡ്വെൽ ആണു്. വിപുലമായ ആ താരതമ്യപഠനത്തിൽ മലയാളത്തിൻെറ ഉദ്ഭവത്തെക്കുറിച്ചും അദ്ദേഹം ചിന്തിക്കാതിരുന്നില്ല. നമ്മുടെ ഭാഷയ്ക്കു് നിഘണ്ടുവും വ്യാകരണവുമെഴുതിയ ഡോക്ടർ ഗുണ്ടർട്ടും അതിൻെറ ആവിർഭാവത്തെക്കുറിച്ച് ആരായുകയുണ്ടായി. അവരെപ്പിന്തുടന്നു് പ്രൊഫസ്സർ ഏ. ആർ. രാജരാജവമ്മ മലയാളത്തിൻെറ ഉദ്ഭവപരിണാമങ്ങളെപ്പററി ശ്രദ്ധാഹമായ ഒരു സിദ്ധാന്തം ആവിഷ്കരിച്ചു. പിന്നെയും വളരെപ്പേർ ആ വഴിക്കു ചിന്തിച്ചു പോന്നു. എന്നാൽ മലയാളഭാഷയുടെ ഉൽപത്തി ഇന്നും ഒരു പ്രശ്നമായി അവശേഷിക്കുകയാണു്. പരസ്പരവിരുദ്ധമെങ്കിലും പ്രബലമായ രണ്ടു സിദ്ധാന്തങ്ങൾ നിലവിലുണ്ടു്.

മലയാളത്തിൻെറ ആവിർഭാവത്തെക്കുറിച്ചുള്ള ഗവേഷകാഭിപ്രായങ്ങളിലേക്കു കടക്കുന്നതു്, ദ്രാവിഡഭാഷാഗോത്രത്തിൻെറ പഴക്കത്തേയും വ്യാപ്തിയേയും സംബന്ധിച്ച ചില വസ്തുതകൾ ദിങ്മാത്രമായെങ്കിലും അറിഞ്ഞുകൊണ്ടായാൽ നന്നായിരിക്കും.

ആര്യന്മാർ വരുന്നതിനുമുൻപു് ഇന്ത്യയിൽ വികസിതമായ ഒരു സാമൂഹികജീവിതം നിലവിലിരുന്നു. അതു് സിന്ധുവിൻെറ തീരതലങ്ങളിൽമാത്രം ഒതുങ്ങി നിന്നിരു

ന്നില്ല. നദികളും സമതലങ്ങളും, എളുപ്പത്തിൽ വിളനില ങ്ങളാക്കാവുന്ന താഴ്വരകളും നിറഞ്ഞ വിശാലമായ ഒരു ഭൂഖണ്ഡത്തിൽ ഒരു നദിയുടെ വക്കത്തുമാത്രം ജനജീവിത മങ്ങനെ തമ്പടിച്ചു തങ്ങിക്കിടക്കുക സ്വാഭാവികമല്ലല്ലോ. സിന്ധുതടങ്ങളും കടന്ന് മിക്കവാറും ഇന്ത്യയിലുടനീളം വ്യാപിച്ചിരുന്നു ആ സംസ്കാരം. അതിൻെറ സംവിധാ യകർ ദ്രാവിഡരായിരുന്നു എന്നു ചരിത്രകാരന്മാർ തീർത്തു പറയുന്നു. ചില ഗവേഷകന്മാർ ആ പ്രാചീന ഭാരതീയ സംസ്കാരത്തെക്കൊണ്ടു് ഒരു ദിഗ്വിജയംതന്നെ നടത്തി ക്കാൻ മടിച്ചിട്ടില്ല. ഇന്ത്യയിൽനിന്നു് ആദിദ്രാവിഡർ അറേബ്യയും മൊസൊപ്പൊട്ടേമിയയും പിന്നിട്ടു്, ഈ ജിപ്തും സിറിയയും ക്രീററും ഗ്രീസ്സും ഇററലിയും കടന്നു്, സ്പെയിനിലൂടെ അയർലൻഡുവരെ എത്തിയെന്നും, കടന്നു പോയ വഴികളിലെല്ലാം അവർ കോളനികൾ സ്ഥാപിച്ചു് സംസ്കാരത്തിൻെറ വിളവിറക്കുകയുണ്ടായെന്നും പ്രൊഫ സ്സർ ഹെറസ് പ്രസ്താവിക്കുന്നു.[1] നരവംശശാസ്ത്രത്തെയും ഭാഷാവിജ്ഞാനീയത്തെയും ചരിത്രത്തിൻെറ തേരിൽ പൂട്ടിക്കൊണ്ടുള്ള അദ്ദേഹത്തിൻെറ ഈ സാഹസികമായ പോക്കു് കൗതുകകരമാണു്. അദ്ദേഹം അവതരിപ്പിക്കുന്ന പ്രശ്നമാകട്ടെ വിശ്വചരിത്രവീക്ഷണത്തിൽ വിപ്ലവമു ണ്ടാക്കാൻ പോന്നതാണു താനും.

ദ്രാവിഡർ ഇന്ത്യയിലേക്കു വന്നവരാണോ, ഇന്ത്യയിൽ നിന്നു പോയവരാണോ എന്ന ചോദ്യം ഇവിടെ പ്രസക്ത മല്ല. ഇന്ത്യയെ സംബന്ധിച്ചിടത്തോളം അവരെ നാം ഇന്ത്യയുടെമാത്രം പശ്ചാത്തലത്തിൽ കാണുക. കുറഞ്ഞതു് അയ്യായിരം വർഷമെങ്കിലും മുൻപു് വളർച്ചയിലെത്തിയി

1. Fr. J. Heras S. J., Studies in Proto-Indo-Mediterranean Culture Vol. I. p. 482

രുന്ന ദ്രാവിഡസംസ്കാരത്തിന്റെ വക്താവായി ഒരിന്ത്യൻ ഭാഷയുണ്ടായിരുന്നു എന്ന വസ്തുതയാണ് നമുക്കിവിടെ പ്രധാനം. ആ ഭാഷയുടെ പ്രാതിനിധ്യം വഹിക്കുന്ന രേഖകളാണ് 'മോഹൻജോദാരോ'വിൽനിന്നും 'ഹരപ്പ'യിൽനിന്നും കിട്ടിയിട്ടുള്ള മുദ്രാലിഖിതങ്ങൾ. ആ ചിത്രലേഖങ്ങൾ പഠിക്കാൻ ഫാദർ ഹെറസ് നടത്തിയ ശ്രമം ശ്രദ്ധാർഹമാണ്. അദ്ദേഹം ആ രേഖകൾ വായിക്കുകയും പകർത്തിയെഴുതി പരിഭാഷപ്പെടുത്തുകയും ചെയ്തിരിക്കുന്നു. അവയിൽ ചിലതു് അദ്ദേഹം വായിച്ചതുപോലെ മലയാളലിപിയിലുദ്ധരിക്കാം: [1]

(1) "കാലോർ മീനൻ മീൻകൺ കടഎർ വാലിൽ
അതു കലക്കുരിർ വാഴ്കെയ് കുടകനാൽ".

(കാലോർമീനൻ നല്ലപോലെ കാണുകയും കടക്കുകയും പിടിച്ചെടുക്കുകയും ചെയ്തു, പല വലിയ കുടകരുൾപ്പെട്ട കലക്കുർവാസികളുടെ കോട്ട)

(2) "ഏൽ ആൻ ഊരിൽ ഇരെമീൻ അതു ഏഴ്കാ
അതു".

(ആൻ ദേവനായ സൂര്യൻെറ നാട്ടിലെ രാജാവിൻെറ ഏഴുപേർ മരിച്ചു.)

(3) "കാലൈ കുട്ട ഇർ കടതിര വളർപിറെ".

(കാലത്തു് നക്ഷത്രം ചേന്ന വാനിന്റെ കടസ്സുലണഞ്ഞ വളർപിറ)

(4) "ഇർ അറുപ് കലക്കുർ ഒഴക്തു ഇര് അരമരം
അതു രു."

(രണ്ടു കൊയ്ത്തുള്ള കലക്കുർപ്പാടത്തിലേക്കൊഴുകുന്ന വെള്ളത്തിന്റെ ഇരമ്പൽ രണ്ടരയാൽമരത്തിന്റേതുപോലെ)

---

1. Studies in Proto-Indo-Mediterranean Culture, Vol. I, pp. 155, 156.

ഫാദർ ഹെറസ്സിനു് മോഹൻജോദാരോവിലേയും ഹരപ്പയിലേയും ലിപികൾ ഇത്ര കൃത്യമായെങ്ങനെ വായിക്കാൻ കഴിഞ്ഞെന്നു നാം അത്ഭുതപ്പെട്ടുപോകും. അദ്ദേഹത്തിൻെറ മാർഗ്ഗം ഇതായിരുന്നു: ആ ചിത്രലിപികൾ പ്രതിനിധാനംചെയ്യുന്ന ആശയങ്ങൾ ഊഹിച്ചെടുക്കുകയും അവയുടെ സ്ഥാനത്തു് പ്രാചീനതമമെന്നു് അദ്ദേഹം വിശ്വസിച്ച ദ്രാവിഡ ശബ്ദങ്ങൾ വിന്യസിക്കുകയുമാണു് ചെയ്തതു്. ഇതേ സമ്പ്രദായത്തിൽ മറ്റൊരാൾക്കു മറെറാരു രീതിയിലും ഈ ലിപികൾ വായിച്ചുകൂടായ്കയില്ല. അതുകൊണ്ടാവണം, ഭാഷാശാസ്ത്രകാരന്മാരും ചരിത്രപണ്ഡിതന്മാരും ഫാദർ ഹെറസ്സിൻെറ പകർത്തിയെഴുത്തും അർത്ഥകല്പനയും അപ്പടി സ്വീകരിക്കാതിരിക്കുന്നതു്. ഒരു കാര്യം വിസ്മരിച്ചുകൂടാ. ഫാദർ ഹെറസ് തൻെറ പൊതുനിഗമനത്തിലെത്തിച്ചേർന്നതു് ഈ ലിഖിതങ്ങളെമാത്രം ആസ്പദമാക്കിയല്ല.

ഈ ചിത്രലിപികളെ സംബന്ധിച്ചിടത്തോളം പ്രൊ. ഹെറസ്സിന്റെ വ്യാഖ്യാനം വേണ്ടുംവണ്ണമല്ലെന്നു വേണമെങ്കിൽ വാദിക്കാം. അക്കാരണത്താൽ മോഹൻജോദാരോവിലെ സംസ്കാരവും ഭാഷയും ദ്രാവിഡേതരമാണെന്നു വന്നുകൂടുന്നില്ല. പ്രബലമായ മററു തെളിവുകൾ ഭാഷാശാസ്ത്രത്തിൻെറ പക്കൽത്തന്നെയുണ്ടു്. സംസ്കൃതവും ഉത്തരേന്ത്യയിലെ ദ്രാവിഡഭാഷകളും പരിശോധിച്ചാൽ ഈ വസ്തുത വ്യക്തമാകും.

സംസ്കൃതത്തിൻെറ പദസമ്പത്തിൽ നല്ലൊരംശം ദ്രാവിഡ ഭാഷയുടെ സംഭാവനയാണെന്ന കാര്യം ഭാഷാശാസ്ത്രകാരന്മാരെല്ലാം സമ്മതിക്കുന്നുണ്ടു്. ഗ്രിയേഴ്സൻ പറയുന്നു: "സംസ്കൃതത്തിലെ ഒട്ടേറെ ധാതുക്കൾ മററു് ഇന്തോ യൂറോപ്യൻ ഭാഷകളിൽ കാണുന്നില്ല. പദസമ്പത്തിൽ ഗണനീയമായ ഒരു വിഭാഗത്തിൻെറയും കഥ ഇങ്ങനെതന്നെ. അമ്മാതിരി ധാതുക്കളുടെയും പദങ്ങളുടെയും

നല്ലൊരംശമെങ്കിലും ദ്രാവിഡരിൽനിന്നു കടംകൊണ്ടതാണെന്നൂഹിക്കാൻ എല്ലാ സാധ്യതയുമുണ്ട്."[1] ഋഗ്വേദം രൂപത്തിലും ഘടനയിലും ഭാവത്തിലും തികച്ചും ആര്യമാണെങ്കിലും അതിന്റെ ധ്വനിവിന്യാസത്തിൽ മാത്രമല്ല പദസമുച്ചയത്തിലും ദ്രാവിഡഭാഷയുടെ സ്വാധീനശക്തിയുണ്ടെന്നു ഡോക്ടർ എസ്. കെ. ചാററർജി പ്രസ്താവിക്കുന്നു.[2] ഇന്തോആര്യൻ ഭാഷയുടെ വ്യാകരണത്തിന്റെയും ശൈലിയുടെയും അതിപ്രാചീനമായ വിശദാംശങ്ങൾ ദ്രാവിഡത്തിന്റെ സ്വാധീനശക്തിയാലുണ്ടായതാണെന്നത്രേ ഷൂൾ ബ്ളോഖിന്റെ സുചിന്തിതമായ അഭിപ്രായം.[3]

ബലൂചിസ്ഥാൻ മുതൽ ബംഗാൾവരെ ഇന്ത്യയുടെ ഉത്തര മേഖലയിൽ അവിടവിടെയായി ചിതറിക്കിടക്കുന്ന അവികസിത ദ്രാവിഡഭാഷകളും ഇതേ കഥതന്നെയാണു പറയുന്നതു്. (ദ്രാവിഡ ഭാഷയെന്നാൽ തെക്കേ ഇന്ത്യയിലെ കുറച്ചാളുകൾ സംസാരിക്കുന്ന ഭാഷയെന്നാണു് വടക്കും തെക്കുമുള്ളവർ മിക്കവാറും മനസ്സിലാക്കിയിരിക്കുക.) (മലയാളം, തമിഴ്, തെലുങ്കു്, കർണ്ണാടകം എന്നീ ഔദ്യോഗികാംഗീകാരം ലഭിച്ച ഭാഷകൾക്കു പുറമേ ദ്രാവിഡഗോത്രത്തിൽപ്പെട്ട ഭാഷകൾ പലതും ഇന്ത്യയുടെ ഒട്ടെല്ലാമൂലകളിലും അടിഞ്ഞുകിടപ്പുണ്ടു്.) ഈ അവികസിത ദ്രാവിഡ ഭാഷകളിലധികവും വടക്കേ ഇന്ത്യയിലാണു്. ഉത്തര ദ്രാവിഡ ഭാഷകളെക്കുറിച്ചും ഇന്ത്യയിലെ ഇന്നത്തെ ആര്യഭാഷകളിൽ പ്രകടമായിക്കാണുന്ന ദ്രാവിഡാംശത്തെക്കു

1. Linguistic Survey of India, Vol. IV, p. 279.
2. The Origin and Development of Bengali Language, Part I, p. 42.
3. The Grammatical Structure of Dravidian Languages, p. 126.

റിച്ചും സാമാന്യജനങ്ങൾക്കറിവുണ്ടാക്കിക്കൊടുത്താൽ ഇന്ത്യയുടെ ദേശീയൈക്യത്തിന്നതു പ്രചോദകമാകും.

അവികസിത ദ്രാവിഡഭാഷകൾ വടക്കെന്നപോലെ തെക്കുമുണ്ടു്. എവിടെയും ഈ ഭാഷകൾ വ്യവഹരിക്കുന്നതു് പ്രായേണ ഗിരിവർഗ്ഗക്കാരാണു്. കൂർഗ് (വയനാട്ടിനും മൈസൂരിലെ മഞ്ജുറാബാദ് മലകൾക്കുമിടയിൽ), തോദ, കോത (രണ്ടും നീലഗിരിയിൽ) മുതലായവയാണു തെക്കൻ ഭാഷകൾ. ബ്രാഹൂയി, ഗോണ്ഡി, മല്ത്തോ, കുയി, കുറുഖ്, കൊലാമി തുടങ്ങിയവയാണു വടക്കുള്ളവ.

'ലിംഗ്വിസ്റ്റിക് സർവേ ഓഫ് ഇന്ത്യ'യുടെ നാലാം വാല്യത്തിൽ ഈ ഭാഷകളുടെ സ്ഥിതിവിവരമുണ്ടു്. കിഴക്കേ ബലൂചിസ്ഥാനിലെ സരവൻ, ഝലവൻ എന്നീ ഡിസ്ട്രിക്റ്റുകളിലേയും സിൻധിലെ ചില പ്രദേശങ്ങളിലേയും വർഗ്ഗക്കാരാണു് ബ്രാഹൂയി സംസാരിക്കുന്നതു്. "ബ്രാഹൂയി ഭാഷ സംസാരിക്കുന്നവർ ശരീര പ്രകൃതത്തിലും മാനസിക ഘടനയിലും തെന്നിന്ത്യാക്കാരോടു് അധികം സാദൃശ്യമുള്ളവരും സ്വന്തം അയൽക്കാരിൽനിന്നു വ്യത്യസ്തരുമാണു്; ആകയാൽ ഭാഷാപരമായ ഈ ബന്ധം വർഗ്ഗബന്ധത്തിൻെറ ഫലമാണെന്നു് വ്യക്തമാകുന്നു."[1] മദ്ധ്യപ്രദേശത്തു് വാർദ്ധ, ബാലഘട്, മന്ദ്ല എന്നീ പ്രദേശങ്ങളാൽ വലയം ചെയ്യപ്പെട്ട പീഠഭൂമിയിലും സമീപപ്രദേശങ്ങളിൽ ചിലേടത്തും 'ഗോണ്ഡി' പ്രചരിക്കുന്നു. ബംഗാളിൽ സാന്താൾ പ്രദേശത്തെ കുന്നിൻപുറങ്ങളിൽ കഴിഞ്ഞുകൂടുന്ന 'മലെർ' വർഗ്ഗക്കാരുടെ ഭാഷയാണു 'മല്ത്തോ'. ഒറീസ്സായിലെ ചില ഗിരിവർഗ്ഗക്കാരാണു് 'കുയി' സംസാരിക്കുന്നതു്. മദ്ധ്യപ്രദേശത്തെ ഛോട്ടാനാഗപ്പൂരിലെ ഉന്നതതല

1. Gilbert Slater, The Dravidian Element in Indian Culture, p. 15.

ങ്ങളിൽ കഴിഞ്ഞുകൂട്ടുന്നവർ കുറുഖ്ഭാഷ കൈകാര്യം ചെയ്യുന്നു. മദ്ധ്യപ്രദേശത്തുതന്നെയുള്ള കിഴക്കേ ബീറാറിലും വാർദ്ധാ ഡിസ്ത്രിക്ററിലുമാണ് 'കൊലാമി'ക്കു പ്രചാരം. ദ്രാവിഡേതരഭാഷകളുടെ സ്വാധീനത ഇവയിലെല്ലാം കാണാം.

1911-ലെ സെൻസസിൻ പ്രകാരം വടക്കൻ ദ്രാവിഡ ഭാഷകൾ സംസാരിക്കുന്നവരുടെ എണ്ണം:-[1]

| | |
|---|---|
| ബ്രാഹ്വയി | 1,74,229 |
| ഗോണ്ഡി | 15,27,157 |
| മല്ത്തോ | 64.875 |
| കുയി | 5,30,476 |
| കുറുഖ് | 8,00,328 |
| കൊലാമി | 24,074 |

1901-ലെ കണക്കിനെക്കാൾ ഇതു കൂടുതലാണ്. ഇപ്പോൾ അതിലും വർദ്ധിച്ചിട്ടുണ്ടാവും.

ഉത്തരഭാരതത്തിലെ ഈ ദ്രാവിഡഗോത്രക്കാർ തെക്കേ ഇന്ത്യയിൽ നിന്നു കുടിയേറിപ്പാർത്തവരാണെന്നു് ആരും പറയുകയില്ല. ആര്യന്മാർ വടക്കേ ഇന്ത്യയിലെ പല ഭാഗങ്ങളിലും ആധിപത്യം സ്ഥാപിച്ചപ്പോൾ അവരെ ചെറുത്തു നിൽക്കുവാനാകാതെ സുരക്ഷിതമായ ഗിരിഭാഗങ്ങളിലേക്കു പിൻവാങ്ങിയ ആദി ദ്രാവിഡരുടെ പിൻമുറക്കാരാണിവർ. നീണ്ടുനിന്ന സമരങ്ങൾക്കു ശേഷം ഒരു വലിയ വിഭാഗം ദ്രാവിഡർ ആര്യന്മാരുമായിണങ്ങിക്കഴിയാൻ നിർബന്ധിതരായപ്പോൾ, കുറച്ചു പേർ അതിന്നവസരം ലഭിക്കാതെ ഒററപ്പെട്ടു്, സംസ്കാര പുരോഗതിയിൽ നിന്നകന്നു്, മുരടിച്ചങ്ങനെ നിലനിന്നുപോന്നതിൽ അൽഭുത

1. Linguistic Survey and the Census of 1911, pp. 26, 27.

ത്തിന്നവകാശമില്ല. നൂററാണ്ടുകൾക്കു ശേഷം ഇവരുടെ ഭാഷയിലും ഇതരഭാഷാപ്രേരണയുണ്ടായി. തികച്ചും ആര്യമെന്നോ തനിദ്രാവിഡമെന്നോ അവകാശപ്പെടാവുന്ന യാതൊന്നും ഇന്നു് ഇന്ത്യയിലില്ല. ഇന്ത്യൻ ജനതയുടെ രക്തം പോലും ആര്യദ്രാവിഡസംഗമത്താൽസങ്കരമാണു്. അന്നിലയിൽ, ദ്രാവിഡഭാഷകളെക്കുറിച്ചു പഠിക്കാനൊരുമ്പെടുന്നവക്കു സംശയാതീതമായി ആദിദ്രാവിഡഭാഷയെക്കുറിച്ചെന്തെങ്കിലും അറിവുനൽകുന്നതു് ഈ ഔത്തരാഹ ദ്രാവിഡ ഭാഷകളത്രേ. അവയിൽ കടന്നുകൂടിയിട്ടുള്ള അന്യഭാഷാംശങ്ങളെല്ലാമകററി, ശേഷിക്കുന്ന സമാനപ്രവണതകളെ സൂക്ഷ്മമായി മനസ്സിലാക്കി, അവയുടെ വെളിച്ചത്തിൽ വികസിത ദ്രാവിഡഭാഷകളുടെ പരസ്പരബന്ധത്തെയും പരിണാമത്തെയും കുറിച്ചു വിചിന്തനം ചെയ്യുന്നതാവും ഫലപ്രദം. പ്രയത്നസാദ്ധ്യമാണിക്കാര്യം. ഏതെങ്കിലുമൊരു സർവകലാശാലയുടെ നേതൃത്വത്തിൽ പ്രവത്തിക്കുന്ന വിദഗ്ദ്ധസമിതികൾക്കേ ഈ മണ്ഡലത്തിൽ പ്രയോജനകരമായെന്തെങ്കിലും ചെയ്യാനാവുകയുള്ളു.

നമുക്കു തൽക്കാലം ഈ ദ്രാവിഡ ഭാഷകളിലെ ഏതാനും വാക്യശകലങ്ങളുമായി പരിചയപ്പെടാം. 'Linguistic Survey of India', 'The Grammatical Structure of Dravidian Languages' മുതലായ ഗ്രന്ഥങ്ങളിൽ നിന്നാണു് താഴെക്കൊടുക്കുന്ന ലഘുവാക്യങ്ങൾ എടുത്തിട്ടുള്ളതു്.

## ബ്രാഹുയി

•

ദ്രാവിഡഭാഷകളിൽ ബ്രാഹുയിക്കു മാത്രം ലിംഗഭേദമില്ല. ഐറേനിയൻഭാഷകളുമായുള്ള സമ്പർക്കത്തിൽ നിന്നാണു് ഈ പ്രത്യേകതയുൾപ്പെടെ പല മാററങ്ങളും

പ്രസ്തുത ഭാഷയ്ക്കുണ്ടായതെന്നു ഭാഷാശാസ്ത്രകാരന്മാർ പറയുന്നു.[1]

ചില സർവ്വനാമങ്ങൾ:—ഈ=ഞാൻ; നൻ=ഞങ്ങൾ; നീ=നീ; നും=നിങ്ങൾ; ഓ, ഓദ്=അതു് (അവൻ, അവൾ).

വാക്യങ്ങൾ:—

ഈ ഖനിവ് അ=ഞാൻ കാണുന്നു.

നൻ ഖനിൻ=ഞങ്ങൾ കാണുന്നു.

നീ ഖനിസ്=നീ കാണുന്നു.

നും ഖനിരേ=നിങ്ങൾ കാണുന്നു.

ഓ (ഓദ്) ഖനെ=അതു (അവൻ, അവൾ)കാണുന്നു.

ഖൻ ധാതുവിന്റെ അർത്ഥം കാണുക (കൺ) എന്നാണു്.

## ഗോണ്ഡി

നന്നാ=ഞാൻ; മമ്മാട് = ഞങ്ങൾ; ഇമ്മാ = നീ; ഇമ്മട്, ഇമ്മാർ=നിങ്ങൾ; ഓർ=അവൻ; അദ്=അതു്, അവൾ; ഒർക്=അവ(ൻമാ)ർ; അവൃ=അവ,അവ(ൾമാ)ർ.

അന്നാ കീയാ തോനാ=ഞാൻ ചെയ്യുന്നു.

അമ്മാട് കീയാ തോരം=ഞങ്ങൾ ചെയ്യുന്നു.

ഇമ്മാ കീയാ തോനീ=നീ ചെയ്യുന്നു.

ഇമ്മാർ കീയാ തോരീ=നിങ്ങൾ ചെയ്യുന്നു.

ഓർ കീയാ തോർ=അവൻ ചെയ്യുന്നു.

ഓർക് കീയാ തോർക്=അവർ ചെയ്യുന്നു.

കീയാനാ = ചെയ്യുക. കൈ, കൈയ്യുക, കെയ്യുക, ചെയ്യുക എന്നിങ്ങനെയാവാം മലയാളത്തിലെ 'ചെയ്' ധാതുവിൻെറ ആഗമം. സംസ്കൃതത്തിലെ കൃ(ഞ്)ധാതുവിനും കരശബ്ദത്തിനും തമ്മിലുള്ള ബന്ധം ഈ സന്ദർഭത്തിൽ ഓർക്കുന്നതു കൊള്ളാം.

---

1. Jule Bloch, The Grammatical Structure of Dravidian Languages, p. 5.

## മല്ത്തോ

ഏന്‍=ഞാന്‍; നീന്‍=നീ; ഏം=ഞങ്ങള്‍; നാം=നമ്മള്‍; നീം=നിങ്ങള്‍; ആഹ്=അവന്‍; ആതു്=അതു്, അവള്‍; ആര്‍=അവര്‍; അബ്റാ=അവ.

ഏന്‍ ബന്ദെകെന്‍=ഞാന്‍ വന്നു.

ഏം ബന്ദെകെത്=ഞങ്ങള്‍ വന്നു.

നാം ബന്ദെകെം=നമ്മള്‍ വന്നു.

നീന്‍ ബന്ദെകെ=നീ (പുരുഷന്‍) വന്നു.

നീന്‍ ബന്ദെകി=നീ (സ്ത്രീ) വന്നു.

നീം ബന്ദെകെര്‍=നിങ്ങള്‍ വന്നു.

ആഹ് ബന്ദഹ്=അവന്‍ വന്നു.

ആത് ബന്ദത്=അതു (അവള്‍) വന്നു.

ആര്‍ ബന്ദര്‍=അവര്‍ വന്നു.

## കുയി

ആനു = ഞാന്‍; ആമു = ഞങ്ങള്‍; ആജു=നമ്മള്‍; ഈനു=നീ; ഈരു=നിങ്ങള്‍; ഇ അന്‍ജു=അവന്‍; ഈരി=അവള്‍; ഇ അരു=അവ (ന്‍മാ)ര്‍; ഈവി=അവ (ള്‍മാ)ര്‍.

ആനു കോതെ=ഞാന്‍ കൊയ്തു.

ആമു കോതമു=ഞങ്ങള്‍ കൊയ്തു.

ആജു കോതസു=നമ്മള്‍ കൊയ്തു.

ഈ കോദി=നീ കൊയ്തു.

ഇ അന്‍ജു കോതെന്‍ജു=അവന്‍ കൊയ്തു.

ഈവി കോതു=അവര്‍ (സ്ത്രീകള്‍) കൊയ്തു.

ഇ അരു കോതെരു=അവര്‍ (പുരുഷന്മാര്‍) കൊയ്തു.

## കുറുഖ്

ഏൻ=ഞാൻ; ഏം=ഞങ്ങൾ; നാം=നമ്മൾ; നീൻ=നീ; നീം=നിങ്ങൾ; ആസ്=അവൻ; ആദ്=അതു്, അവൾ; ആർ=അവർ; അബ്റാ=അവ.

ഏൻ എസ്ദൻ=ഞാൻ ഒടിക്കുന്നു.
ഏം എസ്ദം=ഞങ്ങൾ ഒടിക്കുന്നു.
നീൻ എസ്ദൈ=നീ (പുരുഷൻ) ഒടിക്കുന്നു.
നീം എസ്ദർ=നിങ്ങൾ (പുരുഷന്മാർ) ഒടിക്കുന്നു.
ആസ് എസ്ദസ്=അവൻ ഒടിക്കുന്നു.
ആർ എസ്നർ=അവർ (പുരുഷന്മാർ) ഒടിക്കുന്നു.

## കൊലാമി

ആൻ=ഞാൻ; ആം=ഞങ്ങൾ; നീവ, ഇവ=നീ; ഈം=നിങ്ങൾ; അമ്ദ്=അവൻ; അദ്=അതു്; അവ്വർ=അവർ; അദാ=അവ.

ആൻ ആണ്ഡാനീ=ഞാൻ ആണു്.
ആം ആണ്ഡാം=ഞങ്ങളാണു്.
നീവ ആണ്ഡീവ്=നീയാണു്.
ഈം ആണ്ഡീർ=നിങ്ങളാണു്.
അമ്ദ് ആണ്ഡെൻ=അവനാണു്.
അവ്വർ ആണ്ഡേർ=അവരാണു്.

ഈ വാകൃശകലങ്ങളിൽനിന്നു് ഒരു വസ്തുത അസന്ദിഗ്ദ്ധമായി വ്യക്തമാകുന്നു. അവികസിതദ്രാവിഡഭാഷകളിലെല്ലാം കർത്താവിൻെറ പുരുഷൻ (person), വചനം (number), ലിംഗം (gender) എന്നിവയിൽവരുന്ന ഭേദമനുസരിച്ച് ക്രിയാരൂപത്തിനും മാററംവരുന്നു. ബ്രാഹൂയീ ഭാഷയിൽ മാത്രം ലിംഗഭേദമില്ലെന്നു നേരത്തേ പറ

ഞ്ഞതല്ലോ. ക്രിയകളുടെ ഈ പുരുഷവചനാദിഭേദം അവികസിത ദ്രാവിഡഭാഷകൾക്കെല്ലാം പൊതുവേ ഉള്ളതാകയാൽ അതു് ആദിദ്രാവിഡഭാഷയുടെ സ്വഭാവമായി കണക്കാക്കാം. തുടർന്നുള്ള ചർച്ചയിൽ പ്രയോജനപ്പെട്ടമെന്നുള്ളതുകൊണ്ടാണു് ഇക്കാര്യം ഇവിടെ എടുത്തുപറഞ്ഞതു്.

## രണ്ടു സിദ്ധാന്തങ്ങൾ

മലയാള ഭാഷയുടെ ഉദ്ഭവത്തെക്കുറിച്ച് പ്രബലമായ രണ്ടു സിദ്ധാന്തങ്ങളുണ്ട്. ഒരുകാലത്ത് കേരളത്തിലെയും വ്യവഹാരഭാഷ തമിഴായിരുന്നെന്നും ചില സവിശേഷസാഹചര്യങ്ങളിൽ അതു മലയാളമായി പരിണമിക്കുകയാണുണ്ടായതെന്നും ആണ് ആദ്യത്തെ സിദ്ധാന്തം. രണ്ടാമത്തെ സിദ്ധാന്തമനുസരിച്ച് ആദിദ്രാവിഡഭാഷയുടെ സ്വതന്ത്രശാഖയാണ് മലയാളം. ഡോ. കാൽഡ്വെൽ തൊട്ട് പ്രൊഫസ്സർ ഇളംകുളംവരെ ഒട്ടേറെ പണ്ഡിതന്മാർ ആദ്യത്തെ സിദ്ധാന്തത്തിൽ ഉറച്ചുനിൽക്കുന്നു. ആററൂർ, ഡോ. ഗോദവർമ്മ, ഡോ. ചേലനാട്ട് അച്യുതമേനോൻ, ഉള്ളൂർ തുടങ്ങിയവർ മറുഭാഗത്താണ്.

## കാൽഡ്വെല്ലും ഗുണ്ടർട്ടും

ഡോ. കാൽഡ്വെലിൻെറ 'ദ്രാവിഡഭാഷകളുടെ താരതമ്യാത്മക വ്യാകരണം' (A Comparative Grammar of the Dravidian or South Indian Languages) ആദ്യം പ്രസിദ്ധപ്പെടുത്തിയതു് 1856-ൽ ആയിരുന്നു. അദ്ദേഹം തന്നെ പരിശോധിച്ച് വേണ്ട മാററങ്ങളോടുകൂടി 1875-ൽ അതു വീണ്ടും പ്രസിദ്ധപ്പെടുത്തി. അതിൽ മലയാള ഭാഷയെക്കുറിച്ച് ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു: "ഞാൻ മനസ്സിലാക്കിയിടത്തോളം മലയാളം തമിഴിൻെറ ഒരു പഴയ ശാഖയാകയാൽ, പ്രധാമായും ക്രിയകളുടെ പുരുഷഭേദനിരാസം കൊണ്ടും സ്വായത്തമായ സംസ്കൃതശബ്ദങ്ങളുടെ ബാഹുല്യം കൊണ്ടും ഇന്നു തമിഴിൽനിന്നു വിഭിന്നമായിരിക്കുന്ന അതിനെ ദ്രാവിഡഗോത്രത്തിലെ ഒരു

സ്വതന്ത്രാംഗമെന്നതിനെക്കാൾ തമിഴിന്റെ ഒരു ഉപഭാഷയായി കണക്കാക്കാമെന്നു തോന്നുന്നു."[1] മലയാളം തമിഴിൽനിന്നു പിരിഞ്ഞതു പണ്ടാണെങ്കിലും തമിഴിന്റെ പുരോഗമനോന്മുഖമായ സംസ്കരണപ്രക്രിയയിൽ ഏറെക്കാലത്തേക്കു മലയാളംകൂടി പങ്കെടുത്തിരുന്നെന്നും തമിഴർക്കു കേരളത്തിന്റെമേലുണ്ടായിരുന്ന രാഷ്ട്രീയപ്രേരണയാലാണ് അങ്ങനെ സംഭവിച്ചതെന്നും അദ്ദേഹം തുടർന്നു പറയുന്നു. തമിഴിനും മലയാളത്തിനും തമ്മിൽ ആദ്യകാലത്തുണ്ടായിരുന്ന നേരിയ വ്യത്യാസം കാലക്രമേണ വലുതായെങ്കിലും, കാൽഡ്വെലിന്റെ അഭിപ്രായത്തിൽ, തമിഴിന്റെ വളരെയേറെ മാററംവന്ന ഒരു ശാഖതന്നെയാണ് മലയാളം.

മലയാളത്തിന്റെ ഉദ്ഭവം തമിഴിൽ നിന്നാണെന്ന വാദം ഉറപ്പിക്കാൻ കാൽഡ്വെൽ 'കിഴക്കു', 'മേൽക്കു' എന്നീ ശബ്ദങ്ങളുടെ അർത്ഥത്തിനു മലയാളത്തിലുണ്ടായ മാററം എടുത്തു കാട്ടുന്നു. കീഴക്കിനു് താണസ്ഥലം (കീഴ് ധാതു) എന്നും മേല്ക്കിനു് ഉയർന്നസ്ഥലം (മേൽ) എന്നുമാണർത്ഥം. തമിഴ്നാട്ടിൽ ആ വാക്കുകൾ കൊണ്ടു വിവക്ഷിക്കപ്പെടുന്ന ദിക്കുകൾ ധാത്വർത്ഥത്തിന്നനുരോധമായിട്ടാണ് കാണപ്പെടുന്നതു്. അവിടെ കിഴക്കു താണും മേല്ക്കു് (പടിഞ്ഞാറു്) ഉയർന്നും കിടക്കുന്നു. നേരേമറിച്ചാണു കേരളത്തിൽ. എന്നിട്ടും ആ ദിക്കുകളെ കുറിക്കാൻ അതേ വാക്കുകളാണ് ഇവിടെയും ഉപയോഗിക്കുന്നതു്. അങ്ങനെ, ഈ രണ്ടുവാക്കുകളും തമിഴ്നാട്ടിന്റേതാണെന്നും അവയുടെ വ്യുൽപ്പത്ത്യർത്ഥത്തിലാണു മലയാളത്തിൽ പ്രയോഗിക്കുന്നതെന്നും സിദ്ധിക്കുന്നു. പശ്ചിമഘട്ടങ്ങൾക്കപ്പുറത്തു

1. A Comparative Grammar of Dravidian Languages, p. 18.

നിന്നു കേരളത്തിൽ കുടിയേറിപ്പാർത്ത തമിഴരാണു് മലയാളികൾ എന്നത്രേ കാൽഡ്വെൽ ഇതു കൊണ്ടു സമർത്ഥിക്കുന്നതു്.

ഈ രണ്ടു പദങ്ങളുടേയും അർത്ഥവിചാരത്തിന്മേൽ അധിഷ്ഠിതമായ സിദ്ധാന്തത്തിൽ കാൽഡ്വെല്ലും ഗുണ്ടർട്ടും തമ്മിൽ അഭിപ്രായവ്യത്യാസമുണ്ടെന്നു കാൽഡ്വെൽ തന്നെ രേഖപ്പെടുത്തിയിട്ടുണ്ടു്. "ഡോ. ഗുണ്ടർട്ട് മലയാളനിഘണ്ടുവിന്റെ അവതാരികയിൽ തമിഴും മലയാളവും തമ്മിലുള്ള അടുത്തബന്ധത്തെക്കുറിച്ചു് ഊന്നിപ്പറയുന്നുണ്ടെങ്കിലും മലയാളം തമിഴിന്റെ ഉപഭാഷയാണെന്നംഗീകരിക്കാൻ അദ്ദേഹത്തിന്നു വൈമനസ്യമുള്ളതു പോലെ തോന്നുന്നു. പൂർവാപരദിക്കുകളെക്കുറിക്കുന്ന മലയാളപദങ്ങൾ മലയാളികൾ കിഴക്കുനിന്നു വന്നവരാണെന്നു തെളിയിക്കുന്നതായി അനായാസമങ്ങു വിശ്വസിക്കാൻ തരമില്ലെന്നും ആര്യന്മാരുടെ തെക്കോട്ടുള്ള സമാനമായ മുന്നേററത്തെക്കുറിച്ചു പരിഗണിക്കുന്നതായാൽ ദ്രാവിഡരും ആര്യന്മാരെപ്പോലെ ആദ്യം പടിഞ്ഞാറേത്തീരത്തു താവളം ഉറപ്പിക്കുകയും പിന്നീടു കിഴക്കൻകരയുമായി പരിചയപ്പെടുകയുമാണുണ്ടായതെന്നു കരുതാനാണിടയെന്നും ഒരു സ്വകാര്യക്കത്തിൽ അദ്ദേഹം വാദിക്കുന്നു."[1] ചരിത്രപരവും ഭാഷാപരവുമായ കാരണങ്ങളാൽ ഈ വാദത്തെ അതിന്റെ മുഖവിലയ്ക്കുതന്നെ കാൽഡ്വെൽ നിരാസിക്കുന്നുണ്ടു്.

'ഡോ. ഗുണ്ടർട്ടിന്നു വൈമനസ്യമുള്ളതു പോലെ തോന്നുന്നു' (appears to be unwilling) എന്ന പ്രയോഗം ശ്രദ്ധേയമാണു്. ഖണ്ഡിതമായ ഒരഭിപ്രായം പറയുകയായിരുന്നില്ല ഗുണ്ടർട്ട് എന്നാണു് ഇതിൽനിന്നും മനസ്സിലാ

---

1. A Comparative Grammar of Dravidian Langauges, p. 20,

ക്കേണ്ടതു്. ഏതായാലും ആ സഹകാര്യക്കുത്തു് എങ്ങും പ്രസിദ്ധീകരിച്ചുകണ്ടിട്ടില്ല. തമിഴും മലയാളവും തമ്മിലുള്ള ബന്ധത്തെക്കുറിച്ചു് വ്യാകരണത്തിന്റെ തുടക്കത്തിലും നിഘണ്ടുവിന്റെ ആമുഖത്തിലുമാണു് അദ്ദേഹം പ്രതിപാദിച്ചിട്ടുള്ളതു്. 1851-ൽ പ്രസിദ്ധപ്പെടുത്തിയ മലയാളഭാഷാവ്യാകരണത്തിൽ അദ്ദേഹം ഇങ്ങനെ എഴുതുന്നു: "മലയാളഭാഷ ദ്രമിളം എന്നുള്ള തമിഴിന്റെ ഒരു ശാഖയാകുന്നു. അതു തെലുങ്കു്, കർണ്ണാടകം, തുളു, കുടകു് മുതലായ ശാഖകളെക്കാൾ അധികം തമിഴരുടെ സൂത്രങ്ങളോടു് ഒത്തുവരികയാൽ, ഉപഭാഷയത്രേ; എങ്കിലും ബ്രാഹ്മണർ ഈ കേരളത്തെ അടക്കിവാണു്, അനാചാരങ്ങളെ നടപ്പാക്കി നാട്ടിലെ ശൂദ്രരുമായി ചേർന്നുപോയതിനാൽ, സംസ്കൃതശബ്ദങ്ങളും വാചകങ്ങളും വളരെ നുഴഞ്ഞുവന്നു്, ഭാഷയുടെ മൂലരൂപത്തെ പലവിധത്തിലും മാററിയിരിക്കുന്നു."[1] വളരെ ലളിതമായ ഈ പ്രസ്താവനയെ ആകാവുന്നത്ര വളച്ചൊടിക്കാൻ ചിലർ ശ്രമിച്ചിട്ടുണ്ടു്. 'ദ്രമിളം എന്നുള്ള തമിഴ്" എന്നു പറഞ്ഞപ്പോൾ ഗുണ്ടർട്ടു് ഉദ്ദേശിച്ചതു് ആദിദ്രാവിഡ ഭാഷയെ ആണെന്നു പോലും ചിലർ ധരിക്കാതിരുന്നില്ല.

1872-ൽ പുറത്തുവന്ന നിഘണ്ടുവിന്റെ ആമുഖത്തിൽ അദ്ദേഹം പറയുന്നു, "മലയാളശബ്ദങ്ങളെയും തമിഴ്ശബ്ദങ്ങളെയും വേർതിരിച്ചുകൊണ്ടു് ഒരതിർത്തിരേഖ വരക്കുക പ്രയാസമാണു്. ഈ രണ്ടു പ്രാചീനഭാഷകളും പ്രത്യേക ഭാഷകളെന്നതിനേക്കാൾ ദ്രാവിഡഗോത്രത്തിൽ പെട്ട ഒരേ ഭാഷയുടെ ഉപഭാഷകളെന്ന നിലയിലാണു് വിഭിന്നങ്ങളായതു്."[2] വ്യാകരണത്തിലെയും നിഘണ്ടുവി

1. മലയാള ഭാഷാവ്യാകരണം, പുറം 25.

2. A Malayalam and English Dictionary, Preface, p. iii.

ലേയും പ്രസ്താവനകൾ താരതമ്യപ്പെടുത്തിയാൽ തെററിദ്ധാരണ നീങ്ങും. തമിഴും മലയാളവും ദ്രാവിഡഗോത്രത്തിൽപ്പെട്ട ഒരേഭാഷയുടെ വിഭിന്നപരിണാമങ്ങളാണെന്നു പ്രസ്താവിക്കുന്നതുകൊണ്ടു്, "ദ്രമിളം എന്നുള്ള തമിഴ്" എന്നു് അദ്ദേഹം പറയുമ്പോൾ ഉദ്ദേശിക്കുന്നതു് ആദിദ്രാവിഡഭാഷയെ അല്ലെന്നും, ഒരു കാലത്തു് തമിഴകത്തും മലനാട്ടിലും പൊതുവേ നിലവിലിരുന്ന, അതായതു്, ഇന്നത്തെ തമിഴിന്റെയും ഇന്നത്തെ മലയാളത്തിന്റെയും പ്രാഗ്രൂപമായിരുന്ന ഭാഷയെ ആണെന്നും സിദ്ധിക്കുന്നു. കാതലായ അംശത്തിൽ കാൽഡ്വെലിൻെറയും മതം ഇതുതന്നെ. ദ്രാവിഡർ കേരളത്തിൽനിന്നു തമിഴ്നാട്ടിലേക്കാണോ നേരേമറിച്ചാണോ കുടിയേറിപ്പാർത്തതു് എന്ന പ്രശ്നത്തിലേ തർക്കമുള്ളു. ക്രടൽ പിന്മാറിയുണ്ടായ കരയാണു കേരളം എന്ന വിശ്വാസത്തെ ഭൂഗർഭശാസ്ത്രം നിഷേധിക്കാത്തിടത്തോളം കാൽഡ്വെലിൻെറ വാദത്തിനാണു മുൻതൂക്കം. രണ്ടായാലും കേരളത്തിലേയും തമിഴ്നാട്ടിലേയും ഭാഷ ഒരു കാലത്തു് ഒന്നായിരുന്നു എന്ന കാര്യത്തിൽ ഇവർ ഏകാഭിപ്രായക്കാരാണു്. ആ ഭാഷയെ തമിഴെന്നു കാൽഡ്വെലും 'ദ്രമിളം എന്നുള്ള തമി'ഴെന്നു ഗുണ്ടർട്ടും വിളിക്കുന്നു. ആ ഭാഷ ഇന്നത്തെ തമിഴിൽനിന്നു് വ്യത്യസ്തമായിരുന്നു എന്ന കാര്യത്തിലും തക്കമില്ല.

## ഏ. ആർ. രാജരാജവർമ്മ

ക്രൊല്ലം 1092-ൽ ആണു് പ്രൊഫസ്സർ ഏ. ആർ. രാജരാജവർമ്മയുടെ 'കേരളപാണിനീയം' പുറത്തുവന്നതു്. അതിൻെറ പീഠികയിൽ അമ്പതു പുറങ്ങളിലായി മലയാളഭാഷയുടെ ഉൽപത്തിയെക്കുറിച്ചു് അദ്ദേഹം സവിസ്തരം പ്രതിപാദിച്ചിരിക്കുന്നു. പ്രായേണ കാൽഡ്വെലിൻെറ

മാർഗ്ഗത്തിലൂടെയാണ് അദ്ദേഹം സഞ്ചരിക്കുന്നത്. കാൽഡെവൽ തെല്ലൊന്നു സൂചിപ്പിക്കുകയോ വിശദീകരിക്കാതെ വിട്ടുകളയുകയോ ചെയ്ത പല സുപ്രധാന കാര്യങ്ങളും വിദഗ്ദ്ധമായിത്തന്നെ കേരളപാണിനി അപഗ്രഥിച്ചു.

"മലൈനാടായ മലയാളത്തിലെ ആദിമനിവാസികൾ തമിഴരും അവരുടെ ഭാഷ തമിഴും ആയിരുന്നു."[1] "മലയാളം തമിഴിൻെറ ഒരുപഭാഷയാണ്."[2] ഇതാണ് കേരളപാണിനിയുടെ അഭിപ്രായം. കേരളത്തിലെ തമിഴാണു മലയാളമായതെന്ന് അദ്ദേഹം പ്രസ്താവിക്കുമ്പോൾ തമിഴ് എന്നതുകൊണ്ട് ചെന്തമിഴിനെയല്ല, കൊടുന്തമിഴെന്ന് അദ്ദേഹം വിളിക്കുന്ന പ്രാദേശികഭാഷയെയാണ് ഉദ്ദേശിക്കുന്നത്. മിക്കവാറും ഒന്നെന്നപോലെ കഴിഞ്ഞിരുന്ന ചേര ചോള പാണ്ഡ്യ രാജ്യങ്ങളിൽ ഉണ്ടായ രാഷ്ട്രീയ സംഭവവികാസങ്ങളും കേരളത്തിൽ നമ്പൂതിരിമാർക്കു സിദ്ധിച്ച പ്രാബല്യവും ഇവിടെ പുതുതായി രൂപംകൊണ്ട ആചാരവിശേഷങ്ങളും കേരളത്തെ തമിഴ്നാട്ടിൽ നിന്നൊററപ്പെടുത്തുകയാലാണ് മലനാട്ടിലെ തമിഴ് സ്വതന്ത്രവികാസം ആർജ്ജിച്ചതെന്ന് അദ്ദേഹം വിശദീകരിക്കുന്നു.

ഈ ഭാഷാപരിണാമത്തിൻെറ നിർണ്ണായകപ്രവണതകളെ അദ്ദേഹം സൂക്ഷ്മമായി വിശകലനം ചെയ്തു. കേരളപാണിനി എടുത്തുകാട്ടിയ അനുനാസികാതിപ്രസരം തുടങ്ങിയ ആറു ഭാഷാപരിണാമനയങ്ങൾ ഭാഷാവിദ്യാർത്ഥികൾക്കു സുപരിചിതങ്ങളാണ്. മലയാളഭാഷാപഠനത്തിന് അദ്ദേഹം ചെയ്ത ഏററവും വിലപ്പെട്ട സംഭാവന ഈ നയാവിഷ്കാരമാണെന്നു തോന്നുന്നു. അനുനാസികാതിപ്രസരം, തവർഗ്ഗോപമർദ്ദം (താലവ്യാദേശം), സ്വരസംവ

---

1. കേരള പാണിനീയം, പുറം 5 (നാലാംപതിപ്പ്).
2. ടി പുറം 12 ടി

രണം, പുരുഷഭേദനിരാസം, ഖിലോപസംഗ്രഹം, അംഗഭംഗം എന്നിവയാണ് ആ നയങ്ങൾ.

'മരങ്കൾ' (മരം+കൾ⟶മരങ്+കൾ) 'മരങ്ങ'ളാകുന്നതു പോലെ, അനുനാസികത്തിനു ശേഷം വരുന്ന ഖരം കൂടി അനുനാസികമാകുന്നതാണ് 'അനുനാസികാതിപ്രസരം.' താലവ്യസ്വരത്തിനു ശേഷം വരുന്ന ദന്ത്യത്തിനു (ന, ത എന്നിവയും അവ ചേർന്നും ഇരട്ടിച്ചുമുണ്ടാകുന്ന കൂട്ടക്ഷരങ്ങളും) താലവ്യത്വം സംഭവിക്കുന്നതാണ 'തവർഗ്ഗോപമർദ്ദം.' ഉദാ:–നീരൈന്തു–നിരൈഞ്ചു (നിറെറഞ്ചു എന്നതു് സ്വരസംവരണവും അനുനാസികാതിപ്രസരവും സംഭവിച്ചു് 'നിറഞ്ഞു' എന്നാകുന്നു). വന്നാൻ, ചൊന്നാൾ എന്നിങ്ങനെയുള്ള ക്രിയാരൂപങ്ങൾ 'ആൻ', 'ആൾ' മുതലായ പ്രത്യയങ്ങൾ ഉപേക്ഷിച്ചു് വന്നു, ചൊന്നു എന്നാകുന്നതാണ് പുരുഷഭേദനിരാസം. മഴൈ, മലൈ മുതലായ ശബ്ദങ്ങൾ 'സ്വര സംവരണ'ത്താലാണ് മഴ, മല എന്നൊക്കെയാകുന്നതു്. കുളിക്കാൻ, കളിക്കാൻ മുതലായ പിൻവിനയെച്ച രൂപങ്ങളിലെ 'ആൻ' പ്രത്യയവും വരിൻ കേൾപ്പിൻ മുതലായവയിലെ 'ഇൻ' എന്ന പ്രകാരപ്രത്യയവും അതു പോലെ മററു പലതും ഇന്നത്തെ തമിഴിൽ ഖിലങ്ങൾ (ലുപ്തപ്രചാരങ്ങൾ) ആണ്. അവയെ മലയാളം ഇന്നും നിലനിർത്തിപ്പോരുന്നു. ഈ പ്രത്യേകതയ്ക്കാണ 'ഖിലോപസംഗ്രഹം' എന്നു പറയുന്നതു്. തമിഴിലെ പഴയ പ്രകൃതികൾക്കും പ്രത്യയങ്ങൾക്കും മലയാളത്തിലുണ്ടാകുന്ന അക്ഷര ലോപമാണ് 'അംഗഭംഗം.' ഈ മാററങ്ങളെല്ലാം നൂററാണ്ടുകൾകൊണ്ടു സംഭവിച്ചതാണ്. പലതും അനിയതങ്ങളാണുതാനും.

## എൽ. വി. രാമസ്വാമി അയ്യർ

താരതമ്യാധിഷ്ഠിതമായ ദ്രാവിഡഭാഷാപഠനത്തിൽ എൽ. വി. രാമസ്വാമിഅയ്യരുടെ സേവനം ഗണനീയ

മാണു്. 'Evolution of Malayalam Morphology' എന്ന ഗ്രന്ഥത്തിലാണു് അദ്ദേഹം പ്രധാനമായും മലയാളത്തിൻെറ ഉദ്ഭവത്തെക്കുറിച്ചു പരിചിന്തനം ചെയ്തിട്ടുള്ളതു്. രൂപനിഷ്പാദനത്തിൻെറയും (morphology) ധ്വാനികാര്യത്തിന്റെയും (phonetics) അടിസ്ഥാനത്തിൽ അദ്ദേഹം തമിഴിനെയും മലയാളത്തെയും താരതമ്യപ്പെടുത്തുന്നു. ഈ രണ്ടു കാര്യത്തിലും മലയാളത്തിനു് ഇതര ദ്രാവിഡഭാഷകളിൽ വച്ചു് ഏററവും കൂടുതൽ അടുപ്പം തമിഴിനോടാണെന്നും പ്രാചീന മദ്ധ്യകാലതമിഴും പഴയ മലയാളവും ഏതാണ്ടൊരുപോലെയാണെന്നും അദ്ദേഹം സമത്ഥിക്കുന്നു. "മലയാളത്തിൻെറ രൂപനിഷ്പാദനപരമായ സവിശേഷതകളിലധികവും പ്രാചീന മദ്ധ്യകാല തമിഴിനോടു് ഏററവും അടുത്തു ബന്ധപ്പെട്ടിരിക്കുന്നു. അവയിൽ പലതിൻെറയും നിഷ്പാദനം ധ്വനികാര്യത്തിൻെറയും ചരിത്രത്തിൻെറയും അടിസ്ഥാനത്തിൽ പ്രാചീന മദ്ധ്യകാല തമിഴിൽനിന്നു സാധിക്കാവുന്നതാണു്"[1] ഏ. ഡി. അഞ്ചും പത്തും നൂററാണ്ടുകൾക്കിടയിലുള്ള തമിഴാണു് പ്രാചീന മദ്ധ്യകാല തമിഴ്. അദ്ദേഹത്തിൻെറ അഭിപ്രായത്തിൽ, 10–ാം ശതകത്തിനുമുൻപു തന്നെ കേരളഭാഷ മലയാളമെന്ന നിലയിൽ അതിൻെറ വ്യക്തിത്വം സമ്പാദിച്ചു കഴിഞ്ഞു. 'ദ്രമിളം എന്ന തമിഴ്' എന്നു ഗുണ്ടർട്ടു് എഴുതിയപ്പോൾ പ്രാചീന മദ്ധ്യകാല തമിഴിനെയല്ലേ അദ്ദേഹം മനസ്സിൽ കണ്ടിരുന്നതെന്നു ന്യായമായി സംശയിക്കാം.

ററ, ന്റ എന്നീ വർത്സ്യവർണ്ണങ്ങളുടെ പ്രത്യേകതകൾ, ഴ, റ എന്നിവയുടെ അവസ്ഥാനം, നകാരഞകാരങ്ങളുടെ ഭേദം, സ്വരങ്ങൾക്കിടയിലും അനുനാസികം കലർന്ന കൂട്ട

---

1. Evolution of Malayalam Morphology, p. 3.

ക്ഷരങ്ങളിലും ഖരങ്ങൾക്കുണ്ടാകുന്ന ഉച്ചാരണഭേദം, കകാരത്തിന്റെ ചകാരപരിണാമം, പദമദ്ധ്യത്തിൽ കകാരത്തിനുണ്ടാകുന്ന താലവ്യച്ഛായ, പദമദ്ധ്യാന്തസന്ധികളിലുണ്ടാകുന്ന പല മാററങ്ങൾ മുതലായവയാണ് പ്രാചീന മദ്ധ്യകാലതമിഴിനും പഴയ മലയാളത്തിനും പൊതുവായുള്ള ധ്വനികാര്യ പ്രവണതകൾ. രൂപനിഷ്പാദനത്തെ സംബന്ധിച്ചിടത്തോളം ലിംഗപ്രത്യയങ്ങൾ, 'മാർ' ചേർന്നുള്ള ബഹുവചനരൂപങ്ങൾ, വിഭക്തിയെക്കുറിക്കുന്ന അന്ത്യാംശങ്ങളും ആഗമങ്ങളും പരാനുബന്ധങ്ങളും, കാരിതം ചേർന്ന ധാതു പ്രകൃതികൾ, സകമ്മക പ്രകൃതികൾ, വത്തമാനകാല പ്രത്യയങ്ങൾ, 'വാൻ' ചേർന്നുള്ള പിൻവിനയെച്ചരൂപങ്ങൾ, നിഷേധരൂപങ്ങൾ, കാലാനുപ്രയോഗങ്ങൾ മുതലായവയിൽ ഇരു ഭാഷകളും ഒരുപോലെയാണ്. ചുരുക്കിപ്പറഞ്ഞാൽ, പ്രാചീനമദ്ധ്യകാലതമിഴിന്റെ കേരളീയവ്യവഹാരഭാഷയാണ് മലയാളമായി പരിണമിച്ചതു്. ഈ പരിണാമം ക്രിസ്തുവർഷം അഞ്ചും പത്തും നൂററാണ്ടുകൾക്കിടയിൽ നടന്നു.

## ഷ്യൂൾ ബ്ളോഖ്

ഷ്യൂൾ ബ്ളോഖ് മലയാളത്തെ തമിഴിന്റെ ഉപഭാഷയായിട്ടാണ് കണക്കാക്കുന്നതു്. "മലയാളം തമിഴിൽ നിന്നു വേർപെട്ട അതിന്റെ ഒരുപഭാഷയാണ്; പത്താം ശതകത്തിനു ശേഷമുള്ള രേഖകൾ ഇതു തെളിയിക്കുന്നു".[1] 'ദ്രാവിഡ ഭാഷകളുടെ വ്യാകരണഘടന' എന്ന ഗ്രന്ഥത്തിൽ മലയാള വ്യാകരണത്തെക്കുറിച്ച് അദ്ദേഹം വിശേഷിച്ചൊന്നും പറയുന്നില്ല. അടിസ്ഥാനപരമായി തമിഴിനെപ്പററി പറയുന്നതെല്ലാം മലയാളത്തിനും ചേരും എന്ന മട്ടിലാണ് അദ്ദേഹത്തിന്റെ പോക്കു്.

1. The Grammatical Structure of Dravidian Languages, Introduction, p. XIV.

## ഡോക്ടർ എ. സി. ശേഖർ

ഡോ. എ. സി. ശേഖറുടെ 'മലയാളഭാഷാപരിണാമം' (Evolution of Malayalam) പ്രാചീന മലയാളത്തെക്കുറിച്ചുള്ള പഠനമാണ്. 9-ാം ശതകം തൊട്ട് 13-ാം ശതകം വരെയുള്ള, 7000 വാക്കുകളടങ്ങുന്ന 34 ശിലാതാമ്രശാസനങ്ങൾ അദ്ദേഹം ഈ പഠനത്തിനു പ്രയോജനപ്പെടുത്തിയിട്ടുണ്ട്. 13-ാം ശതകം വരെയുള്ള മലയാളത്തെ, എൽ. വി. രാമസ്വാമി അയ്യരെപ്പോലെ, പ്രാചീന മലയാളത്തിന്റെ ആദ്യ ഘട്ടമായിട്ടാണ് ഡോ. ശേഖർ കണക്കാക്കുന്നതു്. അദ്ദേഹം പ്രബന്ധം ഇങ്ങനെ ഉപസംഹരിക്കുന്നു: "മലയാളഭാഷയുടെ വികാസത്തിൽ ക്രിസ്തുവർഷം 12-ാം നൂററാണ്ട് ഒരു പ്രധാന ഘട്ടമാണെന്ന് പ്രാചീന മലയാളത്തിൻെറ ആദ്യദശയിലുണ്ടായ ഈ ശാസനങ്ങളുടെ പഠനം വെളിപ്പെടുത്തുന്നു. നേരത്തേ തന്നെ പ്രകടമായ വികാസപ്രേരണകളാൽ ആ നൂററാണ്ടിൽ, താരതമ്യേന സാധാരണവും അംഗീകാര്യവുമായ പുതിയ മാററങ്ങളേയും പ്രവണതകളെയും വമ്പിച്ച തോതിലുളവാക്കാൻ പോന്ന സമാന്തരശബ്ദരൂപങ്ങൾ ധാരാളമുണ്ടായി. പ്രാചീനമലയാളത്തിൻെറ പൂർവഘട്ടത്തിൽ പഴയ സന്ധിനിയമങ്ങൾ നിരസിക്കപ്പെടുകയും, ധ്വനികാര്യത്തിലും പദനിഷ്പത്തിയിലും പുതിയ പ്രവണതകൾ ആവിർഭവിക്കയും ചെയ്തു; അവ ആ കാലഘട്ടത്തിൻെറ അവസാനത്തോടുകൂടി മലയാളഭാഷ സ്വന്തമായൊരു വ്യക്തിത്വം സമ്പാദിക്കാനിടയാക്കി; ആ വ്യക്തിത്വമാകട്ടെ മലയാളത്തെ അയൽ നാട്ടിലെ തമിഴിൽ നിന്നു സൂക്ഷ്മമായി വേർതിരിച്ചു."[1] കുറേക്കാലത്തേക്കുകൂടി സാഹിത്യപാരമ്പര്യം വ്യാകരണ കാര്യങ്ങളിൽ തങ്ങിനിന്നിരുന്നെന്നും പുതിയ

1. Evolution of Malayalam, p. 167

വികാസപ്രേരണകൾ—അവയെ സംസ്കൃതത്തിന്റെ പ്രഭാവം ത്വരിപ്പിച്ചിട്ടുണ്ടാവണം—മലയാളം തമിഴിൽ നിന്നു സ്വതന്ത്രമാണെന്നു വാദിക്കുന്ന ലീലാതിലകകാരനെപ്പോലുള്ള ഒരു യാഥാസ്ഥിതികപണ്ഡിതനെപ്പോലും ആകർഷിക്കുകയുണ്ടായെന്നും അദ്ദേഹം പറഞ്ഞവസാനിപ്പിക്കുന്നു.

ഡോ. ശേഖർ പ്രാചീന മലയാളത്തിൻെറ ആദ്യഘട്ടത്തിലെ മുപ്പത്തഞ്ചു സവിശേഷതകൾ എടുത്തു കാണിക്കുന്നു. ഈ സന്ദർഭത്തിൽ നമ്മുടെ പ്രത്യേകശ്രദ്ധയെ ആകർഷിക്കുന്ന ചിലതുമാത്രം ഇവിടെ സൂചിപ്പിക്കാം.

(1) ആ ഘട്ടം അവസാനിക്കുമ്പോഴേക്ക് ഐകാരാന്തശബ്ദങ്ങൾ അകാരാന്തങ്ങളാകുന്നു. പദമദ്ധ്യത്തിലാണ് ഈ സ്വരപരിണാമം ആദ്യം സംഭവിക്കുന്നതു്.

(2) അനുനാസികാതിപ്രസരവും താലവ്യാദേശവും ആവിർഭവിക്കുന്നു.

(3) പുരുഷഭേദത്തോടു കൂടിയ ക്രിയകളാണ് സാധാരണം. അവിടവിടെയായി പുരുഷഭേദനിരാസവും സംഭവിക്കുന്നുണ്ട്.

(4) സന്ധിനിയമങ്ങൾ തമിഴിന്റേതു തന്നെയെങ്കിലും സ്വരസന്ധിയിൽ വകാരത്തിനു പകരം യകാരവും ഇരട്ടിച്ച വകാരത്തിനു പകരം ഒററ വകാരവും കാണാം.

(5) പ്രാകൃതത്തിൽ നിന്നും സംസ്കൃതത്തിൽ നിന്നും ധാരാളം ശബ്ദങ്ങൾ ഭാഷയിൽ കടന്നു കൂടുന്നു; അധികവും തദ്ഭവങ്ങളാണ്.

## ഡോക്ടർ എസ്. കെ. ചാററർജി

“മലയാളം പഴയ തമിഴിൻെറ ഒരു ശാഖയാണ്. കേരളത്തിൽ 9-ാം ശതകത്തിനു ശേഷമുണ്ടായ ശിലാതാമ്രശാസനങ്ങളിൽ മലയാളത്തിൻെറ ചില സവിശേഷതകൾ കാണാം. എന്നാൽ മലയാളമെന്നു തീർത്തും പറയാവുന്ന

ഒരു ഭാഷ 12–ാം ശതകം മുതൽ നിലവിലുണ്ടെങ്കിലും അതൊരു സാഹിത്യ ഭാഷയെന്ന നിലയിൽ പ്രതിഷ്ഠ നേടിയതു് 14–ാം നൂററാണ്ടോടു കൂടിയാണു്."[1]

## പ്രൊഫസർ ഇളംകുളം

ഭാഷ സാമുദായിക ജീവിതത്തിൻെറ ആവശ്യവും അവിഭാജ്യ ഘടകവുമാണു്. ഭാഷയ്ക്കു വരുന്ന ഏതു മാറ്റവും സാമൂഹിക ജീവിതവുമായി ബന്ധപ്പെട്ടല്ലാതെ സംഭവിക്കുന്നില്ല. സമൂഹജീവിത പുരോഗതിയുടെ രേഖയാണു ചരിത്രം. അപ്പോൾ ഭാഷയും ചരിത്രവും പരസ്പരബദ്ധമാകാതെ തരമില്ല. പ്രാചീന മലയാള ഭാഷയെ ചരിത്രത്തിൻെറ പശ്ചാത്തലത്തിൽ പരിശോധിക്കാൻ ആദ്യമായി ശ്രമിച്ച പണ്ഡിതനാണു് ശ്രീ. ഇളംകുളം. ചരിത്രകാരൻെറയും ഭാഷാഗവേഷകൻെറയും പഠനസാമഗ്രികളെല്ലാം പ്രയോജനപ്പെടുത്തുന്നു എന്നതാണു് അദ്ദേഹത്തിൻെറ നേട്ടം.

പ്രൊ. ഇളംകുളത്തിൻെറ അഭിപ്രായത്തിൽ, മലനാട്ടു തമിഴിനെ മലയാളമാക്കിയതു് സംസ്കൃതത്തിൻെറയും പ്രാകൃതത്തിൻെറയും പ്രേരണയാണു്. ചരിത്രപരമായി പറഞ്ഞാൽ, ആര്യന്മാരുടെ ആഗമനവും ആധിപത്യവുമാണു് മലയാളത്തിൻെറ ആവിർഭാവത്തിനു കാരണം. ഈ സിദ്ധാന്തത്തിൻെറ വിശദീകരണവും സ്ഥാപനവുമാണു് 'കേരളഭാഷയുടെ വികാസപരിണാമങ്ങൾ' എന്ന ഗ്രന്ഥം. മററു് ഒട്ടേറെ പ്രബന്ധങ്ങളിൽ ഈ പ്രശ്നത്തിൻെറ വിവിധവശങ്ങൾ അദ്ദേഹം ചച്ച് ചെയ്തിട്ടുണ്ടു്. കൊല്ലവർഷാരംഭം മുതലുള്ള കേരളീയശിലാതാമ്രശാസനങ്ങളും, ഗദ്യത്തിലും പദ്യത്തിലുമുണ്ടായ പ്രാചീന കൃതി

1. Indian Linguistics, Vol. XIV, p. 3

കളുമാണ് പ്രധാനമായും അദ്ദേഹത്തിൻെറ ഗവേഷണോപാധികൾ. തമിഴ്, തുളു, തെലുങ്ക്, കർണ്ണാടകം എന്നീ ഭാഷകളുമായി ആദ്യകാലമലയാളത്തെ താരതമ്യപ്പെടുത്തുകയും ചെയ്യുന്നുണ്ടു്.

അദ്ദേഹത്തിൻെറ അഭിപ്രായം ഇങ്ങനെ സംഗ്രഹിക്കാം:- ചിലപ്പതികാരകാലത്തിനു മുൻപുതന്നെ (എ. ഡി. 7—ാം ശതകത്തോടുകൂടി) പാണ്ടിത്തമിഴിനും കേരളത്തിലെ തമിഴിനും തമ്മിൽ ദേശപരമായ ഭേദമുണ്ടായിരുന്നു. തിരുവിതാംകൂറിലേയും മലബാറിലേയും ഭാഷകൾക്കു തമ്മിൽ ഇന്നു കാണുന്ന വ്യത്യാസത്തിൽ കവിഞ്ഞൊന്നുമായിരുന്നില്ല അതു്. നമ്പൂതിരിമാർ ഇവിടെ അധികാരം സ്ഥാപിച്ചപ്പോൾ മുതൽ ഈ ഭാഷാപരമായ വ്യത്യാസം വർദ്ധിച്ചുകൊണ്ടിരുന്നു. "അവരുടെ ഭാഷ പ്രാകൃതത്തിൻെറ വകഭേദമോ സംസ്കൃതമോ ആയിരിക്കാനേ നിവൃത്തിയുള്ളല്ലോ. തമിഴ് സംസാരിക്കുന്ന സ്വദേശികളോടു് ഇടപെടേണ്ടതു് അവക്കു് അത്യാവശ്യമായി വന്നു. ആ ഭാഷ ആദ്യകാലത്തു് അവക്കു വശമായിരിക്കാനിടയില്ല. മിക്കവാറും സംസ്കൃതവും ഏതാനും ചില തമിഴ്പദങ്ങളും ഇടകലത്തി ആംഗ്ലോ ഇന്ത്യൻ രീതിയിൽ സംഭാഷണം ചെയ്യാൻ അവർ നിർബന്ധിതരായി. പ്രാകൃതത്തിൻെറയും ഇടത്താവളമായ കരിനാട്ടു തമിഴിൻെറയും കലർപ്പും ഈ ഭാഷയിൽഉണ്ടായിരുന്നിരിക്കണം." [1]

സംസ്കൃതത്തിൽ പേരിനുമാത്രം മലനാട്ടുതമിഴ് ചേർത്തുണ്ടാക്കിയ നമ്പൂതിരിമാരുടെ മിശ്ര ഭാഷയും — ഇതിൽ നിന്നാണു മണിപ്രവാളം രൂപംകൊണ്ടതു്—അതിൽ നിന്നു വ്യത്യസ്തമായ ഏതദ്ദേശീയരുടെ വ്യവഹാരഭാഷയും സമാ

1. കേരളഭാഷയുടെവികാസപരിണാമങ്ങൾ, നാലാംപതിപ്പ്. പുറം 35.

ന്തരമായി നിലനിന്നു. ലീലാതിലകകാരന്റെ 'ഉൽകൃഷ്ടഭാഷയും'(ത്രൈവർണ്ണികരുടെ) അപകൃഷ്ടഭാഷയും (പാമരജനങ്ങളുടെ)ഈ വസ്തുതയാണു വിശദമാക്കുന്നതു്. ഇരു സമുദായങ്ങളുടെയും സാമീപ്യസമ്പർക്കങ്ങൾ വർദ്ധമാനമായതോടു കൂടി അവരുടെ ഭാഷകൾ പരസ്പരം കൊള്ളുകയും കൊടുക്കുകയും ചെയ്തു പരിവർത്തിതമായി. പരസ്പരാശ്രിതമായ ഈ പരിവർത്തനവാസന മലനാട്ടു തമിഴിൽ ധ്വനിപരവും രൂപനിഷ്പാദനപരവുമായ വമ്പിച്ച മാററങ്ങളുണ്ടാക്കി.

ഇങ്ങനെ കൊല്ലം ആദിശതകങ്ങളിൽ കേരള ഭാഷയ്ക്കുണ്ടായ വികാസ പരിണാമങ്ങളെ ശിലാതാമ്രശാസനങ്ങളിലെ ഭാഷാപരിണാമംകൊണ്ടു് ഉദാഹരിക്കുകയും 'ഭാഷാകൗടലീയം' തുടങ്ങിയ പ്രാചീനഗദ്യകൃതികളുമായി താരതമ്യപ്പെടുത്തി സ്ഥിരീകരിക്കുകയും ചെയ്യുന്നു പ്രൊ. ഇളംകുളം. ലീലാതിലകത്തെയും പ്രാചീനരേഖകളെയും ആസ്പദമാക്കി മിശ്രഭാഷയുടെ ആദ്യരൂപത്തെ പുനസ്സംവിധാനം ചെയ്തുകൊണ്ടാണു് അക്കാലത്തെ അപകൃഷ്ടോൽകൃഷ്ടഭാഷകളെ അദ്ദേഹം താരതമ്യപ്പെടുത്തുന്നതു്. പ്രാചീന മലയാളത്തെക്കുറിച്ചുണ്ടായിരുന്ന ഒട്ടേറെ തെറ്റിദ്ധാരണകൾ തുടച്ചു മാററാൻ അദ്ദേഹത്തിനു കഴിഞ്ഞു. കാൽഡ്വെലിന്റെയും ഏ. ആറിന്റെയും നിഗമനത്തെ ആദരിച്ചുകൊണ്ടു തന്നെ പ്രൊ. ഇളംകുളം അവരുടെ പല വാദമുഖങ്ങളും നിരസിക്കുന്നു. പല കാരണങ്ങളിലൊന്നാവാമെന്ന മട്ടിൽ അവർ സൂചിപ്പിക്കുക മാത്രം ചെയ്ത ആര്യഭാഷാതിപ്രസരത്തെയാണു് അദ്ദേഹം സർവ്വ പ്രധാനമായെണ്ണുന്നതു്. കാൽഡ്വെലിനും കേരളപാണിനിക്കും പ്രയോജനപ്പെടുത്താൻ തരമില്ലാതെപോയ പ്രാചീനഭാഷാരേഖകളെയും ചരിത്രവസ്തുതകളെയും അപഗ്രഥിച്ചുകൊണ്ടു് അദ്ദേഹം ഹാജരാക്കുന്ന തെളിവുകൾ സുശക്തങ്ങളാണുതാനും. ഇങ്ങനെ, മലയാ

ളത്തിന്റെ ആവിർഭാവത്തെക്കുറിച്ചുള്ള ഏററവും ഒട്ടവില ത്തേതും പ്രബലവുമായ സിദ്ധാന്തം അദ്ദേഹത്തിന്റേതാണ്.

## മലയാളം ആദിദ്രാവിഡഭാഷയുടെ സ്വതന്ത്രശാഖ

മലയാളം ആദിദ്രാവിഡഭാഷയുടെ സ്വതന്ത്രശാഖയാണെന്ന മതം പ്രബലമായ ഒരടിസ്ഥാനത്തിൽ ആദ്യമായവതരിപ്പിച്ചതു് ശ്രീ. ആററൂരാണ്. ഇതിന്റെ വിശദീകരണമാണ് 'കേരള ഭാഷാചരിതം'. 'മലയാള ഭാഷയും സാഹിത്യവും—ഒരു പഠനം' എന്ന പ്രബന്ധത്തിന്റെ ഉള്ളടക്കവും ഇതുതന്നെ. ഏ. ആറിന്റെ ഭാഷാ പരിണാമനയങ്ങളെ അദ്ദേഹം നഖശിഖാന്തം എതിർത്തിരിക്കുന്നു. പിൻഗാമികൾക്കു പറയാൻ ഒന്നുമവശേഷിക്കാത്ത മട്ടിൽ ഈ വിഷയത്തിന്റെ എല്ലാ വശങ്ങളേയും അദ്ദേഹം പരിശോധിക്കുകയുണ്ടായി. ആററൂരിന്റെ യുക്തികളിൽ പലതിനോടും വിയോജിക്കുന്നുണ്ടെങ്കിലും അതേ നിഗമനത്തിൽ ത്തന്നെയാണ് ഡോക്ടർ കെ. ഗോദവർമ്മയും എത്തിച്ചേർന്നിരിക്കുന്നതു്. 'കേരളഭാഷാവിജ്ഞാനീയ'ത്തിൽ അദ്ദേഹം മലയാളഭാഷയെക്കുറിച്ചു പ്രതിപാദിക്കുന്ന ഭാഗം ശ്രദ്ധേയമാണ്. കേരളപാണിനിയുടെ ഭാഷാപരിണാമ നയങ്ങളെപ്പററി മിതസ്വരത്തിൽ ചില സംശയങ്ങളുന്നയിച്ചുകൊണ്ടു് ഡോക്ടർ ചേലനാട്ടു് അച്യുതമേനോനും ആററൂരിനെ പിന്താങ്ങുന്നു. മലയാളം തമിഴിന്റെ മകളാണെന്നു് ഒരു കാലത്തു വാദിച്ച ഉള്ളൂർ 'കേരള സാഹിത്യചരിത്രം' എഴുതിയപ്പോൾ അഭിപ്രായം നേരേ മറിച്ചാക്കി. മാത്രമല്ല, അതിനു് അദ്ദേഹം ധാരാളം യുക്തികളും ഉന്നയിച്ചിട്ടുണ്ടു്. മേൽപ്പറഞ്ഞ എല്ലാവരുടെയും അഭിപ്രായങ്ങളിൽനിന്നു യുക്തമായിത്തോന്നിയതെല്ലാംസ്വീകരിച്ചുകൊണ്ടു് ഡോ; കെ. എം. ജോർജ്ജും ഈ സിദ്ധാന്തത്തിന്റെ

പിറകിൽ നിലയുറപ്പിക്കുന്നു. രാമചരിതത്തെക്കുറിച്ചുള്ള പഠനമാണ് ഈ വഴിയിൽ അദ്ദേഹത്തിൻെറ പ്രധാന സംഭാവന. മററു പല ലേഖനങ്ങളിലും ഇതിൻെറ പ്രതിധ്വനിയുണ്ട്.

ഓരോ ആളിൻെറയും വാദങ്ങൾ പ്രത്യേകം സംഗ്രഹിക്കാനൊരുങ്ങിയാൽ ഒട്ടെല്ലാ കാര്യങ്ങളും ആവത്തിക്കേണ്ടി വരും. പിന്നീട് നാം വിശദമായി പരിശോധിക്കുമെന്നുള്ളതുകൊണ്ട്, ഈ സിദ്ധാന്തത്തിലേക്കു വിരൽ ചൂണ്ടുന്ന യുക്തികളെയും തെളിവുകളെയും ഒട്ടാകെ ഇവിടെ ചുരുക്കിപ്പറയുന്നതേ ഉള്ളൂ.

(1) തമിഴിലെ ഐകാരാന്ത ശബ്ദങ്ങൾക്കു പകരം മലയാളത്തിൽ അകാരാന്ത ശബ്ദങ്ങളാണുള്ളത്. മലയാളത്തിലെപ്പോലായിരുന്നു ആദിദ്രാവിഡ ഭാഷയിൽ. അതുകൊണ്ട് മലയാളം തമിഴിനെക്കാൾ പ്രാചീനവും മൂലദ്രാവിഡഭാഷയുടെ സ്വതന്ത്രശാഖയുമാണ്.

(2) ക്രിയകളുടെ പുരുഷഭേദത്തിൻെറ കാര്യവും ഇതുപോലെതന്നെ. മലയാളത്തിലുള്ള പോലെ പുരുഷഭേദമില്ലാത്ത ക്രിയാരൂപങ്ങളാണ് ഭാഷയുടെ ആദിദശയിൽ കാണപ്പെട്ടുക. തമിഴിലെ പുരുഷഭേദം കൃത്രിമമായി പില്ക്കാലത്തുണ്ടായതാണ്.

(3) രാമചരിതം പഴയ മലയാളകൃതിയല്ല. പഴക്കമുണ്ടെന്നു തോന്നുന്നത് അതിലെ തമിഴ്ക്കലപ്പുകൊണ്ടാണ്. ഒരു തെക്കൻ തിരുവിതാംകൂറുകാരൻ എഴുതുകയാലാണ് രാമചരിതത്തിൽ തമിഴേറിയിരിക്കുന്നത്.

(4) കേരളത്തിലെ പഴയ രേഖകളധികവും തമിഴായിരുന്നത് അന്നത്തെ വ്യവഹാരഭാഷ തമിഴായിരുന്നതുകൊണ്ടല്ല. കൊല്ലത്തിനു തെക്കുള്ള ദേശങ്ങളിൽനിന്നാണ് അമ്മാതിരി രേഖകൾ കണ്ടുകിട്ടിയിട്ടുള്ളത്. ആ ദേശങ്ങൾ

പാണ്ഡ്യരാജാക്കന്മാരുടെ അധീനതയിലായിരുന്നു. കൊല്ല വർഷാരംഭത്തിൽത്തന്നെ നല്ലമലയാളരേഖകളുണ്ടായിട്ടുണ്ട്.

(5) ഔദ്യോഗിക ഭാഷ തമിഴായിരുന്നതുകൊണ്ടാണ് പ്രാചീന കേരളീയ കവികൾ തമിഴിൽ കാവ്യങ്ങൾ രചിച്ചത്. ആ കാലത്തും നല്ല മലയാള കാവ്യങ്ങൾ ഉണ്ടായിരുന്നിരിക്കണം. എല്ലാം നശിച്ചുപോയി.

(6) പഴഞ്ചൊല്ലുകളിലേയും പഴയ ഗാനങ്ങളിലേയും ഭാഷ പ്രാചീന മലയാളമാണ്. അവയിൽ ഐകാരാന്ത ശബ്ദങ്ങളോ പുരുഷഭേദമുള്ള ക്രിയകളോ ഇല്ല. വളരെ പ്പണ്ടേ നല്ല മലയാളമുണ്ടായിരുന്നെന്നർത്ഥം.

(7) തമിഴിൽ പ്രചാരലുപ്തമായ പല പഴയ പദങ്ങളും ഇന്നു മലയാളത്തിലുണ്ട്. ഇതു് തമിഴിനെക്കാൾ പ്രാചീനമാണു മലയാളം എന്നു തെളിയിക്കുന്നു.

(8) തമിഴിനും മലയാളത്തിനും തമ്മിൽ വർണ്ണവിഷയകമായ വ്യത്യാസങ്ങൾ ഏറ്റെയുണ്ട്.

# ലീലാതിലകവും പഴയ മലയാളവും

അതിപ്രാചീന കാലത്തും മലയാളം തമിഴിൽ നിന്നു തികച്ചും സ്വതന്ത്രമായിരുന്നു എന്നു കാണിക്കാൻ പലരും 'ലീലാതിലക'ത്തിൽനിന്നു പ്രമാണങ്ങൾ ഉദ്ധരിക്കാറുണ്ടു്. ആ ഉദ്ധൃതഭാഗങ്ങൾ മലയാളത്തിൻെറ സ്വതന്ത്രതയെ സമത്ഥിക്കുന്നതിനു സഹായകമായാലും ഇല്ലെങ്കിലും ലീലാതിലകത്തിൽ പഴയ മലയാളത്തിൻെറ സവിശേഷതകൾ പലതും പ്രതിഫലിക്കുന്നുണ്ടു് എന്ന കാര്യത്തിൽ സംശയമില്ല. പൂർവധാരണകളൊന്നുമില്ലാതെ ലീലാതിലകം നിഷ്കർഷിച്ചു പഠിച്ചുപോകുന്ന ഒരു വിദ്യാത്ഥിക്കു് ഭാഷാവിഷയകമായ പല സംശയങ്ങൾക്കും പരിഹാരം ലഭിക്കും.

പഴയ മലയാളത്തെക്കുറിച്ചന്വേഷിക്കാൻ ലീലാതിലകം നിവത്തുവയ്ക്കുമ്പോൾ നാം മറന്നുകൂടാത്ത ചില വസ്തുതകളുണ്ടു്. ലീലാതിലകം മലയാളത്തെക്കുറിച്ചുള്ള സമഗ്രചച്ചയല്ല. മണിപ്രവാളമെന്ന സാഹിത്യ ശാഖയാണു് അതിലെ മുഖ്യപ്രമേയം. ആനുഷംഗികമായി മാത്രമേ വ്യവഹാര ഭാഷയെക്കുറിച്ചു പരാമശമുള്ളു. സംസ്കൃതം അനാദിയാണെന്നും ഇതരഭാഷകളെല്ലാം അതിൽ നിന്നാവിർഭവിച്ചവയാണെന്നും ലീലാതിലകകാരൻ വിശ്വസിക്കുന്നു. ''ഭാഷാസംസ്കൃതയോഗോ മണിപ്രവാളം'' എന്ന മണിപ്രവാള നിർവചനം ദോഷരഹിതമെന്നു സ്ഥാപിക്കാനുള്ള ശ്രമത്തിലാണു് അദ്ദേഹം ഭാഷയെക്കുറിച്ചു പൊതുവേ ചച്ചചെയ്യുന്നതു്. ആ വ്യഗ്രത പൂർവപക്ഷവിമർശനത്തിൽ പലേടത്തും അദ്ദേഹത്തെ അതിമാത്രം വാചാലനാക്കിയിട്ടുണ്ടു്; ചിലേടത്തു തീരെ ദുർബലനാക്കാതെയുമില്ല. ആകയാൽ അദ്ദേഹത്തിൻെറ വാദമുഖങ്ങൾക്കോ അവയെ സമത്ഥിക്കുന്നതിനുപയോഗപ്പെടുത്തി

യിട്ടുള്ള യുക്തികൾക്കോ അല്ല നാം ഇവിടെ പ്രാധാന്യം നൽകേണ്ടതു്; പ്രസക്താനുപ്രസക്തമായി അദ്ദേഹം ചെയ്യുന്ന പ്രസ്താവനകളിൽ അക്കാലത്തെ സാമാന്യ ഭാഷയെക്കുറിച്ച് എന്തെങ്കിലും പരാമർശങ്ങളുണ്ടെങ്കിൽ അവയ്ക്കാണ്.

കൊല്ലം 6-ാംശതകമാണ് ലീലാതിലകത്തിന്റെ രചനാകാലം. എട്ടു ശില്പങ്ങളുള്ളതിൽ ആദ്യത്തെ മൂന്നും പ്രായേണ ഭാഷാപരിചിന്തനങ്ങളാണ്. മണിപ്രവാളത്തിന്റെ നിർവചനവും നിരൂപണവുമാണ് ഒന്നാംശില്പം. രണ്ടാമത്തേതിൽ മണിപ്രവാളഭാഷയെ വിശകലനം ചെയ്യുന്നു; ലിംഗവചനവിഭക്ത്യാദികാര്യങ്ങളും ഇതിൽ പ്രതിപാദിക്കുന്നുണ്ട്. സന്ധികാര്യങ്ങളാണ് മൂന്നാം ശില്പത്തിൽ.

## ചില യാദൃച്ഛികപരാമർശങ്ങൾ

കേരളഭാഷയെക്കുറിച്ചു ലീലാതിലകത്തിൽ കാണുന്ന ചില യാദൃച്ഛിക പരാമശ്ങ്ങൾ ഭാഷാപഠനത്തിൽ വളരെ വിലപ്പെട്ടവയാണ്. അവ വിശേഷപരിഗണനെ അർഹിക്കുന്നു.

രണ്ടാം ശില്പത്തിൽ ഭാഷയെ അപകൃഷ്ടഭാഷയെന്നും ഉൽകൃഷ്ടഭാഷയെന്നും രണ്ടായിവിഭജിക്കുന്നുണ്ട്. "സേയം ദ്വിധാ അപകൃഷ്ടോൽകൃഷ്ടാച". പാമരന്മാരുടെ, അതായതു് സംസ്കൃതാനഭിജ്ഞരായ സാധാരണജനങ്ങളുടെ ഭാഷയാണ് അപകൃഷ്ടഭാഷ. ഉയർന്ന വർഗ്ഗക്കാരുടെ ഭാഷയാണ് ഉൽകൃഷ്ടഭാഷ. ("അപകൃഷ്ടാ പാമരജനവർത്തിനി; ഇതരാ ത്രൈവർണ്ണികവർത്തിനീ"). ഏതദ്ദേശീയഭാഷയെ സംസ്കൃതീകരിച്ചും വിഭക്ത്യന്തസംസ്കൃതപദങ്ങൾ ധാരാളം ഉൾക്കൊള്ളിച്ചും നമ്പൂതിരിമാർ ആദ്യകാലത്തു വ്യവഹരിച്ചിരുന്നതും മണിപ്രവാളം എന്ന കവിതാപ്രസ്ഥാ

നത്തിന്നു രൂപംനൽകിയതുമായമിശ്രഭാഷയാണിതു്. "നന്നു വന്താൻ, ഇരുന്താൻ, തേങ്കാ, മാങ്കാ ഇത്യാദികം ഭാഷന്തേ കേരളാ ഹീനജാതയഃ" (കേരളരായ ഹീന ജാതിക്കാർ വന്താൻ,ഇരുന്താൻ, തേങ്കാ,മാങ്കാ എന്നിങ്ങനെ പറയാറുണ്ടല്ലോ) എന്ന പൂർവപക്ഷവും. "സത്യം സാതുഭാഷാ ചോളഭാഷാ സമേതി ദ്രഷ്ടവ്യം നതു ചോള ഭാഷേതി" (അതേ, ആ ഭാഷയെ തമിഴ് ഭാഷയായിട്ടല്ല തമിഴിന്നു തുല്യമായ കേരളഭാഷയായിട്ടാണു് കണക്കാക്കേണ്ടതു്—ലീ. തി. രണ്ടാം ശില്പം) എന്ന മറുപടിയും അപകൃഷ്ടഭാഷയ്ക്കു് ഒരു വിശദീകരണമാണു്.

ആരാണു് കേരളരായ ഹീനജാതിക്കാർ ? അവരുടെ ഭാഷ ഏതു്? ലീലാതിലകകാരൻ അങ്ങിങ്ങു ചെയ്യുന്ന ചില പ്രസ്താവങ്ങൾ സമാഹരിച്ചാൽ ഈ ചോദ്യങ്ങൾക്കു മറുപടിയാകും. ബഹുഭൂരിപക്ഷം വരുന്ന സാധാരണ ജനങ്ങളുടെ ഭാഷയും തമിഴും ഒന്നാണു് എന്ന പൂർവ്വപക്ഷത്തെ ലീലാതിലകകാരൻ ഇങ്ങനെ നേരിടുന്നു:—"തമിഴ്മണി* ത്യാമൗ തമിഴിതി കേരളഭാഷാഗൃഹ്യതേ, ന ചോളാദി ഭാഷാ, തഥാദർശനാത്. കേരളാനാം ദ്രമിഡശബ്ദവാച്യതാദപഭ്രംശേന തദ്ഭാഷാ തമിഴിത്യുച്യതേ. ചോള കേരള പാണ്ഡ്യേഷു ദ്രമിഡശബ്ദസ്യ വാ പ്രസിദ്ധ്യാ പ്രവൃത്തിഃ കർണ്ണാടാന്ധ്രാ അപി ദ്രമിഡാ ഇതി കേചിത്; തന്ന. തേഷാം ന്യക്ഷേണ ദ്രമിഡവേദവിലക്ഷണ ഭാഷാവത്താത്, ദ്രമിഡസംഘാതപാഠാഭാവാച്ച"—ലീ. തി. ഒന്നാം ശില്പം. ('തമിഴ്മണി' ഇത്യാദിശ്ലോകത്തിൽ കാണുന്ന തമിഴ്ശബ്ദംകൊണ്ടു് കേരളഭാഷയെയാണു ധരിക്കേണ്ടതു്, തമിഴിനെയല്ല. അങ്ങനെ പതിവില്ലാത്തതു തന്നെ കാരണം. കേരളരെയും ദ്രാവിഡരെന്നു വിളിക്കാറു

* "തമിഴ മണി സംസ്കൃത പവഴം
കോക്കിന്റേറൻ വൃത്തമാന ചന്ദ്രന്തേൽ"

ള്ളതുകൊണ്ടു് ദ്രാവിഡശബ്ദത്തിൻെറ അപഭ്രംശമായി തമിഴിനും അവരുടെ ഭാഷയ്ക്കും പറയുന്നു. അഥവാ ചോള കേരളപാണ്ഡ്യരെ സംബന്ധിച്ചിടത്തോളം ദ്രമിഡ ശബ്ദ വ്യാപാരം പ്രസിദ്ധമാണല്ലോ. കർണ്ണാടകക്കാരും ആന്ധ്ര ക്കാരും കൂടി ദ്രാവിഡരാണെന്നു ചിലക്കു് അഭിപ്രായമുണ്ടു്. അതു് അങ്ങനെയല്ല. അവർക്കു് തികച്ചും ദ്രാവിഡ വേദ വിലക്ഷണമായ ഭാഷയാണുള്ളതു്; ദ്രാവിഡാക്ഷരമാല ഇല്ലതാനും). ഇവിടെ കർണ്ണാടകക്കാരെയും ആന്ധ്രക്കാരെ യും ദ്രാവിഡരിൽ നിന്നൊഴിച്ചു നിർത്തുന്നതു് അവരുടെ ഭാഷ 'തിരുവായ്മൊഴി'യിൽ നിന്നു തികച്ചും ഭിന്നമായതു കൊണ്ടും അക്ഷരമാല തമിഴിൻെറതല്ലാത്തതു കൊണ്ടും ആണു്. കേരളർ ദ്രാവിഡരാണെന്നു് ലീലാതിലകകാരൻ തന്നെ സമ്മതിക്കുന്ന നിലയ്ക്കു്, കേരളരുടെ ഭാഷ തിരുവായ് മൊഴിയിലെ ഭാഷയിൽ നിന്നു്, അതായതു് തമിഴിൽ നിന്നു്, ഭിന്നമല്ലെന്നും അവരുടെ അക്ഷരമാല തമിഴിൻെറ താണെന്നും വന്നുകൂടുന്നു.

മറെറാരു പൂർവപക്ഷം:– "നനു തമിഴ്നാട്ടു മൂവേ ന്തരും വന്താർ ഇതിവചനാത് കേരളാ അപി തമിഴാ സ്യുഃ. തതശ്ചോള കേരള ഭാഷയോർന ഭേദഃ"—ലീ. തി. ഒന്നാം ശില്പം ('തമിഴ്നാട്ടു മൂവേന്തരും വന്താർ' എന്ന വചന പ്രകാരം കേരളരും തമിഴരാണല്ലോ. ആകയാൽ തമിഴ് നാട്ടിലേയും കേരളത്തിലേയും ഭാഷകൾക്കു വ്യത്യാസമില്ല). ലീലാതിലകകാരൻെറ മറുപടി:— "ഹന്ത തർഹി ചോള ഭാഷാ ചാസ്തി മണിപ്രവാളേ ഇതിവചനമസംഗതം; ചോ ളഭാഷൈവാസ്തീതി വക്തവ്യം, കേരള ഭാഷേതിവാ. ദ്രമിഡത്വേന കേരളാ തമിഴാ ഇത്യസ്മാഭിരേവാസ്ഥിതം. തഥാപി ഭാഷാസു ഭേദോസ്ത്യേവ. കാശ്ചിത് പുനസ്തുല്യാ ഇത്യൈക്യഭ്രമോ മുഗ്ധാനാം" (കൊള്ളാം. അങ്ങിനെ

യാണെങ്കിൽ മണിപ്രവാളത്തിൽ തമിഴമുണ്ട് എന്നു പറയുന്നതു് അസംഗതമാണു്. തമിഴേ ഉള്ളൂ എന്നാണു പറയേണ്ടതു്; അല്ലെങ്കിൽ കേരള ഭാഷയേ ഉള്ളൂ എന്നു്. ദ്രമിഡത്വം ഹേതുവായി കേരളർ തമിഴരാണെന്നു ഞാൻ തന്നെ സമ്മതിച്ചിട്ടുണ്ടു്. അങ്ങനെയാണെങ്കിലും ഭാഷകൾക്കു തമ്മിൽ വ്യത്യാസമുണ്ടു തന്നെ. ചിലതെല്ലാം തുല്യമാണെന്നുള്ളതുകൊണ്ടു് രണ്ടും ഒന്നാണെന്നു് മുഗ്ദ്ധന്മാർ ഭ്രമിക്കുകയാണു്). തമിഴും കേരള ഭാഷയും ഒന്നാണെന്നു പൂർവ പക്ഷം. ചില അംശങ്ങളിൽ സാദൃശ്യമുള്ളതുകൊണ്ടാണു് ഐക്യഭ്രമമെന്നു മറുപടി.

കുന്തൽ, കുഴൽ, കൊങ്ക മുതലായ തമിഴ്ശബ്ദങ്ങളും മണിപ്രവാളത്തിലുണ്ടെന്ന പൂർവപക്ഷത്തെ ലീലാതിലകകാരൻ ഖണ്ഡിക്കുന്നതു് ഇങ്ങനെയാണു്: "ഹന്ത അല്പമിത്യുച്യതേ? മുല, തല, കാൽ, കൽ, പൊൻ, തേൻ, വിള, തള, പന ഇത്യാദയശ്ശതസഹസ്രം ചോള ഭാഷാസ്സന്തി ദൃശ്യമാനാ വക്തവ്യം" – ലീ. തി. ഒന്നാം ശില്പം (എന്തിനാണു് കുറച്ചു് എന്നുപറയുന്നതു്? മുല, തല, കൽ, കാൽ, പൊൻ, തേൻ, വള, തള, പന എന്നിങ്ങനെ നൂറായിരക്കണക്കിനു തമിഴ്പദങ്ങൾ കാണുന്നുണ്ടെന്നു പറയരുതോ?) എന്നാൽ ഇമ്മാതിരി പദങ്ങൾ പാണ്ടിത്തമിഴാണോ കേരള ഭാഷയാണോ എന്നു നിശ്ചയിക്കേണ്ടതു് സാഹചര്യം കൊണ്ടാണെന്നും ഒരു ഭാഷയിൽ മറെറാരു ഭാഷയുടെ സമാവേശം സംഭവിക്കുകയില്ലെന്നും അദ്ദേഹം തുടർന്നു പറയുന്നു.

വകാരാന്തശബ്ദങ്ങളെ പരാമർശിച്ചു ലീലാതിലകകാരൻ ഇങ്ങനെ പ്രസ്താവിക്കുന്നു:– "അഥവാ കേരള ഭാഷായാം കച്ചിത് പാണ്ഡ്യഭാഷാവൈലക്ഷണ്യാത് മറുവാദയോഽന്യേ വകാരാന്താഃ സ്യുഃ – ലീ. തി. മൂന്നാം ശില്പം (കേരള ഭാഷക്കു ചില അംശങ്ങളിൽ പാണ്ഡ്യ

ഭാഷയിൽ നിന്നു വൈലക്ഷണ്യമുള്ളതുകൊണ്ട് 'മറുവ്' തുടങ്ങിയ മററു വകാരാന്ത ശബ്ദങ്ങളുമുണ്ടാവാം). കേരള ഭാഷയ്ക്കു ചില അംശങ്ങളിൽ പാണ്ഡ്യഭാഷയിൽ നിന്നു വ്യത്യാസമുണ്ടെന്നു പറയുമ്പോൾ ഭൂരിഭാഗങ്ങളിൽ സാദൃശ്യമുണ്ടെന്നാണല്ലോ സിദ്ധിക്കുന്നതു്.

"ക്രിയായാം കാലത്രയേ പ്രായോ ഗദിതം" "വിധിപ്രാർത്ഥനയോഃ സ്വാഭിമുഖപരേഷു ച യഥാദർശനം ക്രിയാ വർത്തതേ" എന്നീ രണ്ടു സൂത്രങ്ങളും (രണ്ടാം ശില്പം) ക്രിയകൾക്കു പുരുഷപ്രത്യയങ്ങൾ ചേർത്തിരുന്നു എന്നതിനു പ്രമാണങ്ങളാണു്. ഉണ്ടാൻ, ഉണ്ണിൻറാൻ, വന്നേൻ, വന്നോം, വന്നേം, വന്നാ, വന്നീർ, വൻേറാ, വൻറാ, കാണിൻേറാ, കാണിൻറാ, കാണിൻറീർ എന്നിങ്ങനെ ഉദാഹരണങ്ങൾ.

പ്രധാനമായി മണിപ്രവാളത്തെ മുന്നിൽ കണ്ടുകൊണ്ടും മണിപ്രവാളത്തിനു നൽകിയ ലക്ഷണം നിർദോഷമാണെന്നു സമർത്ഥിക്കാൻ ശ്രമിച്ചുകൊണ്ടും ഭാഷയെക്കുറിച്ചു പൊതുവേ ചിലതു പറഞ്ഞുപോകുന്ന കൂട്ടത്തിലാണു് ലീലാതിലകകാരൻ കേവലം ആനുഷംഗകമായി ചില പരാമർശങ്ങൾ ഇങ്ങനെ നടത്തിയതു്. ഇതിൽ നിന്നു പ്രകടമാകുന്ന വസ്തുതകൾ ഇങ്ങനെ സംഗ്രഹിക്കാം:—

1. ലീലാതിലകകാലത്തു് തനി കേരളീയരായ സാമാന്യ ജനങ്ങളുടെ വ്യവഹാരഭാഷയും കേരളത്തിലാധിപത്യം സ്ഥാപിച്ച ആര്യന്മാരുടെ കേരള ഭാഷാപരിചയത്തിൽ നിന്നു രൂപംകൊണ്ട മറെറാരു ഭാഷയും നിലവിലുണ്ടായിരുന്നു. കൊല്ലവർഷാരംഭത്തിനു മുൻപുതന്നെ ആര്യന്മാർ കേരളത്തിൽ ഒരു നിർണ്ണായക ശക്തിയായിരുന്നതുകൊണ്ടു് ലീലാതിലകകാരൻെറ ഉൽകൃഷ്ടഭാഷയ്ക്കു് ആറു നൂററാണ്ടുകാലത്തെ പരിണാമമെങ്കിലും സംഭവിച്ചിരിക്കണം.

2. തമിഴും കേരള ഭാഷയും (ലീലാതിലകകാരൻെറ അപകൃഷ്ടഭാഷ) ഒന്നുതന്നെയാണെന്ന പ്രബലമായ ഒരഭിപ്രായം ലീലാതിലകകാലത്തുണ്ടായിരുന്നു.

3. കേരളത്തിലെ സാമാന്യവ്യവഹാരഭാഷയിൽ തമിഴിലെന്ന പോലെ, അനുനാസികാതിപ്രസരം വരാത്ത രൂപങ്ങളും (തേങ്കാ, മാങ്കാ തുടങ്ങിയവ) പുരുഷപ്രത്യയങ്ങളോടുകൂടിയ ക്രിയാരൂപങ്ങളും (വന്നാൻ, ഇരുന്നാൻ ഇത്യാദി) സുലഭമായിരുന്നു.

4. നൂറായിരക്കണക്കിനു തമിഴ്ശബ്ദങ്ങൾ കേരളഭാഷയിലുണ്ടെന്നു ലീലാതിലകകാരൻ സമ്മതിക്കുന്നു.

5. സാധാരണ ജനങ്ങളുടെ ഭാഷ തിരുവായ്മൊഴിയിലെ ഭാഷയിൽ നിന്നു്, അതായതു് തമിഴിൽ നിന്നു്, ഭിന്നമായിരുന്നില്ല. അവരുടെ അക്ഷരമാലയും തമിഴിന്റേതായിരുന്നു.

6. തമിഴിനും അന്നത്തെ കേരളഭാഷയ്ക്കും തമ്മിലുള്ള വ്യത്യാസം, ലീലാതിലകകാരൻെറ അഭിപ്രായത്തിൽ പോലും, ഏതാനും അംശങ്ങളിൽ മാത്രമായിരുന്നു.

ഒരു ഭാഷയെ മറെറാരു ഭാഷയുമായി താരതമ്യപ്പെടുത്തേണ്ടതു് ശബ്ദസമ്പത്തിൻെറ അടിസ്ഥാനത്തിലല്ല; വ്യാകരണകാര്യങ്ങളെ ആസ്പദമാക്കിയാണു്. പഴയ തമിഴും പ്രാചീന മലയാളവും തമ്മിലുള്ള അകലമോ അടുപ്പമോ നിർണ്ണയിക്കുക വ്യാകരണപരമായ സാധർമ്മ്യം നോക്കിവേണം. വിഭക്ത്യാദിപ്രത്യയങ്ങളും സന്ധിനിയമങ്ങളുമാണു് ലീലാതിലകത്തിൽ പ്രതിപാദിതമായ വ്യാകരണ കാര്യങ്ങൾ. അതു തന്നെ മണിപ്രവാളത്തെ മാതൃകയാക്കിക്കൊണ്ടാണുതാനും. എല്ലാ പ്രത്യയങ്ങളെയും സന്ധികാര്യങ്ങളെയും വിസ്തരിച്ചു വിശകലനംചെയ്യാൻ ഇവിടെ സ്ഥലമില്ല. എങ്കിലും ലീലാതിലകത്തിലെ വ്യാകരണ നിയമങ്ങളെ നന്നേ ചുരുങ്ങിയ മട്ടിൽ തൊലു്

കാപ്പിയം, നന്നൂൽ എന്നിവയിലെ സംഗത ഭാഗങ്ങളുമായി താരതമ്യം ചെയ്യാനാണ് ശ്രമിക്കുന്നതു്.

## വിഭക്തിപ്രത്യയങ്ങൾ

ലീലാതിലകം 22-ാം സൂത്രം (രണ്ടാം ശില്പം) വിഭക്തി പ്രത്യയങ്ങൾ വിധിക്കുന്നു. "പേർ എ ഒട്ട കു നിൻറു ന്നു ഇൽ വിളി ഇത്യഷ്ടകം." പേർ, വിളി എന്നിവ യഥാക്രമം ഒന്നാം വിഭക്തിയുടെയും സംബോധനയുടെയും അർത്ഥമാണ്. രണ്ടു തൊട്ട് ഏഴുവരെ വിഭക്തികളുടെ പ്രത്യയങ്ങളാണ് ശേഷിച്ചവ.

ഈ പ്രത്യയങ്ങൾക്ക് തമിഴ് പ്രത്യയങ്ങളുമായി എന്തെങ്കിലും ബന്ധമുണ്ടോ ?

തൊല്കാപ്പിയം വിഭക്തി പ്രത്യയങ്ങൾ വിധിക്കുന്നു:

"അവതാം
പെയർ ഐ ഒട്ട കു
ഇൻ അതു കൺ വിളിയെന്നു മീററ"–ചൊല്ലതികാരം 64.

നന്നൂലിൽ മൂന്നാം വിഭക്തിക്കുമാത്രമേ വ്യത്യാസമുള്ളു.

"പെയരേ ഐ ആൽ കു ഇൻ അതു കൺ
വിളിയെൻറാകുമവററിൻ പെയർ മുറൈ."
—നന്നൂൽ 291.*

ഇങ്ങനെ തൊല്കാപ്പിയകാരനും ഭവനന്ദിയും ഓരോ സൂത്രംകൊണ്ട് പ്രധാനപ്പെട്ട പ്രത്യയങ്ങൾ വിധിക്കുന്നെങ്കിലും പ്രയോഗങ്ങളെ ആസ്പദമാക്കി മററു പ്രത്യയങ്ങളും

*നന്നൂൽ സൂത്രങ്ങളുടെ എണ്ണം കൊടുക്കുന്നതു് മയിലൈനാഥന്റെ വ്യാഖ്യാനത്തിൽ കാണുംപോലെയാണ്.

നിർദ്ദേശിക്കുന്നുണ്ട്. അവയെക്കൂടി കണക്കിലെടുത്തുകൊണ്ടുവേണം ലീലാതിലകപ്രത്യയങ്ങൾ പരിശോധിക്കേണ്ടതു്.

ഒന്നാം വിഭക്തി:-മലയാളത്തിലും തമിഴിലും പേർ (പ്രാതിപദികം) തന്നെയാണു് ഒന്നാം വിഭക്തിരൂപം.

രണ്ടാം വിഭക്തി:-മലയാളത്തിൽ 'എ'; തമിഴിൽ 'ഐ'. തമിഴിലെ 'ഐ'യുടെ പരിണാമമാണു് മലയാളത്തിലെ രണ്ടാം വിഭക്തിപ്രത്യയം. ഐകാരത്തിന്റെ പരിണാമഭേദങ്ങളെക്കുറിച്ചു് 'സ്വരസംവരണ'ചർച്ചയിൽ വിശദമായി പ്രതിപാദിക്കുമെന്നതുകൊണ്ടു് ആവർത്തനം ഒഴിവാക്കാൻ വേണ്ടി, ഇവിടെ വിശേഷിച്ചൊന്നും പറയുന്നില്ല. ഒരു വസ്തുതമാത്രം ചൂണ്ടിക്കാണിക്കാം. പ്രാചീന മലയാളകൃതികളിലെല്ലാം 'എ'കാരത്തോടൊപ്പം ഐകാരവും രണ്ടാം വിഭക്തിപ്രത്യയമായി പ്രയോഗിച്ചിട്ടുണ്ടു്.

"ചുഴലവും കമുകിനൈത്തഴകുമക്കൊടികളും"

—ഉണ്ണിച്ചിരുതേവി.

"കൊഴുകൊഴമികും കുളിർ കതളിയൈ-
പ്പഴിചെയ്യുമെഴിൽ കുറകുയുഗളാ"—ഉണ്ണിയച്ചി.

"പടൈ കൊണ്ടു അനന്തരൈകാന്തര പ്രകൃതികളൈ വണക്കിൻറ വിജിഗീഷു വണങ്കിൻറവരളെ നോക്കി അനുഷ്ഠിക്കുമാറു ചൊല്ലിൻറതെൻപിതു സൂത്രാർത്ഥം" —ഭാഷാകൗടലീയം.

"വീരസേനപുത്രൻ നളനൈ മനസ്സുകൊണ്ടു വരിച്ചവനെയെൻറിയേ ലോകപാലകന്മാരേയും മററൊരു പുരുഷരെയും..."—നളോപാഖ്യാനം.

"മനസ്സിനൈയും വൈനതേയനൈയും വേഗം കൊണ്ടു വെൻറിട്ടിരുന്നശ്വരത്തങ്ങളാൽ നിറയപ്പെട്ടിരുന്നമയാൽ"

—അംബരീഷോപാഖ്യാനം

"ചാരത്താററിൻ മറുകരെനില—
സ്സിൻറ മുക്കണ്ണരെ..."—കോകസന്ദേശം.

"അയ്യനെ ഭക്തകൾക്കെല്ലാം
മെയ്യനെപ്പോയ പേയനെ"—അനന്തപുരവൎണ്ണനം.

മൂന്നാം വിഭക്തി:—പ്രത്യയം 'ഒട്ട.' ഇവിടെ തൊല്കാപ്പിയത്തെയാണ ലീലാതിലകകാരൻ അനുകരിച്ചിരിക്കുന്നതു്. എന്നാൽ തൊല്കാപ്പിയനാർതന്നെ ചൊല്ലതികാരം 97,198 എന്നീ സൂത്രങ്ങളിൽ മൂന്നാം വിഭക്തിക്കു് ആൻ പ്രത്യയവും അംഗീകരിക്കുന്നുണ്ടു്. നന്നൂൽ ആകെ നാലു പ്രത്യയങ്ങൾ മൂന്നാം വിഭക്തിക്കു സ്വീകരിക്കുന്നു.

"മൂൻറാവതനുരുപു ആലാനോടൊട്ട"-നന്നൂൽ 296.

ഇങ്ങനെ തമിഴിൽ ആൽ, ആൻ, ഓട്ട, ഒട്ട എന്നിവയാണ മൂന്നാം വിഭക്തിപ്രത്യയങ്ങൾ. 'ഒട്ട' എന്നതു കൂടാതെ 'ആൽ', 'കൊണ്ടു്' എന്നു രണ്ടു പ്രത്യയങ്ങൾ കൂടി ലീലാതിലകകാരൻ നിർദ്ദേശിക്കുന്നു. ഇവയിൽ 'കൊണ്ടു' കൊൾ ധാതുവിൻറ വിനയെച്ചരൂപമാണു്. തമിഴിലും ഇതു മൂന്നാം വിഭക്തിക്കു പ്രയോഗിക്കുക പതിവായിരുന്നു.

"ഒരുകണൈകൊണ്ടു മൂവെയിലുടററി" — പുറനാനൂറു് 55.

(ഒരമ്പുകൊണ്ടു മൂന്നു കോട്ട തകർത്തിട്ടു്)

'ആൽ' എന്നതു് 'ആൻ' പ്രത്യയത്തിൻറയും 'ഓട്ട' എന്നതു് 'ഒട്ട'വിൻറയും പരിണാമമാണു്. തൊല്കാപ്പിയത്തിൽ ഒട്ട, ആൻ എന്നിവ മാത്രം നിർദ്ദേശിക്കുമ്പോൾ പില്ക്കാലത്തുണ്ടായ നന്നൂൽ 'ആൽ', 'ഓട്ട' എന്നിവ കൂടി ഉൾപ്പെടുത്തുന്നതിൽ നിന്നു് ഇക്കാര്യം മനസ്സിലാക്കാം.

നാലാം വിഭക്തി:-പ്രത്യയം ലീലാതിലകപ്രകാരം 'ക്കു'; തമിഴിൽ 'കു'. തമിഴ്പ്രത്യയത്തിലെ വ്യഞ്ജനം ഇര

ട്ടിച്ചതാണു് മലയാളത്തിലെ 'കു'. തമിഴിലും ഇങ്ങനെ കാണാം.

"വിരിമണർ പുനൈ പാവൈക്കു—
കുഴവിച്ചിനൈപ്പൂക്കൊയ്തു"—പുറം 11.

(മണൽക്കുന്നയിലുണ്ടാക്കിയ പാവയ്ക്കുവേണ്ടി. ചാഞ്ഞ ചില്ലയിൽ നിന്നു പൂവിറുത്തിട്ടു്.)

ഈ വിഭക്തിക്കു ലീലാതിലകമനുസരിച്ചു് 'അന്നു' 'ഇന്നു്' എന്നിങ്ങനെ രണ്ടു പ്രത്യയങ്ങൾ കൂടി വരും. ഇവ രണ്ടും സ്വതന്ത്രമായി രൂപം പൂണ്ടവയാണെന്നു പറഞ്ഞുകൂടാ. 'അൻ', 'ഇൻ' എന്നിവ ഇടനില വരികയും 'കു'വിലെ കകാരം ലോപിച്ചു് ഇടനിലയിലെ നകാരം ഇരട്ടിക്കുകയുംചെയ്താണു് അന്നും ഇന്നും ഉണ്ടായതു്. നാന്ത ശബ്ദങ്ങളിൽ അന്ത്യനകാരം തന്നെ ഇരട്ടിക്കുന്നു.

അഞ്ചാം വിഭക്തി:-ലീലാതിലകപ്രത്യയം 'നിന്റു'. മരത്തിൽ നിൻറു, മരത്തിന്മേൽ നിൻറു, അവൻപക്കൽ നിൻറു എന്നിങ്ങനെ ഉദാഹരണങ്ങൾ.

തൊല്കാപ്പിയം 'ഇൻ' പ്രത്യയമാണു വിധിക്കുന്നതു്. നന്നൂൽ 'ഇൽ' എന്നൊന്നുകൂടി നിർദ്ദേശിക്കുന്നു.

"ഐന്താവതു ഇൻ ഇൽ" എന്നതുപോലെ—"ഐന്താവതു രുപിന്നുമില്ലും"—നന്നൂൽ 298.

ലീലാതിലകം വിധിക്കുന്ന 'നിൻറു' (നിന്നു) 'നില്' ധാതുവിൻെറ അപൂർണ്ണ ക്രിയാരൂപമാണു്. ഈ പ്രത്യയത്തിനു മുൻപു് പ്രാതിപദികത്തോടു് ഇൽ, ഇൻമേൽ, ഏൽ, പക്കൽ എന്നിങ്ങനെ ചില സന്ധായകങ്ങൾ കൂടി വരുന്നു. അവയിൽ പ്രധാനം 'ഇൽ' ആണു്. ഈ 'ഇൽ' മാത്രമായാലും ചിലപ്പോൾ അഞ്ചാം വിഭക്തിയുടെ താരതമ്യം, വ്യത്യാസം, വിയോഗം, പരിധി തുടങ്ങിയ അർത്ഥം കിട്ടും. 'രാമനിൽ ഭേദം മാധവനാണു്', 'ജീവിക്കയിൽ മരിക്കനെല്ലൂ', 'ഇതിലപ്പുറം ഒന്നും പറയാനില്ല' മുതലായ

ഉദാഹരണങ്ങൾ നോക്കുക. 'നിൻറു' എന്നതു തികച്ചും ഒരു വിനയെച്ചമാവുകയാലും അതിനോടൊപ്പം 'ഇൽ' കൂടി വരികയാലും യഥാർത്ഥത്തിൽ 'ഇൽ' ആണു് പ്രത്യയം എന്നു കണക്കാക്കാം. 'ഇൻ' പ്രത്യയത്തിൻെറ രൂപാന്തരമാണു് 'ഇൽ' എന്നു കരുതിക്കൂടാസ്സയില്ല. 'അതിൻ വടക്കു്', 'ഇതിനപ്പുറം' മുതലായ പ്രയോഗങ്ങളിൽ കാണുന്ന 'ഇൻ' ആറാം വിഭക്തിയുടേതാണോ അഞ്ചാം വിഭക്തിയുടേതാണോ എന്ന കാര്യം ചിന്തനീയമാണു്. ആധാരികാപ്രത്യയമായി 'ഇൽ' മലയാളത്തിൽ സ്ഥിരപ്രതിഷ്ഠ നേടിയതുകൊണ്ടാവണം അതു് അഞ്ചാം വിഭക്തിക്കുറിയായി പരിഗണിക്കപ്പെടാതെ പോയതു്. 'ഇൽനിൻറു'' എന്നു പ്രാചീന തമിഴ്കാവ്യങ്ങളിലും അഞ്ചാം വിഭക്തി പ്രത്യയമായി പ്രയോഗിച്ചിട്ടുണ്ടു്.

ആറാം വിഭക്തി:— പ്രൊഫസ്സർ ഇളംകുളത്തിൻെറ വ്യാഖ്യാനത്തിലൊഴിച്ചു് എല്ലാ ലീലാതിലകപ്രസാധനങ്ങളിലും ആറാം വിഭക്തിക്കു് 'ഉടെ' എന്ന പ്രത്യയമാണു കാണുന്നതു്. 'ന്നു' എന്നാണു ഇളംകുളത്തിൻെറ പാഠം. തൻെറ പാഠത്തെ സമർത്ഥിച്ചുകൊണ്ടു് പ്രൊഫസ്സർ ഇങ്ങനെ എഴുതുന്നു: "ഗ്രന്ഥത്തിൽ ആറാം വിഭക്തിക്കു 'ന്നു' ആണു്, ഉടെ അല്ല. ശ്രീ. പി. വി. കൃഷ്ണവാരിയരുടെ ഗ്രന്ഥത്തിലും പ്രൊഫസ്സർ പിഷാരടിയുടെ പകർപ്പിലും എല്ലാം 'ന്നു' തന്നെ. അക്കാലത്തെ രീതിക്കു 'ന്നു' തന്നെ ആദ്യം വരികയും വേണം. 'കാലന്നു തോതരൻ' എന്നിങ്ങനെ 'ൻെറ' വേണ്ടിടത്തും 'ന്നു' രാമചരിതത്തിലും മററും കാണാം." ഗ്രന്ഥപാഠം 'ന്നു'തന്നെയെന്നു് അദ്ദേഹം തീർത്തു പറയുന്നതിൽ സംശയിക്കേണ്ടതില്ല. പക്ഷേ ചില ബുദ്ധിമുട്ടുകളുണ്ടു്. ലീലാതിലകത്തിലെ ഉദാഹരണപദ്യങ്ങളിൽ അധികവും കാണുന്നതു് 'ന്നു' അല്ല. നകാരാന്തങ്ങളോ

ആഗമം വന്നു നകാരാന്തം പോലെയാകുന്നവയോ ആയ ശബ്ദങ്ങളോടാണ് 'ന്നു' വിഭക്തിപ്രത്യയമായി ചേരുന്നതു്. അതുതന്നെ അന്ത്യനകാരം ഇരട്ടിച്ചമട്ടിലാണു താനും. പ്രായേണ സ്ത്രീലിംഗശബ്ദങ്ങളോട്ട് അതു ചേരുകയുമില്ല. ആറാം വിഭക്തിക്കു ലീലാതിലകത്തിൽ 'ക്കു', 'ഇടെ', 'എടെ' 'റെ' എന്നീ നാലു പ്രത്യയങ്ങൾ കൂടി വിധിക്കുന്നുണ്ടെങ്കിലും അവസാനത്തെ മൂന്നെണ്ണത്തിന്റെ ആദ്യരൂപമായ 'ഉടെ'യെക്കുറിച്ച് ഒന്നും പറയുന്നില്ല. "മരങ്ങളുടെ മാവു നൻറു" എന്ന ഉദാഹരണത്തിൽ 'ഉടെ' ഉണ്ടുതാനും. "ആവിനതു, മാവിനതു, ഇതികിം ദൃഷ്ടം? 'ആവിൻെറ, മാവിൻെറ' ഇത്യേവ ഖലു ദൃഷ്ടം" എന്നു മറെറാരിടത്തു പറയുന്നുമുണ്ട്. ഇതെല്ലാം ആലോചിക്കുമ്പോൾ ഈ 'ന്നു' ഒരു പ്രശ്നമായി നിൽക്കുന്നു. വ്യാകരണകാര്യങ്ങളിൽ അത്ര കണ്ടു സൂക്ഷ്മത പാലിച്ചിട്ടില്ലാത്ത ലീലാതിലകകാരനു പറ്റിയ ഒരു പ്രമാദമായിരിക്കുമോ ഇതു്? അദ്ദേഹം സംസ്കൃതത്തിലെ ആറാം വിഭക്തിയുടെ അർത്ഥം ഏകദേശമായി വിവർത്തനം ചെയ്തതല്ലേ 'ന്നു' എന്നു സംശയിക്കാം. "രാമസ്യ പുത്രോ ജാതഃ" എന്നതു മലയാളത്തിൽ പറയുമ്പോൾ 'രാമന്നു പുത്രൻ ജനിച്ചു' എന്നാകും. ഇന്നു മലയാളത്തിലെ വ്യവഹാരഭാഷയിൽ ആറാം വിഭക്തിയുടെ പ്രത്യയമായി 'ഉടെ'യും അതിന്റെ ഭേദങ്ങളായ 'ടെ', 'ൻെറ' എന്നിവയുമാണ് പ്രാധാന്യേന നിലനിൽക്കുന്നതു്. ലീലാതിലകകാരന്റെ ഇടെ, എടെ, റെ എന്നിവയെല്ലാം 'ഉടെ' യുടെ പരിണതരൂപങ്ങളാണ്.

തൊല്കാപ്പിയവും നന്നൂലും ആറാം വിഭക്തിക്കു വിധിക്കുന്ന പ്രത്യയം 'അതു' ആണ്. 'ഉടൈയ' എന്നൊരു പ്രത്യയം കൂടി തൊല്കാപ്പിയനാർ ഉദ്ദേശിക്കുന്നുണ്ടെന്നു് ചില വ്യാഖ്യാതാക്കൾ പറയുന്നുണ്ട്. 'ആതു', 'അ'

എന്നിങ്ങനെ രണ്ടു പ്രത്യയങ്ങൾ കൂടി സ്വീകരിക്കുന്നു നന്നൂൽകാരൻ.

മലയാളത്തിൽ 'അതു'ആറാം വിഭക്തിപ്രത്യയമായി വരുന്ന 'തനതു' എന്നൊരു രൂപമേ വ്യക്തമായി കാണാനുള്ളു. ഏതാണ്ടു് ആറാം വിഭക്തിയുടെ അർത്ഥത്തിൽ പ്രയോഗിക്കാറുള്ള 'അവൻറതു', 'രാമൻറതു' മുതലായ രൂപങ്ങളിൽ കാണുന്ന 'അതു' വിഭക്തിപ്രത്യയമാണോ എന്നു് അന്വേഷിക്കേണ്ടിയിരിക്കുന്നു.

തൊല്കാപ്പിയകാരൻ 'ഉടൈയ' എന്നൊരു പ്രത്യയം വിധിച്ചാലും ഇല്ലെങ്കിലും പ്രാചീനതമിഴ് കാവ്യങ്ങളിൽ 'ഉടൈയ', 'ഉടൈ' എന്നു രണ്ടു പ്രത്യയങ്ങൾ പ്രയോഗിച്ചു കാണുന്നുണ്ടു്.

"പെരും കട് കുറുമുയൽ കരും കല ഉടൈയ"
പുറം 322.

"പൊന്നുടൈ നെടുനകർ നിറൈയ വൈത്തനിൻ"
പുറം 198.

ഉടൈയ, ഉടൈ, ടെ, ൻെറ എന്നിങ്ങനെയാണു് ഈ പ്രത്യയത്തിൻെറ പരിണാമം. 'ടെ' എന്നതിനു മുൻപു് സ്വാഭാവികമായോ ആഗമമായോ 'ൻ' വരുമ്പോൾ ട കാരത്തിനു വർത്സ്യത്വം സംഭവിച്ചാണു് 'ൻെറ' ആകുന്നതു്.

ഏഴാം വിഭക്തി:-മലയാളത്തിൽ പ്രത്യയം 'ഇൽ'. ഇലെ, മേൽ, കൽ, പക്കൽ എന്നിവയും പ്രത്യയങ്ങളായി വരാം. 'കൺ' ആണു് തൊല്കാപ്പിയവും നന്നൂലും പ്രധാനമായി വിധിക്കുന്നതു്.

"കൺകാൽ പുറമകമുള്ളുഴൈ കീഴ്മേൽ
പിൻ ചാരയൽ പുടൈ തേവകൈ യെനാ അ
മുന്നിടൈ കടൈ തലൈ വലമിടമെനാ അ
അന്ന പിറവു മതൻ പാല വെന്മനാർ പുലവർ"

എന്ന തൊല്കാപ്പിയം എഴുത്തതികാരത്തിലെ 82 ാം സൂത്രത്തിന്റെ കാര്യത്തിൽ വ്യാഖ്യതാക്കൾക്ക് അഭിപ്രായൈക്യമില്ല. കൺ. കാൽ, അകം. പുറം മുതലായവ ഏഴാം വിഭക്തിയുടെ അർത്ഥഭേദങ്ങളെയാണു കാണിക്കുന്നതെന്നു സേനാവരൈയർ പറയുന്നു. ഇളംപൂരണരുടെയും നച്ചിനാക്കിനിയരുടെയും അഭിപ്രായത്തിൽ ഇവ പ്രത്യയങ്ങൾ തന്നെയാണ്. രണ്ടും ഉദ്ദേശിക്കുന്നുണ്ടെന്നു തൈവച്ചിലയാർ. ഇവയെ പ്രത്യയങ്ങളായിത്തന്നെ ഗണിക്കുന്നതാണു യുക്തം. നന്നൂൽകാരൻ അങ്ങനെയാണു ചെയ്യുന്നതു്.

"കൺ കാൽ കടൈ യിടൈ തലൈ വായ്തിചൈ
വയിൻ
മുൻചാര് വലമിട മേൽ കീഴ് പുടൈ മുതൽ
പിൻ പാടളൈതേ മുൻൈ വഴിയുഴിയുളി
ഉള്ളകം പുറം ഇല്ലിടപ്പൊരുളുരുപേ" നന്നൂൽ 301.

ഇവിടെ നന്നൂൽകാരൻ കൺ, കാൽ, കടൈ, ഇടൈ തുടങ്ങി ഏഴാം വിഭക്തിക്ക് ഒട്ടേറെ പ്രത്യയങ്ങൾ വിധിക്കുന്നു. അവയിൽ 'ഇൽ' പ്രത്യയവും പെട്ടും. ഏററവും ഒടുവിലാണു പറഞ്ഞിരിക്കുന്നതു് എന്നേ ഉള്ളൂ. ആധാരികാർത്ഥത്തിൽ ഏറെ പ്രത്യയങ്ങളുള്ളതിൽ 'ഇൽ' എന്നതിനു മലയാളത്തിൽ പ്രാധമ്യം ലഭിച്ചു എന്നു കരുതാം. വ്യവഹാരഭാഷയിൽ 'ഇൽ' പ്രത്യയത്തിനു പകരം 'മേൽ' പ്രയോഗിക്കുന്ന ചില ദേശങ്ങൾ കേരളത്തിലുണ്ടല്ലോ. പ്രത്യയങ്ങളെ സംബന്ധിച്ചും ചില പ്രാദേശികാഭിരുചികളുണ്ടെന്നുവേണം ഇതിൽ നിന്നു മനസ്സിലാക്കാൻ. പുറം, അകം, ഉൾ, കീഴ്, പിൻ, ചാരു്, മുൻ, ഇട മുതലായവ ആധാരികാർത്ഥത്തിൽ മലയാളികളും പ്രയോഗിക്കാറുണ്ട്.

## സന്ധികാര്യം

അ, ആ, ഇ, ഈ, ഉ, ഊ, എ, ഏ, ഐ, ഒ, ഓ, ഔ എന്നീ 12 സ്വരങ്ങളാണ ഭാഷയിലുള്ളത്. ഇവയെ സംബന്ധിക്കുന്ന സന്ധികാര്യങ്ങൾ ലീലാതിലകം ആറു സൂത്രങ്ങളിൽ ഒതുക്കിയിരിക്കുന്നു.

1. "സന്ധാവചോർമധ്യേയഃ." സന്ധിയിൽ സ്വരങ്ങളുടെ മധ്യത്തിൽ യകാരം വരും. ആന+അതു=ആനയതു.

2. "അദിതോഃ കേവലയോർവഃ." കേവലങ്ങളായ അകാരത്തിനും ഇകാരത്തിനും ശേഷം സ്വരം വന്നാൽ വകാരം ആഗമം. അതു് എന്നർത്ഥമുള്ള അകാരവും ഇതു് എന്നർത്ഥമുള്ള ഇകാരവുമാണ് കേവലങ്ങൾ. ചുട്ടെഴുത്തുകൾ എന്നർത്ഥം. അ+അഴകു=അവഴകു; ഇ+അഴകു=ഇവഴകു.

3. "തസ്യ ദ്വിത്വം വാ." മേൽപ്പറഞ്ഞ വകാരം ഇരട്ടിക്കുകയുമാകാം. അ+അഴകു=അവഴകു, അവ്വഴകു.

4. "ഓർന്നിത്യം." ഉകാരത്തിനു ശേഷം സ്വരം വന്നാൽ വാഗമം നിത്യമാണ്. മറു+ഒണ്ടു=മറുവൊണ്ടു.

5. "ലോപശ്ച." സ്വരത്തിനു മുൻപു സംവൃതമായ ഉകാരം നിത്യമായി ലോപിക്കും. അതു്+ഇല്ല=അതില്ല.

6. "റുടോർദ്വിത്വം ച." റു, ടു ഇവയുടെ ഉകാരം സ്വരം പരമാകുമ്പോൾ ലോപിക്കുകയും റ്, ട് ഇവ ഇരട്ടിക്കുകയും ചെയ്യും. ആറു+അകം=ആററകം. നാടു+അകം =നാട്ടകം.

"അദിതോഃ കേവലയോർവഃ" എന്ന സൂത്രത്തിന്റെ വൃത്തിയിൽ, കേവലമല്ലാത്ത അകാരത്തിനു ശേഷവും വകാരാഗമം വരാമെന്നു പറയുന്നു. "സാമാന്യസ്യാപിദർശനം അവഴകു." 'അവഴകു' എന്നതിലെ വാഗമം കേവലമായ അകാരത്തിനു ശേഷവും ആകാം എന്നർത്ഥം.

സ്വരസന്ധിയിൽ യകാരവകാരാഗമങ്ങളും വകാരത്തിന്റെ ദ്വിത്വവും ഉകാരത്തിന്റെ ലോപവുമാണ് ലീലാതിലകം വിധിക്കുന്നതു്. യാഗമം സാമാന്യേന വിധിച്ചിട്ട് വാഗമസന്ദർഭങ്ങൾ പ്രത്യേകം നിർദ്ദേശിക്കുകയാണു്.

ലീലാതിലകത്തിലെ ഈ യകാരാഗമത്തെക്കുറിച്ച് ഒരു വിശദീകരണം ആവശ്യമാണു്. 'സന്ധാവചോർമദ്ധ്യേയഃ' എന്ന സൂത്രം കൊണ്ടു വിധിക്കുന്ന യാഗമം സാർവത്രികമാണെന്നു് ഒററനോട്ടത്തിൽ തോന്നാം. അതു ശരിയല്ല. പദാന്തത്തിൽ ഐ. ഒ. ഔ എന്നീ സ്വരങ്ങൾ വരില്ലെന്നും ("പദാന്തേതു ഔ ഐഭ്യാം ഹ്രസ്വേന ഒകാരേണ ച രഹിതാഃ") ഹ്രസ്വവും ദീർഘവുമായ ഉകാരത്തിനു ശേഷം വകാരാഗമമേ സംഭവിക്കുകയുള്ളു എന്നും ലീലാതിലകകാരൻ പറയുന്നു. ഓകാരത്തിനു ശേഷവും വകാരാഗമമാണെന്നു് 'പോവുതോവെൻറവാറേ' എന്ന ഉദാഹരണത്തിൽ നിന്നു മനസ്സിലാക്കാം. ഏകാരത്തിനു ശേഷം വരുന്ന സന്ധികാര്യം എടുത്തു പറയുന്നില്ലെങ്കിലും വാഗമം തന്നെയാണുദ്ദേശിക്കുന്നതു് എന്നു കരുതാം. അവഴകു്, ഇവഴകു് എന്നതു പോലെ എ + അഴകു് = എവഴകു് (എമ്മാതിരി അഴകു്) എന്ന പ്രയോഗവും ലീലാതിലകകാരനു സ്വീകാര്യമാകാതെ വരില്ല. അപ്പോൾ ഉ, ഊ, ഏ, ഐ, ഒ, ഓ, ഔ എന്നീ ഏഴു സ്വരങ്ങളെ 'സന്ധാവചോർമദ്ധ്യേയഃ' എന്ന സൂത്രത്തിന്റെ പ്രവർത്തന പരിധിയിൽ നിന്നു് ഒഴിവാക്കാം. അന്നിലയിൽ അ, ആ, ഇ, ഈ, എ എന്നീ അഞ്ചു സ്വരങ്ങൾക്കു ശേഷമേ ലീലാതിലക പ്രകാരം യാഗമം വരുന്നുള്ളൂ. കേവലമായ അകാരത്തിനു ശേഷം നിത്യമായും കേവലമല്ലാത്തതിനു ശേഷം വികല്പമായും വാഗമം വിധിക്കുന്നുണ്ടെന്ന കാര്യവും ഇവിടെ ഓർക്കേണ്ടതാണു്.

നന്നൂൽ സ്വരസന്ധിയിലെ യകാരവകാരങ്ങൾ വിധിക്കുന്നതു് ഒരു സൂത്രം കൊണ്ടാണു്.

"ഇ ഈ ഐവഴി യവ്വും മേനൈ
ഉയിർ വഴിവവ്വും മേമുനിവ്വിരു മെയ്യും
ഉയർ വരി നടമ്പട്ട മെയ്യെൻറാകും." 161.

സ്വരം പരമായാൽ ഇ, ഈ, ഐ എന്നിവയ്ക്കുശേഷം യകാരവും മററു സ്വരങ്ങൾക്കുശേഷം വകാരവും ഏകാരത്തിനുശേഷം ഇവ രണ്ടും (യകാരമോ വകാരമോ) വരും എന്നർത്ഥം. നന്നൂൽ 162-ാം സൂത്രം ആകാരത്തിനു ശേഷവും യകാരം വിധിക്കുന്നുണ്ടു്. "ആയിടൈ തമിഴ് കൂറു നല്ലുലകത്തു" ഇത്യാദി പ്രയോഗങ്ങളും കാണാം. പൊതുവേ നോക്കിയാൽ, ലീലാതിലകകാരൻ അകാരത്തിനു ശേഷവും നന്നൂൽകാരൻ ഐകാരത്തിനു ശേഷവും ആണു് യകാരം വിധിക്കുന്നതു് എന്നൊരു വ്യത്യാസമേ ഉള്ളു. സൂക്ഷ്മമായി നോക്കിയാൽ ഈ വ്യത്യാസ പ്രതീതിക്കു് അടിസ്ഥാനമില്ലെന്നു കാണാം.

ഐകാരം പദാന്തത്തിൽ വരികയില്ലെന്നു ലീലാതിലകകാരൻ എഴുതിപ്പോയെങ്കിലും പ്രാചീന മണിപ്രവാള കൃതികളിലും ഗദ്യഗ്രന്ഥങ്ങളിലും ഐകാരാന്ത പദങ്ങളും ഐകാരത്തിനു ശേഷം സ്വരസന്ധിയിൽ യകാരാഗമവും സാർവത്രികമാണു്. ഐകാരാന്ത ശബ്ദങ്ങളോടു യകാരാഗമം ചേരുന്നതിനു ദൃഷ്ടാന്തങ്ങൾ താഴെക്കൊടുക്കുന്നു.

"...തനക്കു തുണൈയില്ലാക്കാൽ കാര്യങ്കൾ സാധിപ്പാനരുതു്" — ഭാഷാകൗടലീയം.

"നീ അല്പപുണ്യരായ മനുഷ്യരൈയൊഴിഞ്ഞിട്ടു് എൻറ ദൂതിയുടെ വാക്കു കേട്ടു ചൊന്നാൾ ദമയന്തി"
—നളോപാഖ്യാനം.

"പൊയിലിമിതി പരിലസതി പുനരവിടൈയൊരിടം" — ഉണ്ണിച്ചിരുതേവി,

"അവനെ യെരിച്ചനഖവിലോചനമൊരുപാട്ട്"
—ഉണ്ണിയച്ചി

ഭാഷയിൽ ഐകാരാന്ത പദങ്ങളില്ലെന്ന ലീലാതിലക കാരൻെറ അഭിപ്രായം ആദരണീയമല്ല. അദ്ദേഹത്തിന്റെ കാലത്തു് ഐകാരാന്ത പദങ്ങൾ ഉൽകൃഷ്ടഭാഷയിൽ അകാരാന്തങ്ങളായി പരിണമിച്ചു എന്നേ ഇതിൽ നിന്നു നാം മനസ്സിലാക്കേണ്ടതുള്ളു. ഐകാരത്തിൻെറ പരിണാമമായ ഈ അകാരത്തിനു ശേഷമാണു് ലീലാതിലകകാരൻ യാഗമം വിധിക്കുന്നതു്. മഴൈ—മഴ, മലൈ—മല, തലൈ—തല ഇത്യാദി ശബ്ദങ്ങളും അവയുടെ അന്ത്യസ്വരത്തിനു ശേഷം വരുന്ന സന്ധായകവും നോക്കുക. യാഗമത്തിനു നിമിത്തമായി നന്നൂൽ നിർദ്ദേശിക്കുന്ന ഐകാരവും ലീലാതിലകം ചൂണ്ടിക്കാട്ടുന്ന അകാരവും ഒന്നുതന്നെയാണെന്നു കാണാൻ ബുദ്ധിമുട്ടില്ല. അതുകൊണ്ടാണു്, തമിഴിലെ ഐകാരാന്ത ശബ്ദങ്ങൾ മലയാളത്തിൽ അകാരാന്തമായി മാറി എന്നു കേരളപാണിനി പ്രസ്താവിക്കുന്നതു്. ഐകാരത്തിൻെറ പരിണാമമല്ലാത്ത അകാരത്തിനു ശേഷം — കേവലമായ അകാരത്തിനുശേഷം നിത്യമായും കേവലമല്ലാത്ത അകാരത്തിനു ശേഷം വികല്പമായും — ലീലാതിലകവും വാഗമം വിധിക്കുന്നുണ്ടല്ലോ. നന്നൂലിൽ വാഗമത്തിനു നിമിത്തമായി നിർദ്ദേശിക്കുന്ന അകാരം തന്നെയാണിതു്.

'ഓർന്നിത്യം' എന്ന ലീലാതിലകസൂത്രം അന്യത്ര ഉദ്ധരിച്ചിട്ടുള്ള നന്നൂൽ 161-ാം സൂത്രത്തിൽ ഉൾപ്പെടുന്നു.

'ലോപശ്ച' എന്ന ലീലാതിലകസൂത്രവും "ഉയിർവരിനുക്കു റൺമെയ് വിട്ടോടും" (സംവൃതമായ ഉകാരത്തിനു ശേഷം സ്വരംവന്നാൽ ആ ഉകാരം വ്യഞ്ജനത്തിൽ നിന്നകലും) എന്ന നന്നൂൽ 163-ാം സൂത്രവും കാര്യത്തിൽ ഒന്നുതന്നെ.

നന്നൂൽ 182–ാം സൂത്രം സംവൃതമായ ഉകാരത്തിലവസാനിക്കുന്ന ടകാര റകാരങ്ങൾക്കു ദ്വിത്വം വിധിക്കുന്നു.

"നെടിലോട്ടുയിർത്തൊടക്കുറുകരങ്കളുൾ
ടറവൊററി രണ്ടും വേററുമൈ മികവേ".

ലീലാതിലകം 'റുടോർദ്ദ്വിത്വംച' എന്ന സൂത്രംകൊണ്ടു്, സ്വരം പരമാകുമ്പോൾ മാത്രം റകാര ടകാരങ്ങൾക്കു ദ്വിത്വം വിധിക്കുമ്പോൾ വ്യഞ്ജനം പരമായാലും അവ ഇരട്ടിക്കുമെന്നു നന്നൂൽ നിർദ്ദേശിക്കുന്നു. മലയാളത്തിനു് ഇന്നും നന്നൂൽ സൂത്രം പ്രമാണമാണു്. കാട്ടുപൂവു്, ആററുതീരം, കയററുപായ്, വയററുവേദന മുതലായവ ഉദാഹരണം.

ഇങ്ങനെ നോക്കിയാൽ, ലീലാതിലക കാലത്തു് പ്രത്യയങ്ങളുടെയും സന്ധിനിയമങ്ങളുടെയും കാര്യത്തിൽ തമിഴും മലയാളവും ഏതാണ്ടൊരുപോലെ ആയിരുന്നെന്നും, തമിഴിനെ അപേക്ഷിച്ചു മലയാളത്തിനു് എന്തെങ്കിലും മാററം ഉണ്ടായിരുന്നെങ്കിൽ അതിനു കാരണം ധ്വനിവിന്യാസത്തിൽ ഏതാനും നൂററാണ്ടുകൾകൊണ്ടുണ്ടായ പരിണാമമാണെന്നും കാണാം. ലീലാതിലക കാലത്തെ കേരളഭാഷയ്ക്കും ഇന്നത്തെ മലയാളത്തിനും തമ്മിലുള്ള വ്യത്യാസം പരിഗണിക്കുമ്പോൾ പ്രാചീനമലയാളത്തിനും അന്നത്തെ തമിഴിനുമിടയിൽ അകലം അധികമൊന്നുമില്ലെന്നു മനസ്സിലാകും.

•

# സ്വരസംവരണം

കേരളത്തിലെ തമിഴ് മലയാളമായി മാറിയതു് സ്വര സംവരണം തുടങ്ങിയ ഭാഷാപരിണാമനയങ്ങളിലൂടെയാ ണെന്നു കേരളപാണിനി സിദ്ധാന്തിക്കുന്നു. ഈ നയങ്ങ ളുടെ സാധുതയെ ചോദ്യം ചെയ്തുകൊണ്ടു്, മലയാളം തമി ഴിൽനിന്നു സ്വതന്ത്രവും തമിഴിനെക്കാൾ പ്രാചീനവും ആദിദ്രാവിഡഭാഷയുടെ സ്വതന്ത്രശാഖയുമാണു് എന്നു വാദിക്കുന്നവരുമുണ്ടു്. അവർ ഉന്നയിക്കുന്ന യുക്തികളുടെ അടിസ്ഥാനത്തിൽ കേരളപാണിനിയുടെ ഭാഷാപരിണാമ നയങ്ങളെ അടുത്തു നിന്നൊന്നു പരിശോധിക്കാം.

ആററൂർ പറയുന്നു:— "ചെന്തമിഴ്പരിഷ്കാരത്തിൽ പ്രധാനമായി ചെയ്തിട്ടുള്ള വ്യവസ്ഥകളാകട്ടെ, മൂലഭാഷ യിൽ, അകാരാന്തങ്ങളായിരുന്നുവെന്നു തെളിവുകൊണ്ടും യുക്തികൊണ്ടും തീർച്ചപ്പെട്ടുത്താവുന്ന വാഴ, പന, തല, മല മുതലായ അസംഖ്യം ശബ്ദങ്ങളെ ചോളപാണ്ഡ്യ ശാഖക്കാർക്കു് ഉച്ചാരണത്തിൽ ഭാഷ പരത്തുവാനുണ്ടായി ത്തീർന്ന വാസനയനുസരിച്ചു് 'തന്നെ' എന്നർത്ഥമുള്ള 'ഏ' എന്ന നിപാതം ചേർത്തുച്ചരിക്കുന്ന സംപ്രദായമോ താലവ്യ പ്രാധാന്യം വരുത്താനുണ്ടായ വാസനയനുസരിച്ചു വെറുതേ ഒരു യകാരവും കൂട്ടിച്ചേർത്തു് വാഴയ്, പനയ് എന്നും മറ്റും ഉച്ചരിക്കുന്ന സംപ്രദായമോ സർവ്വസാധാരണമായിത്തീർന്നതു നിമിത്തം ആ മാതിരിയിലുണ്ടായ സാഹിത്യ ഗ്രന്ഥങ്ങളെ അടിസ്ഥാനമാക്കി ആ വക ശബ്ദങ്ങളെയെല്ലാം വാഴൈ, പനൈ, തലൈ, മലൈ എന്നിങ്ങനെ ഐകാരാന്തങ്ങ ളായി സ്ഥാപിക്കുക, അതുപോലെതന്നെ ലിംഗവചന പുരുഷ പ്രത്യയങ്ങൾ ചേർന്നിട്ടുള്ള ക്രിയാരൂപങ്ങളും ആ വക പ്രത്യയങ്ങൾ ചേർക്കാത്ത ക്രിയാരൂപങ്ങളും മൂലഭാഷ

യിലുണ്ടായിരുന്നതിൽ ലിംഗാദി പ്രത്യയങ്ങൾ ചേൎന്ന രൂപങ്ങൾക്കുമാത്രം ആ ഭാഷയിൽ പ്രയോഗപ്രാചുൎയ്യം സിദ്ധിച്ചതിനാൽ ആ മാതിരി രൂപങ്ങൾക്കു മാത്രമേ മിക്കതും സാധുത്വമുള്ളു എന്നു വ്യവസ്ഥാപിക്കുക, അകാരാന്ത ശബ്ദങ്ങൾ ഐകാരാന്തമായിത്തീർന്നിട്ടുണ്ടെങ്കിലും ചിലേടത്ത് പ്രകൃതിയായ അകാരത്തിൻെറ സ്വഭാവമനുസരിച്ച് പദ്യങ്ങളിൽ ഐകാരാന്താക്ഷരത്തിനു് ഏകമാത്രകാക്ഷരത്തിൻെറ നിലയിൽ പ്രയോഗം സിദ്ധിച്ചുപോയതിനാൽ ആ പ്രയോഗം കൊണ്ടു വൃത്തനിയമം തെററാതിരിപ്പാൻ വേണ്ടി ഐകാരത്തെ ചിലേടത്തു ഹ്രസ്വമായും എടുക്കാവുന്നതാണെന്നു സ്വീകരിക്കുക, പദാദിയിൽ ര, ല എന്നീ വ്യഞ്ജനങ്ങൾ വന്നാൽ അതിനു മുമ്പിൽ ഒരു സ്വരം ചേർത്തു സ്വരാദിയാക്കി ഇരണ്ടു്, ഇലക്കണം, ഉലകം എന്നെല്ലാം തന്നെയാക്കണമെന്നു നിയമിക്കുക മുതലായതാണെന്നു് 'തൊല്കാപ്പിയം തുടങ്ങിയ പ്രാചീന ഗ്രന്ഥങ്ങൾ സൂക്ഷ്മമായി പരിശോധിച്ചാൽ തെളിയുന്നതാണു്''. [1] ചുരുക്കമിതാണു്: ആദിദ്രാവിഡ ഭാഷയിലെ അകാരാന്തശബ്ദങ്ങൾ തമിഴിൽ ഐകാരാന്തമാക്കപ്പെട്ടു; പുരുഷഭേദത്തോടു കൂടിയും കൂടാതെയും രണ്ടുതരം ക്രിയാ രൂപങ്ങളുണ്ടായിരുന്നതിൽ ആദ്യത്തേതിനു മാത്രം തമിഴ്‌വ്യാകരണം അംഗീകാരം നൽകി; മലയാളത്തിൽ ഐകാരാന്തശബ്ദങ്ങളുടെ സ്ഥാനത്തു് അകാരാന്തശബ്ദങ്ങളും പുരുഷഭേദമുള്ള ക്രിയകൾക്കു പകരം അതില്ലാത്ത ക്രിയാരൂപങ്ങളുമാണുള്ളതു്; അതുകൊണ്ടു്, മലയാളം തമിഴിനെക്കാൾ പ്രാചീനവും ആദിദ്രാവിഡ ഭാഷയുടെ സ്വതന്ത്ര ശാഖയുമാണു്.

തൊല്കാപ്പിയം മുതലായ പ്രാചീന ഗ്രന്ഥങ്ങളിലും മററും തെളിവുകളുണ്ടെങ്കിൽ ചോദ്യം ചെയ്യാതെ അംഗീ

---

1. ഭാഷാസാഹിത്യ ചരിതം, പുറം 27, 28.

കരിക്കേണ്ടതാണ് ഈ അഭിപ്രായം. ആററൂർ തൊല്കാപ്പിയത്തിൽനിന്നും നന്നൂലിൽനിന്നും തെളിവുകൾ എടുത്തു കാണിക്കുന്നുണ്ട്.

തൊല്കാപ്പിയത്തിൽ നിന്ന് ആററൂർ ഈ സൂത്രം ഉദ്ധരിക്കുന്നു:

"പനൈയുമരൈയുമാവിരൈക്കിളവിയും
നിനൈയുങ്കാലൈയമ്മൊടു ചിവണും
ഐയെ നിറുതിയരൈ വരൈന്തു കെടുമേ
മെയ്യവണൊഴിയ മെന്മനാർ പുലവർ."

ഈ സൂത്രം ആററൂർ ഇങ്ങനെ വ്യാഖ്യാനിക്കുന്നു:–"പനൈ, അരൈ, ആവിരൈ മുതലായ ശബ്ദങ്ങളെപ്പററി ചിന്തിക്കുമ്പോൾ ആ ശബ്ദങ്ങൾ സന്ധിയിൽ 'അം' എന്നതിനോടു ചേർന്നിരിക്കുന്നതു കാണാം. 'അം' എന്നതു ചേരുമ്പോൾ അരൈ ശബ്ദമൊഴിച്ച് മററുള്ള പനൈ മുതലായ ശബ്ദങ്ങളുടെ ഒടുവിലുള്ള ഐകാരം ലോപിക്കും. അതിനോടു ചേർന്നിരിക്കുന്ന വ്യഞ്ജനം ലോപിക്കയുമില്ല എന്നു പണ്ഡിതന്മാർ പറയുന്നു എന്നർത്ഥം."[1]

പനൈ, അരൈ, ആവിരൈ എന്നീ ശബ്ദങ്ങൾ പൂർവ പദങ്ങളായി വരുന്ന സമാസത്തിലെ സന്ധികാര്യമാണ് ഈ സൂത്രത്തിൽ പ്രതിപാദിക്കുന്നതു്. അകാരത്തിന്റെ പ്രസ്താവമേ ഇവിടെ പ്രസക്തമല്ല. സന്ധിയിൽ 'അം' ആഗമം വരികയും പനൈ, ആവിരൈ എന്നിവയിലെ മാത്രം ഐകാരം ലോപിക്കുകയും ചെയ്യും (അരൈ ശബ്ദത്തിലെ ഐകാരം അങ്ങനെ തന്നെ നിലനിൽക്കും) എന്നാണു തൊല്കാപ്പിയകാരൻ പറയുന്നതു്. ഐകാരത്തിനു് ആദേശമായിട്ടാണു് 'അം' വിധിക്കുന്നതെങ്കിൽ ആ വിധി 'അരൈ' ശബ്ദത്തിലെ ഐകാരത്തിനും ബാധക

1. ഭാഷാസാഹിത്യ ചരിതം, പുറം 30.

മാകുമായിരുന്നു. അങ്ങനെയല്ലെന്നു സൂത്രത്തിൽ ഊന്നിപ്പറയുന്നുണ്ടല്ലോ.

'അം' എന്നതിലെ അനുസ്വാരം മാത്രമാണ് ആഗമമായി വരുന്നതെന്നും ഐകാരത്തിന്റെ ആദേശമാണ് അകാരമെന്നും വാദത്തിനു വേണ്ടി സമ്മതിച്ചാലും, ഐകാരാന്തശബ്ദങ്ങളെ അപേക്ഷിച്ച് അകാരാന്തശബ്ദങ്ങൾക്കുണ്ടെന്നു പറയുന്ന പ്രാചീനതയ്ക്ക് അതു് സമർത്ഥകമാകുകയില്ല. തമിഴിലെ എണ്ണമററ ഐകാരന്തശബ്ദങ്ങളിൽ രണ്ടെണ്ണത്തിനു മാത്രമേ ഈ നിയമം ബാധകമാകുന്നുള്ളു. പില്ക്കാലത്തെ പ്രയോഗങ്ങളിൽ നിന്നു് വ്യാഖ്യാതാക്കൾ രണ്ടു മൂന്നു് ഉദാഹരണങ്ങൾ കൊടുക്കുന്നതു കൂടി കണക്കിലെടുത്താലും ഇതൊരു സാർവത്രിക നിയമമാകുന്നില്ല. 'പൊൻ', 'കണ്ണാടി' എന്നീ പദങ്ങൾ തമിഴിലെയും പ്രാചീന മലയാളത്തിലെയും വ്യാകരണ നിയമപ്രകാരം സന്ധിചെയ്താൽ 'പൊർക്കണ്ണാടി' എന്നാകും. അതു കൊണ്ടു്, തമിഴിലും മലയാളത്തിലും ഇന്നു കാണുന്ന നാന്ത ശബ്ദങ്ങളെല്ലാം ഒരു കാലത്തു് റാന്തങ്ങളായിരുന്നു എന്നു് ആരെങ്കിലും വാദിക്കുമോ? അങ്ങനെ വാദിച്ചു സമർത്ഥിക്കാമെങ്കിലേ, മേൽപ്പറഞ്ഞ തൊല്കാപ്പിയ സൂത്രത്തെ ആസ്പദമാക്കി, തമിഴിലെ ഇന്നത്തെ ഐകാരാന്ത ശബ്ദങ്ങൾ പണ്ടു് അകാരാന്തങ്ങളായിരുന്നു എന്നു സിദ്ധാന്തിക്കുവാൻ ആവുകയുള്ളു.

"ഐയാൻകുച്ചെയ്യുട്കവ്വുമാകും" (ന. 117) എന്ന നന്നൂൽസൂത്രവും ആററൂർ ഉദ്ധരിക്കുന്നുണ്ടു്. അദ്ദേഹം ഇങ്ങനെ വ്യാഖാനിക്കുന്നു:– "ചെയ്യുൾ ശബ്ദങ്ങളായ ഐകാരാദികൾക്കു് അകാരവും വരും; എന്നു വെച്ചാൽ ചെയ്യുൾ വർഗ്ഗത്തിൽപ്പെട്ടവയും ഐ എന്നമാതിരി അക്ഷരങ്ങളിൽ അവസാനിക്കുന്നവയുമായ ശബ്ദങ്ങൾക്കു് അകാ

രവും വരുമെന്നർത്ഥം. ചെയ്യുൾ ശബ്ദങ്ങളായ ഐകാരാന്തങ്ങളും മററും അകാരാന്തമായി മാറും എന്നുസാരം''[1]

ഈ വ്യാഖ്യാനം അടിസ്ഥാനരഹിതമാണ്. മയിലൈ നാഥൻ ഇങ്ങനെ വിശദീകരിക്കുന്നു:— "ഐയ്യും ആനും കുവ്വുംമെൻറു മൂൻറുരുപും ചെയ്യുട്കൺ അകരമാകി നിർകവും പെറും." ഐ, ആൻ, കു എന്നീ മൂന്നു വിഭക്തി പ്രത്യയങ്ങൾ കവിതയിൽ അകാരമായി നിൽക്കുകയുമാവാം എന്നർത്ഥം. കാവലോനൈ, പുലവരാൻ, ആചിരിയർകു എന്നീ പദങ്ങൾ യഥാക്രമം കാവലോന, പുലവരാന, ആചിരിയർക എന്നിങ്ങനെയുമാകാം. വ്യവഹാര ഭാഷയിൽ ഈ മാററമില്ല, കവിതയിലേ ഉള്ളു; അതു തന്നെ വൈകല്പികമാണുതാനും. 'ഐ'ക്കുമാത്രമല്ല 'ആൻ', 'കു' എന്നീ പ്രത്യയങ്ങൾക്കും ഈസൂത്രം അകാരം വിധിക്കുന്നു എന്ന് എടുത്തു പറയേണ്ടതില്ലല്ലോ. ഇതിനെ മുൻനിറുത്തി, ഐകാരാന്തശബ്ദങ്ങളെല്ലാം പണ്ടു് അകാരാന്ത ശബ്ദങ്ങളായിരുന്നു എന്നു വാദിച്ചാൽ അതേ കാരണത്താൽ ഉകാരാന്തശബ്ദങ്ങളും ഒരിക്കൽ അകാരാന്തങ്ങളായിരുന്നു എന്നു പറയേണ്ടിവരും. എന്തുകൊണ്ടെന്നാൽ ഈ സൂത്രപ്രകാരം 'ആചിരിയർകു' എന്ന ഉകാരാന്തപദം 'ആചിരിയർക' എന്ന് അകാരാന്തമായിത്തീരുന്നു. ഈ നന്നൂൽസൂത്രത്തിൽ പിടിച്ചു് അകാരന്തമെന്നോ ഐകാരാന്തമെന്നോ ശബ്ദങ്ങളെക്കുറിച്ചു പറയാൻ വയ്യ. ഇവിടെ രണ്ടാം വിഭക്തി രൂപങ്ങളാണ് അകാരത്തിലോ ഐകാരത്തിലോ അവസാനിക്കുന്നതു്. വിഭക്തി രൂപങ്ങളെ അടിസ്ഥാനമാക്കി ശബ്ദാന്തങ്ങൾ നിർണ്ണയിക്കാറില്ലല്ലോ. ചുരുക്കിപ്പറഞ്ഞാൽ, മലൈ, തലൈ മുതലായ ശബ്ദങ്ങളുടെ അവസാനത്തെ ഐകാരത്തിനല്ല, രണ്ടു മുതൽ

1. ഭാഷാസാഹിത്യ ചരിത്രം, പുറം 30

നാലു വരെയുള്ള വിഭക്തിപ്രത്യയങ്ങൾക്കാണ് (ഐ, ആൻ, കു എന്നിവയ്ക്കു്) ഈ മാററം വിധിക്കുന്നതു്.

ഇങ്ങനെ, തമിഴിൽ ഐകാരാന്ത ശബ്ദങ്ങളെക്കാൾ അകാരാന്ത ശബ്ദങ്ങൾക്കു പഴക്കമുണ്ടെന്നു കാണിക്കാൻ തൊല്കാപ്പിയത്തിൽ നിന്നും നന്നൂലിൽ നിന്നും ഉദ്ധരിക്കപ്പെട്ട സൂത്രങ്ങൾ മറിച്ചൊരു നിഗമനത്തിലെത്തിച്ചേരാനാണ് സഹായിക്കുക.

തമിഴ്‌വ്യാകരണത്തിലെ സൂത്രങ്ങളുദ്ധരിച്ച് മലയാളത്തിന്റെ പഴക്കം തെളിയിക്കാൻ മററു ചില പണ്ഡിതന്മാരും ശ്രമിച്ചിട്ടുണ്ട്. ഉള്ളൂരിന്റെ "ആതിനിൻറ അകരം ഐകാരമായ് തിരിന്തതു" പ്രസിദ്ധമാണ്. ആദ്യകാലത്തു ശബ്ദങ്ങളുടെ ഒട്ടവിൽ നിന്നിരുന്ന അകാരം പിന്നീട്ട തമിഴിൽ ഐകാരമായി മാറി എന്നു് ആ സൂത്രം അദ്ദേഹം വ്യാഖ്യാനിക്കുന്നു. തൊല്കാപ്പിയത്തിൽ ഇങ്ങനെ ഒരു സൂത്രമില്ലെന്നും ഒരു സൂത്രത്തിന്റെ വ്യാഖ്യാനവും ആശയവും അദ്ദേഹം തെററിദ്ധരിച്ചതാണെന്നും പണ്ഡിതന്മാർ നേരത്തേ ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

ഐകാരത്തെക്കാൾ അകാരമാണ് 'ഒറിജിനൽ' എന്നു തെളിയിക്കാൻ പലതും പറയുന്ന കൂട്ടത്തിൽ ഡോ. കെ. എം. ജോർജ്ജും നന്നൂലിൽനിന്നു് ഉദ്ധരിക്കുന്നുണ്ട്. 'ഒറിജിനൽ' എന്നതുകൊണ്ട് അദ്ദേഹം വിവക്ഷിക്കുന്നതെന്താണെന്നു കൃത്യമായറിയാൻ തരമില്ലാത്തതുകൊണ്ടാണ് ആ വാക്കു തന്നെ പ്രയോഗിക്കുന്നതു്. ആദ്യമുണ്ടായതു് എന്നായിരിക്കാം അദ്ദേഹം അർത്ഥമാക്കുന്നതു്. ഒന്നുകൂടി പരിഷ്കരിച്ച്, ശബ്ദാന്തത്തിൽ ആദ്യമുണ്ടായിരുന്നതു് എന്നു ധരിക്കാം. അദ്ദേഹത്തിന്റെ വാദമുഖങ്ങൾ എല്ലാംകൂടി പരിശോധിക്കുന്നതു നന്നായിരിക്കും. ഡോ. ജോർജ്ജ് നാലുകാരണങ്ങൾ ഉന്നയിക്കുന്നു.[1]

---

1. Ramacaritam and Early Malayalam, pp. 91, 92, 93.

1. ചില സന്ദർഭങ്ങളിൽ ഐകാരം അകാരമായും അകാരം ഐകാരമായും മാറുമെന്നു് നന്നൂലിൽ പറയുന്നു. പ്രമാണം, "അടിയകരമൈയാതൽ."

2. അകാരാന്ത സംസ്കൃത ശബ്ദങ്ങൾ തത്സമങ്ങളായി സ്വീകരിക്കുമ്പോൾപ്പോലും തമിഴ് അവയെ ഐകാരാന്തങ്ങളാക്കുന്നു.

3. തമിഴിലെ വ്യവഹാരഭാഷയിൽ ഐകാരം അകാരമായി മാറാറുണ്ട്.

4. തമിഴിലെ പ്രാചീനരേഖകളിലും പ്രാചീന കൃതികളിലും അകാരാന്തശബ്ദങ്ങളുണ്ട്; മലയാളത്തിൽ 'തമിഴ്സ്കൂളി'ലുണ്ടായ ഗ്രന്ഥങ്ങളിലല്ലാതെ മററൊന്നിലും ഐകാരാന്തശബ്ദങ്ങളില്ല. തമിഴിൽ പനങ്കാ, പനമ്പഴം എന്നിങ്ങനെ സമാസത്തിൽ ഐകാരം ലോപിക്കാറുണ്ട്.

ഓരോന്നും വെവ്വേറേ പരിശോധിക്കുക.

1. "അടിയകര മൈയാതൽ" നന്നൂലിലെ ഒരു സൂത്രത്തിൻെറ ഭാഗം മാത്രമാണ്. നന്മൈ, കരുമൈ, പച്ചമൈ മുതലായവ സമാസത്തിൽ പൂർവപദമാകുമ്പോൾ അവയ്ക്കുണ്ടാകുന്ന മാററത്തെപ്പററിയാണ് നന്നൂൽകാരൻ ഈ സൂത്രത്തിൽ പറയുന്നതു്.

"ഈറുപോതലിടൈയുകര മിയ്യാതൽ
ആതി നീടലടിയകര മൈയാതൽ
തന്നൊററിരട്ടൽ മുൻനിൻറ മെയ്തിരിതൽ
ഇനമികലിനൈയവും പൺ പർകിയല്പേ."

(ന. 135)

അന്ത്യവർണ്ണം ലോപിക്കുക, പദമദ്ധ്യത്തിലുള്ള ഉകാരം ഇകാരമാകുക, ആദിസ്വരം ദീർഘിക്കുക, ആദ്യത്തെ അകാരം ഐകാരമാകുക മുതലായ വർണ്ണവികാര

ങ്ങൾ ഇവിടെ പരാമർശിക്കപ്പെടുന്നു. 'അടിയകര മൈയാതൽ' എന്ന ഭാഗം മാത്രം സന്ദർഭത്തിൽ നിന്നടർത്തി ഒരു പൂർണ്ണ സൂത്രമെന്ന നിലയിൽ ഉദ്ധരിക്കുന്നതു് തെററിദ്ധാരണയ്ക്കിടം നൽകും. അകാരാന്തശബ്ദങ്ങൾ ഐകാരാന്തങ്ങളായി മാറുന്നു എന്നതാണു് നന്നൂൽകാരൻ ഉദ്ദേശിക്കുന്നതെന്നു് വായനക്കാരെ തെററിദ്ധരിപ്പിച്ചതു ശരിയല്ല. "അടിയകര മൈയാതൽ" എന്നതു് മയിലൈ നാഥൻ വ്യാഖ്യാനിക്കുന്നതു നോക്കുക:– "പൈങ്കൺ, പൈന്താർ എൻപന ഈററുയിർ മെയ്യും ഈററയല്ലുയിരും കെട്ടു ആതിനിൻറ അകാരം ഐകാരമായ് ഒററുത്തിരിന്തന." പചുമൈ+താർ=പൈന്താർ. ഇവിടെ 'പചുമൈ എന്നതിലെ അന്ത്യസ്വരത്തോടു കൂടിയ വ്യഞ്ജനവും (മൈ) അതിനടുത്തുള്ള സ്വരവും (ഉ) ലോപിച്ചു് പച് എന്നാകുന്നു. പിന്നെ ആദ്യത്തെ അകാരത്തിനു് ഐകാരവും ചകാരത്തിനു നകാരവും ആഗമം വന്നു് 'പൈന്താർ' ആകുന്ന ഇടങ്ങളുള്ള ഉകാരം ഇകാരമാകുന്നതു പോലെയും (പെരുമൈ+അൻ=പെരിയൻ) ആദിസ്വരം ദീർഘിക്കുന്നതു പോലെയും (പചുമൈ + ഇഴൈ = പാചിഴൈ) ആണു് 'പൈന്താ'രിൽ അകാരം ഐകാരമായതു്. ഇതു പദാന്ത്യത്തിലല്ലെന്നും ധരിക്കണം. ഈ സൂത്രത്തിൻെറ വെളിച്ചത്തിൽ, ഐകാരത്തെക്കാൾ 'ഒറിജിനാലിററി' അകാരത്തിനാണെന്നു് എങ്ങനെ പറയാം? ഇകാരത്തെ അപേക്ഷിച്ചു് ഉകാരമാണു് ഒറിജിനൽ എന്നും ഈ സൂത്രത്തെ ആസ്പദമാക്കി വാദിക്കരുതോ?

2. സംസ്കൃതത്തിൽ നിന്നു് അകാരാന്തശബ്ദങ്ങളെ തത്സമങ്ങളായിത്തന്നെ സ്വീകരിക്കുമ്പോൾ അവയെ ഐകാരാന്തങ്ങളാക്കുന്ന പതിവു് തമിഴിലെന്ന പോലെ മലയാളത്തിലും ഉണ്ടായിരുന്നു. പ്രാചീന മണിപ്രവാള

കൃതികളെല്ലാം അതിനു ദൃഷ്ടാന്തങ്ങളാണു്. ഇതു് ശബ്ദശാസ്ത്രപരമായ ഒരു തത്വത്തെയാണു് പ്രകടമാക്കുന്നതു്. ഒരു ഭാഷ അന്യ ഭാഷകളിൽ നിന്നു ശബ്ദങ്ങൾ സ്വീകരിക്കുമ്പോൾ അവയെ സ്വന്തം ധ്വനിപാരമ്പര്യത്തിനനുരോധമായരീതിയിൽ മാററാറുണ്ടെന്നതാണു് ആ തത്വം. ഏതു ഭാഷയിലേയും ഇതര ഭാഷാശബ്ദങ്ങൾ പരിശോധിച്ചാൽ ഈ പ്രത്യേകത ബോധപ്പെടും. Office, Judge, Superindendent, Coffee മുതലായ ഇംഗ്ലീഷ്പദങ്ങൾ കേരളത്തിലെ സാധാരണ ജനങ്ങൾ സംഭാഷണത്തിലുപയോഗിക്കുന്നതു് ശ്രദ്ധിച്ചു നോക്കുക. നമ്മുടെ ഉച്ചാരണവാസനയ്ക്കിണങ്ങുന്ന പദങ്ങളിൽ ഈ മാററം ആവശ്യമില്ല. അകാരാന്ത സംസ്കൃത ശബ്ദങ്ങൾ തമിഴിൽ ഐകാരാന്തമാക്കപ്പെടുന്നതു് ഏതോ ചില വ്യാകരണ ശാസനങ്ങളെ അനുസരിക്കാനല്ല, ശതവർഷങ്ങളിലൂടെ ദൃഢമൂലമായിത്തീർന്ന അതിൻെറ ഉച്ചാരണശൈലിക്കു് ഇണങ്ങുമാറാക്കാനാണു്.

3. അടുത്ത കാലത്തെങ്ങാൻ തമിഴിൻെറ വ്യവഹാരഭാഷയിൽ വല്ലേടത്തും ഐകാരം അകാരമാകാറുണ്ടെങ്കിൽ അതിൻെറ അർത്ഥം എല്ലാ ജീവൽഭാഷകളിലുമെന്നപോലെ തമിഴിലും ധ്വനിപരമായ പരിണാമം സംഭവിക്കുന്നു എന്നു മാത്രമാണു്. പഴയ ഒരു പ്രവണതയുടെ പുനരാവിർഭാവമായി അതിനെ കണക്കാക്കുന്നതു് ശാസ്ത്രസമ്മതമല്ല.

4. തമിഴിലെ പ്രാചീന രേഖകളിലും പഴയ കാവ്യങ്ങളിലും ഐകാരത്തിനു പകരം അകാരം പ്രയോഗിക്കപ്പെട്ടിട്ടുണ്ടു്. വിശേഷ വ്യിധികൾ കൊണ്ടു് വ്യാകരണകാരന്മാർക്കു് അംഗീകരിക്കേണ്ടിവന്ന ധ്വനി പരിണാമങ്ങളാണു് അവ. പനങ്കായുടെയും പനമ്പഴത്തിൻെറയും കഥ നാം നേരത്തേ കേട്ടതാണു്.

"തൊല്കാപ്പിയം തുടങ്ങിയ പ്രാചീനഗ്രന്ഥങ്ങൾ സൂക്ഷ്മമായി പരിശോധിച്ചാൽ തെളിയുന്ന" വസ്തുതകളെപ്പററിയാണ് ഇതുവരെപ്പറഞ്ഞതു്. ഇനി മററു യുക്തികളും പരിശോധിക്കേണ്ടതുണ്ട്. ആററൂർ എഴുതുന്നു: "ഐകാരാന്തമായി ഉച്ചരിക്കുന്നതിനെക്കാൾ അകാരാന്തമായി ഉച്ചരിക്കുന്നതിനാണ് ലാഘവമെന്നുള്ള സംഗതി യുക്തിയുക്തമായിരിക്കുന്നുണ്ടെന്നുമാത്രമല്ല അതു പ്രത്യക്ഷാനുഭവസിദ്ധവുമാണ്."[1] ഇവിടെ ധ്വനിവിജ്ഞാനീയത്തെ സംബന്ധിച്ച ഒരു പ്രശ്നം സ്വയം ഉയർന്നു വരുന്നു. ഉച്ചാരണത്തിൽ ഐകാരത്തെ അപേക്ഷിച്ച് അകാരം ലഘുതമമാണോ ?

സംസ്കൃതത്തിൽ ശുദ്ധമായ അകാരം കണ്ഠ്യമാണ്. ദ്രാവിഡർക്ക് അകാരം കണ്ഠ്യമായുച്ചരിക്കാൻ എളുപ്പമല്ല. വൈദേശികരായ ഭാഷാശാസ്ത്രപണ്ഡിതന്മാർ, വിശേഷിച്ച് ധ്വനികാര്യവിദഗ്ദ്ധന്മാർ, ചൂണ്ടിക്കാണിക്കുമ്പോഴേ ഈ വസ്തുത നമ്മുടെ ശ്രദ്ധയിൽ പെടാറുള്ളു. സംസ്കൃതഭാഷയുമായി ഏററവും അടുപ്പമുള്ള കേരളീയർക്കുപോലും ഈ പ്രത്യേകത ബാധകമാണ്. കേരളത്തിലെയും ഉത്തരേന്ത്യയിലെയും സംസ്കൃതപണ്ഡിതന്മാർ സംസ്കൃതശ്ലോകങ്ങൾ ചൊല്ലുന്നതു ശ്രദ്ധിച്ചാൽ ഈ വ്യത്യാസം വ്യക്തമാകും.

ഒരു ഹ്രസ്വസ്വരം പെട്ടെന്നുച്ചരിച്ചു നിർത്തുക ഉച്ചാരണാവയവങ്ങൾക്കു സുകരമല്ല. പദാന്ത്യത്തിലാവുമ്പോൾ സ്വരം ദീർഘിക്കുകയോ, അർദ്ധവ്യഞ്ജനത്തിലൊ ചില്ലിലോ അവസാനിപ്പിക്കുകയോ ചെയ്യുന്നതാണ് ഉച്ചരിക്കാനെളുപ്പം. മാററമൊന്നും വരുന്നില്ലെങ്കിൽ അടുത്തുച്ചരിക്കുന്ന പദവുമായി ബന്ധപ്പെടുകയെങ്കിലും വേണം. യുഗയുഗാന്തരങ്ങളായുള്ള ഉച്ചാരണപരിചയത്തിൻെറ പാരമ്പര്യത്താൽ വികസിതമാണ് ആധുനികമനുഷ്യൻെറ മുഖാവയ

1. ഭാഷാസാഹിത്യചരിതം, പുറം 28.

വങ്ങൾ. എന്നിട്ടുപോലും ഒരു വാക്കോ വാക്യമോ ഹ്രസ്വസ്വരം കൊണ്ടവസാനപ്പിക്കാൻ നമുക്കു ബുദ്ധിമുട്ടുണ്ടെങ്കിൽ നമ്മുടെ പ്രപിതാമഹന്മാരുടെ കാര്യം പറയേണ്ടതില്ലല്ലോ. പദാന്ത്യസ്വരമാണ് ഇവിടെ ചർച്ചാവിഷയമെന്നതു വിസ്മരിക്കരുത്; ഉച്ചാരണവും ലിപിവിന്യാസവും തമ്മിൽ കൂട്ടിക്കുഴയ്ക്കുകയുമരുത്. 'ഇല്ല' എന്ന് എഴുതിയാലും അതിലെ അന്ത്യമായ അകാരം പല മട്ടിലാണു മലയാളികൾ ഉച്ചരിക്കുക. ഏതു രീതിയിലായാലും തനിഹ്രസ്വമല്ലെന്നു തീർച്ച. പദാന്ത്യത്തിൽ അകാരത്തിന്റെ ഏതു മട്ടിലുള്ള ഉച്ചാരണത്തിലും ഒന്നുകിൽ ദീർഘച്ഛായ കടന്നുകൂടുന്നു. അല്ലെങ്കിൽ യകാരത്തിന്റെ ഈഷത്സ്പർശം ഉണ്ടാകുന്നു. ആകയാൽ പദാന്ത്യത്തിൽ ഹ്രസ്വവും കണ്ഠ്യവുമായ അകാരത്തെക്കാൾ ഐകാരമാണ് കൂടുതൽ ഉച്ചാരണക്ഷമം.

സംസ്കൃതത്തിലേയും തമിഴിലേയും ഐകാരങ്ങൾക്കു തമ്മിൽ വ്യത്യാസമുണ്ട്. അകാരവും ഇകാവും ചേർന്നതാണ് തമിഴിലെ ഐകാരം. "അകര ഇകര ഐകാരമാകും." സംസ്കൃതത്തിൽ ഐകാരം നിത്യേന ഗുരുവാണ്. തമിഴിലാവട്ടെ അതിനു സോപാധികമായ ഗുരുലഘുഭേദമുണ്ട്; വ്യക്തമായ ഉച്ചാരണഭേദവുമുണ്ട്.

"തർ ചുട്ടളപൊഴിയൈമ്മൂവഴിയും
നൈയ്യ മൗവ്വ മുതലററാകും" (ന. 94)

ഐകാരം ഒറ്റയായി പറയുമ്പോഴും ഗാനത്തിൽ നീട്ടി ആലപിക്കുമ്പോഴുമൊഴിച്ച് പദത്തിന്റെ ആദിമദ്ധ്യാന്തങ്ങളിൽ കുറുകും; അമ്മാതിരിയുള്ള ഔകാരവും പദാദിയിൽ അതുപോലെയാകും എന്നു സാരം. ദീർഘമാകുമ്പോൾ 'ൈഅ' *(ai),'ൈഎ' (ei) എന്നിങ്ങനെയും, കുറുകുമ്പോൾ

*ഉച്ചാരണം കാണിക്കാൻ ഇങ്ങനെ എഴുതുന്നതാണ്.

'അയ്' (ay), 'എയ്' (ey) എന്നിങ്ങനെയും അതുച്ചരിക്കപ്പെടുന്നു. പ്രാചീന മലയാളത്തിൽ ഈ എല്ലാ ഉച്ചാരണഭേദങ്ങളോടും കൂടി ഐകാരം പദാന്തത്തിൽ പ്രയോഗിച്ചിരുന്നു.

കേരളഭാഷയിൽ ഐകാരാന്ത ശബ്ദങ്ങളില്ലെന്നു ലീലാതിലകകാരൻ പറയുന്നതു് അദ്ദേഹത്തിൻെറ കാലത്തെ മണിപ്രവാളത്തെ സംബന്ധിച്ചിടത്തോളം ശരിയായേക്കാമെങ്കിലും പഴയ മലയാളത്തിൻെറയും പ്രാചീന മണിപ്രവാളത്തിൻെറയും കാര്യത്തിൽ അടിസ്ഥാനരഹിതമാണു്.

"കോട്ടമുള്ളം ഗനാചില്ലിവില്ലും മുലൈ–
ക്കോട്ടയും കൊണ്ടുപോർതൊട്ടുവാൻ കല്പിതം
... ... ... ... ... ... ... ... ... ... ...
തോട്ടുവായ് പൂത്ത കൈതൈ പ്രസൂനോജ്ജ്വലം
തൊട്ടുവായ് പള്ളിയെൻറുണ്ടു തസ്മിൻവിയേടം
നടീമന്ദിരം" ഉണ്ണിച്ചിരുതേവി.

"പുറവടിദ്യുതിയുടെ പുറവുറം വക്ഷ്മ–
പ്പുതിയ പൊലത്താമരൈപ്പുറവിതൾപൊലിവിനാ–
ലന്നമെന്നടയുമപ്പിടിയുടെ നടയുമൊ—
ട്ടന്യമല്ലാത വാറലസലീലാഗതാ,
കണ്ടല്മൊട്ടിനെയുമക്കണ്ടകംകുർവതീ
കണ്ടു ഭീത്യാ കണൈക്കാലിനൈ ക്കാന്തിയാൽ
തുംപി വകൈതുലോന്തുടവുതാം കതളിയു–
ന്തോൽക്കമാറാവരുന്തുടയിണൈ ത്തോരണാ."
—ഉണ്ണിയച്ചി.

"എല്ലാക്കും സാധാരണധർമ്മമാവിതു അഹിംസൈ,
സത്യം, ശൗചം, അനസൂയൈ, ആനൃശംസ്യം, ക്ഷമൈ
എൻറിവു"—ഭാഷാകൗടലീയം. (ഇവിടെ ആകാരാന്ത സംസ്കൃതശബ്ദങ്ങളെപ്പോലും ഭാഷാശൈലിയനുസരിച്ചു് ഐകാരാന്തമാക്കിയിരിക്കുന്നു.)

"...നൂററെട്ടിതളായ് മലന്ന ചെന്താമരൈപ്പൂവിൻ മദ്ധ്യത്തിങ്കൽ ഗുരുവചനത്താൽ സൂക്ഷിച്ചുകൊണ്ടു സകലമാക്കക രാജാവേ..."—അംബരീഷോപാഖ്യാനം.

"മയൂരഛത്രങ്ങൾ താമരൈപ്പൂവാകവും ആയുധങ്ങൾ മീനാകവും പരിചകൾ ആമൈയാകവും താമൈപ്പിണമട്ടിലാകവും മഹാരഥമാകിയ ചങ്ങാടത്താൽ നിറയപ്പെട്ടു..."

—ദേവീമാഹാത്മ്യം.

ഐകാരത്തിന്റെ ഹ്രസ്വമായ ഉച്ചാരണം കവിതയിൽ നിന്നേ മനസ്സിലാക്കാൻ നിവൃത്തിയുള്ളു. ഒരു മാത്ര വേണ്ടിടത്ത് ഐകാരം പ്രയുക്തമായാൽ അതു ഹ്രസ്വമാകാതെ തരമില്ലല്ലോ.

"കട്ടുകൊണ്ടതിനൈയന്റാട്ടടം പോയനാൾ
കിട്ടിയങ്ങിടയിലേ കാത്തികേയസ്വയം"
"അതിനികടേ പുനരവിടൈ വിരിജിത—
മളകാലങ്കയുമവരാവതിയെ—
ന്റിവകളിലേററവുമുചിതസമൃദ്ധ്യാ
... ... ... ... ... ... ... ... ... ..."

—ഉണ്ണിച്ചിരുതേവി.

അടിയിൽ വരയിട്ടിരിക്കുന്ന രണ്ടിടത്തും ഐകാരം ഹ്രസ്വമാണ്; എ(യ്) എന്നു് ഉച്ചരിക്കപ്പെടുകയും ചെയ്യുന്നു.

"ചുഴലവും കമുകിനൈത്തഴകുമക്കൊടികളും
കൊടി നൺപ്പാൻവരും മൃദുനടക്കൊടികളും."

—ഉണ്ണിച്ചിരുതേവി.

ഇവിടെ ആദ്യത്തെ ഐകാരം എ (യ്)എന്നും രണ്ടാമത്തേതു് അ (യ്) എന്നുമാണു് നാം വായിക്കുക.

ഐകാരം അകാരമായി മാത്രമല്ല എകാരമായും പരിണമിക്കുമെന്നു് ഉദാഹരണങ്ങളിൽ നിന്നു നാം കണ്ടു. ഇന്നു

നാം അകാരാന്തമായും തമിഴർ ഐകാരാന്തമായും ഉച്ചരിക്കുന്ന ചില പദങ്ങൾ ലീലാതിലകകാരൻ 'മുളെ', 'അമെ' എന്നെഴുതയിട്ട് "അത്ര എകാരഛായയാ" എന്നു വിശദീകരിക്കുന്നതു ശ്രദ്ധേയമാണ്. മററു പ്രാചീന കൃതികളിലും അമ്മാതിരി പ്രയോഗങ്ങളുണ്ട്.

ഐകാരം എകാരമായി മാറുന്നതിനു് ഏററവും നല്ല ഉദാഹരണമാണ് മലയാളത്തിലെ രണ്ടാം വിഭക്തി പ്രത്യയമായ 'എ'. ലീലാതിലകത്തെക്കുറിച്ചു പറഞ്ഞ കൂട്ടത്തിൽ രണ്ടാം വിഭക്തിപ്രത്യയത്തിനു് ഐകാരം പഴയ മലയാളത്തിൽ പ്രയോഗിച്ചിട്ടുള്ളതിനു് ഉദാഹരണങ്ങൾ എടുത്തു കാണിച്ചിരുന്നു. ആ ഐകാരം ക്രമേണ എകാരമായിത്തീരുകയാണുണ്ടായതു്. ഐകാരത്തിൻെറ ഹ്രസ്വോച്ചാരണഭേദങ്ങളായ 'അയ്', 'എയ്' എന്നിവയിൽ നിന്നു് യകാരച്ഛായ തിരോഭവിച്ച് അവ യഥാക്രമം 'അ', 'എ' എന്നിങ്ങനെയായി. ആ യകാരസ്പർശം സ്വരസന്ധിയിൽ ഇന്നും തെളിഞ്ഞുനില്ക്കുന്നു. അകാരത്തിലേക്കും എകാരത്തിലേക്കുമുള്ള ഐകാരത്തിൻെറ ഈ പരിണാമം ഭാഷാശാസ്ത്രവിദ്യാർത്ഥികൾക്കു് ഒരു പഠനവിഷയമാക്കാം.

# പുരുഷഭേദനിരാസം

ഒരു കാലത്തു് തമിഴിലെന്നപോലെ മലയാളത്തിലും ക്രിയകളുടെ പുരുഷഭേദപ്രയോഗം നിലവിലിരുന്നെന്നും കാലക്രമേണ അതു നിരസിക്കപ്പെട്ടെന്നുമാണു് കേരളപാണിനിയുടെ സിദ്ധാന്തം. ഒരുകാലത്തും ഇവിടെ വ്യവഹാരഭാഷയിൽ ക്രിയകൾക്കു പുരുഷഭേദമുണ്ടായിരുന്നില്ലെന്നും കവിതയിൽ കാണുന്ന ആ പ്രത്യേകത കവികൾ തമിഴിൽ നിന്നു കടംകൊണ്ടതാണെന്നും എതിർപക്ഷം. കർത്താവിന്റെ ലിംഗവചന പുരുഷഭേദങ്ങൾ കാണിക്കുന്ന പ്രത്യയം ക്രിയയോടു ചേർക്കുന്ന സമ്പ്രദായം ഭാഷയുടെ വികാസദശയിൽ വ്യാകരണകാരന്മാർ ഉണ്ടാക്കിത്തീർത്ത സങ്കീർണ്ണതയാണു്; ഭാഷയുടെ പ്രാകൃതലാളിത്യത്തിൽ അമ്മാതിരി കുഴപ്പങ്ങൾ ഉണ്ടായിരുന്നിരിക്കാൻ ഇടയില്ല; മലയാളത്തിലെ പുരുഷഭേദാഭാവം മൂലദ്രാവിഡഭാഷയുടെ സ്വഭാവത്തെയാണു പ്രദർശിപ്പിക്കുന്നതു്; ആകയാൽ മലയാളം തമിഴിനെക്കാൾ പ്രാചീനമാണു്: ഇതാണു് അവരുടെ വാദഗതി.

പുരുഷഭേദനിരാസത്തിനെതിരായുള്ള വാദങ്ങളെക്കുറിച്ചു ചിന്തിക്കുമ്പോൾ ആററൂരിന്റെ അഭിപ്രായമാണു് ആദ്യമായി ഓർമ്മയിൽ വരുന്നതു്. "അവർ ചെയ്താർ എന്നീവക സ്ഥലങ്ങളിൽ കർത്താവിന്റെ ബഹുത്വം കാണിപ്പാൻവേണ്ടി ക്രിയാപദത്തിലും നാമപദത്തിലും ബഹുവചനപ്രത്യയം ചേർത്തിരിക്കുന്നതും അവൻ ചെയ്താൻ എന്നീവകയിൽ കർത്താവു പുരുഷനാണെന്നു കാണിപ്പാൻ വേണ്ടി രണ്ടിടത്തും ലിംഗപ്രത്യയം ചേർത്തിരിക്കുന്നതും വാസ്തവത്തിൽ ആവശ്യമില്ലാത്തതാണെന്നും അതിനെ ഉപേക്ഷിച്ചു് അവൻ ചെയ്തു, അവർ ചെയ്തു എന്ന മാതിരി രൂപങ്ങൾ

ക്കാണ് സ്വാഭാവികതയും പ്രാചീനതയും അധികമുണ്ടായിരിക്കുകയെന്നുമുള്ള സംഗതി ഭാഷാഗതിമർമ്മജ്ഞന്മാർക്കറിയാവുന്നതുമാണ്."[1]

ഡോ. ജോർജ്ജ് പുരുഷഭേദത്തെക്കുറിച്ച് ശാസ്ത്രീയമായി ചിന്തിച്ചു തീരുമാനിച്ചിരിക്കുന്നത് ഇങ്ങനെയാണ്: "മലയാളത്തിൻെറ വായ്മൊഴിയിൽ പുരുഷവചനാദി പ്രത്യയങ്ങൾക്കു പൂർണ്ണപ്രസക്തിയുള്ള ഒരു ഘട്ടം ഉണ്ടായിരുന്നതായി വിചാരിക്കുവാൻ യാതൊരു നിവൃത്തിയും കാണുന്നില്ല. അതിനാൽ മൂലകുടുംബത്തിൽ പുരുഷപ്രത്യയങ്ങൾ ചേർക്കുന്ന സമ്പ്രദായം ആരംഭിക്കുന്നതിനു മുമ്പ്, അല്ലെങ്കിൽ സാമാന്യമായി നിരക്കുന്നതിനു മുമ്പ്, മലയാളം അവിടെ നിന്നും പിരിഞ്ഞുവെന്നും, കുറേക്കാലത്തേക്കെങ്കിലും ഗണ്യമായ സമ്പർക്കം കൂടാതെ കഴിഞ്ഞുവെന്നും, പദ്യസാഹിത്യത്തിൽ കാണുന്ന പ്രയോഗങ്ങൾ തമിഴ് സാഹിത്യത്തിൻെറ ചുവടു പിടിച്ചുള്ള ഒരു കൃത്രിമതയാണെന്നും വിചാരിക്കുന്നതു സാമാന്യം ഭദ്രമായ ഒരഭിപ്രായമായിരിക്കുമെന്നാണ് ഈ ലേഖകനു തോന്നുന്നത്."[2]

ഒരു ഭാഷ അതിന്റെ മൂലഭാഷയിൽ നിന്നു് പിരിഞ്ഞുപോകുന്നു എന്നു പറയുന്നതു് വെറും വ്യവഹാരസൗകര്യത്തിനുവേണ്ടിയാണു്. തറവാട്ടുഭാഗം കഴിഞ്ഞു്, കിട്ടിയ ഓഹരിയും വിററു വിദേശത്തെവിടെയോ താമസിക്കാൻ പോകുന്ന കുടുംബാംഗത്തെപ്പോലെയാണു് ഭാഷയെന്നു് ഇതുകൊണ്ടർത്ഥമാക്കരുതു്. ഒരു മഹാഭാഷയുടെ പ്രാദേശിക വികാസഭേദങ്ങളാണു് അതിന്റെ ഉപഭാഷകൾ. ഉപഭാഷയ്ക്കും ക്രമേണ പ്രാദേശിക ഭേദങ്ങളുണ്ടാവാം. പിരിഞ്ഞുപോകലും ഏറെക്കാലം തമ്മിൽ കാണാതിരിക്കലും ഭാഷയുടെ

1. ഭാഷാസാഹിത്യചരിതം, പുറം 36.
2. വളരുന്ന കൈരളി, പുറം 35.

കാര്യത്തിൽ ഒരിക്കലും സംഭവിക്കുന്നില്ല. ഭാഷകളെ സംബന്ധിച്ചിടത്തോളം വിഭജനമല്ല, രൂപാന്തരപ്രാപ്തിയാണുണ്ടാവുക.

19-ാം നൂററാണ്ടിലാണു് താരതമ്യാധിഷ്ഠിതമായ ഭാഷാപഠനം ഒരു ശാസ്ത്രമെന്ന നിലയിൽ വികാസം പ്രാപിച്ചതു്. ഭാഷകളെ അവയുടെ രൂപഭാവങ്ങളിലുള്ള സാധർമ്മ്യത്തെ ആസ്പദമാക്കി ഗോത്രങ്ങളായി വിഭജിച്ചതും ചുരുക്കം ചില ഗോത്രങ്ങളുടെ മൂലഭാഷാസ്വരൂപം നിർണ്ണയിച്ചതുമാണു് 'താരതമ്യാധിഷ്ഠിതഭാഷാവിജ്ഞാനീയ'ത്തിൻെറ (Comparative Linguistics) വിലപ്പെട്ട നേട്ടങ്ങൾ. ഈ രണ്ടു തലങ്ങളിൽ ഭാഷാശാസ്ത്രമെത്തിച്ചേർന്ന നിഗമനങ്ങൾ തികച്ചും കോട്ടമററതാണെന്നു പറഞ്ഞുകൂടാ. ദ്രാവിഡഭാഷകളെ സംബന്ധിച്ചിടത്തോളം ഈ താരതമ്യാത്മകസമീപനം മൂലഭാഷയുടെ പുനർനിർമ്മാണത്തോളം എത്തിയിട്ടില്ല. ഡോ. കാൽഡ്വെല്ലിനുശേഷം വിപുലവും സമഗ്രവുമായ ഒരു പഠനം ഇക്കാര്യത്തിൽ നടന്നിട്ടില്ലെന്നു വേണം പറയാൻ. ഏതെങ്കിലും ഒരു ദ്രാവിഡഭാഷയുടെ പ്രത്യേകതകളിലൊന്നിനെപ്പററി ചർച്ച ചെയ്യുമ്പോൾ മൂലദ്രാവിഡഭാഷയെക്കുറിച്ചു നാം എന്തെങ്കിലും പറയുന്നതു് കേവലം അഭ്യൂഹത്തിലൂന്നി നിന്നുകൊണ്ടാണു്; ശാസ്ത്രീയമായ തെളിവുകളെ ആശ്രയിച്ചല്ല. ആധുനികമലയാളഭാഷയുടെ പല സവിശേഷതകളും ആദിദ്രാവിഡഭാഷയുടേതാണെന്നു വാദിക്കുന്നവർ വെളിച്ചമില്ലാതെ ഇരുട്ടിൽ അലയുകയാണു പലപ്പോഴും. രേഖാമൂലമായ തെളിവുകളുടെ വെളിച്ചത്തിൽ മാത്രം പരിശോധിച്ചാൽ പുരുഷഭേദനിരാസം ഒരു നിരാസം തന്നെയാണെന്നും കേരളപാണിനിയുടെ സിദ്ധാന്തം ഭദ്രമാണെന്നും കാണാം.

അവികസിത ദ്രാവിഡഭാഷകളിലെല്ലാം ക്രിയകൾക്കു പുരുഷഭേദമുണ്ടെന്നു് ആദ്യലേഖനത്തിൽ വ്യക്തമാക്കിയി

ട്ടുണ്ട്. ആധുനിക മലയാളമൊഴിച്ചുള്ള വികസിത ദ്രാവിഡഭാഷകളിലും അങ്ങനെതന്നെയാണ്. വിഭിന്ന ദേശങ്ങളിലെ ഗിരിഭാഗങ്ങളിൽ കുടുങ്ങിക്കിടന്നുപോയ പ്രാകൃത ദ്രാവിഡഭാഷകളിൽ കാണുന്ന സമാനപ്രവണതകളെ ആദിദ്രാവിഡഭാഷയുടെ സവിശേഷതയായി പരിഗണിക്കുകയാണു യുക്തം. ഒന്നൊഴിച്ചു മറെറല്ലാ വികസിതദ്രാവിഡഭാഷകളിലും ആ സവിശേഷത സമാനമാണെങ്കിൽ ഈ നിഗമനം കുറേക്കൂടി പ്രബലമാകുന്നു.

മലയാളത്തിൽ എന്നെങ്കിലും ക്രിയകളുടെ പുരുഷഭേദം നിലവിലിരുന്നതായി തെളിയിച്ചാൽ ഈ പ്രശ്നം ഒരു പ്രശ്നമല്ലാതായിത്തീരും. ഡോ. ജോർജ്ജിനെപ്പോലുള്ളവർ വാദിക്കുന്നതു് മലയാളത്തിൽ, വിശേഷിച്ചും വ്യവഹാരഭാഷയിൽ, ഒരിക്കലും പുരുഷഭേദം ഉണ്ടായിരുന്നില്ലെന്നാണ്; കവിതയിലുണ്ടെങ്കിൽ അതു തമിഴിൽ നിന്നു കടമെടുത്തതാണെന്നും.

കവിതാഭാഷയ്ക്കും വ്യവഹാരഭാഷയ്ക്കും തമ്മിൽ വ്യത്യാസമുണ്ടെന്ന അഭിപ്രായം ഭാഗികമായേ ശരിയാവുകയുള്ളു. ഒരു നാട്ടിലെ കവിതയിൽ ആദ്യം തൊട്ടിന്നോളം നിലനില്ക്കുന്ന ഭാഷാപരമായ ഒരു പ്രത്യേകത മറെറാരു ഭാഷയിൽ നിന്നു കവികൾ സ്വമേധയാ സ്വീകരിച്ചു ചേർത്തതാണെന്നു പറയാനെളുപ്പമാണെങ്കിലും വിശ്വസിക്കാൻ ബുദ്ധിമുട്ടുണ്ട്. വൃത്തങ്ങളോ ആശയങ്ങളോ പദങ്ങളോ അന്യഭാഷയിൽ നിന്നു കവികൾ കൈക്കൊണ്ടെന്നു വരാം; അതു് അനുസ്യൂതവും സ്ഥിരവുമായ ഒരു നിയമമെന്ന നിലയ്ക്കൊട്ടല്ലതാനും. കവിത, അതിൻെറ ചരിത്രത്തിൽ ഏറെ നാഴികക്കല്ലുകൾ പിന്നിട്ടുകഴിഞ്ഞതിനുശേഷമേ, പദരചനാകാര്യത്തിൽ വ്യവഹാരഭാഷയിൽനിന്നു് അല്പമെങ്കിലും അകന്നുപോകുന്നുള്ളു. അകന്നുപോയാൽക്കൂടി കവിതാഭാഷയേയും

വ്യവഹാരഭാഷയേയും നിയന്ത്രിക്കുന്ന സാമാന്യനിയമങ്ങൾ ഏറെക്കുറെ ഒന്നുതന്നെയായിരിക്കും. വ്യാകരണനിയമങ്ങൾ ഏതെങ്കിലുമൊരു പണ്ഡിതന്റെ ബുദ്ധിയിൽ നിന്നു ജനിക്കുന്ന അന്ത്യശാസനങ്ങളല്ല; നേരേ മറിച്ച്, അവ സാമാന്യ വ്യവഹാരഭാഷയുടെ പൊതുപ്രവണതകളാണ്. എഴുതിസൂക്ഷിക്കുന്ന വ്യാകരണനിയമങ്ങൾ കാലക്രമേണ കർക്കശങ്ങളും ചിലപ്പോൾ അനാവശ്യങ്ങളും ആയിത്തീരുന്നതു് വ്യവഹാരഭാഷ വളരെ വേഗം മാറിക്കൊണ്ടിരിക്കയാലത്രേ. അതുകൊണ്ടുതന്നെയാണ് പഴയ വ്യാകരണത്തിന്റെ സ്ഥാനത്തു് പുതിയതു വന്നുകൊണ്ടിരിക്കുന്നതും. ആകയാൽ, പ്രാചീനകവിതകളിൽ കാണുന്ന വ്യാകരണപരമായ ചില പ്രത്യേകതകൾ ഇന്നത്തെ വ്യവഹാരഭാഷയിൽ ഇല്ലാത്തവയാണെന്നതുകൊണ്ടു് അവ അന്യഭാഷയിൽ നിന്നു കടമെടുത്തതാണെന്നു കരുതുന്നതു് ഭാഷയുടെ ചരിത്രത്തിനും ശാസ്ത്രത്തിനും എതിരാണ്. അനാവശ്യവും കൃത്രിമവുമാണ് ആ പ്രത്യേകതകളെങ്കിൽ വിശേഷിച്ചും. കവികളെല്ലാവരും അറിഞ്ഞുകൊണ്ടുതന്നെ ചില പന്തികേടുകൾ മറെറാരു ഭാഷയിൽനിന്നേററുവാങ്ങി സ്വന്തം കവിതയുടെ മേൽ വച്ചുകെട്ടുകയില്ലല്ലോ.

മലയാളകവിതയിൽത്തന്നെ ക്രിയകളുടെ പുരുഷഭേദസമ്പ്രദായത്തിനു് ഒരു പരിണാമം സംഭവിച്ചിട്ടുണ്ടു്. പ്രാചീനമണിപ്രവാളകാവ്യങ്ങളിൽ പ്രായേണ എല്ലാ പുരുഷഭേദങ്ങളിലും ക്രിയയുടെ പ്രയോഗം കാണാം. ലീലാതിലകം നിയമംകൊണ്ടു് ഇതംഗീകരിക്കുന്നുണ്ടു്. കവിതയിൽ ഇന്നാകട്ടെ ഉത്തമപുരുഷന്റെ ഏകവചനത്തിലും പ്രഥമപുരുഷന്റെരണ്ടു വചനങ്ങളിലുംമാത്രമേ ഇതുകാണാനുള്ളു.പ്രയോഗങ്ങളെ സംബന്ധിച്ചിടത്തോളം താരതമ്യേന യാഥാസ്ഥിതികമായ കവിതയിൽപ്പോലും ഇങ്ങനെ മാററം

വന്നിട്ടുണ്ടെങ്കിൽ അനുക്ഷണം മാറിക്കൊണ്ടിരിക്കുന്ന വ്യവഹാരഭാഷയിൽ പുരുഷഭേദപ്രയോഗം മിക്കവാറും അസ്തമിച്ചുകഴിഞ്ഞെങ്കിൽ അതു സ്വാഭാവികം മാത്രമാണ്.

പുരുഷഭേദത്തെക്കുറിച്ച് അടുത്തകാലത്തുചെച്ച്ചെയ്തിട്ടുള്ളവർപോലും കവിതയുടെ കാര്യമല്ലാതെ പഴയ ഗദ്യത്തിന്റെ കഥ മിണ്ടിയിട്ടേ ഇല്ല. കവിതയെ അപേക്ഷിച്ച് ഗദ്യമാണ് വ്യവഹാരഭാഷയോട് അടുത്തു നിൽക്കുന്നത്. അന്നിലയ്ക്കു് പ്രാചീനഗദ്യത്തെ പ്രാചീനവ്യവഹാരഭാഷയ്ക്കുതുല്യമായി ഗണിക്കുന്നതിൽ വലിയ തെറ്റില്ല. പണ്ടത്തെ വ്യവഹാരഭാഷയെക്കുറിച്ചറിയാൻ ഇതല്ലാതെ മാർഗ്ഗമില്ലല്ലോ. നമുക്കു കിട്ടിയിട്ടുള്ള പ്രാചീന ഗദ്യകൃതികളിലെല്ലാം പുരുഷഭേദത്തോടുകൂടിയ ക്രിയാപ്രയോഗങ്ങൾ അങ്ങനെയല്ലാത്തവയോളമോ അവയിലധികമോ ഉണ്ട്. ഇക്കാര്യത്തിൽ ഗദ്യകൃതികൾ കവിതകളെ താഴെയാക്കുന്നു. ചില ഉദാഹരണങ്ങൾ:—

"ആകിൻറമയാൽ ആചാര്യനും ഇഷ്ടദേവതാനമസ്കാരം 'നമഃശുക്രബൃഹസ്പതിഭ്യാം' എന്റ വാക്യംകൊണ്ടു ചെയ്താൻ" —ഭാഷാകൗടലീയം.

"ഞങ്ങളുമങ്ങു നോക്കിപ്പോരിന്റോം"-നളോപാഖ്യാനം.

"അതുകണ്ടരുളിച്ചെയ്താൻ വസിഷ്ഠൻ തിരുവടി"—അംബരീഷോപാഖ്യാനം.

"ഇവ്വണ്ണം ജഗന്മാതാവായിട്ടിരിക്കിൻറ ഭഗവതിയുടെ മാഹാത്മ്യത്തെ യെനക്കറിയിക്കേണമെൻറസുരനാഥനെ നോക്കിയരുളിച്ചെയ്താൻമഹഷി"—ദേവീമാഹാത്മ്യം.

ഈ പ്രാചീനഗദ്യകൃതികളിൽ കാണുന്ന ക്രിയാരൂപങ്ങൾ തൽകർത്താക്കൾ തമിഴിൽ നിന്നു കടമെടുത്തതാവാൻ വഴിയില്ല. എന്നാലും, ഈ ഗദ്യകൃതിതൾ പ്രാചീനവ്യവഹാരഭാഷയുടെ പ്രാതിനിധ്യം വഹിക്കുന്നില്ലെന്നു ചിലക്കു

വാദിക്കാം. അവരുടെ ശ്രദ്ധ ലീലാതിലകത്തിൽ ഒന്നുകൂടി പതിയട്ടെ. "നനു വന്താൻ ഇരുന്താൻ തേങ്കാ മാങ്കാ ഇത്യാദികം ഭാഷന്തേ കേരളാ ഹീന ജാതയഃ" എന്ന ഭാഗം ഒരിക്കൽക്കൂടി ഉദ്ധരിക്കുന്നതു് അസംഗതമാവുകയില്ലെന്നു വിശ്വസിക്കുന്നു. സാധാരണക്കാരായ കേരളീയർ വന്താൻ ഇരുന്താൻ എന്നൊക്കെ സംസാരിക്കാറുണ്ടായിരുന്നു എന്നു ലീലാതിലകകാരൻ തന്നെ സമ്മതിച്ചാൽ പിന്നെ വഴക്കില്ലല്ലോ. വരുവിൻ, കാണ്മിൻ മുതലായ ക്രിയാരൂപങ്ങളിൽ പുരുഷഭേദത്തിൻെറ അംശം ഇന്നും തങ്ങിനിൽക്കുന്നതായി ഡോ. ഗോദവർമ്മ തുടങ്ങിയവർ ചൂണ്ടിക്കാണിക്കുന്നതും ഇവിടെ ഓർക്കുന്നതു കൊള്ളാം.

പഴഞ്ചൊല്ലുകളും പഴയ പാട്ടുകളും കേരളഭാഷയുടെ പ്രാചീന ദശയിലുണ്ടായിട്ടുള്ളവയാണെന്നും അവയിലൊന്നും പുരുഷപ്രത്യയങ്ങൾ ചേർന്ന ക്രിയാരൂപങ്ങളില്ലെന്നും അതുകൊണ്ടു് മലയാളത്തിൽ എന്നെന്നും അങ്ങനെയായിരുന്നെന്നും വാദിക്കുന്നവരുണ്ടു്. ആ വാദം നിരാസ്പദമാണെന്നുമാത്രമേ ഇവിടെ പറയുന്നുള്ളു. പഴയ പാട്ടുകളെയും പഴമൊഴികളെയും കുറിച്ചു് അടുത്തൊരു ലേഖനത്തിൽ ചർച്ച ചെയ്യുമ്പോൾ ഇതു വ്യക്തമാകും.

സുപ്രധാനമായ ആ പഴയ ചോദ്യം ഇനിയും അവശേഷിക്കുന്നു. ക്രിയയുടെ പുരുഷഭേദപ്രയോഗം കൃത്രിമവും അനാവശ്യവുമായ ഒർാവർത്തനമല്ലേ? ആണെങ്കിൽ അതു ഭാഷയുടെ വികാസ ചരിത്രത്തിലെ ഒരു സങ്കീർണ്ണ ഘട്ടത്തെയല്ലേ ഉദാഹരിക്കുന്നതു്?

ഇവിടെ, ഒരതിപ്രാചീനഭാഷയെക്കുറിച്ചുള്ള നമ്മുടെ സങ്കല്പത്തിൻെറ സ്വഭാവം എന്തെന്നു ചിന്തിക്കേണ്ടതുണ്ടു്. മനുഷ്യൻ ഉച്ചരിതശബ്ദങ്ങളുപയോഗിച്ചു് ആശയവിനിമയം ആരംഭിച്ചതു് എത്ര ശതസഹസ്രവർഷങ്ങൾക്കു

മുൻപാണെന്നു് ഏകദേശമായെങ്കിലും പറയുക പ്രയാസമാണു്. മനുഷ്യനെ മനുഷ്യനാക്കിയ പരിണാമ പ്രക്രിയയുമായി ബന്ധപ്പെട്ട ചോദ്യമാണിതു്. ഏററവും പ്രാചീനമെന്നു നാം സങ്കല്പിക്കുന്ന ഒരു ഭാഷയുടെ അതിപ്രാക്തന ദശയ്ക്കു പിൻപിൽ പോലും പരിണാമത്തിന്റെ ദീർഘചരിത്രമുണ്ടാവും. ഭാഷ ആദ്യകാലത്തു ലളിതമായിരുന്നോ സങ്കീർണ്ണമായിരുന്നോ എന്ന ചോദ്യത്തിനു ഭാഷാശാസ്ത്രകാരന്മാരാരും തീർത്തുമൊരുത്തരം പറഞ്ഞിട്ടില്ല; പറയാനൊട്ടു സാദ്ധ്യവുമല്ല. എല്ലാ ഭാഷകളും ഒരേരീതിയിലുള്ള പരിണാമപദ്ധതികൾ സ്വീകരിച്ചുകൊള്ളണമെന്നില്ലെന്നു മാത്രമേ അതിനെക്കുറിച്ചു പറയാനുള്ളു. മനുഷ്യന്റെ അടിസ്ഥാനപരമായ മാനസിക പ്രേരണകൾ ഏതാണ്ടൊരുപോലെയാകയാൽ, വ്യാപകമായ ഒരർത്ഥത്തിൽ, ഭാഷകളെല്ലാം സമകാലജാതങ്ങളാണെന്നു പറയാം. ഇന്നു നാം അറിയുന്ന ഭാഷാഗോത്രങ്ങളെല്ലാം ഒരേയൊരു മൂലഭാഷയുടെ പരിണാമഭേദങ്ങളാണോ, അതോ ഭിന്നപ്രഭവങ്ങളാണോ എന്നുപോലും ഇതുവരെ തീർച്ചപ്പെട്ടുത്തിയിട്ടില്ല. രണ്ടായാലും ആ ഭാഷയോ ഭാഷകളോ വിഭിന്നസാഹചര്യങ്ങളിൽ വികാസത്തിന്റെ വ്യത്യസ്തമാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ടെന്നു തീർച്ച.

ആദിദ്രാവിഡഭാഷയുടെ ചരിത്രാതീതപ്രവണതകളെക്കുറിച്ചു് നമുക്കു് ഒന്നും ഉറപ്പിച്ചു പറഞ്ഞുകൂടാ. അതു ലളിതമോ സങ്കീർണ്ണമോ ആയിരിക്കാം; ലാളിത്യവും സങ്കീർണ്ണതയും ഇടകലർന്നതായിരിക്കാനും മതി. ആദ്യം അതു ലളിതമായിരുന്നെന്നു വാദത്തിനുവേണ്ടി സമ്മതിച്ചാൽത്തന്നെയും, പിന്നീടൊരുഘട്ടത്തിൽ സ്വയം സങ്കീർണ്ണമായിത്തീർന്നുകൂടായ്കയില്ല. ഈ അടിസ്ഥാനത്തിൽ വേണം നാം ദ്രാവിഡഭാഷാക്രിയകളുടെ പുരുഷഭേദത്തെക്കുറിച്ചുചിന്തിക്കാൻ.

വന്നാൻ (വന്നു+ആൻ) എന്നു പറഞ്ഞാൽ അവൻ വന്നു എന്നത്ഥം. 'ആൻ' എന്നതു് 'അവൻ' എന്നതിൻെറ രൂപാന്തരമാണു്. അപ്പോൾ 'അവൻ വന്നാൻ' എന്നു പറഞ്ഞാൽ 'അവൻ വന്നു അവൻ' എന്നർത്ഥമാകും. ഇവിടെ കർതൃപദം ആവത്തിച്ചിരിക്കുന്നു ആവശ്യമില്ലാതെ. ഈ ആവത്തനം എങ്ങനെ കടന്നുകൂടി? മലയാളമുൾപ്പെടെയുള്ള എല്ലാ ദ്രാവിഡഭാഷകളിലും ഇങ്ങനെയാണെന്നു നാം കണ്ടുകഴിഞ്ഞു. ഈ സവിശേഷതയെക്കുറിച്ചു് ഒരഭ്യൂഹം നടത്തുകയാണു താഴെ. വെറുമൊരഭ്യൂഹം.

ജീവിതം ക്രിയാപ്രധാനമാകയാൽ ജീവിതത്തിൻെറ ആവശ്യവും പ്രതിഫലനവുമായ ഭാഷയിൽ ക്രിയാപദങ്ങൾക്കു പ്രാമുഖ്യം ലഭിക്കുക സ്വാഭാവികമാണു്; മനുഷ്യസമുദായത്തിൻെറയും ഭാഷയുടെയും ശൈശവാവസ്ഥയിൽ വിശേഷിച്ചും. വാക്യങ്ങൾക്കു് ആശയപൂത്തിവരുത്തുന്നതു് ക്രിയകളാണല്ലോ. ക്രിയകൾക്കും മററു ശബ്ദങ്ങൾക്കും ആവശ്യാനുസൃതമായ വികാരങ്ങളുണ്ടാകുന്നതു് ഭാഷ സാമാന്യം വികാസമാർജ്ജിച്ചതിനുശേഷമാണു്. ആ ഘട്ടത്തിലെത്തിയ ഒരു ഭാഷയാണു് ഇവിടെ നമ്മുടെ സങ്കല്പത്തിലിരിക്കുന്നതു്. ആ അതിപ്രാചീനദ്രാവിഡഭാഷയിൽ ക്രിയകൾക്കു താരതമ്യേന കൂടുതൽ പ്രാധാന്യമുണ്ടായിരുന്നതായി കരുതണം. ആകയാൽ ആകാംക്ഷയിൽ ആ ക്രിയാപദങ്ങളെ അനുഗമിക്കുകയേ ചെയ്തിരുന്നുള്ളു കർതൃപദങ്ങളെന്നു വിചാരിക്കേണ്ടിയിരിക്കുന്നു.

ഭാഷയുടെ കോപ്പും ജീവിതത്തിൻെറ പരപ്പും പരിമിതമായിരുന്ന ആ പ്രാചീനകാലത്തു് പ്രാകൃത മനുഷ്യർ കഷ്ടിച്ചു് ആശയം കൈമാറുമ്പോൾ വക്താവും ശ്രോതാവും പരാമർശിക്കപ്പെടുന്ന ഇതര വ്യക്തികളും ആയിരിക്കും കർതൃസ്ഥാനത്തുവരിക. അതുകൊണ്ടു് സവ്വനാമങ്ങൾക്കു്

ഇതര പദങ്ങളെക്കാൾ പ്രയോഗപ്രാചുര്യം ഉണ്ടായിരുന്നതായി ധരിക്കാം. അങ്ങനെ ക്രിയ ആദ്യവും കർത്താവിനെക്കുറിക്കുന്ന സർവ്വനാമം രണ്ടാമതും പ്രയോഗിച്ച് ക്രമേണ രണ്ടും കൂടിച്ചേർന്ന് ഒരൊറ്റ ഘടകമായിത്തീരുകയും ഏറെക്കാലത്തിനുശേഷം പ്രയോഗവശാൽ ക്രിയാർത്ഥം മാത്രം വിവക്ഷിതമാവുകയും ചെയ്തിരിക്കണം.

കാര്യകാരണബന്ധം ആരാഞ്ഞുകൊണ്ടല്ല പലപ്പോഴും ഭാഷ വളരുന്നത്. പദങ്ങൾക്ക് അവയവാർത്ഥത്തിൽ നിന്നു വ്യതിരിക്തമായി രൂഢ്യർത്ഥങ്ങളുണ്ടാകുന്നത് അതുകൊണ്ടാണ്. എള്ളിന്റെ നെയ്യാണ് എണ്ണ; വെളുത്ത നെയ്യാണ് വെണ്ണ. എള്ളെണ്ണ, മണ്ണെണ്ണ, വെളിച്ചെണ്ണ, എണ്ണക്കുരു എന്നൊക്കെ പറയുമ്പോൾ 'എണ്ണ'യുടെ അവയവാർത്ഥത്തിൽ നിന്നു നാം തെററിപ്പിരിയുന്നു. പ്രയോഗസാധാരണതയാണ് ഇതിനു കാരണം. അതുപോലെ ആയിരുന്നിരിക്കണം പുരുഷഭേദക്രിയകളുടെ കാര്യവും.

സംസ്കൃതം തുടങ്ങിയ ഇന്തോയൂറോപ്യൻഭാഷകളിലും ക്രിയാരൂപങ്ങളുടെ ഈ സവിശേഷത, ഈ രീതിയിലല്ലെങ്കിൽ മററാരു രീതിയിൽ കാണാം. ക്രിയകളുടെ പുരുഷവചനഭേദം സംസ്കൃതാദിഭാഷകളിലും ഉണ്ടല്ലോ. സംസ്കൃതത്തിൽ 'അസ്മി' എന്നു പറഞ്ഞാൽത്തന്നെ 'ഞാനുണ്ട്', ഞാനാകുന്നു' എന്നിങ്ങനെ അർത്ഥമുണ്ടെന്നിരിക്കെ 'അഹം അസ്മി' എന്നു കർതൃപദം ആവർത്തിക്കുന്നത് അനാവശ്യമല്ലേ? കർത്താവിന്റെ ഏകത്വം അന്യഥാസിദ്ധമാണെങ്കിലും വർത്തമാനകാലക്രിയയിൽ ഒരു 's' കൂടിച്ചേർത്ത് ആ ഏകവചനത്വം ആവർത്തിച്ചു സൂചിപ്പിക്കുന്ന സമ്പ്രദായം ഇംഗ്ലീഷ് ഭാഷ ഇന്നും സൂക്ഷിക്കുന്നുണ്ടല്ലോ. പരിണതലാളിത്യത്തിലെത്തിയ ഇംഗ്ലീഷിന്റെ സ്ഥിതിയിതാ

ണെങ്കിൽ ആദിദ്രാവിഡ ഭാഷയിൽ പുരുഷഭേദം നിലനിന്നതിൽ അസ്വാഭാവികമായൊന്നുമില്ല.

ഇന്ത്യയിലെ ആര്യഭാഷയിൽ, അതിൻെറ ആദ്യകാലത്തുതന്നെ, ഗണനീയമായ സ്വാധീനത ചെലുത്തിയിട്ടുണ്ട് ദ്രാവിഡഭാഷ. അന്നും അതു് പ്രാകൃതലാളിത്യത്തിൽനിന്നു് ബഹുമുഖവികാസത്തിൻേറതായ സങ്കീർണ്ണതയിലേക്കു കടന്നിരുന്നില്ലെന്നു വിശ്വസിക്കാൻ പ്രയാസം. ആധുനിക ദ്രാവിഡഭാഷകളെല്ലാം പുരുഷഭേദത്തിൻെറ കാര്യത്തിലെങ്കിലും, ആ വാദത്തിന്നെതിരാണു്.

സ്വരസംവരണത്തിനും പുരുഷഭേദ നിരാസത്തിനും നേരിടേണ്ടിവന്ന എതിർപ്പ് അനുനാസികാതിപ്രസരത്തിൻെറയും താലവ്യാദേശത്തിൻെറയും നേർക്കുണ്ടായിട്ടില്ല. ആകയാൽ അവയെക്കുറിച്ചൊരു ചർച്ച ഇവിടെ അസംഗതമാണു്. 'ഖിലോപ സംഗ്രഹ'ത്തെക്കുറിച്ചു പിന്നെപ്പറയാം.

# പഴയപാട്ടുകളും പഴഞ്ചൊല്ലുകളും മററും

പഴയ പാട്ടുകളും പഴഞ്ചൊല്ലുകളുംഭാഷാപഠനത്തിനു് ഒരതിർത്തിയോളം സഹായകങ്ങളാണു്. മലയാളത്തിൽ അവ ധാരാളമുണ്ടുതാനും. ഈ പാട്ടുകളെയും ചൊല്ലുകളെയും ഭാഷാപരമായി വിലയിരുത്തുന്നതു വളരെ സൂക്ഷിച്ചു വേണം. പഴയ എന്ന വിശേഷണം ഒരു പരിമിതാർത്ഥത്തിലേ നാം മനസ്സിലാക്കാവൂ.

സാഹിത്യത്തിൻെറ മാത്രമല്ല, ഭാഷയുടെയും ആവിർഭാവം ഗാനരൂപത്തിലായിരുന്നു എന്നൊരുസിദ്ധാന്തമുണ്ടു്. അതു ശരിയോ തെററോ ആകട്ടെ. ഏതു ജനതയുടെയും ആദ്യത്തെ സാഹിത്യസമ്പത്തു് ഗാനങ്ങളാണു്. കൂട്ടുചേർന്നുള്ളൊരു ജീവിതം അനിവാര്യമായിരുന്ന അതിപ്രാചീനകാലത്തു് സമൂഹാധ്വാനത്തിൻെറയും തജ്ജന്യമായ ആഹ്ലാദപ്രകടനത്തിൻെറയും ശാരീരിക ചലനങ്ങൾ സ്വയമിട്ടുകൊടുത്ത താളത്തിനൊപ്പിച്ചു് പ്രാകൃത ഹൃദയങ്ങളിൽ നിന്നു് അബോധപൂർവ്വകമായി ശബ്ദോപാധികമായൊഴുകിവീണ വൈകാരികാനുഭൂതികളാണു് ആദിമഗാനങ്ങൾ. 'ഞാൻ' എന്നതിനെക്കാൾ 'നമ്മ'ളും ചിന്തകളെക്കാളേറെ വികാരങ്ങളുമാണു് അവയിൽ മുററി നിൽക്കുക.

ആദ്യകാലഗാനങ്ങൾ അന്നത്തെ ഭാഷയുടെ പ്രാതിനിധ്യം വഹിച്ചിരുന്നു എന്നതു നിരാക്ഷേപമാണു്. എന്നാൽ ഒരുരാജ്യക്കാരുടെയും ആദിമഗാനങ്ങൾ അന്നിലയിൽ കണ്ടുകിട്ടിയിട്ടില്ല. കേരളീയ ഗാനങ്ങളുടെ കാര്യം പറയാനുമില്ല. നമ്മുടെ സങ്കല്പത്തിലിരിക്കുന്ന ഒരു പ്രാചീനകേരളീയഗാനത്തിനു് കേരളീയജനജീവിതത്തിനുള്ളത്ര

പഴക്കമുണ്ടാവണം. പഴയ പാട്ടുകളെന്ന പേരിൽ സാഹിത്യചരിത്രകാരന്മാർ ഉദ്ധരിക്കാറുള്ള ഗാനങ്ങൾക്കു് അവരുദ്ദേശിക്കുന്നത്ര പഴക്കമുണ്ടോ? ഏററവും പഴയ സാഹിത്യകൃതിയോടൊപ്പമെങ്കിലും അവ പ്രാചീനമാണോ ?

വടക്കൻ പാട്ടുകളിലും 'ദാരുകവധം' എന്ന കാളിനാടകത്തിലും ഡോ. അച്യുതമേനോനും അദ്ദേഹത്തെത്തുടർന്നു ഡോ. ജോർജ്ജും പ്രാചീന മലയാളഭാഷ കണ്ടെത്താൻ ശ്രമിച്ചിട്ടുണ്ടു്. വടക്കൻ പാട്ടുകളിലെ പുരുഷഭേദരാഹിത്യവും കാളീപൂജയുടെ അതിപ്രാക്തനതയുമാണു് അവരെ ആകർഷിച്ച മുഖ്യവസ്തുതകൾ. പെർസിമകചീൻ ഐ. സി. എസ്സിൻെറ അഭിപ്രായ പ്രകടനം അവരെ പ്രോത്സാഹിപ്പിച്ചിട്ടുണ്ടാവണം.

ഡോ. അച്യുതമേനോൻ പ്രസാധനം ചെയ്ത വടക്കൻ പാട്ടുകളുടെ(Ballads of North Malabar) ഒന്നാം ഭാഗത്തിൻെറ ആമുഖത്തിൽ മകചീൻ ഇങ്ങനെ രേഖപ്പെടുത്തിയിട്ടുണ്ടു്: "സംസ്കൃത ഭാഷയുടെയും ഹിന്ദുമതത്തിൻെറയും സ്വാധീനശക്തി പ്രദർശിപ്പിക്കുന്ന ഒട്ടേറെ ജനകീയഗാനങ്ങൾകേരളത്തിലുണ്ടു്. എന്നാൽ മി. അച്യുതമേനോന്റെ ഇപ്പോഴത്തെ ഗവേഷണങ്ങൾക്കു വിഷയമായിരിക്കുന്ന ചരിത്രപരമായ വീരഗാഥകൾഭാഷയുടെയും പ്രമേയത്തിന്റെയും കാര്യത്തിൽ തികച്ചും മലയാളമാണു്. അവയിലെ ഭാഷ പണ്ഡിതന്മാർക്കു ശ്രവണപരുഷമായിത്തോന്നാം. അതു തികച്ചും ദ്രാവിഡവും സംസ്കൃതത്താൽ മിക്കവാറും അസ്പൃഷ്ടവുമാണു്. സാധാരണ ഗ്രന്ഥഭാഷയിൽനിന്നു തീർത്തും വ്യത്യസ്തമായ ദേശ്യഭാഷയാണതു്; പാമരജനങ്ങളുടെ വ്യവഹാര ഭാഷയ്ക്കു സമാനവുമാണു്. ക്രിയകളുടെ നഷ്ടപ്പെട്ടുപോയ പുരുഷ പ്രത്യയങ്ങൾ ഇതിൽ കാണാനില്ലെന്ന വസ്തുത, മലയാളം തമിഴിൽ നിന്നുണ്ടായതാണു് എന്ന

പ്രബലസിദ്ധാന്തത്തിന്നെതിരായുന്നയിക്കാവുന്ന സുശക്തമായ ഒരു വാദമുഖമാണെന്നുവരാം."[1]

വടക്കൻ പാട്ടുകളിൽ എന്തുകൊണ്ടും പ്രാധാന്യം അർഹിക്കുന്നവ പുത്തൂരംപാട്ടുകളും തച്ചോളിപ്പാട്ടുകളുമാണ്. ആദ്യത്തേതു് ആരോമൽച്ചേവകരെക്കുറിച്ചുള്ള ഗാനങ്ങൾ ഉൾക്കൊള്ളുന്നു. രണ്ടാമത്തേതു് ഒതേനനെക്കുറിച്ചുള്ളതാണ്. ഈ രണ്ടുകൂട്ടം പാട്ടുകളുടെയും കാലത്തെക്കുറിച്ചുള്ള ഡോ. ചേലനാടന്റെ അഭിപ്രായം ശ്രദ്ധാർഹമാണ്. ആരോമൽച്ചേവകരുടെ കാലം ക്രി. 12–ാം നൂററാണ്ടും ഒതേനൻേറതു് 16–ാം നൂററാണ്ടുമാണെന്നു് അദ്ദേഹം കരുതുന്നു.

"പണ്ടത്തെ നമ്മുടെ കാന്നോന്മാര്
അങ്കം പിടിച്ചു കഴിഞ്ഞുപോന്നു
മുന്നൂററ റുപത്തെട്ടു വരിഷമായി
അന്നുതൊട്ടിന്നുവരെയ്ക്കും ഉണ്ണി".
"നമ്മുടെ പണ്ടത്തെക്കാരന്നോന്മാര്
ഇഴവത്തു നാട്ടീന്നു വന്നോരാണെ
ചേരമാൻ പെരുമാളുതമ്പുരാനും
ഓല എഴുതി അയച്ചതല്ലോ
ഇഴവത്തു രാജാവിനു കത്തുകിട്ടി."

പുത്തൂരം പാട്ടുകളിൽ കാണുന്ന ഈ രണ്ടു ഗാനഭാഗങ്ങളെ ആസ്പദമാക്കിയാണു് ആരോമൽച്ചേവകരുടെ കാലം 12–ാം നൂററാണ്ടാണെന്നു് ഡോ. മേനോൻ അഭിപ്രായപ്പെടുന്നതു്. ഇവിടെ ചില ചോദ്യങ്ങൾ പൊന്തിവരുന്നു. ഏതു ചേരമാൻപെരുമാളാണു് ചേകോന്മാരെ ഈഴത്തുനാട്ടിൽ നിന്നു വരുത്തിയതു്? മുന്നൂററുപത്തെട്ടു വർഷത്തിൻെറ ഈ അററ കണക്കു് അപ്പടി വിശ്വസി

1 Ballads of North Malabar, Preface, p. ii.

ക്കാമോ ? പാട്ടും പാട്ടിൽ വിവരിക്കുന്ന സംഭവങ്ങളും ഒരു കാലത്തുതന്നെയുണ്ടായതാണെന്നു കരുതാമോ ?

അവസാനത്തെ പെരുമാൾ കൊല്ലം 278ലെ കൊല്ലത്തു രാമേശ്വരം ശിലാരേഖയിൽ പരമാർശിക്കപ്പെടുന്ന രാമവർമ്മ കുലശേഖരനാണെങ്കിൽ, അദ്ദേഹമാണ് ചേകോന്മാരെ ഈഴത്തുനിന്നു് എഴുത്തയച്ചു വരുത്തിയതെങ്കിൽ, പ്രസ്തുത ഗാനങ്ങളിലെ സംഭവങ്ങൾ നടന്നതു് കൊല്ലം 646 അടുപ്പിച്ചാണെന്നുവരും. അങ്ങനെ കരുതുന്നതുതന്നെ '368' എന്ന കണക്ക് തികച്ചും ഒരു ചരിത്രവസ്തുതയായി പരിഗണിച്ചിട്ടാണ്. രാജ്യത്തിൻെറയും രാജവംശത്തിൻെറയും ചരിത്രത്തിൽ ഗവേഷണം നടത്തി ശേഖരിച്ച വിവരങ്ങളാണ് നാടൻ പാട്ടുകളുടെ ഉള്ളടക്കമെന്നു വിശ്വസിച്ചുകൂടാ. തൽക്കാലം അങ്ങനെ വിശ്വസിച്ചാൽത്തന്നെയും, ആരോമൽച്ചേവകരുടെ കാലം ക്രിസ്തു 15-ാം ശതകത്തിൻെറ ഒടുവിലാണെന്നു് ആരാനും പറഞ്ഞാൽ ആ വാദം കാര്യകാരണസഹിതം നിഷേധിക്കാൻ സാദ്ധ്യമല്ല. 15-ാംശതകത്തിൻെറ ഒടുവിൽ ജീവിച്ചിരുന്ന ഒരു ധീര പുരുഷൻെറ ചരിത്രം ഉത്തേജകമായ വീരസ്മരണയെന്ന നിലയിൽ ഗാനമായി രൂപാന്തരപ്പെടുമ്പോഴേക്ക് പിന്നെയും കാലമേറെക്കഴിഞ്ഞെന്നുവരാം. ബുദ്ധനെക്കുറിച്ചു് ഇന്നും കവിതകളുണ്ടാകാറുണ്ട്. ഗാന്ധിജിയെക്കുറിച്ചുള്ള ഇതിഹാസ കാവ്യങ്ങൾ ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു.

ഒതേനൻെറ കാലം 16-ാം നൂററാണ്ടാണെന്നു് ഡോ. മേനോൻ സമ്മതിക്കുന്നു. കൊല്ലം 769 മിഥുനത്തിലാണ് ഒതേനൻ ജനിച്ചതെന്നു് ഒരു പാട്ടിനെ ആസ്പദമാക്കി ആരോ 1925-ലെ 'ഗജകേസരി'യിൽഎഴുതിയിരുന്നലേഖനത്തെക്കുറിച്ചു് അദ്ദേഹം സൂചിപ്പിക്കുന്നുമുണ്ട്. കതിരൂർ

ഗുരുക്കളുടെ ശിഷ്യനായ മായൻകുട്ടിയുടെവെടിയേററാണ് ഒതേനൻ മരിക്കുന്നതു്. പോർത്തുഗീസ്സുകാരുടെ വരവിനു ശേഷമാണ് കേരളത്തിൽ തോക്കു നടപ്പിലാകുന്നതു്.[1] ഇതെല്ലാം പരിഗണിക്കുമ്പോൾ ഒതേനന്റെ ജീവിതകാലം 16-ാം നൂററാണ്ടിനു മുമ്പാവില്ലതന്നെ. ചേവകരെയും ഒതേനനെയും സംബന്ധിക്കുന്ന ഗാനങ്ങൾക്കു് ഭാഷാപരമായ വ്യത്യാസമൊന്നുമില്ല രണ്ടും ഏതാണ്ടൊരു കാലത്തുണ്ടായ താണെന്നു വിശ്വസിക്കുകയാണു യുക്തം. ഉള്ളൂരും മററും ആ അഭിപ്രായക്കാരാണുതാനും.[2]

ഏറിയാൽ മൂന്നോ നാലോ നൂററാണ്ടുകൾക്കു മുൻപുണ്ടായ ഈ നാടൻപാട്ടുകളെ പ്രാചീനമലയാളത്തിന്റെ ഉത്തമമാതൃകകളായി കണക്കാക്കാമോ എന്നതാണ് അടുത്ത ചോദ്യം. അവയിൽ കാണുന്ന പുരുഷഭേദരാഹിത്യത്തെ ചൂണ്ടിക്കാട്ടി ചിലരങ്ങനെ വാദിക്കുമ്പോൾ ഇക്കാര്യം സഗൗരവം ചർച്ചചെയ്യപ്പെടേണ്ടതാണെന്നു വന്നുകൂടുന്നു.

വടക്കൻപാട്ടിലെ ഭാഷാരീതി മനസ്സിലാക്കാൻ ഒരു ഭാഗം ഉദ്ധരിക്കട്ടെ:

"നിന്റെ ഒരു ബന്ധുവാണ് കുഞ്ഞിഒതേനൻ
എന്റൊരനുജനാ കുഞ്ഞ്യൊതേനൻ
ഓനൊന്നും ചെവിയിൽ കടക്കുന്നില്ല
ഏന്തായാലും തന്നെ വേണ്ടതില്ല
ഓനിന്ന് സന്ധ്യക്ക് വന്നൊണ്ടാല്
ഞാനൊ വിളിച്ചു പറയുമല്ലൊ
നീയൊട്ടുംതന്നെ കരകവെണ്ട
അത്തുരം വാക്കതു കേട്ടനേരം
കാവിലെ ചാത്തൊത്ത കുഞ്ഞിച്ചീരു
ചീരു ചിരിച്ചു മടങ്ങുന്നല്ലൊ

---

1. കോകസന്ദേശം (ഇളംകുളം), അവതാരിക, പുറം 19
2. കേരള സാഹിത്യചരിത്രം, ഒന്നാംവാല്യം, പുറം 212

നെരൊട്ടു് സന്ധ്യയങ്ങായെരത്ത്
തച്ചോളി മെപ്പയിലെ കുഞ്ഞ്യാതെനൻ
ഓനൊ പടി കയറി വന്നിതല്ലൊ
ഓനൊ വിളിച്ചു പറയുന്നല്ലൊ
കാവിലെ ചാത്തൊത്ത കുഞ്ഞിച്ചീരു
നന്ന വിശക്കുന്നു കുഞ്ഞിച്ചീരു
ചൊറു വെളമ്പടി കുഞ്ഞിച്ചീരു
അത്തുരം വാക്കതു കെട്ടനേരം
ചീരുവതല്ലെ പറയുന്നത്
തച്ചോളി മെപ്പയിലെ എന്റെ ബന്ധു
കാലും മുഖവും കഴുകിവെഗം
ചൊറും കറിയും കഴിക്കവെണം
അത്തുരം വാക്കതു കെട്ടനേരം
തച്ചോളി മെപ്പയിലെ കുഞ്ഞ്യാതെനൻ
കാലും മുഖവും കഴുകിവെഗം
ഭസ്മത്തിൻകൊട്ടയെടുത്തുവെച്ചു
കയ്യിൽ രണ്ടിലും എടുത്തു ഭസ്മം
നെററിക്കും മാറത്തും തൊട്ടു വെഗം
കിഴക്കു് ഭഗവാനെ നൊക്കിക്കൊണ്ടു്
ജപിച്ചോണ്ടു് തന്നെയത് നിൽക്കുന്നല്ലൊ."[1]

കേരളത്തിന്റെ ഒരു പ്രത്യേകഭാഗത്തു നിലവിലിരുന്ന നാടൻ ഭാഷയാണു വടക്കൻപാട്ടുകളുടേതു്. ആ ഗ്രാമീണ ശൈലിയാണു് അവയെ ചേതോഹരമാക്കുന്നതും. അതേ സമയം ഈ നാടൻഭാഷയുടെ പരിമിതിയും നാം മനസ്സിലാക്കണം. ആ പ്രത്യേക ഗ്രാമവലയത്തിനു വെളിയിൽ കടന്നാൽ ഈ ഭാഷ പലക്കും-ദുർഗ്രഹമാണു്. ഏതു ഗ്രാമത്തിനുമുണ്ടു് അതിന്റേതായ പ്രാദേശികശൈലി. പ്രധാനഭാഷയിൽനിന്നു് അതിനെ വേർതിരിക്കുന്നതു് ധ്വനിപരമായ

1. Ballads of North Malabar Vol. 1, Part II, pp. 25, 26

പ്രത്യേകതകളാണ്. തദ്ദേശമാത്ര സ്ഥിതങ്ങളായ പദങ്ങളുമുണ്ടാകും. ഈ ഗ്രാമീണഭാഷയെ പ്രാചീനഭാഷയായി കണക്കാക്കുന്നതു് അശാസ്ത്രീയമാണ്. അങ്ങനെ കണക്കാക്കിയാൽ ഓരോ ഗ്രാമത്തിലും ഓരോ പ്രാചീന മലയാള ഭാഷയുണ്ടെന്നു സമ്മതിക്കേണ്ടിവരും. പട്ടണവും ഇതിൽ നിന്നു വ്യത്യസ്തമല്ല.

വടക്കൻപാട്ടുകളുടെ എടുത്തുപറയേണ്ട ഒരു സവിശേഷത സംസ്കൃതപദങ്ങളുടെ സന്നിവേശമാണ്. എന്തുകൊണ്ടെന്നറിഞ്ഞുകൂടാ. വടക്കൻ പാട്ടുകളിൽ പ്രാചീനഭാഷാപ്രവണതകൾ കണ്ടെത്താൻ ശ്രമിച്ചിട്ടുള്ളവരെല്ലാം ഈ വസ്തുതയുടെ നേർക്കു കണ്ണടയ്ക്കുകയാണുണ്ടായതു്. മുകളിലുദ്ധരിച്ച മുപ്പതുവരികളിൽ ബന്ധു, അനുജൻ, സന്ധ്യ, വാക്കു്, മുഖം, ഭസ്മം, ഭഗവാൻ, വേഗം എന്നീ സംസ്കൃതപദങ്ങൾ പലേടത്തും പ്രയോഗിച്ചിരിക്കുന്നു. ഈ ഗാനങ്ങളിൽ അകൃത്രിമമായി തങ്ങിനിൽക്കുന്ന സംസ്കൃതപദങ്ങൾ എന്തിനെയാണു കാണിക്കുന്നതു്? ഗ്രാമീണ ജനങ്ങളുടെ വ്യവഹാരഭാഷയിൽപ്പോലും സംസ്കൃതം നല്ലവണ്ണം അലിഞ്ഞു ചേർന്നതിനു ശേഷമാണ് ഈ പാട്ടുകൾ ഉണ്ടായതെന്നു് ഉറപ്പിച്ചു പറയാൻ മററു തെളിവൊന്നും ആവശ്യമില്ല. വടക്കൻ പാട്ടുകളിലെ ഭാഷ ആധുനികമാണെന്നർത്ഥം. കേരളത്തിലെ ആധുനിക വ്യവഹാര ഭാഷയിൽ ക്രിയകൾക്കു പുരുഷഭേദം ചേർക്കാറില്ലാത്തതുകൊണ്ടാണ്, സംഭാഷണഭാഷയിൽ രചിച്ചിട്ടുള്ള ഈ ഗ്രാമീണഗാനങ്ങളിലും പുരുഷഭേദം കാണാത്തതു്; ആ ഭാഷ തമിഴിനെക്കാൾ പ്രാചീനമായതുകൊണ്ടൊന്നുമല്ല.

ദാരുകവധത്തെക്കുറിച്ചുള്ള വിശ്വാസവും ഏതാണ്ടിതുപോലെ തന്നെയാണ്. ദാരുകവധം തനി മലയാളത്തിലെ ആദ്യകാലകൃതിയാണെന്നു് ഡോ. അച്യുതമേനോൻ അഭി

പ്രായപ്പെട്ടുന്നുണ്ടല്ലോ. അതിൻെറ രചനാകാലം രാമചരിതത്തിൻേറതിനൊപ്പമോ അതിനു മുമ്പോ ആണെന്നും അദ്ദേഹം ഉറപ്പിച്ചു പറയുന്നു. [1] ഡോ. ജോർജ്ജും അതു് ഏററു പറയുന്നുണ്ടു്.

ദാരുകവധം എങ്ങനെയാണ് അതിപ്രാചീനമായ മലയാളകൃതിയാകുന്നതെന്നു് എത്ര കണ്ടാലോചിച്ചിട്ടും മനസ്സിലാകുന്നില്ല.

"ഒരായിരത്തി ഒരുന്നൂററി ഒന്നരക്കോടി തിരുപ്പരചേവടിമാരെ കണ്ടു് കണ്ടു് കഥ ചേന്നാൽകതിരാംപാച്ചിലുണ്ടാം; നക്ഷത്രൈകപദം, നാഗഭൃതപദം, നയനാംഗുലി നയനത്തിങ്കൽ ഭിംഗുലി വിംശ ഭോഗിലാം. അഷ്ടപദത്തിങ്കൽ മൊട്ടു വിരിയുന്നൊരു ദൈവസ്തുതി വാക്കുകന്നെ."[2] ഇങ്ങനെയാണു ദാരുകവധത്തിലെ ഭാഷ. പുരുഷഭേദത്തോടു കൂടിയ ക്രിയാപ്രയോഗം മലയാളഗദ്യത്തിലും ഉണ്ടായിരുന്നു എന്നതിനു് ഒന്നാന്തരമൊരു തെളിവാണു ദാരുകവധം. "കാരകനെന്ന നാമവും തന്നേൻ, കാരകാപുരിരാജ്യവും തന്നേൻ," "കിഴക്കേ ഗോപുരവാതിൽക്കൽചെന്നു് ഏഴു ലക്ഷം പടകൊന്നു് അസുരമാംസം ഭക്ഷിച്ചാളല്ലോ" എന്നിങ്ങനെയുള്ള ഭാഗങ്ങൾ നോക്കുക. ദാരുകവധം ഏറ്റവും പഴയ മലയാളത്തിനുദാഹരണമാണെന്നും, ക്രിയകളുടെ പുരുഷഭേദരാഹിത്യമാണു് പ്രാചീന മലയാളത്തിൻെറ പ്രത്യേകതയെന്നും വാദിക്കുന്നവർ ദാരുകവധത്തിലെ പുരുഷഭേദപ്രയോഗങ്ങളുടെ നേക്കു കണ്ണടയ്ക്കുന്നതുനേരംപോക്കായിരിക്കുന്നു. ഇതു 'പച്ച' മലയാളമാണെന്നു ഡോ. ജോർജ്ജ് പറയുമ്പോൾ 'പച്ച' എന്നതുകൊണ്ടു് എന്താണുദ്ദേശിക്കുന്നതെന്നു് അദ്ദേഹത്തിനേ അറിയാവൂ.

---

1 Ezhuttaccan and His Age, p. 14.
2 Kali-worship in Kerala, Part II, p. 75.

കേരളത്തിലെ കാളീപൂജയ്ക്കു മോഹൻ ജോദാരോ സംസ്കാരത്തോടൊപ്പം പഴക്കമുണ്ടാകാം. പ്രാചീന കേരളീയഭാഷയിൽ കാളീഗാനങ്ങളും ഉണ്ടായിരുന്നിരിക്കാം. അവയിലൊന്നാണു ദാരുകവധം എന്നു പറയുന്നതിനോട്ടു മാത്രമേഎതിർപ്പുള്ളു. ഭാഷാസംസ്കൃത യോഗത്തിന്റെ വികാസം പദ്യത്തിലെന്നപോലെ ഗദ്യത്തിലും പരമാവധി വികസിച്ചതിനുശേഷം, പണ്ഡിതനായൊരു ഭക്തൻ എഴുതിയതാവണം ഈ ദാരുകവധം. കാളിയെക്കുറിച്ചുള്ള സങ്കല്പത്തിനു പഴക്കമുണ്ടെന്നതുകൊണ്ടു് കാളിയെപ്പററിയെഴുതുന്ന കവിതകൾക്കും ആ പഴക്കമുണ്ടെന്നു പറയുന്നതു് അയുക്തമാണു്. ദൈവസങ്കല്പത്തിനുള്ളത്ര പ്രാചീനത എല്ലാ ഈശ്വര പ്രാത്ഥനകൾക്കും അനുവദിച്ചു കൊടുക്കാറില്ലല്ലോ.

രേഖപ്പെടുത്തിവയ്ക്കാതെ തലമുറ തലമുറയായി പാടിപ്പോരുന്ന നാടൻപാട്ടുകൾക്കു് മാറ്റം സംഭവിക്കുക സ്വാഭാവികമാണു്. അവയുടെ ഭാഷാപരമായ പല പ്രത്യേകതകളും തേഞ്ഞുമാഞ്ഞു പോയെന്നുവരാം. അടുത്തകാലത്തു പ്രസിദ്ധീകരിച്ചു കാണാറുള്ള പല പഴയ പാട്ടുകൾക്കും പാഠഭേദമുണ്ടാകുന്നതു് ഇതുകൊണ്ടാണു്. ഇതിനു ദൃഷ്ടാന്തമാണു് "കറുത്ത പെണ്ണേ നിന്നെക്കാണാഞ്ഞൊരു നാളു്" എന്നാരംഭിക്കുന്ന വഞ്ചിപ്പാട്ടു്. ഉള്ളൂർ കേരള സാഹിത്യ ചരിത്രത്തിൽ ഈ പാട്ടു് ഉദ്ധരിച്ചിട്ടുണ്ടു്. [1] ശ്രീ. എസ്. ഗുപ്തൻ നായർ പ്രസാധനം ചെയ്ത 'നാല്പതു നാടൻപാട്ടുക' ളിൽ അങ്ങിങ്ങു ചില വ്യത്യാസങ്ങളോടുകൂടിയാണു് ഈ പാട്ടു ചേർത്തിരിക്കുന്നതു്. [2] പാടിപ്പാടി രൂപാന്തരപ്പെട്ടു കൊണ്ടിരിക്കുന്ന നാടൻ പാട്ടുകൾ എന്നുവേണം ഇതിൽ നിന്നു മനസ്സിലാക്കാൻ. വൃത്തത്തിനും ഗാനരീതിക്കും അസ്വ

1 കേരള സാഹിത്യ ചരിത്രം, ഒന്നാം വാല്യം, പുറം 209.
2 നാല്പതു് നാടൻപാട്ടുകൾ, പുറം 34.

ഖകരമായ ശൈഥില്യം സംഭവിക്കുകയില്ലെങ്കിൽ പാട്ടു കളെ സംബന്ധിച്ചിടത്തോളം ക്രിയകളുടെ പുരുഷഭേദം നിരസിക്കപ്പെടാവുന്നതേ ഉള്ളു. മേൽപ്പറഞ്ഞ പാട്ടിൽ ക്രിയകൾക്കു ചിലേടത്തു പുരുഷഭേദമുണ്ട്. ഉള്ളൂർ ഉദ്ധരിച്ചിരിക്കുന്നതു് ഇങ്ങനെയാണ്:

"കറുത്ത പെണ്ണേ നിന്നെക്കാണാഞ്ഞൊരു നാളുണ്ട്
വരുത്തപ്പെട്ടു ഞാനൊരു വണ്ടായിച്ചമഞ്ഞല്ലോ,
തുമ്പിയായ്പ്പറന്നു ഞാനൊരുപള്ളിവാതുക്കൽ
ചെന്നപ്പം
പൂമാലപ്പെട്ടിതലെന്നെയൊരു പൂകൊണ്ടെറിഞ്ഞല്ലോ.
അപ്പൂവും ചൂടിഞാനുമൊരാററരികേ പോകുമ്പോൾ
തന്നാനൊരുത്തൻ പതിനെട്ടു മോതിരം
ചെമ്പല്ലിരുമ്പുമല്ല പിത്തളയല്ലോടല്ല
പതിനെട്ടു മോതിരം പൊൻമോതിരമവൻ തന്നല്ലോ."

'നാല്പതു നാടൻ പാട്ടുക'ളിൽ ഈ പാട്ടിൻെറ ആദ്യത്തെ വരികൾ ഇങ്ങനെയാണ്:

"കറുത്ത പെണ്ണേ നിന്നെക്കാണാഞ്ഞൊരുനാളു
വരുത്തപ്പെട്ടു ഞാനൊരു വണ്ടായ്ച്ചമഞ്ഞേനെടീ"

വ്യത്യാസം പ്രകടമാണ്. ഈ ഗാനത്തിൻെറ പ്രാഗ്രൂപം ഇതിൽ നിന്നൊക്കെ വ്യത്യസ്തമായിരുന്നിരിക്കണം. സംസ്കൃതപദങ്ങളുടെ അഭാവം ഈ ഗാനത്തിൻെറ പ്രാചീനതയ്ക്കു് ഉപോദ്ബലകമായി കരുതാം. പള്ളിയുടെ പരാമർശമുള്ളതുകൊണ്ടു് ഈ ഗാനത്തിനു് അത്ര പഴക്കമില്ലെന്നു വാദിച്ചുകൂടാ. കൊല്ലവർഷാരംഭത്തിൽത്തന്നെ കേരളത്തിൽ ക്രിസ്ത്യൻ പള്ളികളുണ്ട്. ബുദ്ധവിഹാരങ്ങളും അവയുമായി ബന്ധപ്പെട്ട പാഠശാലകളും 'പള്ളി' എന്ന പേരിലാണ് അറിയപ്പെട്ടിരുന്നതു്. ഇതൊരു പഴയ പാട്ടാണെങ്കിൽ ചമഞ്ഞേൻ. മറന്നാൻ, തന്നാൻ എന്നീ ക്രിയാരൂപങ്ങൾ പ്രാചീനമലയാളത്തിൻേറതാകാതെ തരമില്ല.

അപ്പോൾ, നാടൻപാട്ടുകളിൽ ക്രിയകൾക്കു പുരുഷഭേദമി ല്ലെന്നും, അതുകൊണ്ടു് മലയാളത്തിൽ ഒരിക്കലും പുരുഷ ഭേദ ക്രിയാരൂപങ്ങൾ ഉണ്ടായിരുന്നില്ലെന്നും ഉള്ള വാദം നിരസ്തമാകുന്നു.

കേരളത്തിലെ വ്യവഹാരഭാഷയിൽ ഒരു കാലത്തു് പുരുഷഭേദമുള്ള ക്രിയകളും അനുനാസികാതിപ്രസരം, താലവ്യാദേശം, സ്വരസംവരണം എന്നിവ സംഭവിക്കാത്ത രൂപങ്ങളും നിലവിലുണ്ടായിരുന്നു എന്നു് നാടൻ പാട്ടുക ളെത്തന്നെ ആസ്പദമാക്കി സമർത്ഥിക്കാം.

"അടിപെട്ടു കൊത്തിപ്പിടത്താരോ— അമ്മെന്ന
താലിയും മാലെലെ അറുത്താരോ"[1] എന്നാരംഭിക്കുന്ന

മാപ്പിളപ്പാട്ടും,

"മങ്ക തങ്കം മണവാളൻ കതകടച്ചു
എങ്കും പുകൾ പെററവനേ, എന്നുടയ മണവാളാ"[2]

എന്നു തുടങ്ങുന്ന വാതിൽ തുറപ്പാട്ടും നോക്കുക. സ്ഥലപരി മിതിയില്ലായിരുന്നെങ്കിൽ പാട്ടുകൾ മുഴുവൻ ഉദ്ധരിക്കാ മായിരുന്നു. ഈ പാട്ടുകൾ തെക്കൻ തിരുവിതാംകൂറിലോ പാലക്കാട്ടോ പ്രചരിക്കുന്നവയാണെന്നോ കേരളത്തിലെ മുസ്ലീങ്ങളും ക്രിസ്ത്യാനികളും തമിഴ്നാട്ടിൽ നിന്നു കുടി യേറിപ്പാർത്തവരാണെന്നോ ഡോ. ജോർജ്ജു പോലും വാദിക്കുമെന്നു തോന്നുന്നില്ല.

നാടൻ പാട്ടുകളെ ശരിയായി സമീപിച്ചാൽ, ആററൂർ മുതലായ പണ്ഡിതന്മാരുടെയും ഡോ. ജോർജ്ജ് തുടങ്ങിയ ഗവേഷകന്മാരുടെയും സിദ്ധാന്തത്തിൽ നിന്നു തികച്ചും വി രുദ്ധമായ ഒരു നിഗമനത്തിലാണു നാം എത്തിച്ചേരുക എന്നു സ്പഷ്ടം. ഈ പ്രകൃതം ഇങ്ങനെ നില്ക്കട്ടെ.

---

1. നാലുചു നാടൻപാട്ടുകൾ, പുറം 68.
2. ടി പുറം 67,

പഴമൊഴിയിൽ പഴയ മലയാളം കുടുങ്ങിക്കിടപ്പുണ്ടെന്നാണു മറെറാരു വാദം. ഡോ. ഗോദവർമ്മയുടെ അഭിപ്രായത്തിൽ, "പഴഞ്ചൊല്ലുകളെ വ്യാകരിച്ചാൽ ഭാഷയിൽ വാചകങ്ങളായും ദ്യോതകങ്ങളായുമുള്ള ശബ്ദങ്ങളുടെ രൂപഭേദങ്ങളിൽ മിക്കവയും അതേപടി കാണപ്പെടുന്നതിനു പുറമേ അംഗിവാകൃങ്ങളിലുള്ള പദങ്ങളുടെയും അംഗാംഗിവാകൃങ്ങളുടെയും ഘടനാരീതിയും മലയാളത്തിലെ വ്യവസ്ഥിതി സ്വഭാവത്തിനൊത്തവണ്ണം വളരെക്കൊല്ലങ്ങൾക്കു മുമ്പുതന്നെ അവയിൽ ആദൃതമായിരുന്നുവെന്നുള്ളതും വ്യക്തമാകുമല്ലോ."[1] അനേക ശതവർഷങ്ങൾക്കു മുൻപുള്ള നമ്മുടെ ഭാഷയുടെ സ്വഭാവവൈശിഷ്ട്യത്തെ വിശദമാക്കുവാൻ പഴഞ്ചൊല്ലുകൾ എങ്ങനെ പര്യാപ്തമാകുന്നു എന്നു് അദ്ദേഹം വിശദമാക്കുന്നു: "ശൈലികളെയും പഴഞ്ചൊല്ലുകളെയും പോലെയുള്ള ഭാഷാഘടകങ്ങൾ മിക്കവാറും ഉദ്ധാരണങ്ങളുടെ സ്ഥാനം വഹിക്കുന്നവയാകയാൽ അവക്കു് രൂപവിപര്യയം വളരെ ചുരുക്കമായി മാത്രമേ സംഭവിക്കുകയുള്ളു."[2]

ഡോ. ജോർജ്ജ് പറയുന്നു: "മലയാളത്തിലെ പ്രാചീനവ്യവഹാരഭാഷയിൽ എന്നെങ്കിലും ക്രിയകൾക്കു പുരുഷഭേദമുണ്ടായിരുന്നെങ്കിൽ അവയുടെ തരിമ്പെങ്കിലും കാണണമായിരുന്നു പഴഞ്ചൊല്ലുകളിൽ. ഇതു മനസ്സിൽ കണ്ടുകൊണ്ടു് മലയാളത്തിലെ പഴഞ്ചൊല്ലുകളെക്കുറിച്ചു് ഒരു സമഗ്രപരിശോധനം നടത്തിയതിൽ, വ്യവഹാരഭാഷയുടെ ഒരു ഘട്ടത്തിലും ഈ പ്രത്യേകത ഉണ്ടായിരുന്നില്ലെന്ന പൊതുനിഗമനത്തിലാണു ഞാൻ എത്തിച്ചേന്നതു്."[3]

1. കേരളഭാഷാ വിജ്ഞാനീയം, പുറം 191
2. ടി ടി
3. Ramacaritam and Early Malayalam, p. 64

ഇവിടെ ഭാഷാപരിണാമത്തെ സംബന്ധിച്ച ഒരടിസ്ഥാന തത്ത്വം ഓർക്കേണ്ടതുണ്ട്. ഇന്നത്തെ പഴഞ്ചൊല്ലുകളുടെ സ്വരൂപം പണ്ടും അങ്ങനെ തന്നെയായിരുന്നെന്നും വ്യവഹാരഭാഷയിൽ ആവർത്തിച്ചുദ്ധരിക്കപ്പെടുന്നതാണ് അവയുടെ നിശ്ചലമായ നിലനില്പിനു കാരണമെന്നും വാദിക്കപ്പെടുന്നു. ബഹുജനങ്ങൾ നിരന്തരം കൈകാര്യം ചെയ്യുന്നതുകൊണ്ടാണ് ഭാഷയ്ക്കു പല മാതിരി മാററങ്ങളുണ്ടാകുന്നതു്. ഒരു പദത്തിനുപോലും പ്രാദേശികഭേദങ്ങൾ സംജാതമാകുന്നതു് ഇതുകൊണ്ടാണ്. എണ്ണമററ തലമുറകളിൽക്കൂടി, കോടാനുകോടി നാവുകളിലൂടെ ഇന്നു നമ്മുടെ കാതിലും ചുണ്ടിലുമെത്തുന്ന ഈ പഴമൊഴികൾക്കു്, പദങ്ങൾക്കുണ്ടാകുന്ന സമസ്ത പരിവർത്തനങ്ങളും സംഭവിക്കും. അലിഖിതമായ പഴഞ്ചൊല്ലുകൾ വ്യവഹാരഭാഷയുടെ തന്നെ ഒരു ഭാഗമാകയാൽ ഭാഷയ്ക്കുണ്ടാകുന്ന എല്ലാ മാററങ്ങളും അവയിൽ പ്രതിഫലിക്കും. ഒഴുക്കിൽപ്പെട്ടു ബഹുദൂരം സഞ്ചരിക്കുമ്പോൾ പരുക്കൻ പാറക്കഷണങ്ങൾ പോലും തേഞ്ഞു തേഞ്ഞു മസൃണമാകുന്നതുപോലെ നിരന്തരമായ ഭാഷാപരിണാമത്തിൽപ്പെട്ടു് ഈ ചൊല്ലുകളും രൂപാന്തരം പ്രാപിക്കും. നമ്മുടെ കൺമുൻപിൽത്തന്നെ ഇതിനുദാഹരണങ്ങളുണ്ടു്. ഡോ. ഗുണ്ടർട്ടു് സംഭരിച്ചു പ്രസിദ്ധീകരിച്ചിട്ടുള്ള പഴമൊഴികളിൽ പലതും ഇന്നു പ്രചരിക്കുന്നതു് അതേ രൂപത്തിലല്ല. ഹ്രസ്വമായ ഒരു കാലഘട്ടത്തിനുള്ളിൽ ഈ മാറ്റം വരാമെങ്കിൽ നൂറ്റാണ്ടുകൾ വരുത്തിത്തീർക്കാവുന്ന പരിണാമത്തെക്കുറിച്ചു് ഊഹിക്കുകയേ വേണ്ടു.

പഴഞ്ചൊല്ലുകളെ സംബന്ധിച്ചിടത്തോളം തികച്ചും ശ്രദ്ധേയമായ മറെറാരു വസ്തുതയുണ്ടു്. കർതൃപദത്തിനു പ്രസക്തിയും പ്രാധാന്യവുമില്ലാത്ത സാമാന്യതത്ത്വങ്ങളാണവ. ശീലം, വിധി മുതലായവ വിവക്ഷിക്കപ്പെടുമ്പോൾ

തമിഴിലെ പഴഞ്ചൊല്ലുകളിലും ക്രിയകൾക്കു പുരുഷഭേദം പ്രായേണ കാണാനില്ല. ഇന്നത്തെ പഴഞ്ചൊല്ലുകളിൽ ക്രിയകൾക്കു പുരുഷഭേദമില്ലെന്നതുകൊണ്ടു്, കേരളത്തിലെ വ്യവഹാരഭാഷയിൽ ഒരു കാലത്തും ആ ഭേദമുണ്ടായിരുന്നില്ലെന്നു വാദിക്കുന്നതു്, ഭാഷയ്ക്കു് ഒരിക്കലും മാറ്റം സംഭവിക്കുന്നില്ല എന്നു പറയുന്നതിനു തുല്യമാണു്.

ചില പഴയ പദങ്ങളുടെയും പ്രത്യയങ്ങളുടെയും കാര്യമാണു് ഇനി ചിന്തിക്കാനുള്ളതു്. തമിഴിൽ ഇപ്പോൾ പ്രചാരലുപ്തമായിത്തീന്ന ചില പദങ്ങളും പ്രത്യയങ്ങളും ആധുനികമലയാളത്തിലുണ്ടു്. ഈ പ്രത്യേകതയ്ക്കാണു് 'ഖിലോപ സംഗ്രഹം' എന്നു കേരളപാണിനി പേരിട്ടിരിക്കുന്നതു്. അദ്ദേഹം സ്വന്തം സിദ്ധാന്തത്തിനു സ്വയമേല്പിച്ച തിരിച്ചടിയായി ആററൂരും മറ്റും ഇതിനെ കണക്കാക്കുന്നു. പ്രാചീനതമിഴിലെ ചില പ്രയോഗങ്ങൾ ഇന്നത്തെ തമിഴിൽ ഇല്ലാതിരിക്കുകയും അവ മലയാളത്തിൽ നിലനിൽക്കുകയും ചെയ്യുന്നു എന്നു പറഞ്ഞാൽ അവർ അർത്ഥമാക്കുന്നതു് മലയാളത്തിനു തമിഴിനെക്കാൾ പഴക്കമുണ്ടെന്നും അതു് മൂലദ്രാവിഡഭാഷയുടെ സ്വതന്ത്രശാഖയാണെന്നു മത്രേ ! ഈ പഴയ പ്രയോഗങ്ങളുടെ ഒരു സമഗ്രവിവരണം തന്നെ ഉള്ളൂർ കേരള സാഹിത്യചരിത്രത്തിൽ കൊടുക്കുന്നുണ്ടു്. രാമചരിതത്തെക്കുറിച്ചുള്ള പഠനത്തിൽ ഡോ. ജോർജ്ജും ഇതിനെക്കുറിച്ചു പറയുന്നു.

1. പഴയ തമിഴിലെ വർത്തമാനകാലപ്രത്യയമായ 'ഉന്തു' എന്നതു് 'ഉന്നു' എന്നു രൂപാന്തരം പ്രാപിച്ചു് മലയാളത്തിൽ മാത്രം നിലനിൽക്കുന്നു.

2. തമിഴിൽ സാഹിത്യത്തിൽ മാത്രം പ്രയോഗിക്കാറുണ്ടായിരുന്ന 'ആൻ' എന്ന പിൻവിനയെച്ചപ്രത്യയം മലയാളത്തിലെ വ്യവഹാരഭാഷയിലും കാണാം.

3. പഴയ തമിഴിലെ 'നിൻ' (ന്റെ) ഇന്നു മലയാളത്തിൽ മാത്രമേ ഉള്ളു.

4. മലയാളത്തിൽ മധ്യമപുരുഷ ബഹുവചനക്രിയയോടു ചേർക്കുന്ന 'ഇൻ' (ഉദാ: വരിൻ, പോകിൻ) തമിഴിലെ പ്രാചീന കാവ്യങ്ങളിൽ മാത്രം പ്രയോഗിച്ചിട്ടുള്ളതാണ്.

5. 'റ്റ' എന്ന വർത്സ്യവർണ്ണത്തിന്റെ ഉച്ചാരണത്തിൽ മാററം വന്നിട്ടുണ്ട് തമിഴിൽ; ഉച്ചാരണശുദ്ധി മലയാളം ഇന്നും കാത്തു സൂക്ഷിക്കുന്നു.

6. വെയിലത്തു, മഴയത്തു, നിലാവത്തു എന്നിങ്ങനെ 'അത്തു' ചേർത്തുണ്ടാക്കുന്ന ഏഴാം വിഭക്തിരൂപങ്ങൾ തമിഴ് വ്യാകരണം അംഗീകരിക്കുന്നുണ്ടെങ്കിലും അമ്മാതിരി പ്രയോഗങ്ങൾ ഇന്നു മലയാളത്തിലല്ലാതെ തമിഴിൽ ഇല്ല.

ഈ പ്രത്യയങ്ങളും മററും തമിഴിൽ ഒരു കാലത്തു പ്രയോഗിച്ചിരുന്നവയാണെന്ന് എല്ലാവരും സമ്മതിക്കുന്നു. അവ ഇന്നു മലയാളത്തിൽ മാത്രമേ കാണപ്പെടുന്നുള്ളു എന്നതുകൊണ്ട് മലയാളം തമിഴിനെക്കാൾ പ്രാചീനമാകുന്നതെങ്ങനെ ?

ഒരു ഭാഷ വളർന്നുകൊണ്ടിരിക്കുമ്പോൾ പല പദങ്ങളും പ്രയോഗങ്ങളും പ്രചാരലുപ്തങ്ങളോ പരിണാമവിധേയങ്ങളോ ആവുക സ്വാഭാവികമാണ്. ഭാഷയുടെ വികാസമെന്നു പറയുമ്പോൾ അമ്മാതിരി മാററങ്ങൾ കൂടിയാണു നാം ഉദ്ദേശിക്കുന്നതു്. ജീവദ്ഭാഷകൾ ഒരിക്കലും നിശ്ചലമായങ്ങനെ നിന്നുകൊടുക്കാറില്ല. മലയാളത്തിൽത്തന്നെ എത്രയോ പദങ്ങളും പ്രയോഗങ്ങളും ഇങ്ങനെ പ്രചാരം കുറഞ്ഞു് തിരോഭവിച്ചിരിക്കുന്നു. അതു കൊണ്ടാണല്ലോ പ്രാചീനകൃതികളിൽ പലതും ഇന്നു സാധാരണക്കാർക്കു മനസ്സിലാകാത്തതു്.

ഓരോ സാമൂഹികസ്ഥാപനത്തിനും അതിന്റേതായ പദസമുച്ചയവും ശൈലിയുമുണ്ട്. ജന്മിത്തം നിലനിൽ

കുന്ന സാമുദായിക സാഹചര്യത്തിൽ അടിയാനും ജന്മിയും തമ്മിലുള്ള ബന്ധത്തെക്കുറിക്കുന്ന പല പദങ്ങളുമുണ്ടാവും. ഒരു സോഷ്യലിസ്റ്റ് വ്യവസ്ഥിതിയിൽ അവ ആവശ്യമില്ലാതെ വരികയാൽ സ്വയം മറഞ്ഞുപോകുന്നു. രാജവാഴ്ച അവസാനിച്ചതോടുകൂടി എത്രയോ ആചാരവാക്കുകളാണ് വക്താക്കളില്ലാതെ നിഘണ്ടുക്കളിൽ മരിച്ചു കിടക്കുന്നത്. ഇതര ഭാഷകളുമായുള്ള സമ്പർക്കത്തിന്റെ ഫലമായും തദ്ദേശ ഭാഷാപദങ്ങളിൽ ചിലതു തിരോഭവിക്കാറുണ്ട്. സൂര്യൻ, ചന്ദ്രൻ, നക്ഷത്രം മുതലായ സംസ്കൃതശബ്ദങ്ങൾക്കു പകരം വ്യവഹാരഭാഷയിൽ തനി മലയാള ശബ്ദങ്ങൾ ഇന്നു നാം പ്രയോഗിക്കാറില്ലല്ലോ. വളർന്നുകൊണ്ടിരിക്കുന്ന ഒരു ഭാഷയിൽ ശബ്ദങ്ങളുടെ ആവിർഭാവതിരോഭാവങ്ങൾ അനിവാര്യമാണ്.

മറെറാരു തരത്തിലാണ് പ്രത്യയങ്ങൾക്കു മാററം സംഭവിക്കുന്നത്. പ്രാതിപദികങ്ങൾക്കുണ്ടാകുന്നതിനെക്കാളധികം മാററം പ്രത്യയങ്ങൾക്കാണു സംഭവിക്കുക. പ്രത്യയങ്ങൾ തീരെയില്ലാത്ത ഭാഷകൾക്ക് ഇതു ബാധകമല്ല. വിഭക്ത്യാദി പ്രത്യയങ്ങൾക്ക് പ്രാതിപദികനിരപേക്ഷമായ നിലനിൽപ്പുണ്ടായിരുന്നു എന്നു പൊതുവേ സിദ്ധാന്തിക്കപ്പെട്ടുന്നുണ്ടെങ്കിലും വൈകൃതകക്ഷ്യയിൽപ്പെട്ട സംസ്കൃതാദിഭാഷകളുടെ (Inflexional Languages) പ്രത്യയങ്ങൾക്ക് അത്തരം സ്വാതന്ത്ര്യമായ ഒരു സത്ത എന്നെങ്കിലുമുണ്ടായിരുന്നോ എന്നു സംശയം തോന്നത്തക്കവണ്ണമാണ് അവയ്ക്കു പരിണാമം സംഭവിച്ചതു്. ദ്രാവിഡഭാഷകളെപ്പോലുള്ള സംശ്ലിഷ്ടഭാഷകളിലെ (Agglutinative Languages) പ്രത്യയങ്ങളിൽ ചുരുക്കം ചിലതിനു മാത്രമേ ഇന്നു സ്വന്തമായ നിലനിൽപ്പുള്ളു. ആദ്യകാലത്ത് ആ പ്രത്യയങ്ങൾക്കുണ്ടായിരുന്ന അർത്ഥത്തെക്കുറിച്ച് ഊഹിക്കാൻ പോലും ആകാത്തമട്ടിൽ അവയ്ക്കു രൂപാന്തരം സംഭവിച്ചിരിക്കുന്നു.

ഈ അടിസ്ഥാനത്തിൽ നോക്കിയാൽ, തമിഴിൽ പ്രചാരലുപ്തങ്ങളും മലയാളത്തിൽ പ്രചുരപ്രചാരങ്ങളുമായ ഏതാനും പദങ്ങളെയോ പ്രത്യയങ്ങളെയോ ചൂണ്ടിക്കാട്ടി, മലയാളം തമിഴിനെക്കാൾ പ്രാചീനമാണെന്നു വാദിക്കുന്നതു കേവലം നിരർത്ഥകമാണ്. അമ്മാതിരി പ്രത്യയങ്ങളും മററും തമിഴിൽ അതിപ്രാചീനകാലത്തു നിലവിലിരുന്നു എന്നു സമ്മതിച്ചുകൊണ്ടാണ് ഈ വാദമെന്നു വരുമ്പോൾ അതു് അപഹാസ്യവുമായിത്തീരുന്നു.

തമിഴിൽ പ്രചാരലുപ്തമായ പലതും മലയാളത്തിലുണ്ട് എന്നതുപോലെതന്നെ സത്യമാണ്, മലയാളത്തിൽ പ്രചാരമില്ലാതായിത്തീന്ന പലതും തമിഴിലുണ്ടെന്ന കാര്യവും. ഇരു ഭാഷകളിലും ഇന്നില്ലാത്ത ഈ പ്രത്യയാദികൾ ഒരു കാലത്തു് രണ്ടിലും ഒരുപോലുണ്ടായിരുന്നു എന്നതിനു് വ്യാകരണഗ്രന്ഥങ്ങളും പ്രാചീനകാവ്യങ്ങളും തെളിവാണ്. ഇവിടെ യാതൊരാശങ്കയ്ക്കും അവകാശമില്ല. ഒരു ഭാഷാശാസ്ത്രകാരൻ സ്വാഭാവികമായും എത്തിച്ചേരുന്ന നിഗമനം ഇതാണ് : ഒരുകാലത്തു് കേരളത്തിലെയും തമിഴ്നാട്ടിലേയും ഭാഷ ഏതാണ്ടൊന്നുതന്നെയായിരുന്നു.

തമിഴിനെ അപേക്ഷിച്ചു് മലയാളം പ്രാചീനമാണെന്നഭിപ്രായപ്പെടുന്നവർ പഴയ ചില ചരിത്രരേഖകളെക്കുറിച്ചു പറയാറുണ്ട്. ഇന്നത്തെ രീതിയിലുള്ള മലയാളം പണ്ടേയ്ക്കുപണ്ടേ നിലവിലിരുന്നു എന്നു കാണിക്കാനാണ് അവർ ഈ ചരിത്രരേഖകളുടെ പേർ ഉപയോഗപ്പെടുത്തുന്നതു്. ക്രി. 1065-ലെ 'മൂസിയം ശാസനങ്ങൾ', 1251-ലെ 'ആററൂർ ശാസനം', 1273-ലെ ചാത്തന്നൂർ ശിലാരേഖ എന്നിവയാണവ. അവയെക്കുറിച്ചു വിശേഷിച്ചൊന്നും പറയാനില്ല. പ്രാചീന കേരളത്തിൻെറ ചരിത്രത്തെയും ഭാഷയേയും സ്പർശിക്കുന്ന ശിലാതാമ്രശാസനങ്ങളിൽ ദീർഘ

കാലമായി ഗവേഷണം നടത്തിക്കൊണ്ടിരിക്കുന്ന പ്രൊഫ സ്സർ ഇളംകുളം മേല്പറഞ്ഞ ചരിത്രരേഖകളെപ്പററി പ്രസ്താ വിച്ചിട്ടുള്ളതു് ഇവിടെ ഉദ്ധരിക്കുകയേ ചെയ്യുന്നുള്ളു. "1065–ലെ മ്യൂസിയം പ്ലേററ് ഏതാണെന്നു മനസ്സിലാ ക്കാൻ എനിക്കു കഴിയുന്നില്ല...8ാം ശതകത്തിലേയോ 9–ാം ശതകത്തിലേയോ ഒരു രേഖയാണെന്നു സ്പഷ്ടമാണു്"[1] (കൊല്ലം 8-ം 9-ം ശതകങ്ങളെയാണു് ഇവിടെ ഉദ്ദേശി ക്കുന്നതു്) "പഴയ രേഖ പകർത്തിയതായാലും 821-ലെ ചെപ്പേടിനെ അനുകരിച്ചു് ഏതോ ആവശ്യത്തിനുണ്ടാ ക്കിയതായാലും 426-ലെ ആററൂർ താമ്രശാസനം അടുത്ത കാലത്തെഴുതിയിട്ടുള്ളതാണെന്നതിൽ സംശയമില്ല."[2] "ചാത്തന്നൂർ ശാസനത്തിനു പ്രത്യേകതയൊന്നുമില്ല. മല യാള ശാസനമായി പ്രത്യേകമെടുത്തു പറയാൻ കാരണമെ ന്തെന്നും മനസ്സിലാകുന്നില്ല."[3] ശിലാതാമ്രശാസനങ്ങളെ എങ്ങനെയാണു ഭാഷാപഠനത്തിനു പ്രയോജനപ്പെടുത്തേ ണ്ടതെന്നു മുൻപൊരവസരത്തിൽ പറഞ്ഞിട്ടുണ്ടല്ലോ.

1. ചരിത്രത്തിന്റെ പശ്ചാത്തലത്തിൽ, പുറം 55
2. ടി പുറം 52
3. ടി പുറം 56, 57

# രാമചരിതവും പഴയ മലയാളവും

മലയാള ഭാഷയിലെ ഒരു പ്രശ്നമാണ് രാമചരിതം. ഡോ. ഗുണ്ടർട്ട മുതൽ ഡോ. കെ. എം. ജോർജ്ജ് വരെ പലരും ഈ പ്രാചീന കൃതി നിഷ്കർഷിച്ചു പഠിക്കുകയുണ്ടായെങ്കിലും അതിലെ ഭാഷയെക്കുറിച്ച ഭിന്നാഭിപ്രായങ്ങളാണ് ഇന്നുമുള്ളതു്. ഡോ. ഗുണ്ടർട്ടിൻെറ അറിവിൽ പെട്ടിടത്തോളം രാമചരിതമാണ് ഏററവും പഴയ മലയാളകൃതി.[1] രാമചരിതത്തിലേതു് തമിഴ് നിറഞ്ഞ ഒരു കൃത്രിമ മിശ്രഭാഷയാണെന്നു് ഡോ. ജോർജ്ജ് വിശ്വസിക്കുന്നു. ഏ. ആർ., ഉള്ളൂർ, ഇളംകുളം തുടങ്ങിയവർക്ക് രാമചരിതം മലയാളകാവ്യമാണെന്നതിൽ സംശയമില്ല. ആററൂർ, ഡോ. ഗോദവർമ്മ, ഡോ. അച്യുതമേനോൻ മുതലായവർ അതിനെതിരാണ്.

"രാമചരിതാദികളിലെല്ലാം കാണുന്ന ഭാഷാഭേദത്തിനടിസ്ഥാനം ആവക ഗ്രന്ഥകർത്താക്കന്മാരുടെ ദേശഭേദമല്ലാതെ മററൊന്നുമല്ലെന്നു നിസ്സംശയം തീർച്ചപ്പെടുത്താവുന്നതുമാണ്"[2] എന്നു് ആററൂർ പറയുന്നു. ഡോ. അച്യുതമേനോൻെറയും അഭിപ്രായം ഇതു തന്നെ. "തെക്കൻ തിരുവിതാംകൂറിലേയ്ക്കുണ്ടായ പാണ്ഡ്യരാജാക്കന്മാരുടെ തള്ളിക്കയറ്റത്തെക്കുറിച്ചു തിരുവിതാംകൂർ ചരിത്രം രേഖപ്പെടുത്തുന്നുണ്ടു്; കൊല്ലത്തിനു തെക്കുള്ള ഭാഗം എല്ലായ്പോഴും തമിഴിൻെറ സ്വാധീനശക്തിയിൽ പെട്ടിരുന്നു. ഉറച്ച തമിഴ്പക്ഷപാതത്തോടുകൂടിയ ഒരു ദ്വിഭാഷാമേഖലയാണതു്. തിരുവിതാംകൂറിന്റെ ഈ ഭാഗത്തുണ്ടായതാണ രാമചരിതവും രാമകഥപ്പാട്ടും. ആ നിലയിൽ എളുപ്പമാണ്

1. മലയാളം നിഘണ്ടു, മുഖവുര, പുറം 3
2. ഭാഷാസാഹിത്യചരിതം, പുറം 87

അവയുടെ തമിഴ് പ്രവണത വിശദമാക്കാൻ."[1] രാമചരിതകാലത്തു് കേരളത്തിന്റെ ഇതര ഭാഗങ്ങളിലുണ്ടായ രേഖകളും ദാരുകവധം പോലുള്ള തോററം പാട്ടുകളും നല്ല മലയാളത്തിലാണെന്നും അവയിൽ തമിഴിൻെറ കലർപ്പില്ലെന്നുംകൂടി അദ്ദേഹം പ്രസ്താവിക്കുന്നു.[2]

രാമചരിതം ഒരു തെക്കൻ തിരുവിതാംകൂർകാരൻെറ കൃതിയാണെന്നതിനു തെളിവൊന്നുമില്ല. 'ഭോഗിഭോഗശയ്ന'നെ സ്തുതിക്കുന്ന ഏതു കവിയും തിരുവനന്തപുരത്തോ അതിനു തെക്കോ ജീവിച്ചുകൊള്ളണമെന്നില്ലല്ലോ. പ്രസ്തുത കൃതിയുടെ ഒരു പകർപ്പു പോലും തെക്കൻ തിരുവിതാംകൂറിൽ നിന്നോ സമീപ പ്രദേശങ്ങളിൽ നിന്നോ കിട്ടിയിട്ടില്ല. ചിറയ്ക്കൽ, കോട്ടയ്ക്കൽ, കൊയിലാണ്ടി, കൊടുങ്ങല്ലൂർ, കോട്ടയം, മാവേലിക്കര എന്നിവിടങ്ങളിൽ നിന്നാണ് രാമചരിതത്തിൻെറ പ്രധാന മാതൃകകൾ ലഭിച്ചിട്ടുള്ളതു്. ഈ കാവ്യം കേരളത്തിലെല്ലായിടത്തും ഒരുപോലെ പ്രചരിച്ചിരുന്നു എന്നല്ലേ ഇതു കാണിക്കുന്നതു് ?

"താരിണങ്കിന തഴൈക്കുഴൽ മലത്തയ്യൽ മുലൈ-
ത്താവളത്തിലിളകൊള്ളുമരവിന്തനയനാ"

എന്ന രീതിയിലാണ് ഒരു കാലത്തു തെക്കൻ തിരുവിതാംകൂറിലെ ജനങ്ങൾ സംസാരിച്ചിരുന്നതെന്നു വിശ്വസിക്കുക പ്രയാസമാണ്. രാമചരിതം ഒരു ദ്വിഭാഷാമേഖലയിലെ വ്യവഹാര ഭാഷയിൽ എഴുതിയതാണെന്നും അതിൻെറ കർത്താവ് ഒരു തെക്കൻ തിരുവിതാംകൂർകാരനാണെന്നും വാദിക്കുക വെറും വാദത്തിനു വേണ്ടിയാകാനേ തരമുള്ളു.

കുറേക്കൂടി ബുദ്ധിപൂർവ്വകമായ അഭിപ്രായമാണ് ഡോ. ഗോദവർമ്മയുടേതു്. "ഭാഷാസ്വരൂപം അനുസരിച്ച് രാമ

1. Ezhuttaccan and His Age, p. 8
2. Do. p. 14

ചരിതത്തെ ഒരു മിശ്രഭാഷാകൃതിയായി പരിഗണിക്കുന്നതു യുക്തമായിരിക്കും. ചെന്തമിഴിൽ നല്ല പാണ്ഡിത്യം ഉണ്ടെന്നു തെളിയിച്ചിട്ടുള്ള രാമചരിതകർത്താവു് ശുദ്ധമായ ചെന്തമിഴിലോ ശുദ്ധമായ മലയാളത്തിലോ അല്ലാതെ മിശ്രമായ ഒരു ഭാഷാരീതി അവലംബിച്ചിട്ടുള്ളതു് തെക്കൻ തിരുവിതാംകൂറിൽ അക്കാലത്തു് അംഗീകൃതമായിരുന്ന ഒരു പ്രസ്ഥാനവിശേഷത്തെ മുൻനിറുത്തി ആയിരിക്കാനിടയുണ്ടു്."[1] തെക്കൻ തിരുവിതാംകൂറിൽ തമിഴും മലയാളവും കലന്ന ഒരു സാഹിത്യപ്രസ്ഥാനം നിലനിന്നിരുന്നെന്നും അതിനൊരു മാതൃകയാണു രാമചരിതമെന്നും അദ്ദേഹം ഊഹിക്കുന്നു. ഒരു മഹാകാവ്യമെന്നു വിശേഷിപ്പിക്കാവുന്ന രാമചരിതം ഏറിയാൽ ഇരുനൂറുപേരിൽ കവിഞ്ഞു് ആരും വായിക്കരുതെന്നു് തൽകർത്താവിനു നിർബന്ധമുണ്ടായിരുന്നു എന്നു പറയുന്നതിനൊപ്പമാണിതു്. ഡോ. ഗോദവർമ്മ രാമചരിതം മുഴവൻ വായിച്ചിട്ടുണ്ടായിരുന്നെന്നും അതിന്റെ സാഹിത്യഭംഗിയും ഭാഷാഗൗരവവും അദ്ദേഹത്തെ ആകർഷിച്ചിരുന്നെന്നും വ്യക്തമാണു്. ഇല്ലായിരുന്നെങ്കിൽ, തെക്കൻ തിരുവിതാംകൂറിലെ വ്യവഹാരഭാഷയിൽ ഏതോ അനഭ്യസ്തൻ എഴുതിപ്പിടിപ്പിച്ചതാണു് ആ പാട്ടെന്നു് അദ്ദേഹവും വാദിക്കുമായിരുന്നു.

രാമചരിതത്തെക്കുറിച്ചു് കാര്യമായി ഗവേഷണം നടത്തിയ ആളാണു് ഡോ. ജോർജ്ജ്. അദ്ദേഹത്തിന്റെ 'രാമചരിതവും പ്രാചീന മലയാളഭാഷാപഠനവും' എന്ന ഗവേഷണ പ്രബന്ധം ശ്രദ്ധേയമാണു്. രാമചരിതം മലയാളമാണോ, അധികം തമിഴും അല്പം മലയാളവും കലന്ന കൃത്രിമമിശ്രഭാഷയിലെഴുതിയതാണോ എന്നു തീരുമാനിക്കാൻ

1, കേരളഭാഷാവിജ്ഞാനീയം, പുറം 144

ഡോ. ജോർജ്ജിൻെറ പ്രബന്ധത്തെ സശ്രദ്ധം അപഗ്രഥിച്ചാൽ മതി.

അദ്ദേഹത്തിൻെറ ഗവേഷണത്തെക്കുറിച്ചു പര്യാലോചിക്കുമ്പോൾ ആദ്യമേതന്നെ ഒരു കാര്യം ഊന്നിപ്പറയേണ്ടതുണ്ടു്. സംശോധിതമല്ലാത്ത, പ്രബലമായ ചില പൂർവ്വധാരണകളുടെ പ്രഹതമാർഗ്ഗത്തിലൂടെയാണു് ഡോ. ജോർജ്ജ് മുന്നോട്ടു പോകുന്നതു്. ഇന്നു നമുക്കു ലഭിച്ചിട്ടുള്ള നാടൻ പാട്ടുകളും തോററം പാട്ടുകളും അതിപ്രാചീനങ്ങളാണെന്നും അവ ആദിമലയാളത്തിൻെറ സവിശേഷതകൾക്കൊള്ളുന്നുണ്ടെന്നും അദ്ദേഹം അടിയുറച്ചു വിശ്വസിക്കുന്നു. ഡോ. ജോർജ്ജിൻെറ നോട്ടത്തിലും "രാമചരിതം ഒരു തെക്കൻ കൃതിയാണെന്ന വസ്തുത അനിഷേധ്യമാണു്."[1] ആററൂരും ഡോ. അച്യുതമേനോനും മററും ഇതേ അഭിപ്രായക്കാരാണെങ്കിലും തങ്ങളുടെ അഭിപ്രായം ശാസ്ത്രീയമായി സമർത്ഥിക്കാൻ അവരാരും ഒരുമ്പെട്ടിട്ടില്ല. ഡോ. ജോർജ്ജെങ്കിലും തൻെറ വാദഗതി ഇവിടെ നിന്നാണു് ആരംഭിക്കുന്നതെന്നോർത്തു്. അതിനൊന്നു ശ്രമിക്കേണ്ടതായിരുന്നു. അസിദ്ധമായ ഒന്നിനെ സിദ്ധവൽകരിച്ചുകൊണ്ടു് മുമ്പോട്ടു നീങ്ങുക ശാസ്ത്രീയ ഗവേഷണത്തിനു് നിരക്കുന്നതല്ല.

ഡോ. ജോർജ്ജ് രാമചരിതത്തിലെ ആദ്യത്തെപത്തു പടലങ്ങളിലാണു ഗവേഷണം നടത്തിയിരിക്കുന്നതു്. കാര്യങ്ങൾ അടുക്കി ക്രമപ്പെടുത്തി ഒരു ഗവേഷണപ്രബന്ധത്തിന്റെഅന്തസ്സു പാലിക്കുന്നതിൽ അദ്ദേഹം വിജയിച്ചിട്ടുണ്ടു്. വർണ്ണവികാരം, വ്യാകരണകാര്യം, പദസമുച്ചയംഎന്നീമൂന്നു പാധികളിലൂടെയാണു് പഠനത്തിൻെറ കാതലായ അംശം പുരോഗമിക്കുന്നതു്. മുൻപറഞ്ഞ മൂന്നിനങ്ങളിൽ ഓരോന്നിനേയും 1) മലയാളത്തിലുംതമിഴിലും പൊതുവേഉള്ളതു്,

1. Ramacaritam and the Study of Early Malayalam p. 38

2) മലയാളത്തിൽ മാത്രമുള്ളതു്, 3) തമിഴിൽ മാത്രമുള്ളതു് എന്നിങ്ങനെ മൂന്നായി തരംതിരിക്കുന്നുണ്ടു്. ഇങ്ങനെ ചിട്ടപ്പെടുത്തി പഠിച്ചതിനു ശേഷം ഓരോ ഇനത്തിലും തമിഴിനാണു മുൻതൂക്കമെന്നും അതുകൊണ്ടു് രാമചരിതം മലയാളമല്ലെന്നും അദ്ദേഹം കണ്ടുപിടിച്ചിരിക്കുന്നു.

വർണ്ണവികാരം, വ്യാകരണകാര്യം, പദസമുച്ചയം എന്നിവയിൽ ഏറ്റവും സ്ഥൂലമായതു് ഒടുവിലത്തേതാകയാൽ ആദ്യം അതിനെക്കുറിച്ചു ചിന്തിക്കുന്നതാണെളുപ്പം.

## രാമചരിതത്തിലെ പദങ്ങൾ

ആദ്യത്തെ പത്തു പടലങ്ങളിലെ പദങ്ങളെ ഇങ്ങനെ തരംതിരിച്ചിരിക്കുന്നു: 1) തത്സമങ്ങളോ തദ്ഭവങ്ങളോ ആയ സംസ്കൃതപദങ്ങൾ 202; 2) മലയാളപദങ്ങൾ 39; 3) തമിഴിനും മലയാളത്തിനും പൊതുവേ ഉള്ളവ 526; 4) തമിഴിൽമാത്രം കാണുന്നവ 96.[1].

സംസ്കൃത പദങ്ങളുടേയോ തമിഴിനും മലയാളത്തിനും പൊതുവേയുള്ളതെന്നു് അദ്ദേഹം സമ്മതിക്കുന്ന പദങ്ങളുടേയോ കാര്യത്തിൽ തക്കമില്ല. തമിഴിൽ മാത്രമുള്ളതെന്നു പറഞ്ഞു് ഡോ. ജോർജ്ജ് എടുത്തുകാണിക്കുന്നവയെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തെ വിശ്വസിക്കാൻ ഒട്ടും നിവൃത്തിയില്ല. എന്തെന്നാൽ ആ പദങ്ങൾ കേരളത്തിലെ ഇന്നത്തെ വ്യവഹാര ഭാഷയിലോ പ്രാചീനമണിപ്രവാള കൃതികളിലോ കാണപ്പെടുന്നവയാണു്. തമിഴെന്നു പറഞ്ഞുകൊണ്ടു് ഡോ. ജോർജ്ജ് രാമചരിതത്തിൽ നിന്നുദ്ധരിക്കുന്ന പദങ്ങളെല്ലാം താഴെ ചേർക്കുന്നു.

1) അടൈന്തു, 2) അണ്ണൽ, 3) അമിഴും, 4) അമിഴ്‌ം, 5) അരിപ്പും, 6) അരിയവൻ, 7) അരും, 8) അരുവൈ,

---

1. Ramaçaritam and Early Malayalam pp. 144, 166.

9) അഴഞ്ഞു, 10) അറ (completely), 11) അറന്ത, 12) അറൈച്ചു (made an end) 13) ആട്ടവതു, 14) ഇകൽ, 15) ഇപ്പടി, 16) ഇയമ്പിനാൻ, 17) ഇയൽ, 18) ഇലകും, 19) ഇഴിവു, 20) ഇനിയ, 21) ഈടി, 22) ഉര, 23) ഉവരി, 24) ഉള (inside), 25) ഉളർ, 26) ഉഴറി, 27) ഉറവു, 28) ഉറുതി, 29) ഉറും, 30) ഊറ്റു, 31) എസ്സുതൽ, 32) എഴിൽ, 33) എൻ, 34) ഒട്ടലർ, 35) ഒൺ, 36) ഒന്നാർ, 37) ഓത, 38) കറുത്തു, 39) കളിർ, 40) കുട്ടമ, 41) കുമറുതൽ, 42) കുരക്കു, 43) കുറൾ, 44) ക്കുറുക, 45) ക്കുറ്റൻ, 46) കൊട്ടമ, 47) ചില, 48) ചിനം, 49) ചീർമ, 50) ചീറ്റം, 51) ചുറ്റം, 52) ചെഴ, 53) തമ്മെ, 54) തമയൻ, 55) തിൺമ, 56) തുയർ, 57) തുയിൽ, 58) തുര, 59) നലം, 60) നാട്ടക, 61) നിമ്മിൽ, 62) നീർ, 63) നുതൽ, 64) നെറി, (wavy appearance), 65) നെറി (intelligence), 66) നൊയ്യവർ, 67) പകഴി, 68) പട്ടം, 69) പരവ, 70) പരുകുതൽ, 71) പളകു, 72) പുണരി, 73) പുരി, 74) പുനൽ, 75) പുനൈന്തു, 76) പെറു, 77) പേ, 78) പൊരുന്തും, 79) പൊല്ലാ, 80) മങ്കയർ, 81) മടന്ത, 82) മലി, 83) മറിവു, 84) മറുകി, 85) മാഴ, 86) മാറാം, 87) മിടർ, 88) മീൾ, 89) മുരൺ, 90) മുൽച്ചൊല്ലു, 91) മുനിവു, 92) മെൻ, 93) മൈന്തൻ, 94) വിന, 95) വെർപ്പു, 96) വൈയോൻ.

ഇവിടെ പദഃഛരദത്തിലും അൎത്ഥകല്പനയിലും ഡോ. ജോൎജ്ജിനു് അനവധാനതയാൽ പറ്റിയ ചില പാളിച്ചകൾ എടുത്തു കാട്ടാതെ തരമില്ല. അരിയവൻ (dear one), അറൈച്ചു (made an end), ഉള (inside), നെറി (wavy appearance), മെൻ (soft) എന്നിവയുടെ കാൎയ്യത്തിലാണു ഡോക്ടർക്കു പ്രധാനമായും പ്രമാദം പറ്റിയതു്. ബ്രാക്കറ്റിൽ കൊട്ടത്തിരിക്കുന്നതു് അദ്ദേഹത്തിന്റെ അൎത്ഥമാണു്.

അരിയവൻ. "അരിയവൻപിറവിയാംതുയർ" എന്നാണു രാമചരിതഭാഗം. അരിയ,വൻ എന്നിവ രണ്ടും 'പിറവിയാം തുയരി'ന്റെ (ജന്മദുഃഖത്തിന്റെ) വിശേഷണങ്ങളാണു്. ഡോ. ജോർജ്ജ് ആ രണ്ടു വിശേഷണങ്ങളും ഒററപ്പദമാണെന്നു കരുതി dear one (പ്രിയപ്പെട്ടവൻ, പ്രിയപ്പെട്ടവൾ, പ്രിയപ്പെട്ടതു്) എന്നർത്ഥം പറഞ്ഞിരിക്കുന്നു. ജീവിതദുഃഖം എങ്ങനെയാണാവോ പ്രിയംകരമാവുക!

അറൈച്ചു. "കുയിൽമൊഴിയാളെ മീൾവാൻ കുലമറൈച്ചിലയെടുത്ത" എന്നു രാമചരിതം. 'കുയിൽമൊഴിയാളെ വീണ്ടെടുക്കാൻ വേണ്ടി ശത്രുവിന്റെ വംശം അററുകവണ്ണം (അററുപോകത്തക്കവണ്ണം) വില്ലെടുത്ത' എന്നാണു കവിയുടെ വിവക്ഷിതം. അവസാനിപ്പിച്ചു (made an end) എന്ന അർത്ഥത്തിലല്ല ഇവിടെ പ്രയോഗമെന്നു സ്പഷ്ടം. 'അറൈച്ചു' എന്നു പൂർണ്ണക്രിയയാക്കിയാൽ ശ്രീരാമനെക്കൊണ്ടു് ഇല എടുപ്പിക്കേണ്ടിവരും. അറൈച്ചു+ഇലയെടുത്ത=അറൈച്ചിലയെടുത്ത.

ഉള. ഉള്ളിൽ (inside) എന്നർത്ഥനിർദ്ദേശം. "ഏഴിനുമുളകടപ്പാനിയന്തിരപ്പാലം ചുററും" എന്നാണു പ്രസക്തഭാഗം. ലങ്കാനഗരിയിലെ ഏഴു വൻകിടങ്ങുകളെ വർണ്ണിക്കുന്നതാണു സന്ദർഭം. 'ഉള' എന്നതിനു് 'ഉള്ളിൽ' എന്നർത്ഥം പറഞ്ഞാൽ വാചകത്തിനു ക്രിയയില്ലാതെ വരും. 'കടന്നുപോകാൻ ഏഴു കിടങ്ങുകൾക്കും യന്ത്രപ്പാലമുണ്ടു്' എന്നുതന്നെ അർത്ഥം പറയണം. ഉള=ഉണ്ടു്.

"മാരൻക്രൂരമ്പുള ചുഴലവും ചെമ്പക-
ക്കാവുതോറും"—ഉണ്ണുനീലിസന്ദേശം.

ചുററും ചെമ്പകക്കാവുതോറും മാരന്റെ ക്രൂരമ്പുകളുണ്ടു് എന്നർത്ഥം.

നെറി. തിരയുടെ ആകൃതി (wavy appearance) എന്നു ഡോ. ജോർജ്ജിന്റെ അർത്ഥം. "കൊണ്ടൽ പതറും നെറി തഴത്ത കുഴലീ" എന്നു രാമചരിതം. 'കാർമേഘം പതറിപ്പോകുംവിധം അഴകിൽ തഴച്ച വാർകുന്തലുള്ളവളേ' എന്നാണാശയം. നെറിക്ക് വിലാസം, അഴക്, വിധം, ആർജ്ജവം എന്നൊക്കെയാണർത്ഥം. 'ഞെറി' എന്ന അർത്ഥത്തിലും പ്രയോഗമുണ്ടെങ്കിലും ഇവിടെ അതല്ല ഉദ്ദേശിക്കുന്നത്.

"ചുടരണി മുറുവൽനെറി, പട്ടതര മധുരമൊഴി"

—ഉണ്ണിയാടി

മുറുവലിനു് (മന്ദഹാസത്തിനു്) തിരമാലകളുടെ ആകൃതിയുണ്ടാവില്ലല്ലോ.

'നെറി'യ്ക്കു് 'ബുദ്ധി' എന്നു് രണ്ടാമതൊരർത്ഥം പറഞ്ഞിട്ടുള്ളതും ശരിയല്ല. 'നേരും നെറിയും', 'നെറികേട്'' എന്നൊക്കെപ്പറയുമ്പോൾ നാം വിവക്ഷിക്കുന്നതാണു് ഇവിടത്തെ അർത്ഥം.

മെൻ. "വീരർതൻ മണിവിളക്കേ മെന്മൊഴിയാളെക്കാൺമാൻ". മെല്‌+മൊഴി ആണു് മെന്മൊഴിയാകുന്നതു്. സന്ധിയിൽ ലകാരം ണകാരമാകുന്നു. മെല്ലടി (മൃദുപാദം), മെല്ലിട (കൃശമധ്യം) മുതലായ പ്രയോഗങ്ങൾ നോക്കുക.

ഒരു പ്രാചീനകൃതിയുടെ ഭാഷാപരമായ സവിശേഷതകളെക്കുറിച്ചു ഗവേഷണം നടത്തുന്ന പണ്ഡിതനു പററിക്കൂടാത്തതാണു് ഇമ്മാതിരി പ്രമാദം.

രാമചരിതത്തിലുണ്ടെന്നു ഡോ. ജോർജ്ജ് തീർത്തും വിശ്വസിക്കുന്ന കൃത്രിമമായ തമിഴ്ക്കലർപ്പിന്നുദാഹരണമായി അദ്ദേഹം എടുത്തുകാണിക്കുന്ന പദങ്ങളെല്ലാം പ്രാചീനമണിപ്രവാളകൃതികളിൽ ധാരാളമായി പ്രയോഗിച്ചിട്ടുള്ളവയാണു്. എന്നല്ല, അവയിൽ ചിലതെങ്കിലും

ഇന്നത്തെ വ്യവഹാരഭാഷയിൽ നിത്യേനഉപയോഗിക്കുന്ന വയുമാണു്. അടയ്യക (മോക്ഷമടയ്യക, മരണമടയ്യക), അരും (അരുംകൊല), അറയ്യക (തോലറയ്യക), ആട്ടക(കളിയാട്ടക), ഇഴിയ്യക(വസ്ത്രമിഴിയ്യക), ഊററുക (ഊററിക്കുടിച്ചു), കറുക്കുക (മുഖംകറുത്തു സംസാരിക്കുക), നെറി (നേരും നെറിയുമില്ലാത്ത കാലം), പട്ടക (പട്ടതിരി കത്തുക), തുയിൽ (തുയിലുണത്തുപാട്ടു്) മുതലായവ ഉദാഹരണങ്ങൾ. ഡോ. ജോർജ്ജ് ഈ വകുപ്പിൽപെടുത്തിയിട്ടുള്ള എല്ലാ പദങ്ങളും രാമചരിതത്തിലെന്നപോലെ പഴയ മണിപ്രവാള കൃതികളിലും സാർവത്രികമാണു്. ഏതാനും ദൃഷ്ടാന്തങ്ങൾ താഴെ കൊടുക്കുന്നു. ലീലാതിലകം, ഉണ്ണുനീലിസന്ദേശം, കോകസന്ദേശം, ഉണ്ണിയാടി, ഉണ്ണിച്ചിരുതേവി, ഉണ്ണിയച്ചി, പദ്യരത്നം, രാമായണംചമ്പു മുതലായവയിൽ നിന്നാണു് ഉദ്ധരിച്ചിരിക്കുന്നതു്.

"പൊന്നിൻമാളിക വിണ്ണുളാർ പുരിതൊട്ടും
തൃക്കാരിയൂരണ്ണലേ,"
"ഏനംമാമാവതെല്ലാമമിയും."
തള്ളും ചോരക്കളിയിലമിഴ ക്കാലനെ
ക്കൊൻറു വീഴ്ത്തി."
"......കള്ളരെന്നുള്ള ശബ്ദം
പോലും കേൾപ്പാനരിപ്പം."
"ചൊല്ലീതെന്നോടരുവയർ മണേ."
"പാരേഴിന്നും തുയിർ കുറവറപ്പോക്കുവാൻ."
"നിൻവിശ്ലേഷ വ്യസനമിവിടെ-
ത്തോൻറകൊണ്ടൊട്ടിയമ്പി."
"കണ്ണാന്തം നീണ്ടുനിയ മറിമാൻ
നോക്കുവെൻേറാരു നേത്രം."
"ഉടനുടനിയൽചേരച്ചേന്ന
കേകാഭിരാമം"

"സിന്ദൂരം നീരസം താൻ തളിർനിറ മിഴിയും,
കിംശുകം ഗന്ധഹീനം."
"ഈട്ടം വാദ്യധ്വനിയിടരുച-
ന്നുജ്വലദ്ദേവദേവോഷം."
"ഉരപെറു മുട്ടനേതാവായ...".
"വളരിളമുല താങ്ങി നീ വരുമ്പോ-
ഴളകളഭാഷിണി മന്മഥന്നു കൂത്തു്."
"കുരളയ്യളർ പറഞ്ഞാർ ചാലവും കോപതാമ്രം."
"ഇൻറിപ്പോഴേ പെരികെ ഉഴററിപ്പോകിൽ".
"തൊട്ടുൺമൻ ഞാൻ, തുളുവന്നറവൻമേ."
"മുക്താൻ മുത്തിൻമുററി നിറമ്മരം
ബാഷ്പബിന്ദൂൻ ദധാനഃ."
"മുത്തുററം ചേന്നണിമുലപിരി-
ഞ്ഞുള്ള മാരാതിരേകം
മുത്തുററിൻറു മമ..."
"സങ്കല്പാലിംഗന മയ മഹാ-
നന്ദമെയ്തിട്ടവാനോ."
"അക്ഷീണാനന്ദമെന്മാനിതചലതിവലം
കണ്ടലം ഖേദജാലൈഃ."
"വാമാക്ഷീണാംകുടി കുമുറ—"
"കൂററത്തില്യം കൊടിയ വിക്രമപാണ്ഡ്യസിംഹഃ."
"കൊട്ടമ തഴസ്സുമധമ്മ മഹീപതി."
"അണികുല ചിലജ്ജിഹ്വാനന്ദി
കണ്ണ്ണാമൃതം ഞാൺ."
"ചാലച്ചീററം പെരുകിയുരുകീ-
ടിൻറ വിശ്വംഭരായാഃ."
"വിളകൊരുവനിലെൻേറ മാനസ-
ത്തിന്നു ച്ചററം."

"ഗർവാന്ധിത്രോദ്ദയ പോയ് കിമപിപിററരെയും
    തന്മെയും ചിന്തിയാതെ."
"തിൻകരും പനൈനെ കദാംബമും."
"പാരാതേ നീ ഉയിലെഴുതെളി-
    ഞ്ഞെതന്നിവണ്ണം പുകണ്ണ്."
"തുകിത്തുകിത്തുഹിനകണികാം
    ളുന്ന പൂങ്കാവില്ലൂടെ."
"നെച്ചെഴ വിലസിന നെററിത്തടഭുവി
നെറിയേറും നവ മംഗലതിലകാ."
"മണി പകഴി തൊട്ടത്തന്തികാഗന്തുകാമം."
"കൊത്തിക്കൊത്തി കുഠികിൽ പരുക-
    ച്ചേന്ന തീരാഭിരാമം."
"മീശ പുരിഞ്ഞവയേന്തി നിതാന്തം"
"കരും പുനൽക്കിണററിനാ-
    ലൊരിമ്പമുററ ഭാഗമും."
"തരള വീചികളെരൊരു പുറത്തഴകെഴും
തരളജാലങ്ങളാൽ പരവ തുകിൻെറടം."
"പെരുമ പുകഴ്ക പേയ്പട്ടം."
"കളഹംസ മഴിഞ്ഞ സ്വവല്ലഭയാ
ബിസവല്ലി കൊട്ടത്തു പൊരുന്മെടം."
"മന്നിൽത്തെളിഞ്ഞു പൊലിവുറഴ മലിഞ്ഞ കീർത്തി."
"മടന്തയർ കിമപിതുവത്തും മറുതുണി."
"മാഴക്കണ്ണാൾക്കൊരു മയിലുമുണ്ടങ്ങു."
"ചാപലം ചേന്ന മാററം."
"ചെമ്പഞ്ഞിമെല്ലടി സലീലമുയത്തവാറേ."
"പ്രാധാന്യം ചേക്ക ചേൽക്കൺമുന, വലകതുലോം
    മൈന്തർ വന്നന്തികേ തേ."
"അംഭോരുഹം പകൽ മനോഹര, മന്തിപട്ടാ-
ലത്യന്ത രമ്യമിദമംബുജ വൈരിബിംബം."

"അടിതൊട്ടിനിയകുഴൽ, കുടിലത തടവുകുരുൾ,
തൊട്ടകുറി കലിതനുതൽ, നടമിട്ടപുരികനടി,
ചട്ടലതയുടയമിഴി, വടിവെഴമധരരുചി,
ചുടരണിമുറുവൽനെറി, പട്ടതര മധുരമൊഴി."

തമിഴിൻേറതു മാത്രമാണെന്ന ധാരണയിൽ ഡോ. ജോർജ്ജ് രാമചരിതത്തിൽ നിന്നുദ്ധരിക്കുന്ന പദങ്ങൾ മലയാളത്തിൻേറതു കൂടിയാണെന്നതിനു് ഇതിൽ കൂടുതൽ തെളിവുകൾ ആവശ്യമില്ല. തൽസമങ്ങളോ തത്ഭവങ്ങളോ ആയ സംസ്കൃതപദങ്ങളൊഴിച്ചാൽ രാമചരിതത്തിലെ പദാവലി തമിഴിനും മലയാളത്തിനും പൊതുവേ ഉള്ളതാണെന്നർത്ഥം. താമതമ്യേന സ്ഥൂലമായ ഈ അംശത്തിൽ പോലും ഡോക്ടർ കാട്ടിയ നിസ്സാരമല്ലാത്ത അശ്രദ്ധ അദ്ദേഹത്തിൻെറ സിദ്ധാന്തത്തെ അടിസ്ഥാനരഹിതമാക്കുമെന്നതിൽ സംശയമില്ല.

## വർണ്ണവികാരവിഷയകമായ പ്രത്യേകതകൾ

ഈ പ്രത്യേകതകളെ അനുനാസികാതിപ്രസരം, താലവ്യാദേശം, സ്വരസംവരണം, സന്ധികാര്യങ്ങൾ എന്നിങ്ങനെ നാലു തലക്കെട്ടുകളിൽ വിഭജിച്ചിരിക്കുന്നു.

ആദ്യത്തെ പത്തു പടലങ്ങളിൽ അനുനാസികാതിപ്രസരം വന്ന 21 രൂപങ്ങളും വരാത്ത 35 രൂപങ്ങളുമുണ്ടു്. 14: 12 എന്ന അനുപാതത്തിലാണു് താലവ്യാദേശം വന്നും വരാതെയുമുള്ള രൂപങ്ങൾ. സ്വരസംവരണം സംഭവിച്ച രൂപങ്ങൾ 42; ഇല്ലാത്തവ 31. ഈ മൂന്നു വർണ്ണപരിണാമനയങ്ങൾ പ്രവർത്തിച്ചിട്ടില്ലാത്ത എല്ലാ ശബ്ദങ്ങളും തനിത്തമിഴ് രൂപങ്ങളാണെന്നത്രേ ഡോക്ടറുടെ വാദം. ഈ വാദം തീർത്തും തെററാണെന്നു് അന്യത്ര സമർത്ഥിച്ചിട്ടുണ്ടു്. മണിപ്രവാളകൃതികളുൾപ്പെടെയുള്ള പ്രാചീന മലയാളഗ്രന്ഥങ്ങളെല്ലാം ഡോ. ജോർജ്ജിനെതിരാണു്,

## സന്ധികാര്യങ്ങൾ

സന്ധികാര്യത്തിൽ 40 സന്ദർഭങ്ങൾ തമിഴിനും മലയാളത്തിനും പൊതുവേ ഉള്ളതാണെന്നു ഗവേഷകൻ സമ്മതിക്കുന്നു. അദ്ദേഹത്തിൻെറ നോട്ടത്തിൽ ആദേശസന്ധിയിലാണു തമിഴിന്റെ കലർപ്പ് അധികമുള്ളതു്. 'ഇതിക്കു്', 'പൂകുമതല്ല', 'മേന്നാൾ', 'മുർച്ചൊൽ', 'ചെമ്പൊററളിർ', 'എന്മോൻ' എന്നിവിടങ്ങളിലാണു് ആ കലർപ്പ്. ഇമ്മാതിരി പ്രയോഗങ്ങൾ പഴയ മലയാളത്തിൽ സർവസാധാരണമായിരുന്നു എന്നു് ഏതു പ്രാചീനകൃതി നോക്കിയാലും അറിയാം. ലീലാതിലകപ്രകാരം ഇവയെല്ലാം സാധുവാണുതാനും.

ലീലാതിലകത്തിൽനിന്നു പ്രസക്തമായ സൂത്രങ്ങളും അതിൽത്തന്നെയുള്ള ഉദാഹരണങ്ങളും കൊടുക്കുന്നു :

മുൻ+ചൊല്ലു്=മുച്ചൊല്ലു്; ഇതിൻ+കു=ഇതിക്കു. "ലണയോഃ കചപേഷ്വറഃ." ഉദാ: പൊൻ+കണ്ണാടി=പൊക്കണ്ണാടി; പൊൻചില = പൊർച്ചില; പൊൻ + പൂ = പൊർപ്പൂ; പൊൻ + പന=പൊപ്പന. "ഇവിടെയെല്ലാം ലകാരച്ഛായയിലുച്ചരിക്കുന്നതു് കേരളഭാഷയ്ക്കു് അത്ര യോജിച്ചതല്ല" എന്നു് എടുത്തു പറയുകകൂടി ചെയ്യുന്നു ലീലാതിലകകാരൻ.

മേല്+നാൾ = മേന്നാൾ. "ലോണഃ പഞ്ചമേഷു." ഉദാ: കല്+ഞെറി=കൻഞെറി; വില്+നീളം = വിന്നീളം; നെല്+മുള=നെൻമുള.

ചെമ്പൊൻ+തളിർ=ചെമ്പൊറ്റളിർ. "തേഃ*f.*സ്യച". പൊൻ+താമര=പൊററാമര; പൊൻ+താർ=പൊറ്റാർ.

പൂകുമതു് (പൂകും+അതു്), പിണങ്ങുമതു് (പിണങ്ങും+അതു്) എന്നിങ്ങനെ അനുസ്വാരത്തിനു വരുന്ന മാദേശം സ്വാഭാവികമാണു്, വക്താവിൻെറ ഔദാസീന്യം കൊ

ണ്ടാണു് ഈ മകാരം വകാരമാകുന്നതു്. ആദ്യത്തെ രീതിയാണു് പ്രാചീന മലയാളത്തിലധികവും. ഇന്നും മാദേശം മലയാളത്തിൽ സാധാരണമാണു്. അവനും+ഇല്ല=അവനുമില്ല; വരും+ഒരു=വരുമൊരു, വരുവൊരു, വരുവോരു.

എന്നവൻ, എന്നോൻ, എന്മോൻ എന്നിങ്ങനെയുള്ള രൂപപരിണാമം മലയാളത്തിൽ അസാധാരണമല്ല. 'തിന്നാൻ' എന്നതു് 'തിന്മാൻ' എന്നാകാറില്ലേ? അതു തമിഴല്ലല്ലോ.

## വ്യാകരണം

പ്രധാനമായും വചനം, ലിംഗം, വിഭക്തി എന്നിവയാണു് പരാമൃഷ്ടമായ വ്യാകരണകാര്യങ്ങൾ.

വചനത്തെ സംബന്ധിച്ചിടത്തോളം, മലയാളത്തിനും തമിഴിനും പൊതുവിലുള്ള പ്രവണതകളേ രാമചരിതത്തിലുള്ളു എന്നു് അദ്ദേഹത്തിനറിയാം. 'എല്ലാം' എന്നതിന്റെ കാര്യത്തിലാണു് ഒരു സംശയം. തമിഴിൽ ഇതു് എല്ലാ ലിംഗങ്ങളിലും പ്രയോഗിക്കുമ്പോൾ മലയാളത്തിൽ നപുംസകലിംഗത്തിൻെറ ബഹുവചനത്തിലേ പ്രയോഗിക്കാറുള്ളു എന്നു വാദിക്കുന്നു ഡോ. ജോർജ്ജ്. അനുഭവത്തിനു വിരുദ്ധമാണു് ഈ അഭിപ്രായം. നപുംസകശബ്ദങ്ങളോടു് 'എല്ലാം' ചേക്കുമ്പോൾ അവയുടെ ബഹുത്വം സ്വയം സിദ്ധമാവുകയാൽ ബഹുവചനം വേണമെന്നു നിർബന്ധമില്ല. ഉദാ: 'കാടെല്ലാം പൂത്തു'; 'കതിരെല്ലാം പഴുത്തു'. തമിഴിലെപ്പോലെ മലയാളത്തിലും സ്ത്രീപുംശബ്ദങ്ങളോടു് 'എല്ലാം' ചേരും. 'സ്ത്രീകളെല്ലാം അവിടെ ഇരിക്കട്ടെ', 'പുരുഷന്മാരെല്ലാം എഴുന്നേററു മാറട്ടെ' എന്നൊക്കെ നാം പറയുക സാധാരണമാണു്.

രാമചരിതത്തിലെ ലിംഗപ്രത്യയങ്ങളുടെ കാര്യത്തിലും, ഡോ. ജോർജ്ജിൻെറ അഭിപ്രായത്തിൽ, തമിഴം

മലയാളവും പൊതുവേ യോജിക്കുന്നു. വിഭക്തി പ്രത്യയങ്ങളുടെ കാര്യവും ഇങ്ങനെതന്നെ: രണ്ടാം വിഭക്തിപ്രത്യയമായി ആദ്യത്തെ പത്തു പടലങ്ങളിൽ ആകെ മൂന്നിടത്തു് 'ഐ' പ്രയോഗിച്ചിട്ടുള്ളതു് തമിഴിനെ അനുകരിച്ചാണെന്നു പറയാവതല്ല. ഇക്കാര്യം നേരത്തേ വിശദമാക്കിയിട്ടുണ്ടു്. ഇതുപോലെ തന്നെയാണു് 'അതുക്കു', 'പോക്കു' മുതലായ നാലാം വിഭക്തി രൂപങ്ങളുടെ കാര്യവും. ഈ രൂപങ്ങൾ തമിഴാണെന്നും 'അതിന്നു', 'പോരിന്നു' എന്നൊക്കെയാണു വേണ്ടതെന്നും ഡോ. ജോർജ്ജ് പറയുന്നതു് ഇന്നത്തെ മലയാളവും പണ്ടത്തെ മലയാളവും അഭിന്നമാണെന്ന ധാരണയാലാവണം.

പുരുഷഭേദമില്ലാത്ത ക്രിയാരൂപങ്ങളെ മലയാളത്തിന്റേതായും ഉള്ളവയെ തമിഴിന്റേതായുമാണു് പതിവുപോലെ ഡോക്ടർ കണക്കാക്കിയിരിക്കുന്നതു്. ഈ കണക്കാക്കൽ അശാസ്ത്രീയമാണെന്നു നാം നേരത്തേ കണ്ടു.

ഡോ. ജോർജ്ജ് തന്റെ ഗവേഷണത്തിലുടനീളം ഒരു ഔചിത്യഭംഗത്തിൽ, അശാസ്ത്രീയവീക്ഷണത്തിൽ, കുടുങ്ങിപ്പോയതാണു് ഏറ്റവും വലിയ തരക്കേടു്. വർണ്ണവികാരം, വ്യാകരണം, പദസമുച്ചയം എന്നീ മൂന്നുപാധികളിലൂടെ രാമചരിതത്തെ വിലയിരുത്തുമ്പോൾ ആധുനിക മലയാളവുമായിട്ടാണു് അദ്ദേഹം രാമചരിതഭാഷയെ താരതമ്യം ചെയ്യുന്നതു്. പ്രാചീന മലയാളവും ആധുനിക മലയാളവും കേവലം ഒന്നുതന്നെയാണെന്ന സങ്കല്പത്തിൽ, ആധുനികമലയാളത്തിൽ നിന്നു വ്യത്യസ്തമായി രാമചരിതത്തിൽ കാണുന്ന എല്ലാ പ്രവണതകളും മലയാളേതരമാണെന്നു്, തമിഴിന്റേതാണെന്നു്, അദ്ദേഹം തെറ്റിദ്ധരിച്ചിരിക്കുന്നു. രാമചരിതഭാഷയെ മററു പഴയ മലയാളകൃതികളിലെ ഭാഷയുമായി താരതമ്യം ചെയ്തിരുന്നെങ്കിൽ ഗവേഷകനു്

ഈ അപകടത്തിൽ നിന്നു് ഒഴിയാമായിരുന്നു. പ്രാചീന മലയാളമെന്നു് അദ്ദേഹം കണക്കാക്കിയ നാടൻപാട്ടുകളും ദാരുകവധവും പഴഞ്ചൊല്ലുകളുമെല്ലാം ആധുനികങ്ങളാവു കയാൽ അപകടം ഇരട്ടിക്കുകയും ചെയ്തു. ചുരുക്കിപ്പറ ഞ്ഞാൽ,രാമചരിതഭാഷയുടെ പ്രത്യേകതകളായി അദ്ദേഹം എടുത്തു കാട്ടുകയും സിദ്ധാന്തത്തിനുപായങ്ങളാക്കുകയും ചെയ്ത എല്ലാ കാര്യങ്ങളും പ്രാചീന മലയാളത്തിന്റെ സവി ശേഷതകളാണു്. മലയാളാംശത്തെക്കാളധികം തമിഴിനു മുൻതൂക്കമുള്ള കൃത്രിമമിശ്രഭാഷയാണു രാമചരിതത്തിലേ തെന്നു് ഡോ. ജോർജ്ജ് പറയുന്നതിൻെറ അർത്ഥം, അപ്പോൾ, ഇത്രമാത്രമാണു്: രാമചരിതകാലത്തെ മലയാ ളത്തിനും അക്കാലത്തെ തമിഴിനും വൈധർമ്മ്യത്തെക്കാ ളേറെ സാധർമ്മ്യമാണുള്ളതു്.

മലയാളത്തിൻെറയും സംസ്കൃതത്തിൻെറയും ഹൃദ്യമായ സമ്മേളനമാണല്ലോ മണിപ്രവാളം. (ഭാഷാസംസ്കൃതയോ ഗോ മണിപ്രവാളം''). വിഭക്ത്യന്തസംസ്കൃതപദങ്ങളെ യാണു് സംസ്കൃതംകൊണ്ടു വിവക്ഷിക്കുന്നതു്. സംസ്കൃതവൃ ത്തങ്ങളും മണിപ്രവാള കാവ്യങ്ങൾക്കു് അനുപേക്ഷണീയ മാണു്; രസവും ഒരതിർത്തിയോളം നിർണ്ണായക ധർമ്മമത്രേ. കവിതയുടെ ബാഹ്യാന്തർഭാവങ്ങളായ വൃത്തരസാദികളെ ഭാഷാപരിഗണനയിൽ ഉൾപ്പെടുത്തേണ്ടതില്ല. തികച്ചും ഭാഷാപരമായ ഒരു വീക്ഷണം അവലംബിച്ചു നോക്കി യാൽ മലയാളത്തിൻെറയും സംസ്കൃതത്തിൻെറയും കൂട്ടുചേ രുവയാണു മണിപ്രവാളം.

പാട്ടിനെ മണിപ്രവാളമെന്നു തെററിദ്ധരിക്കാതിരി ക്കാൻവേണ്ടി ലീലാതിലകകാരൻ അതിനും ലക്ഷണം നിർ ദ്ദേശിച്ചിട്ടുണ്ടു്. ''ദ്രവിഡസംഘാതാക്ഷരനിബന്ധമെതുക മോനവൃത്തവിശേഷയുക്തം പാട്ടു്.'' എതുക, മോന എന്നീ പ്രാസങ്ങളോടുകൂടി ദ്രാവിഡ വൃത്തങ്ങളിൽ ദ്രാവി

ഡാക്ഷരങ്ങൾമാത്രമുപയോഗിച്ചു രചിക്കുന്ന ഗാനകാവ്യമാണു പാട്ട്. പ്രാസവും വൃത്തവും ഗാനാത്മകതയും നമുക്ക് ഇവിടെ ചിന്താവിഷയങ്ങളേ അല്ല. ദ്രവിഡ സംഘാതാക്ഷരങ്ങളാണ് പ്രാധാന്യമർഹിക്കുന്നതു്. ഭാഷാസംസ്കൃതയോഗം ദ്രവിഡസംഘാതാക്ഷരങ്ങൾ കൊണ്ടു സാധിക്കാമെങ്കിൽ പാട്ടും മണിപ്രവാളമാകാത്തയില്ല.

അ, ആ, ഇ, ഈ, ഉ, ഊ, എ, ഏ, ഐ, ഒ, ഓ, ഔ എന്നീ സ്വരങ്ങളും അതിഖരമൃദുഘോഷവർജ്ജിതങ്ങളായ വർഗ്ഗാക്ഷരങ്ങളും 'യ ര ല വ ഴ റ ള ണ' കളും ചേർന്നതാണ് ദ്രാവിഡാക്ഷരമാല. പാട്ടിൽ ഈ അക്ഷരങ്ങളേ പാടുള്ളൂ. സംസ്കൃത ശബ്ദങ്ങൾ സ്വീകരിക്കപ്പെട്ടപ്പോൾ അവയെ ചില നിയമങ്ങളനുസരിച്ച് ഈ അക്ഷരമാലയിൽ ഒതുക്കിക്കൊള്ളണം. ഇവ കൊണ്ടെഴുതാവുന്ന സംസ്കൃത പദങ്ങളെ അങ്ങനെതന്നെ സ്വീകരിക്കുകയുമാകാം. രാമചരിതത്തിലെ ഒന്നാം പദ്യം പരിശോധിക്കാം.

"കാനനങ്കളിലരൻ കളിറുമായ്കരിണിയായ്
കാർനെടുങ്കണ്ണുമ തമ്മിൽവിളയാടിനടന്ന-
ന്നാനനം വടിവുള്ളാനവടിവായവതരി-
ത്താതിയേ നല്ലവിനായകനെന്നോരമലനേ
ഞാനിതൊന്നുതുനിയുന്നതിനെൻ മാനതമെന്നും
നാളതാർതന്നിൽ നിരന്തരമിരുന്തരുൾ തെളി-
ന്തൂനമററ റിവെനക്കു വന്നുതിക്കുംവണ്ണമേ-
യൂഴിയേഴിലും നിറൈന്തമറഞ്ഞാൻപൊരുളേ."

ഇതിൽ കാനനം, അരൻ, കരിണി, ഉമ, ആനനം, അവതരിത്ത, ആതി, വിനായകൻ, അമലൻ, മാനതം, നിരന്തരം, ഊനം, ഉതിക്കും, ഞാനം എന്നിങ്ങനെ 14 സംസ്കൃതശബ്ദങ്ങൾ പ്രയോഗിച്ചിരിക്കുന്നു. അരൻ(ഹരൻ),(ആതിആദി), മാനതം (മാനസം), ഉതിക്കും (ഉദിക്കും), ഞാനം (ജ്ഞാനം)

എന്നീ അഞ്ചെണ്ണത്തിനു മാത്രമേ ഗണ്യമായ വികാരം വരുത്തേണ്ടിവന്നുള്ളൂ. മാററം വരുത്താതെ തന്നെ ദ്രാവിഡാക്ഷരമാലകൊണ്ടെഴുതാവുന്നവയാണു മററുള്ളവ. വിയതി, വാചി, വാചാ, ചാരണേ, കാനനേ, കേകിനാം തുടങ്ങിയ വിഭക്ത്യന്തസംസ്കൃതപദങ്ങളും വിരളമായിട്ടെങ്കിലും രാമചരിതത്തിൽ പ്രയോഗിച്ചിട്ടുണ്ട്. അത്ഥബോധത്തിനു പ്രതിബന്ധവും കാവ്യരൂപത്തിനു് അഭംഗിയും വരുമെന്നതുകൊണ്ടാവണം രാമചരിതംപോലുള്ള പഴയ പാട്ടുകളിൽ, ദ്രാവിഡാക്ഷരങ്ങളിലൊതുങ്ങാത്ത വിഭക്ത്യന്ത സംസ്കൃത പദങ്ങളെ 'ആരിയച്ചിത'വായി പ്രയോഗിക്കാഞ്ഞതു്. മുകളിൽ പറഞ്ഞ വിഭക്ത്യന്തപദങ്ങളാകട്ടെ മാററമില്ലാതെ ദ്രാവിഡാക്ഷരമാലയ്ക്കുള്ളിൽ നിറുത്താവുന്നവയാണ്. മണിപ്രവാളത്തിൽത്തന്നെ സംസ്കൃതശബ്ദങ്ങളെ ദ്രവിഡസംഘാതബദ്ധമാക്കിയിട്ടുണ്ട്.

"കണ്ടം വണ്ടിൻ നിറമുടയനെ, കങ്ക നീരോട്ടതിങ്കൾ-
ത്തുണ്ടം ചാത്തുംപരനെ, വരമാതിന്നു മൈപാതി
യോനെ
മണ്ടുംമാനേൽക്കരനെ, യരനെ, ക്കമ്പിപാമ്പാക്കിയോനെ
ക്കണ്ടേപോവാൻതരമവിടെ നീ കണ്ടിയൂർത്തമ്പി
രാനെ."

—ഉണ്ണുനീലിസന്ദേശം

ഇവിടെ കണ്ടം (കണ്ഠ) കങ്ക (ഗംഗ), അരൻ (ഹരൻ) എന്ന മൂന്നു വാക്കുകൾക്കും വികാരം വരുത്തിയിരിക്കുന്നു.

"മണിപ്രവാളകാവ്യങ്ങളിൽ, 'അനങ്കൻ', 'കുതുമം', 'മുകം', 'ചന്തിരൻ' എന്നിങ്ങനെ ആരിയച്ചുതെവായുള്ള പ്രയോഗങ്ങൾ കണ്ടിട്ടുണ്ടോ? അനംഗൻ, കുസുമം, മുഖം, ചന്ദ്രൻ എന്നിങ്ങനെയല്ലേ കണ്ടിട്ടുള്ളു?" എന്നു വീറോടെ ചോദിക്കുന്ന ലീലാതിലകകാരനു് ഏല്ക്കുന്ന പ്രഹരങ്ങളാണ് ഇമ്മാതിരി മണിപ്രവാളശ്ലോകങ്ങൾ.

മണിപ്രവാളത്തിൽ വിഭക്ത്യന്തസംസ്കൃതപദങ്ങളുടെ ആധിക്യം ഒരു നിർണ്ണായകപ്രവണതയല്ല. ഭാഷയ്ക്കും രസത്തിനും പ്രാധാന്യമുള്ള മണിപ്രവാളമാണ് ഉത്തമം. "തദ്ദുത്തമം ഭാഷാരസപ്രാധാന്യേ." ഉത്തമ മണിപ്രവാളത്തിനു ലീലാതിലകത്തിൽ കൊടുത്തിരിക്കുന്ന ഉദാഹരണം നോക്കുക :

"പുലർകിക്കൊണ്ടാളുറക്കെ, പ്പുനരപിമണിവാ
നൽകിനാൾ, മെല്ലെ മെല്ലെ-
ക്കാമക്കുത്തിന്നണിഞ്ഞാൽ, മദനപരവശാ
കാന്ത കൈ മെ മറന്നാൾ,
വീത്ത്വാ,ളൊട്ടേവിയർത്താൾ വിവശമരുതെടാ-
യെന്നെ വീയെന്നിരന്നാ-
ളെന്മാവ്വിൽപ്പോന്നുവീണ്ണപ്പുരികുഴലകമേ
മാഴ്കിനാളുണ്ണിനങ്ങ."

ഇതിൽ വിഭക്ത്യന്തസംസ്കൃത പദങ്ങൾ പേരിനേ ഉള്ളൂ. ഈ ശ്ലോകത്തിലും രാമചരിതത്തിലെ ഒന്നാം പാട്ടിലും ഉള്ള സംസ്കൃതശബ്ദങ്ങളുടെ അനുപാതം ശ്രദ്ധേയമാണ്. ഈ ലീലാതിലകോദാഹരണത്തിൽ സംസ്കൃതശബ്ദങ്ങൾ കുറഞ്ഞിരിക്കുന്നു. ഇക്കണക്കിനു രാമചരിതവും മണിപ്രവാളവും തമ്മിലുള്ള ഭാഷാപരമായ വ്യത്യാസം എന്താണ്? അക്ഷരമാലയെ സംബന്ധിച്ചതു മാത്രമാണ് ആ വ്യത്യാസം. മറ്റൊരു രീതിയിൽ പറഞ്ഞാൽ, 'ദ്രവിഡസംഘാതാക്ഷരനിബന്ധം' എന്ന നിർബന്ധം ഒഴിവാക്കിയിരുന്നെങ്കിൽ രാമചരിതവും മണിപ്രവാളമായി കണക്കാക്കപ്പെട്ടുമായിരുന്നു. 'ദ്രവിഡസംഘാതാക്ഷര നിബന്ധം ഭാഷാസംസ്കൃതയോഗം പാട്ട്' എന്നു നിർവചിക്കാവുന്ന രീതിയിലാണു് രാമചരിതത്തിലെ ഭാഷാരചന. ചുരുക്കത്തിൽ, രാമചരിതത്തിലേയും പ്രാചീന മണിപ്രവാളകൃതികളിലേയും ഭാഷ അടിസ്ഥാനപരമായി ഒന്നുതന്നെ.

# പതിനൊന്നു നൂററാണ്ടുകൾ

അവികസിത ദ്രാവിഡ ഭാഷകളുടെ വ്യാപ്തി, സ്വരസംവരണാദി ഭാഷാപരിണാമ നയങ്ങൾ, ലീലാതിലകത്തിലെ വ്യാകരണകാര്യങ്ങളും ഭാഷാപരാമർശങ്ങളും, പഴയ ഗദ്യപദ്യകൃതികളുടെ ഭാഷാസവിശേഷതകൾ, പഴഞ്ചൊല്ലുകൾ, നാടൻപാട്ടുകൾ, രാമചരിതത്തിലെ ഭാഷ എന്നിവയെ ആസ്പദമാക്കി, ചുരുങ്ങിയ തോതിലാണെങ്കിലും, വസ്തുനിഷ്ഠമായ ഒരു പഠനമാണു നാം നിർവഹിച്ചതു്. ഈ അപഗ്രഥനത്തിൽ നിന്നു് അനായാസം എത്തിച്ചേരാവുന്ന നിഗമനം ഇതാണ്: ഒരു കാലത്തു് കേരളത്തിലും പാണ്ടിനാട്ടിലും പ്രചരിച്ചിരുന്ന ഒരേ ഒരു ഭാഷയുടെ വിഭിന്ന പരിണാമങ്ങളാണു് ഇന്നത്തെ മലയാളവും ഇന്നത്തെ തമിഴും. മറ്റൊരു രീതിയിൽ പറഞ്ഞാൽ, ഇന്നത്തെ മലയാളവും ഇന്നത്തെ തമിഴും അവയുടെ വികാസമാർഗ്ഗങ്ങളിലൂടെ പിറകോട്ടു പോയാൽ ഒരു ഘട്ടത്തിൽ അവരണ്ടും ഒന്നായിത്തീരും. ദ്വിമുഖമായ ഗതിക്രമം സ്വീകരിക്കുന്നതിനു മുമ്പുള്ള ആ ഭാഷയെ ആണു് "ദ്രമിളം എന്നുള്ള തമിഴ്" എന്നു ഡോ. ഗുണ്ടർട്ടു് വിളിക്കുന്നതു്. എൽ. വി. രാമസ്വാമി അയ്യർ ചൂണ്ടിക്കാണിക്കുന്ന പ്രാചീനമദ്ധ്യകാല തമിഴും ഇതു തന്നെ. ഇതിൻെറ കേരളീയ വ്യവഹാര ശാഖയാണു് കേരളപാണിനിയുടെ കൊടുംതമിഴ്. പ്രൊഫസ്സർ ഇളംകുളത്തിൻെറ അഭിപ്രായത്തിൽ കേരളത്തിലെ വ്യവഹാരഭാഷയ്ക്കു് ഇന്നു് തിരുവിതാംകൂറിലും മലബാറിലും കാണുന്ന വ്യത്യാസമേ അന്നത്തെ മലനാട്ടുതമിഴിനും പാണ്ടിത്തമിഴിനും തമ്മിൽ ഉണ്ടായിരുന്നുള്ളു. ക്രമേണ വന്നുചേർന്ന അനുനാസികാതിപ്രസരാദി

പരിണാമപ്രവണതകൾ ഒഴിവാക്കി, ലീലാതിലകത്തിലെ വ്യാകരണ നിയമങ്ങളുടെയും സൂചനകളുടെയും സഹായത്തോടുകൂടി, പ്രാചീന ഗദ്യകൃതികളുടെ ഭാഷാപരമായ പ്രത്യേകതകളെ അടിസ്ഥാനമാക്കി പഴയ കേരള ഭാഷയെ പുനസ്സംവിധാനം ചെയ്താൽ അതു മിക്കവാറും ആ പഴയ തമിഴായിരിക്കും.

ആ പഴയ ഭാഷയുടെ തനിരൂപങ്ങളിൽ പലതും അതേരീതിയിൽ ഇന്നും കേരളത്തിൽ അവശേഷിക്കുന്നുണ്ട്. കേരളത്തിലെ സ്ഥലനാമങ്ങളിലും ചില ശൈലികളിലും പ്രയോഗങ്ങളിലും അവ ഇപ്പോഴും തങ്ങിനില്ക്കുന്നു.

ഒരു ദേശത്തിന്റെ പൂർവകാലഭാഷയെക്കുറിച്ചു മനസ്സിലാക്കാൻ സ്ഥലനാമങ്ങളും ആധുനികഭാഷയിൽ ഒററപ്പെട്ടു നിൽക്കുന്ന ശൈലികളും പ്രയോഗങ്ങളും ഭാഷാശാസ്ത്രകാരന്മാരെ സഹായിക്കാറുണ്ട്. യൂറോപ്പിൽ ബൊഹീമിയ തൊട്ട് ഇംഗ്ലണ്ടുവരെ ഒരു കാലത്ത് കെൽററിക് ഭാഷ പ്രചരിച്ചിരുന്നു എന്നതിനു് വിയന്ന, പാരീസ്, ലണ്ടൻ തുടങ്ങിയ ഒട്ടേറെ ദേശനാമങ്ങൾ തെളിവാണ്. പൂർവ ജർമ്മനിയിൽ സ്ലാവിക് ഭാഷയ്ക്കുണ്ടായിരുന്ന പ്രചാരത്തെയാണ് ബർലിൻ, ലൈപ്സിഗ്, ഡ്രെസ്ഡെൻ, ബ്രെസ്‌ലാ മുതലായ സ്ഥലപ്പേരുകൾ വെളിപ്പെടുത്തുന്നതു്. അമേരിക്കയിൽ ഇംഗ്ലീഷിന്റെ വമ്പിച്ച മുന്നേററമുണ്ടായിട്ടുള്ള ദേശങ്ങളിൽപ്പോലും മസാച്ചുസെററ്സ്, വിസ്‌കോൺസിൻ, മിഷിഗൻ, ഇല്ലിനോയി, ചിക്കാഗോ, മിൽവാക്കി, ഓഷ്കോഷ്, ഷെബോയ്ഗൻ, വാക്കെഗൻ, മുബ്കെഗൻ എന്നിങ്ങനെ അമേരിക്കനിൻഡ്യൻ ഭാഷയിലെ സ്ഥലനാമങ്ങൾ ഇന്നും നിലനിൽക്കുന്നു.

കേരളത്തിലെ പഴയ ദേശനാമങ്ങളിൽ പലതും പിൽക്കാലത്തു സംസ്കൃതീകരിക്കപ്പെട്ടിട്ടുണ്ട്. അല്ലാതെതന്നെ

പലതിനും പരിണാമം സംഭവിച്ചിട്ടുമുണ്ട്. തിരുക്കാൽക്കരൈ, പെരുനെസ്റ്റൽ, കൊടുങ്കോളൂർ, കോയിൽക്കോട്ട്, ചെങ്കുൻറൂർ എന്നിവ യഥാക്രമം തൃക്കാക്കര, പെരുന്ന, കൊടുങ്ങല്ലൂർ, കോഴിക്കോട്ട്, ചെങ്ങന്നൂർ എന്നിങ്ങനെ മാറിയിരിക്കുന്നു. ഈ മാററത്തിൽ നിന്നുതന്നെ ഭാഷയുടെ പരിണാമത്തെക്കുറിച്ചുള്ള പൊതു നിയമങ്ങൾ ഏറെക്കുറേ ഊഹിക്കാം. ദേശനാമങ്ങളിൽ ഇപ്പോഴും ശേഷിക്കുന്നവയും അന്യഥാ ലുപ്തപ്രചാരങ്ങളും ആയ ചില ശബ്ദങ്ങളെ കുറിച്ചു മാത്രമേ ഇവിടെ ചിന്തിക്കുന്നുള്ളു.

ഊർ, കോട്ട്, പുറം, കൂർ, തുറ എന്നിവ വ്യവഹാര ഭാഷയിൽ ഇപ്പോൾ നാം പ്രയോഗിക്കാറില്ല. പ്രയോഗിക്കുന്നെങ്കിൽ അർത്ഥവ്യത്യാസം ഉണ്ടതാനും. തിരൂർ, കോഴിക്കോട്ട്, മലപ്പുറം, ഇരിക്കൂർ, തൃപ്പൂണിത്തുറ എന്നീ ദേശനാമങ്ങളിൽ കാണുന്ന മേൽപ്പറഞ്ഞ ശബ്ദങ്ങൾ ശ്രദ്ധിക്കുക. ഊരിനു് രാജ്യം, പട്ടണം, ഗ്രാമം, വീട്ട് എന്നൊക്കെയാണർത്ഥം. കോട്ടയോ ആററിൻതീരമോ വയൽക്കരയോ കുന്നിൻമുടിയോ ആണു് 'കോട്ട്'. സ്ഥലത്തിനോ ഡിസ്ത്രിക്'ററിനോ ആണു് 'പുറം' എന്നു പറയുക. നാട്ടിൻപുറവും കുന്നിൻപുറവും നമുക്കു പരിചിതമാണല്ലോ. വിഭാഗമാണു് 'കൂറു്'. 'തുറ' കടൽത്തീരമോ കായൽക്കരയോ ആണു്. തുറമുഖം ഇപ്പോഴും നാം ഉപയോഗിക്കാറുണ്ട്. കേരളത്തിലെ ദേശനാമങ്ങളുടെ ഒരു പട്ടിക തയാറാക്കിയാൽ ഊരിലും കോടിലും അവസാനിക്കുന്നവയായിരിക്കും അധികം.

ചില ശൈലികളും പ്രയോഗങ്ങളും ഇതേ കഥ തന്നെയാണു പറയുന്നതു്. ഏതാനും ഉദാഹരണങ്ങൾ:- ആലം = മഴ,വെള്ളം. (ആലപ്പുഴ,ആലങ്ങാട്ട്,ആലപ്പാട്ട്); ആലി= (മഴ, മഴത്തുള്ളി (ആലിപ്പഴം); ആവി=ജീവൻ (ഇവിടെ ആവിയും അനക്കവും ഇല്ല); കുഴവി=കുട്ടി (അമ്മിക്കല്ലും

കുഴവീക്കല്ലും); കൂറ=തുണി (കൊടിക്കൂറ); കോട=ഗ്രീഷ്മം, ചൂട് (കോടക്കാറു്, കോടക്കാറ്റു്); നെരിപ്പ്=തീ (നെരിപ്പോട്ട്);പാട്ട്=വശം (എമ്പാട്ടും, പാട്ടിലാക്കുക); പുരാൻ=അധിനായകൻ (തമ്പുരാൻ); പേശുക=പറയുക (വിലപേശുക); മണം=വിവാഹം (മണവാളൻ, മണവാട്ടി, മണവറ); മാല=സന്ധ്യ, ഇരുട്ട് (മാലക്കണ്ണു്); മുതൽ=ആരംഭം (ഇന്നുമുതൽ നാലുദിവസത്തേക്കു്, ചിട്ടിമുതലിക്കുക); വര=മല (താഴ്‌വര).

ദ്രാവിഡഗോത്രത്തിൽപ്പെട്ട ഒരേ ഭാഷയുടെ ഉപഭാഷകളെന്ന നിലയിലാണു് മലയാളവും ഇന്നത്തെ തമിഴും വിഭിന്നമായിരിക്കുന്നതു് എന്നു ഡോ. ഗുണ്ടട്ടും, മലയാളം ദ്രാവിഡഗോത്രത്തിലെ ഒരുസ്വതന്ത്രാംഗമെന്നതിനെക്കാൾ പ്രാചീന തമിഴിൻെറ ഒരുപഭാഷയാണെന്നു് കാൽഡ്വെല്ലും, കേരളത്തിലെ തമിഴാണു മലയാളമായി പരിണമിച്ചതെന്നു കേരളപാണിനിയും പറഞ്ഞതു് ഒന്നുകൂടി ഊന്നിപ്പറയുകയേ ഇവിടെ ചെയ്യേണ്ടതുള്ളു.

ആ പഴയ ഭാഷ കേരളത്തിൽ തമിഴ്‌നാട്ടിലേതിൽ നിന്നു വ്യത്യസ്തമായ ഒരു വികാസമാർഗ്ഗം സ്വീകരിക്കാൻ എന്താണുകാരണം? ഈ വമ്പിച്ച മാറ്റം ഉണ്ടായതെങ്ങനെ?

ഭാഷാപരിണാമത്തിൽ പ്രവത്തിക്കുന്ന നിർണ്ണായക പ്രേരണകളിൽ ഏററവും പ്രധാനം ഇതരഭാഷാസമ്പക്കമാണു്. അന്യഭാഷാപ്രേരണയിൽപ്പെടാത്ത ഭാഷകൾഇല്ലെന്നുതന്നെ പറയാം. ഭാഷകളുടെപരസ്പരസമ്പക്കം ചരിത്രപരമായ ഒരനിവാര്യതയാണു്. ചരിത്രം നൽകുന്ന വിഭിന്നസാഹചര്യങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു, ഈ പരസ്പരസമ്പക്കത്തിൻെറ പ്രകാരഭേദങ്ങൾ. തമ്മിൽ കലരുന്ന രണ്ടു ഭാഷകളിൽ ഒന്നു് നശിക്കുകയും മറേറതു് പൂവ്വാധികം കരുത്തോടെ നിലനിൽക്കുകയും ചെയ്യാം. പരസ്പരം കൊണ്ടും കൊടുത്തും ഇരുഭാഷകളും പരിവത്തനവിധേയമായി ഏ

റെക്കാലം സമാന്തരമായങ്ങനെ നിലനിന്നെന്നും വരാം. ജനങ്ങളുടെ കുടിയേറിപ്പാക്കൽ, യുദ്ധം, അധിനിവേശം മുതലായവയാണ് ഭാഷയിൽ ദൂരവ്യാപകമായ മാറ്റമുളവാക്കുന്ന സാമൂഹിക സാഹചര്യങ്ങൾ. വാണിജ്യ ബന്ധം, സാംസ്കാരിക സമ്പക്കം മുതലായവ ഭാഷയുടെ ഉപരിതലത്തെ മൃദുവായൊന്നു സ്പർശിക്കുക മാത്രം ചെയ്യുമ്പോൾ വമ്പിച്ച ആക്രമണങ്ങളും ആധിപത്യങ്ങളും ഭാഷയിൽ വലിയ പരിവത്തനങ്ങളാണുണ്ടാക്കുന്നതു്. സമാധാനപരമായ കുടിയേറിപ്പാക്കൽ വൻതോതിലുള്ളതാണെങ്കിൽ ആഗതരുടെയും പൂർവവാസികളുടെയും ഭാഷകൾ ഒരു സൗഹൃദ ബന്ധത്താലെന്നപോലെ പരസ്പരമുള്ള ദാനാദാനങ്ങളിലൂടെ പരിവത്തനപ്പെട്ടുകൊണ്ടിരിക്കും. ഒരു പ്രത്യേകഘട്ടമെത്തുമ്പോൾ പ്രചാരത്തിൻെറ കൂട്ടുതൽ കുറവനുസരിച്ച് ഇവയിലൊന്നു തിരോഭവിച്ചെന്നും വരും.

പരസ്പരസമ്പക്കം കൊണ്ടു ഭാഷകൾക്കുണ്ടാകുന്ന മാറ്റത്തിനുദാഹരണമായി ബ്ളൂംഫീൽഡ് രസകരമായ ഒരു ചരിത്രം വിവരിക്കുന്നുണ്ടു്. അമേരിക്കയിലെ 'ചിലി'യിൽ ഒരിക്കൽ സ്പാനിഷ്പട്ടാളക്കാരുടെ അസാധാരണമായ ഒരു തള്ളിക്കയറമുണ്ടായി. ഈ പടയാളികളെല്ലാം അവിടത്തെ സ്ത്രീകളെ വിവാഹം ചെയ്തു. അമേരിക്കനിൻഡ്യൻ ഭാഷമാത്രമറിയാമായിരുന്ന ആ സ്ത്രീകൾക്ക് ഭത്താക്കന്മാരുടെ ഭാഷ പഠിക്കുക അത്യാവശ്യമായിത്തീർന്നു. അവർ അതുപഠിക്കുകയും ചെയ്തു. എന്നാൽ സ്പാനിഷ്ഭാഷ അവരുടെ നാക്കിലൂടെ പുറത്തു വന്നപ്പോൾ മറെറാരു ഭാഷപോലായി. അവർ പുതുതായി പഠിച്ച ഭാഷയിൽ മാതൃഭാഷയുടെ സ്വാധീനശക്തി വമ്പിച്ചതായിരുന്നു. അവരിൽ നിന്നു് അതു കുട്ടികളിലേക്കു പകന്നപ്പോൾ മാററം പിന്നെയുമുണ്ടായി. ചിലിയിൽ ഇങ്ങനെ പുതുതായി

പ്രചരിച്ച സ്പാനിഷ്ഭാഷയിൽ അമേരിക്കനിൻഡ്യൻ ഭാഷയുടെ സ്വാധീനശക്തി ഗണ്യമായുണ്ടായിരുന്നെങ്കിലും ആ നാട്ടുഭാഷ അവിടെ വ്യവഹാരഭാഷയല്ലാതാവുകയും ക്രമേണ നിശ്ശേഷം അസ്തമിക്കുകയും ചെയ്തു. സ്പാനിഷ് പടയാളികൾ ചിലിയിൽ ഒരു ന്യൂനപക്ഷം മാത്രമായിരുന്നെങ്കിൽ അവിടത്തെ അമേരിക്കനിൻഡ്യൻഭാഷയ്ക്കു് പിറന്ന മണ്ണിൽത്തന്നെ വിലയം കൊള്ളേണ്ടി വരുമായിരുന്നില്ല.

പരസ്പരസമ്പർക്കം കൊണ്ടുണ്ടാകുന്ന ഭാഷാപരിണാമത്തിനു് ഇംഗ്ലീഷിൻെറ ചരിത്രം നല്ലോരുദാഹരണമാണു്. ക്രിസ്തുവർഷം അഞ്ചാം നൂററാണ്ടുവരെ കെൽററിക് ഭാഷയുടെ ഒരു വകഭേദമായിരുന്നു ഇംഗ്ലണ്ടിൽ പ്രചരിച്ചിരുന്നതു്. ആംഗ്ലോസാക്സൻ അധിനിവേശത്തോടു കൂടി ഇംഗ്ലണ്ടിൽ നിന്നു് കെൽററിക് ഭാഷ തുടച്ചുനീക്കപ്പെടുകയും തൽസ്ഥാനത്തു് ആംഗ്ലോസാക്സൻ ഭാഷ പ്രചരിക്കുകയും ചെയ്തു. ഈ ആംഗ്ലോസാക്സൻഭാഷയാണു് പഴയ ഇംഗ്ലീഷ് (Old English) എന്നറിയപ്പെടുന്നതു്. പഴയ ഇംഗ്ലീഷിനും ഇന്നത്തെ ഇംഗ്ലീഷിനും തമ്മിലുള്ള വ്യത്യാസം, ഒരർത്ഥത്തിൽ, പഴയ കേരളഭാഷയ്ക്കും ആധുനികമലയാളത്തിനും തമ്മിലുണ്ടു്.

നോർമൻ ഫ്രഞ്ചിൻെറ പ്രേരണ കൊണ്ടാണു് ആംഗ്ലോസാക്സൻഭാഷ വികസിച്ചതു്. നോർമൻ ആക്രമണത്തിനു മുൻപുതന്നെ, എതൽറെഡ്‌രാജാവിന്റെ കാലം മുതൽക്കേ ഈ പ്രേരണആരംഭിച്ചു. 1002–ൽഎതൽറെഡ് ഒരു ഫ്രഞ്ചുരാജകുമാരിയെ വിവാഹം ചെയ്യുകയും ഫ്രഞ്ചുകാരുടെ ഒരു വലിയസംഘത്തെ പ്രഭുക്കന്മാരായും പരിചാരകരായും ഇംഗ്ലണ്ടിൽ പ്രതിഷ്ഠിക്കുകയും ചെയ്തു. അദ്ദേഹത്തിൻെറ മകൻ എഡ്വേർഡ് രാജാവാകുന്നതിനുമുൻപ് കാൽ നൂററാണ്ടുകാലം ഫ്രാൻസിലാണു കഴിഞ്ഞുകൂടിയതു്.

ഇംഗ്ലണ്ടിലെ ജനങ്ങളുമായോ ഭാഷയുമായോ പരിചയമൊന്നുമില്ലായിരുന്ന എഡ്വേർഡ് ഉയന്ന ഉദ്യോഗങ്ങളിലും അരമനയിലും ഫ്രഞ്ചുകാരെത്തന്നെനിയമിച്ചു. ഫ്രഞ്ച് ഔദ്യോഗിക ഭാഷയാക്കുകയുമുണ്ടായി. അങ്ങനെ ഇംഗ്ലണ്ടിൽ ഫ്രഞ്ചുഭാഷയുടെ സുശക്തമായ ഒരു സ്വാധീന വലയം തന്നെ സൃഷ്ടിക്കപ്പെട്ടു. അന്നും ആംഗ്ലോസാക്സൻ പ്രഭുക്കന്മാരും സാധാരണജനങ്ങളും സ്വന്തം ഭാഷയിൽത്തന്നെ ഉറച്ചു നിന്നതേയുള്ളു. ഈ സന്ദർഭത്തിലാണു് 1066-ൽ നോർമൻഡിയിലെ വില്ല്യം ഇംഗ്ലണ്ടു് ആക്രമിച്ചു് ആധിപത്യം സ്ഥാപിച്ചതു്.

വിജയകരമായ നോർമൻ ആക്രമണത്തോടുകൂടി ഇംഗ്ലണ്ടിൽ ഫ്രഞ്ചുഭാഷ കുറേക്കൂടി പ്രാബല്യം നേടി. രണ്ടുഭാഷകൾ—ആംഗ്ലോസാക്സൻഭാഷയും നോർമൻഫ്രഞ്ചും—അവിടെ സമാന്തരമായി നിലനിന്നു. എങ്കിലും ഫ്രഞ്ചുദ്യോഗസ്ഥന്മാർക്കു് തദ്ദേശീയരുമായി ഇടപഴകണമെങ്കിൽ ആംഗ്ലോസാക്സൻ ഭാഷ പഠിക്കാതെ നിവൃത്തിയില്ലെന്നായി ഈ വിട്ടുവീഴ്ച ആംഗ്ലോസാക്സൻഭാഗത്തുനിന്നും ഉണ്ടാകാതിരുന്നില്ല. മിശ്രവിവാഹങ്ങളുംനടന്നു. അങ്ങനെ ഇംഗ്ലണ്ടിൽ ഏറെക്കാലം സമാന്തരമായി നില നിന്ന ആംഗ്ലോസാക്സൻ ഭാഷയും നോർമൻഫ്രഞ്ചും തമ്മിൽ ഇണങ്ങിച്ചേരുകയും പരസ്പരം സ്വാധീനിക്കുകയും ചെയ്തു. രാജകീയഭാഷ എന്ന നിലയിൽ നോർമൻ ഫ്രഞ്ചിനു് കൂടുതൽ അധികാരവും അന്തസ്സും ഉണ്ടായിരുന്നെങ്കിലും അതു് ചെറിയ ഒരു ന്യൂനപക്ഷത്തിന്റെ മാത്രം ഭാഷയായിത്തുടന്നു. ജനസംഖ്യയിൽ തൊണ്ണൂറു ശതമാനവും ആംഗ്ലോസാക്സൻഭാഷയാണുസംസാരിച്ചതു്. ആകയാൽ പരസ്പരം സ്വാധീനപ്പെടുത്താനുള്ള ശ്രമത്തിൽ ആംഗ്ലോസാക്സൻ ഭാഷ കൂടുതൽ ശക്തി സമ്പാദിച്ചു. നോർമൻ ഫ്രഞ്ചിൽനിന്നു് ആകാവുന്നതെല്ലാം സ്വീകരിച്ചു് വളൻ

വന്ന ആംഗ്ലോസാക്സൻ ഭാഷ ഫ്രഞ്ച്യകാർക്കു കൂടി വ്യവഹാരക്ഷമമായി. നോർമൻഫ്രഞ്ചാകട്ടെ രംഗത്തു നിന്നു പിന്മാറുകയും ചെയ്തു ഏതാണ്ടിതുതന്നെയാണ് കേരളത്തിലും സംഭവിച്ചതു്.

കേരളത്തിൽ ആര്യാധിനിവേശമുണ്ടായതു് എന്നാണെന്നു കൃത്യമായി പറയുക പ്രയാസമാണ്. കൊല്ലവർഷം ആരംഭിക്കുന്നതിനു മുൻപുതന്നെ രാഷ്ട്രീയമായും സാമൂഹികമായും കേരളത്തിൽ ഒരു നിർണ്ണായകഘടകമായിരുന്നു ആര്യന്മാർ. ക്രിസ്തുവർഷാരംഭത്തിനുമുൻപ അവർ കേരളത്തിൽ കുടിയേറിപ്പാർത്തിരുന്നു. ഒരു സായുധാക്രമണം കൊണ്ടല്ല അവർ ആധിപത്യം സ്ഥാപിച്ചതു്. മാന്യന്മാരായ സഞ്ചാരികളെപ്പോലെയാണ് ആര്യന്മാർ കടന്നുവന്നതു്. കേരളത്തിലെ ആര്യാധിനിവേശത്തെക്കുറിച്ചു ചിന്തിക്കുമ്പോൾ ജൈനബുദ്ധമതങ്ങളുടെ പ്രചാരത്തെയും കണക്കിലെടുക്കേണ്ടതുണ്ട്. ആ നിലയ്ക്കു് സംസ്കൃതത്തിൻെറ മാത്രമല്ല, ഒന്നിലധികം പ്രാകൃതങ്ങളുടെയും സ്വാധീനം കേരളഭാഷയുടെമേൽ ഉണ്ടായിട്ടുണ്ടെന്നു കാണാം

വിഭിന്നഭാഷകൾ സംസാരിക്കുന്ന രണ്ടു ജനവിഭാഗങ്ങൾ അടുത്തുപെരുമാറുമ്പോൾ മിശ്രവിവാഹവും തൽഫലമായുണ്ടാകുന്ന പുതിയ തലമുറയും ഭാഷാപരിണാമത്തെ ത്വരിപ്പിക്കാറുണ്ട്. കേരളത്തിലെത്തിയ ആര്യന്മാർ കേരളീയസ്ത്രീകളുമായി വിവാഹബന്ധത്തിൽ ഏർപ്പെട്ടു. ആര്യന്മാരെ സംബന്ധിച്ചിടത്തോളം സജാതീയവിവാഹങ്ങളെക്കാൾ കൂടുതലായിരുന്നു ആ മിശ്രവിവാഹങ്ങൾ. ശയ്യാഗൃഹങ്ങൾ ആര്യകേരള ഭാഷകളുടെ പരസ്പരാശ്ലേഷത്തിനും കളമൊരുക്കി. ഭാഷാവിഷയകമായി നേരത്തേ പറഞ്ഞ ചിലിയൻ സ്ത്രീകളുടേതിൽനിന്നു വ്യത്യസ്തമാണ് കേരളത്തിലെ ആര്യഭാര്യമാരുടെ കഥ. സ്പാനിഷ് പടയാളികൾ ചിലിയിലെ ഒട്ടെല്ലാ സ്ത്രീകളെയും വിവാഹം ചെയ്തു.

അവരുടെ കുട്ടികളുടെ കാലമായപ്പോഴേക്ക് സ്പാനിഷ് ഭാഷ അവിടെ വ്യവഹാര ഭാഷയായി. അമ്മാതിരി ഒരവസ്ഥ നമ്പൂതിരിമാരുടെ സംഖ്യാപരിമിതികൊണ്ടു് കേരളത്തിൽ ഉണ്ടായില്ല. ദാമ്പത്യബന്ധത്തിൻെറ പരിധിക്കു വെളിയിലും വിവിധജീവിത രംഗങ്ങളിൽ ആര്യന്മാക്കു കേരളഭാഷയെ ആശ്രയിക്കേണ്ടതുണ്ടായിരുന്നല്ലോ. ആകയാൽ ആര്യഭാഷ കേരളഭാഷയെ പരിഷ്കരിക്കുകയേ ചെയ്തുള്ളൂ.

ആര്യാധിപത്യത്തിൻ കീഴിൽ കേരളത്തിലെ സാമൂഹികവും രാഷ്ട്രീയവും സാംസ്കാരികവും ആയ രംഗങ്ങളിലുണ്ടായ പരിവത്തനത്തിനു തുല്യമായ മാററം കേരള ഭാഷയിലും ഉണ്ടായി. കേരളത്തിൽ ആര്യന്മാരുടെ ആധിപത്യം എന്നെന്നും ഒരു വൈദേശികാധിപത്യമായനുഭവപ്പെട്ടുകയുണ്ടായില്ല. എന്തുകൊണ്ടെന്നാൽ, അതു് ഒരു പുതിയ കേരളീയതയെ സൃഷ്ടിച്ചുകൊണ്ടു് അതിൽത്തന്നെ വിലയം പ്രാപിച്ചു. ഇവിടെ ആര്യഭാഷക്കും ഇതുതന്നെയാണു് സംഭവിച്ചതു്. കേരളഭാഷ ആര്യഭാഷയിൽ നിന്നു് ഉൾക്കൊള്ളാവുന്നതെല്ലാം സ്വാംശീകരിച്ചു് വികസിച്ചപ്പോഴേക്ക് ആര്യഭാഷ അതിന്റെ ആദ്യകാലവക്താക്കൾക്കുതന്നെനിത്യജീവിതത്തിൽ ആവശ്യമില്ലാതായിത്തീരുകയും വ്യവഹാരത്തിൽ നിന്നു സ്വയം തിരോഭവിക്കുകയും ചെയ്തു.

ഇംഗ്ലണ്ടിലെ ആംഗ്ലോസാക്സൻ ഭാഷയിൽ വലിയ മാററങ്ങളുണ്ടാക്കിത്തീക്കുകയും ക്രമേണ അവിടെ കഥാവശേഷമാവുകയും ചെയ്ത നോർമൻഫ്രഞ്ചിൻെറ ചരിത്രമാണു് കേരളത്തിലെ ആര്യഭാഷ അനുസ്മരിപ്പിക്കുന്നതു്. രണ്ടിടത്തും ജനസംഖ്യകളുടെ അനുപാതം ഒരു നിണ്ണായകഘടകമായിരുന്നു. ഇംഗ്ളണ്ടിലെ ജനങ്ങളിൽ ഗണ്യമായ ഒരു വിഭാഗത്തെ വെളിയിലാക്കാൻ ആംഗ്ലോസാക്സൻ

ആക്രമണത്തിനു കഴിഞ്ഞതുകൊണ്ടാണ് കെൽററിക് ഭാഷയെ തള്ളിനീക്കിയിട്ട് അവിടെ ആംഗ്ലോസാക്സൻ ഭാഷയ്ക്കു കൊടികുത്തി വാഴാൻ സാധിച്ചതു്. എന്നാൽ നോർമൻ ആക്രമണത്തോടുകൂടി ഇംഗ്ലണ്ടിൽ സ്ഥാനം പിടിച്ച ഫ്രഞ്ചുകാർ ആകെ ജനസംഖ്യയിൽ പത്തു ശതമാനത്തിലും താഴെയായിരുന്നതുകൊണ്ടു്, അധികാരത്തിൻെറ എല്ലാ ആനുകൂല്യങ്ങളും ഉണ്ടായിരുന്നിട്ടുകൂടി, അവക്കു് ബാഹുഭൂരിപക്ഷത്തിൻെറ ഭാഷയെ ഇംഗ്ലണ്ടിൽ ഇല്ലാതാക്കാൻ കഴിഞ്ഞില്ല.

ഒരു രാജ്യത്തിലേക്കു കടന്നുവന്നു് ആധിപത്യം സ്ഥാപിക്കുന്നവർ താരതമ്യേന ഉയന്നസംസ്കാരമുള്ളവരും ആധിപത്യത്തിനു തലകുനിച്ചുകൊടുക്കുന്നവർ പ്രായേണ ദുർബലരും ആയിരിക്കും. അതുകൊണ്ടു് ആദ്യത്തെ കൂട്ടരുടെ ഭാഷയെ 'ഉൽകൃഷ്ടഭാഷ' (upper language) എന്നും തദ്ദേശീയരുടെ ഭാഷയെ അപകൃഷ്ടഭാഷ (lower language) എന്നുമാണു് ഭാഷാശാസ്ത്രകാരന്മാർ വിളിക്കുന്നതു്. ലീലാതിലകകാരൻ "സേയംദ്വിധാ അപകൃഷ്ടോൽകൃഷ്ടാച" എന്നുപറയുന്നതും ഇതേ അത്ഥത്തിലാണു്. കേരളഭാഷാസമ്പക്കംകൊണ്ടു പരിവത്തനപ്പെട്ട ആര്യഭാഷയാണു് ലീലാതിലകകാരൻെറ ഉൽകൃഷ്ടഭാഷ.

ആര്യകേരളഭാഷാസമ്പക്കത്തിനു മൂന്നു പതനങ്ങളുണ്ടു്. ആര്യന്മാർ അനിവാര്യാവശ്യമെന്നനിലയിൽ, സ്വന്തം ഭാഷയോടു് തങ്ങൾക്കു് ആദ്യം പിടികിട്ടിയ കേരളഭാഷാംശങ്ങൾ ചേത്തു് ആശയവിനിമയത്തിനൊരുമ്പെട്ടതാണു് ഒന്നാമത്തേതു്. ഈ ഉൽകൃഷ്ടഭാഷയുടെ പ്രേരണകൊണ്ടു് കേരളീയ ഭാഷയിൽ വന്നമാററമാണു് അടുത്തതു്. ഇങ്ങനെ പരിവത്തിതമായ കേരളഭാഷ ആര്യവ്യവഹാരഭാഷയിൽ വീണ്ടും മാററങ്ങളുളവാക്കുകയും ക്രമേണ അതിന്റെ സ്ഥാനം സ്വയം കരസ്ഥമാക്കുകയും ചെയ്തതാണു് മൂന്നാമത്തെഘട്ടം.

ഇവിടെയാണ് 'മിശ്രഭാഷ'യുടെ പ്രശ്നം ഉദിക്കുന്നത്. ആര്യന്മാർ, കേരളഭാഷയിൽ നിന്നു ഗ്രഹിക്കാവുന്നിടത്തോളം ശബ്ദങ്ങളും പ്രത്യയങ്ങളും സംസ്കൃതപ്രാകൃതങ്ങളോടുചേർത്തു വ്യവഹരിച്ച ഭാഷയ്ക്കാണ് മിശ്രഭാഷയെന്നോ ഭാഷാമിശ്രമെന്നോ പറയുക. പ്രാചീനകൃതികളിൽ കാണുന്ന 'ഭാഷാമിശ്രം' എന്ന പ്രയോഗത്തെ ലീലാതിലകത്തിൻെറ വെളിച്ചത്തിൽ ശാസ്ത്രീയമായി വ്യാഖ്യാനിച്ചതു് പ്രൊഫസ്സർ ഇളംകുളമാണ്. മിശ്രഭാഷാസിദ്ധാന്തത്തിനുപോദ്ബലകമാണ് മണിപ്രവാളപ്രസ്ഥാനം. വിഭക്ത്യന്തസംസ്കൃത ശബ്ദങ്ങളുടെയും ഭാഷീകൃതസംസ്കൃതമുൾപ്പെടുന്ന കേരളഭാഷയുടെയും ചേർച്ചയാണല്ലോ മണിപ്രവാളം. കേരളഭാഷയെ സംസ്കൃതീകരിച്ചും മണി പ്രവാളത്തിൽ പ്രയോഗിക്കാം.

ഈ കവിതാപ്രസ്ഥാനത്തിന്നാസ്പദമായ ഭാഷാസംസ്കൃതയോഗം ഏതെങ്കിലുമൊരു കവിയുടെ ആകസ്മികമായ കണ്ടുപിടിത്തമാവാൻ ഇടയില്ല. കാവ്യത്തിൻെറ രൂപോപാധികളായ പദങ്ങൾ വ്യവഹാരഭാഷയിൽ നിന്നല്ലാതെ പൊട്ടിപ്പുറപ്പെടാറില്ല. പദങ്ങളുടെയും പ്രയോഗങ്ങളുടെയും കാര്യത്തിൽ കവിത കൂടുതൽയാഥാസ്ഥിതികമായതുകൊണ്ടു്, വ്യവഹാരഭാഷയിൽ മാറ്റമുണ്ടായാലും കവിതാഭാഷ പഴയപടി നിന്നുപോയെന്നുവരാം. വ്യവഹാരഭാഷയിൽ നിന്നു് അതു വ്യത്യസ്തമാണെന്നും എന്നെന്നും അങ്ങനെ തന്നെയായിരുന്നെന്നും ഒരു തെററിദ്ധാരണ ഒററ നോട്ടത്തിൽ ഉണ്ടാവുകയും ചെയ്യും. ഈ തെററിദ്ധാരണ നീങ്ങിയാൽ, ഉൽകൃഷ്ടഭാഷയെന്നു ലീലാതിലകകാരൻ വിളിക്കുന്ന ആര്യവ്യവഹാരഭാഷയായിരുന്നു മണിപ്രവാളത്തിൻെറ അസംസ്കൃതരൂപമായ മിശ്രഭാഷ എന്നു മനസ്സിലാക്കാൻ തീരെ പ്രയാസമില്ല.

കേരളഭാഷയുടെ മേൽ സംസ്കൃതപ്രാകൃതങ്ങൾക്കുണ്ടായ പ്രേരണയെ ശബ്ദത്തിൻെറ പരിധിയിൽ മാത്രം ഒതുക്കി നിർത്തുന്നതു ശരിയല്ല. വിഭിന്ന ഗോത്രങ്ങളിൽപ്പെട്ട രണ്ടു ഭാഷകൾക്കു് ശബ്ദങ്ങളുടെ കാര്യത്തിൽ മാത്രമേ പരസ്പരം സ്വാധീനം ചെലുത്താൻ സാധിക്കുകയുള്ളു എന്നു പറയുന്നതു് സിദ്ധാന്തപരമായും പ്രായോഗികമായും അശാസ്ത്രീയമാണു്. പരസ്പരസമ്പക്കത്തിൻെറ ഫലമായി ഭാഷകളുടെ സ്ഥൂലവും സൂക്ഷ്മവുമായ എല്ലാ അംശങ്ങളിലും പരിണാമം സംഭവിക്കാറുണ്ടു് എന്നതാണു വാസ്തവം. കേരളഭാഷയുടെ മേൽ ആര്യഭാഷയ്ക്കുണ്ടായ സ്വാധീനതശബ്ദസമുച്ചയത്തിന്റെ അതിർത്തികളെ ലംഘിച്ചുകൊണ്ടുള്ളതായിരുന്നു എന്നകാര്യത്തിൽ സംശയമില്ല.

നാട്ടുംപുറത്തെ പാവപ്പെട്ട ഒരു കൃഷിക്കാരൻ തൻെറ പാട്ടും പരാതിയും ഭാര്യയോടു പറയുകയാണെന്നു സങ്കല്പിക്കുക. "ദൈവസേന ഇങ്ങനെ ബുദ്ധിമുട്ടിയിട്ടെന്താ പ്രയോജനം! ഇന്നേദെവസി ഒന്നിരിക്കാൻപോലും എനിക്കുനേരം കിട്ടിയില്ല. കാലേക്കൂട്ടി കണ്ടമൊരുക്കി വിതച്ചിട്ടെന്തു കിട്ടാനാണു്! മഴയാണെങ്കിൽ പെയ്യുന്നില്ല. പെയ്താലോ തോരാതെ നിന്നങ്ങു പെയ്യും. വാസുവിനോടു പണം ചോദിച്ചോ? നിൻെറ നെഞ്ചുവേദന എങ്ങനെയിരിക്കുന്നു?"

ഭാര്യയുടെ മറുപടി: "അതു ക്രമേണ അങ്ങു മാറിക്കൊള്ളും. എന്നെ പ്രതി ആരും വെഷമിക്കരുതു്. വാസുവിനോടു പണം ചോദിച്ചു. അവൻെറ കയ്യിൽ ഇല്ലത്രേ. കുഞ്ഞിലക്ഷ്മിയോടുംചോദിച്ചു. അവളുടെകയ്യിലുംതഥൈവ; അവരെ രണ്ടുപേരെയും എന്തിനു കുററം പറയണം!"

കേരളത്തിലെ നാടൻഭാഷയിൽ പോലും വിഭക്ത്യന്ത സംസ്കൃത പദങ്ങൾ പ്രയോഗിക്കാറുണ്ടെന്നറിയുമ്പോൾ

നമുക്കു് അത്ഭുതം തോന്നും. ദിവസേന, ദിവസി, കാലേ, ക്രമേണ എന്നിവ നോക്കുക. അഥവാ, തഥൈവ എന്നിങ്ങനെയുള്ള അവ്യയങ്ങളും ശ്രദ്ധേയമാണു്. 'എന്നെപ്രതി' എന്നതു് 'മാംപ്രതി' എന്ന വിശേഷ പ്രയോഗത്തിൻെറ ഭാഗികവിവർത്തനമല്ലാതെ മററൊന്നുമല്ല. സംസ്കൃതത്തിലെപ്പോലെ വിശേഷ്യ വിശേഷണങ്ങൾക്കു് വിഭക്തിപ്പൊരുത്തം ചെയ്തതാണു് 'അവരെ രണ്ടുപേരെയും'. വസ്തുതകൾ ഇങ്ങനെയാണെങ്കിൽ, മലയാളത്തെ സംബന്ധിച്ചിടത്തോളം സംസ്കൃതത്തിൻെറ പ്രേരണ ശബ്ദവിഷയകം മാത്രമാണെന്നു പറയാവതല്ല.

ആര്യഭാഷയ്ക്കു കേരളഭാഷയുടെ മേലുണ്ടായ പ്രേരണാശക്തി സർവ്വതോമുഖമായിരുന്നു. അന്നത്തെ മലനാട്ടു തമിഴ് ഇന്നത്തെ മലയാളമായി പരിണമിച്ചതിൽ, സ്വരസംവരണാദി നയങ്ങളിൽ ആര്യഭാഷാപ്രേരണ എങ്ങനെ പ്രവർത്തിച്ചു എന്നാണു നോക്കേണ്ടതു്.

കേരളഭാഷയുടെ ധ്വനികാര്യസ്പർശിയായ പരിണാമപ്രവണതകളിൽ സംസ്കൃതത്തിൻെറയും പ്രാകൃതത്തിൻെറയും പ്രേരണ ഒരു പോലെകാണാം. ഇവയിൽ മുന്നിട്ടുനിൽക്കുന്നതു് പ്രാകൃതത്തിൻെറ പ്രേരണയാണു്.

സംസ്കൃതത്തിൽ നിന്നു പ്രാകൃതത്തെ വേർതിരിക്കുന്ന ധ്വനികാര്യങ്ങളിൽ പ്രധാനപ്പെട്ട രണ്ടെണ്ണമാണു് പ്രാകൃതത്തിൻെറ സ്വരസംവരണവും താലവ്യാദേശവും. സംസ്കൃത്തിലെ ഐകാരവും ഓകാരവും പ്രാകൃതത്തിൽ യഥാക്രമം ഏ, ഓ എന്നുമാറുന്നു. ഉദാ:–അസ്യൈ—അസ്സേ; കൈവത്ത—കേവത്ത; ഗമദൈധ്യേ—ഗമദ്ധ്യേ; മേഷൈഷ്യ—മേഷേഷ്യ; വോഢവൈ—വോഢവേ; ഗൗതമ—ഗോതമ; സൗപശാ—സോപശാ.[1] ദീർഘം ഹ്രസ്വമാവുക (സീതാം–സീതം).

1. M. Katre, Prakrit Languages dnd their Contribution to Indian Culture, p. 67.

വ്യഞ്ജനാന്തശബ്ദങ്ങളെ അധികമായൊരു സ്വരം ചേർത്തോ അന്ത്യവ്യഞ്ജനം ഉപേക്ഷിച്ചോ സ്വരാന്തമാക്കുക (ശരദ്–ശരദ; വിദ്യുത്–വിജ്ജു) തുടങ്ങി പല സ്വരപരിണാമങ്ങളും പ്രാകൃതത്തിൽ കാണാം.

സംസ്കൃതത്തിലെ ദന്ത്യത്തെ താലവ്യമാക്കുന്ന ഒരു സവിശേഷ പ്രവണത പ്രാകൃതത്തിനുണ്ട്. വിജ്ജ(വിദ്യ), മജ്ഝിമ(മദ്ധ്യമ),വച്ഛ(വത്സ),അധിഗിച്ച(അധികൃത്യ) എന്നിവ ഉദാഹരണങ്ങൾ. പ്രാചീന കേരളഭാഷയിൽ സ്വരസംവരണവും താലവ്യാദേശവും സംഭവിച്ചതു് പ്രാകൃതത്തിൻെറ പ്രേരണകൊണ്ടാകാനേ തരമുള്ളു.

കേരളത്തിലെ സംസ്കൃതോച്ചാരണത്തിനു് ഇൻഡ്യയിലെ ഇതര ഭാഗങ്ങളിലേതിൽ നിന്നു് ചില അംശങ്ങളിൽ വ്യത്യാസമുണ്ടു്. മംഗളം, മഞ്ജുളം, മണ്ഡലം, ചന്ദനം, കുടുംബം എന്നിങ്ങനെയുള്ള വാക്കുകൾ മങ്ങളം, മഞ്ഞുളം, മണ്ണലം ചന്നനം, കുടുമ്മം എന്നിങ്ങനെയാണു് കേരളത്തിലെ സംസ്കൃത പണ്ഡിതന്മാരിൽ നല്ലൊരു വിഭാഗം പരമ്പരയാ ഉച്ചരിച്ചു പോരുന്നതു്. ഈളേ (ഈഡേ), സമ്രാൾ (സമ്രാട്), വിരാൾ (വിരാട്), വഷൾ (വഷട്), ഹ്രംഫൾ (ഹ്രംഫട്) എന്നീ മട്ടിൽ കേരളീയ വൈദികോച്ചാരണത്തിൽ കാണുന്ന പ്രത്യേകതപോലെ മേൽപ്പറഞ്ഞ അനുനാസികാതിപ്രസരവും പ്രാചീനമാണു്. 'ഗജദബ'ങ്ങളുടെ മേലാണു് പൂർവ്വാനുനാസികത്തിന്റെ അതിപ്രസരമുണ്ടാവുക. പദമദ്ധ്യത്തിൽ കേരളഭാഷയിലെ ഖരങ്ങൾ മൃദുച്ഛായയിലാണു് ഉച്ചരിക്കപ്പെടുന്നതു്. അനുനാസികത്തിനുശേഷം വരുന്ന അമ്മാതിരി ഖരങ്ങൾ കേരളത്തിലെ സംസ്കൃതോച്ചാരണത്തിന്റെ ശൈലിയിൽപ്പെട്ടു് അനുനാസികങ്ങളാവുകയുണ്ടായി. മറെറാരു രീതിയിൽ പറഞ്ഞാൽ, 'അപാങ്ഗ'ത്തെ 'അപാങ്ങ'മെന്നുച്ചരിച്ചവരാണു് 'മാങ്കാ'യെ 'മാങ്ങാ'യാക്കിയതു്.

ലാളിത്യത്തെ അനിവാര്യമാക്കുന്നതു് പലപ്പോഴും സങ്കീർണ്ണതയായിരിക്കും. സംസ്കൃതത്തിലെ ക്രിയാരൂപങ്ങൾ പരമാവധി സങ്കീർണ്ണമാണു്. വ്യവഹാരഭാഷകളെന്ന നിലയിൽ പ്രായോഗികലാളിത്യം നേടിയ പ്രാകൃതങ്ങളിലും ഈ സങ്കീർണ്ണത തീരെയില്ലാതെയില്ല. പുരുഷ വചനഭേദങ്ങളെ ആസ്പദമാക്കിയുള്ള ക്രിയകളുടെ ഒരു പ്രത്യേക പാറേറൺ നിലനിൽക്കുന്ന ഒരു ഭാഷയുടെ വക്താക്കൾ വ്യത്യസ്തമായ ക്രിയാസങ്കീർണ്ണതയുൾക്കൊള്ളുന്ന വേറൊരു ഭാഷ കൈകാര്യം ചെയ്യാൻ നിർബന്ധിതരാകുമ്പോൾ വരാവുന്ന കുഴപ്പങ്ങൾ ഊഹിക്കാവുന്നതേയുള്ളു. പ്രാകൃത സംസ്കൃതങ്ങൾ സംസാരിക്കുന്നവർ കേരളഭാഷയുടെസഹായത്തോടുകൂടി ആശയമാവിഷ്കരിക്കുമ്പോൾ ക്രിയാരൂപങ്ങളുടെ ഒരു 'ലക്കം ലഗാനുമില്ലായ്മ' അനുഭവപ്പെടാനിടയുണ്ടു്. വ്യവസ്ഥയില്ലായ്മയാണു് അതിൻെറ ഫലം. ഭാഷയുടെ ജീനിയസ് ക്രമേണ മനസ്സിലാകുമ്പോൾ യുക്തിനീതമായ ഒരു ലാളിത്യം വന്നുചേരാനെളുപ്പമാണു്. മലയാളത്തിൻെറ പുരുഷഭേദനിരാസത്തിനു നൽകാവുന്ന താത്ത്വിക വിശദീകരണങ്ങളിൽ ഏറ്റവും പ്രബലമാണിതു്.

കേരളത്തിലെ ഭാഷ പതിനൊന്നു നൂററാണ്ടുകളിലൂടെ എങ്ങനെ പരിണമിച്ചുകൊണ്ടിരുന്നു എന്നു മനസ്സിലാക്കാൻ ഭാഷയുടെ വികാസഗതിയിലെ വ്യത്യസ്തഘട്ടങ്ങളെ നേരിട്ടു നോക്കിക്കാണുകയാണു നല്ലതു്. ഭാഷാരേഖകളെ കാലാനുക്രമം പരിശോധിക്കുമ്പോൾ ഈ പരിണാമ പ്രക്രിയയുടെ പ്രത്യേകതകൾ വിശേഷിച്ചൊരു വിശദീകരണമില്ലാതെതന്നെ ബോദ്ധ്യമാകും.

ജീവിലോകത്തിൻെറ പരിണാമം അതിൻെറ അനുസ്യൂതതയിൽ,ഹ്രസ്വമായ കാലപരിമാണത്തിൽ,ഗണ്യമായനുഭവപ്പെടാറില്ല. യുഗദീർഘമായ ഒരു കാലഘട്ടത്തിന്റെ

ഇരുതലകളിലേയും ജീവിത പ്രവണതകളെ താരതമ്യപ്പെടുത്തുമ്പോൾ മാത്രമേ പരിണാമം കൊണ്ടുണ്ടാകുന്ന അന്തരം സ്ഥൂലവീക്ഷണത്തിനു വിഷയമാവുകയുള്ളൂ. ഭാഷയുടെ കാര്യത്തിൽ ഇത്രത്തോളം പോകേണ്ടതില്ല. രണ്ടോ മൂന്നോ നൂറ്റാണ്ടുകൾ ഭാഷയിലുളവാക്കുന്ന മാററം സാമാന്യം വ്യക്തമായിത്തന്നെ മനസ്സിലാക്കാം. കേരളഭാഷയുടെ പരിണാമസ്വഭാവം സ്വയം വ്യക്തമാകത്തക്കവണ്ണം മൂന്നു നാലു രേഖകൾ മാത്രമേ ഇവിടെ എടുത്തുകാണിക്കുന്നുള്ളൂ. ഈ രേഖകൾ സ്വയം ഭാഷാവികാസത്തിൻെറ വക്താക്കളാകയാൽ അവയെ താരതമ്യപ്പെടുത്തി സ്വന്തം തീരുമാനത്തിലെത്താനുള്ള സ്വാതന്ത്ര്യവും ആ സ്വാതന്ത്ര്യം പ്രയോജനപ്പെടുത്തുന്നതിലുള്ള കൗതുകവും വായനക്കാക്കു വിടുന്നു.

## കൊല്ലവർഷം ഒന്നാം നൂററാണ്ടിൻെറ ആദ്യം

(കൊല്ലം 24–ാമാണ്ട്)

"സ്വസ്തി ശ്രീ. കോത്താണു ഇരവിക്കുത്തൻ പല നൂറായിരത്താണ്ടും മറുകുതലൈച്ചിറന്തടിപ്പടുത്താളാനിൻ്റ യാണ്ടുൾച്ചെല്ലാനിൻെറ യാണ്ടൈഞ്ചു. ഇവ്വാണ്ടു വേണാട്ടു വാഴ്കിൻെറ അയ്യനടികടിരുവടിയും മതികാരരും പിരകിരുതിയും......മഞ്ചുവണ്ണമും പുന്നൈത്തലൈപ്പതിയുംമുൾ പ്പെടെത്തു കുർക്കേണിക്കൊല്ലത്തു എശോദാ തപീരായി ചെയ്വിത്ത തരിസാപ്പള്ളിക്കു ഐയ്യനടികടിരുവടി കുടുത്ത വിടുപേറാവതു......"[1]

[സ്വസ്തി ശ്രീ.സ്ഥാണരവി ചക്രവത്തിക്കു തൻ്റെ ശത്രുക്കളെകീഴ്പ്പെടുത്താൻ പല നൂറായിരം ആണ്ടുകളുള്ളതിൽ അഞ്ചാമത്തെ ആണ്ട്. ഈയാണ്ട് വേണാട്ടു ഭരിക്കുന്നഅയ്യ

1. T. A. S. Vol. 11, Part 1, p. 67

നടികൾ തിരുവടിയും അധികാരിയും പ്രകൃതിയും അഞ്ചു വണ്ണവും പുന്നത്തല പ്രദേശത്തെ അധിപനും ഒന്നിച്ചിരിക്കെ, എശോദാ തപീരായി കുരക്കേണിക്കൊല്ലത്തുപണിയിച്ച ക്രിസ്ത്യൻ പിള്ളക്കു് അയ്യനടികൾ കൊടുത്ത വിട്ടുപേറാകുന്നു..."]

## കൊല്ലം നാലാം നൂററാണ്ടു്

"സ്വസ്തി ശ്രീ. തിരുക്കുലശേഖരപുരത്തു തളിക്കച്ചെല്ലാനിൻയൊണ്ടു നൂററു തൊണ്ണൂറെറഞ്ചു. ഇവ്വാണ്ടുമകര... ഉത്തിരം മുതലായ്‌ തളിയും തളിയതികാരികളുന്തിരുകുലശേകരപുരത്തു തളിയിൽ പണ്ടാരങ്കാവൽക്കുനിൻറ വെൺപലനാട്ടു പോഴ...ൻ നക്കനഴിയകത്തു കോവിന്നതാമോതരൻ ഇപ്പൊൻ അയ്ങ്കഴഞ്ചി...തളിമുറൈയിൽ ചിങ്ങഞായിററു അകഴകംമുറൈയ...കൊടുത്താൻ കോവിന്ന താമോതരൻ. ഇത്തളിമുറൈയാല്യ...ഞായിററു ഒരു കുത്തു അമൈച്ചാൻ പഴാരക്കു പോഴനിരവി..."[1]

## കൊല്ലം എട്ടാം നൂററാണ്ടു്

"കൊല്ലം 781-ാമതു കുമ്പഞായിററിൽ എഴുതിയ വെംപാട്ടം നെർപലിച്ച ഓലകരണമാവതു, പാലൂർ പള്ളീലെ വികാരിയുമ്പുരോത്തിക്കാരരുംകൂട കൈയ്യാൽ ആയിരത്ത അൻമ്പത്ത അഞ്ചുപുതു പണംകൊണ്ടാൻകൂത്തംചേരി ഇരവി നാരാണെൻ്റ. കൊണ്ട പരിചാവത. ഇക്കൊണ്ടപുതുപണം 1055-നും കാരിയം തമൻററ ഇരിങ്ങപ്പുറം തേചത്ത ഇളംകുളത്ത വടക്കേമുറി പറമ്പും അതിനു

1. T. A. S. Vol. IV. Part 11, pp. 193, 194

അടുത്ത കണ്ടങ്ങൾ നാലപ്പതിനാഴി വിത്തിനു കണ്ടവും കൂട നിലപ്പാട്ടമുൾപ്പട ആയിരത്ത അൻമ്പത്ത അഞ്ച്യ പണത്തിന നെർപ്പലിച്ച കഴിയുമാറ എഴുതിക്കൊട്ടത്താൻ ഇരവീനാരാണെൻ. ഇമ്മാക്കമേ ഇച്ചൊന്ന ഇളങ്കുളത്തെ വടക്കേമുറിപ്പറമ്പും അതിനു അട്ടത്തകണ്ടം നാനാഴിവിത്തിന്ന കണ്ടവുംകൂടി ആയിരത്ത 1055 പണത്തിന്ന നെർപ്പലിച്ച കഴിയുമാറ എഴുതിച്ചു കൊണ്ടാൻ പാലൂർ പള്ളിയിൽ വികാരി പരുക്കുളങ്ങരെ ഇട്ടി അച്ചെനാരും പുരോത്തിക്കാരും കൂടി. ഇപ്പടിക്ക ഇതറിയും താഴ്കി കോതവല്ലൂർ നമ്പൂതിരി. മാടക്കാവിൽ ച്ചാത്തപ്പമേനോൻ കൈയ്യെഴുത്തു''[1]

## കൊല്ലം ഒമ്പതാം നൂററാണ്ട്

"അരുളിച്ചെയ്ത നമ്മുടെ ഇന്തീയക്കരക്കഎജമാനനായ ബത്താവീലിരിക്കുന്ന ബെഹുമാനപ്പെട്ട ഗെവണ്ണദെർ ജനറാലും ശെഷം അമാത്യന്മാരും അറിയെണ്ടും അവസ്ഥ എന്നാൽ ചിങ്ങമാസം 3–ാംനു അമ്മാവൻ തീപ്പെട്ടുകയും ചെയ്തു. അതുകൊണ്ട ഒണ്ടായ പീട കുമുദൊരായിട്ട കണ്ട ബുദ്ധിക്ഷയം കൂടാതെ ഇരിപ്പാനുള്ള വാക്കുകൾ കേൾക്ക കൊണ്ടും ആളുകളെ അയച്ച പറയിക്കകൊണ്ടും സൊല്ലം ശമിക്കയും ചെയ്തു. നാലഞ്ച്യമാസം അതിൽപ്പിന്നെ അമ്മ തീപ്പെട്ടുക ആകുന്നു. തീപ്പെട്ട പിറെറ ദിവസം തന്നെ നമുക്കു എത്രയും വിശ്വാസമായ കുമുദൊര കഴിഞ്ഞുപോയെന്നു കെൾക്കെ ആകുന്നു. അതുകൊണ്ടേ നടയത്തതിൽ ഏറെ ദുക്കം വർദ്ധിക്കയും ചെയ്തു. കമ്പഞ്ഞിയും നമ്മുടെ

1. T. A. S. Vol III pp. 81, 82

സൊത്രൂപവും അന്യോന്യം ചെന്ന ആത്മവിശ്വാസമായിട്ട അനേകം കാലം ഉണ്ടല്ലോ ചെല്ലുന്നു." [1]

ഒട്ടേറെ നൂററാണ്ടുകൾക്കു മുൻപ്" മലനാട്ടിലും തമിഴ്" നാട്ടിലും ഒരേ ഭാഷയാണ്" പ്രാദേശിക വ്യത്യാസത്തോടേ നിലനിന്നിരുന്നതെന്നും സമൂഹ വികാസത്തിനനുരോധമായ പരിണാമമാണ്" കേരളഭാഷയെ ഇന്നത്തെ നിലയിലെത്തിച്ചതെന്നും പറയുമ്പോൾ, ദേശീയബോധത്തെ ഒരു സങ്കുചിത വലയത്തിനുള്ളിൽ ഒതുക്കിനിത്തുന്നവർപോലും വീർപ്പുമുട്ടേണ്ടതില്ല. ഇന്നത്തെ തമിഴിൽ നിന്നാണ്" മലയാളം ഉണ്ടായതെന്നു പറയുന്നതു" ഏതു രീതിയിലും തെറ്റാണ്". പണ്ടത്തെ ആ പൊതുഭാഷയുടെ മറ്റൊരു പരിണാമം മാത്രമാണ്" ഇന്നത്തെ തമിഴ്"; വികസിത ദ്രാവിഡഭാഷകളിൽ ആര്യഭാഷാപ്രേരണ ഏറ്റവും കുറഞ്ഞു നിൽക്കുന്നതു തമിഴിലും, ഏററവും കൂടുതൽ, ചിലരുടെ അഭിപ്രായത്തിൽ, മലയാളത്തിലുമാണ്". ഈ പ്രേരണയുടെ വ്യത്യാസമാണ്" തമിഴിൻെറയും മലയാളത്തിൻെറയും വിഭിന്ന വ്യക്തിത്വങ്ങൾക്ക്" ആസ്പദം.

---

1 Records in Oriental Languages, Cochin State, Book II, p. 1.

# സൂചിക


അച്യുതമേനോൻ സി. 21, 35, 84, 85 89, 101, 104
അനന്തപുരവർണ്ണനം 47
അനുനാസികാതിപ്രസരം 26, 27, 31, 44, 82, 112, 120, 133
അപകൃഷ്ടഭാഷ 34, 39, 40, 44, 129
അമേരിക്കനിന്ത്യൻഭാഷ 121, 124, 125.
അവികസിതദ്രാവിഡഭാഷകൾ 14 20, 74, 120
അംഗഭംഗം 27, 37
അംബരീഷോപാഖ്യാനം 46, 70, 77,
ആദിദ്രാവിഡഭാഷ (മൂലദ്രാവിഡഭാഷ) 16, 24, 25. 35, 36, 58, 59, 72, 74, 75, 79, 96.
ആദിദ്രാവിഡർ 15
ആരിയച്ചിതവ് 118
ആരോമൽചേവകർ 85
ആര്യന്മാർ 15, 23, 32, 127, 128
ആറ്റൂർ 21, 35, 58,60, 61, 67, 72,93, 96, 101, 104,
ആറ്റൂർ ശാസനം 99, 100
ആംഗ്ലോസാക്സൻഭാഷ 125, 126, 127, 128, 129
ഇന്തോ യൂറോപ്യൻ ഭാഷകൾ (ഇന്തോ ആര്യൻ ഭാഷകൾ) 12, 13, 81
ഇളംകുളം 21, 22, 34, 49, 100, 101, 120, 130
ഇളംപൂരണർ 52
ഇംഗ്ലീഷ് 66, 81, 125
ഉണ്ണിച്ചിരുതേവി 46, 55, 69, 70, 109
ഉണ്ണിനീലിസന്ദേശം 107, 109, 118, 119
ഉണ്ണിയച്ചി 46, 56, 69, 109
ഉണ്ണിയാടി 108, 109
ഉത്കൃഷ്ടഭാഷ 34, 39, 43, 56, 129, 130
ഉത്തരദ്രാവിഡഭാഷകൾ 13, 16, 59, 74, 75, 79
ഉള്ളൂർ 21, 35, 63, 91, 92, 96, 101
ഋഗ്വേദം 13
എതുക 116
ഒതേനൻ 85, 86, 87
കരിനാട്ടുതമിഴ് 33
കർണ്ണാടകം 13, 24, 33
കാൽഡ്വെൽ 9, 21, 22, 23 25, 26, 34,74, 123
കുടക് 24
കുയി 14, 15, 18
കുറുഖ് 14, 15, 19
കൂർഗ് 14
കെൽറ്റിക്ഭാഷ 121,125,129
കേരളപാണിനീയം 25, 26

കേരളഭാഷ 42, 44, 57, 127, 128, 130 131, 132, 133
കേരളഭാഷയുടെ വികാസപരിണാമങ്ങൾ 32, 33
കേരളഭാഷാചരിതം 35
കേരളഭാഷാവിജ്ഞാനീയം 35, 94, 103
കേരളസാഹിത്യചരിത്രം 35, 87, 91, 96
കൊട്ടുംതമിഴ് 26
കൊലാമി 14, 15, 19
കോകസന്ദേശം 47, 87, 109
കോത 14
ഖിലോപസംഗ്രഹം 27, 82, 96
ഗില്ബർട്ട് സ്ലേററർ 14
ഗുണ്ടർട്ട് 9, 21, 23, 24 25, 28, 95, 101, 120, 133
ഗുപ്തൻനായർ എസ്. 91
ഗോണ്ഡി 14, 15, 17
ഗോദവർമ്മ, കെ. 21, 35, 94, 101, 102, 103
ഗ്രിയേഴ്സൻ 12
ചരിത്രത്തിൻെറ പശ്ചാത്തലത്തിൽ 100
ചാത്തന്നൂർ ശിലാരേഖ 99, 100
ചാററർജി എസ്. കെ ഡോക്ടർ 13, 31
ചിലപ്പതികാരം 33
ചെന്തമിഴ് 26, 103
ജോർജ്ജ് കെ എം. ഡോക്ടർ 35, 63, 73, 75, 84, 90, 93 94, 96 101, 103, 104, 105 109, 112, 114, 115, 116
തച്ചോളിപ്പാട്ടുകൾ 85
തമിഴ് 13, 22, 24, 25 26, 27 28, 29, 30, 31, 33, 35, 36, 37, 38, 40, 41, 42, 44, 46, 57, 58, 61, 63, 64, 66, 68, 72, 120
തവർഗ്ഗോപമർദ്ദം 26, 27, 31 37,
(താലവ്യാദേശം) 82, 132, 133
തിരുവായ്മൊഴി 41, 44
തുളു 24, 33
തെലുങ്ക് 13, 24, 33
തൈവച്ചിലയാർ 52
തൊല്കാപ്പിയം 44, 45, 47, 48, 50, 51, 52, 59, 60, 61, 63, 67
തൊല്കാപ്പിയനാർ (തൊല്കാപ്പിയകാരൻ) 45, 50, 51, 60
തോഡ 15
തോററംപാട്ടുകൾ 104
ദാരുകവധം 84, 89, 90, 91, 102, 116
ദേവീമാഹാത്മ്യം 70, 77
ദ്രമിളം 24, 25, 28, 120
ദ്രാവിഡം 16
ദ്രാവിഡർ 10, 15, 23, 25, 40, 41
ദ്രാവിഡഗോത്രം 9, 25, 123
ദ്രാവിഡഭാഷകൾ 9, 13, 16, 76

നച്ചിനാർക്കി
നിയര 52
നന്നൂൽ 45, 47, 48, 50, 51, 52, 55, 56, 57, 60, 61, 63, 64, 68
നന്നൂൽകാരൻ
(ഭവനന്ദി) 52, 65
നളോപാഖ്യാനം 46, 55, 77
നാടൻ പാട്ടുകൾ 86, 87, 91, 93, 104
നാല്പതു നാടൻ
പാട്ടുകൾ 91, 93
നോർമൻഫ്രഞ്ചു് 125, 126, 127, 128
പദ്യരത്നം 29
പാട്ടു് 116, 117, 118
പണ്ഡിതത്തമിഴ് 33, 42, 120
പുത്തൂരം പാട്ടുകൾ 85.
പുരുഷഭേദ 21, 26, 27, 31
നിരാസം 72, 74, 82 134
പുറനാനൂറ് 47, 48, 51
പെർസിമകചീൻ 84.
പ്രാകൃതം 31, 32, 33, 127, 130, 131, 132, 133, 134
പ്രാചീന തമിഴ്
കാവ്യങ്ങൾ 48, 51
പ്രാചീന 76, 105, 108
മണിപ്രവാളം 119
മദ്ധ്യകാലതമിഴ് 28, 29
പ്രാചീന 32, 44, 57, 87,
മലയാളം 115, 116
ഫ്രഞ്ചു് 126
ബ്രാഹ്മി 14, 15, 16
ബ്ളൂംഫീൽഡ് 124
ഭാഷാകൗടലീയം 34, 46, 55, 69, 77
ഭാഷാപരിണാമ 26, 35, 58,
നയങ്ങൾ 120
ഭാഷാമിശ്രം 130
ഭാഷാസാഹിത്യ 59, 60, 62, 67,
ചരിത്രം 73, 101
മണിപ്രവാളം 33, 38, 39, 42, 43, 44, 55, 65, 69, 109, 117, 118, 119, 130
മനിലൈനാഥൻ 45, 62, 65, 67
മലനാട്ടുതമിഴ് 32, 33, 34, 132
മലയാളഭാഷയും
സാഹിത്യവും
ഒരു പഠനം 35
മലർ 14
മല്ത്തോ 14, 15, 18
മിശ്രഭാഷ 33, 34, 40, 103, 130.
മോന 116
മോഹൻജദാരോ 11, 12, 91
മ്യൂസിയം
ശാസനകൾ 99, 100
രാജരാജവർമ്മ 9, 25 26, 34
ഏ ആർ. (കേരള 35, 56, 58, 72,
പാണിനി) 74, 96, 101, 120, 123
രാമകഥപ്പാട്ടു് 101
രാമചരിതം 36, 90, 96, 101, 102, 103, 104, 105, 107, 108, 109, 112, 114, 115, 117, 119, 120
രാമവർമ്മകുല
ശേഖരൻ 86
രാമസ്വാമി അയ്യ
എൽ. വി. പ്രൊ
ഫസ്സർ 27, 30, 120
രാമായണം ചമ്പു 109

ലീലാതിലകം 34, 38, 39 40, 41, 42, 43, 44, 45, 46, 47, 48, 49, 53, 54, 56, 57. 71, 76, 78, 109, 113, 119, 120 121, 130

ലീലാതിലകകാരൻ 31, 34. 38, 40, 41, 42, 43, 44 50, 54 55, 56, 69, 71, 78, 118 120

വടക്കൻപാട്ടുകൾ 84, 85, 87, 89,

വളരുന്ന കൈരളി 73

വാതിൽതുറപ്പാട്ട് 93

വികസിതദ്രാവിഡഭാഷകൾ 16, 75

ശേഖർ എ. സി. ഡോക്ടർ 30, 31

ഷ്യൾബ്ലേഖ് 13, 17, 29,

സംസ്കൃതം 12, 31, 32, 33, 38, 50, 65, 66, 68, 81, 127, 130, 131, 132, 133, 134

സേനാവരൈയർ 52

സ്പാനിഷ് 124, 125, 128

സ്ലാവിക് ഭാഷ 121

സ്വരസംവരണം 26, 27, 46, 58, 82, 120, 132, 133

ഹരപ്പ 11, 12

ഹെറസ്ഫാദർ 10, 11, 12

A Comparative Grammar of Dravidian Languages 22, 23

A Malayalam and English Dictionary 24

Ballads of North Malabar 85, 88

Evolution of Malayalam 30

Evolution of Malayalam Morphology 28

Ezhuttaccan and His Age 90, 102

Indian Linguistics Vol. XIV 32

Kali-worship in Kerala, Part II 90

Linguistic Survey and the Census of 1911, 15

Linguistic Survey of India Vol. IV 13

Prakrit Languages and their Contribution to Indian Culture 132

Ramacaritam and Early Malayalam 63, 94, 104, 105

Records in Oriental Languages 138

Studies in Proto-Indo-Mediterranean Culture Vol. I 10, 11

T. A. S. Vol. II. Part I. 135, 136

T. A. S. Vol. III 137

The Dravidian Element in Indian Culture 15

The Grammatical Structure of Dravidian Languages 13, 17, 29

The Origin and Development of Bengali Language, Part I 13

2080

2o

C.V. SMARAKA GRANDHASALA
Reg. No: 988/50
THENNOORKONAM,
VIZHINJAM

FOR BOOK REVIEW

# മലയാള ഭാഷാപരിണാമം
# സിദ്ധാന്തങ്ങളും വസ്തുതകളും